# സഞ്ജയന്റെ കവിതകൾ

## സഞ്ജയൻ

സമ്പാദനം, പഠനം

പ്രൊഫ. കെ. ഗോപാലകൃഷ്ണൻ



ഭാഗം ഒന്ന്

# ആദ്യോപഹാര കവിതകൾ

# ഭിത്തിക്കപ്പുറം

(കേക)

കാളമേഘാളിമേളിച്ചുൽക്കടം മേല്ക്കുമേലായ്
നീളവേ നിരന്നിതാ മൂടുന്നൂ വിയൽപഥം
മർമ്മഭേദിയായവയ്ക്കുള്ളിൽനിന്നനാരതം
മർമ്മരശബ്ദമൊന്നുണ്ടുയർന്നു കേട്ടീടുന്നു;

വൃക്ഷശാഖകൾക്കുള്ളിൽത്തന്മുഖം മറച്ചുകൊ-
ണ്ടക്ഷമനായുണ്ടാരോ രോദനം ചെയ്തീടുന്നു;
സന്തതം കാറ്റിൽക്കിടന്നുലഞ്ഞു വിറച്ചുകൊ-
ണ്ടെന്തഹോ കണ്ണീർ തൂകിക്കേഴുന്നു പത്രാവലി!

ഉന്നതദേശത്തിങ്കൽനിന്നിടയ്ക്കിടെച്ചിന്നി
മന്നിടംതന്നിൽ വീഴും മിന്നലിൻ പിണരുകൾ,
രാത്രിയെദ്ദീപിപ്പിച്ചും വൈദ്യുതപ്രവാഹത്തിൽ
ധാത്രിയാം ധരിത്രിയെ മുക്കിയും കളിയ്ക്കുന്നു.

പീവരതമസ്സിൽപ്പെട്ടുഴലും ഞങ്ങൾക്കിനി-
ക്കേവലമാധാരമിക്ഷിപ്രതേജസ്സുതാനോ?

അല്ലല്ലീ മേഘഭിത്തിക്കപ്പുറത്തായി, നാശ-
മില്ലാത്ത ദിവ്യതേജസ്സൊന്നുണ്ടു പ്രകാശിപ്പൂ!
സൗരദീപ്തിക്കുമാദിഹേതുവാ, യനാദ്യമായ്,
സാരമാമതു മാർഗ്ഗദർശിയായ്ക്കാണാകുന്നു!
മേഘസംകലുഷിതകാലവും തെളിഞ്ഞുടൻ
മാഘമാസവുമുദിച്ചീടുമെന്നോർത്തീടുവിൻ!

(1922)

# മൂടുപടം

അളികളോടടരാടിടുന്ന വർണ്ണ-
പ്പുതുമ കലർന്ന മനോജ്ഞമാം കചത്താൽ
നവകമലകളാലയിൽക്കുളിക്കും
തവ മുഖമെന്തു മറച്ചിടുന്നു ബാലേ!

കലുഷതയഖിലം കളഞ്ഞു കാറിൻ
നിര, കമനീമണി! നിൻകരങ്ങളാലേ,
സദയമകലെ മാറ്റി, മാത്രനേരം,
വിധുമുഖി! നിൻ വദനം വെളിക്കുകാട്ടു!

അമലഹിമകണങ്ങൾ ചാർത്തി മഞ്ജു-
ദ്യുതിയെഴുമംബുജകോരകങ്ങളാകും
വിമലമണിഗണം ധരിച്ച നിൻ പോർ-
മുലകളൊളിപ്പു, ഹിമാംബരത്തിനുള്ളിൽ.

കനകസുഷമയൊത്തുചേർന്ന വിദ്യു-
ല്ലതികകണക്കു വിളങ്ങിടുന്ന നിന്നെ,
സുമസമമൃദുഗാത്രി! മൂടൽനീങ്ങി-
പ്പെരിയ കൃതാർത്ഥത പൂണ്ടു കാണ്മനോ ഞാൻ?

(1922)

# പ്രഭാതഗീത

(അന്നനട)

I

വിരിയുന്നുമുല്ല, വിരിയുന്നു പത്മം,
വിരിയുന്നിതന്യകുസുമജാലവും;
തെളിയുന്ന മേഘനിരകളിലെങ്ങും
കളിയാടിടുന്നു കളമൃദുഹാസം!

ഉയർന്നശൈലവുമഗാധമായുള്ള
കയവുമൊന്നുപോൽ തെളിഞ്ഞിതാ കാണ്മൂ!
പളുങ്കുമാലകളണിഞ്ഞു പാഞ്ഞിടും
കളങ്കഹീനരാം സരിൽക്കിടാങ്ങളും,
മലകൾപോലലയിടഞ്ഞു തങ്ങളി-
ലലറുമാഴിയു, മുണരുമൂഴിയും
നിറഞ്ഞ പുഞ്ചിരിവഴിഞ്ഞു തൂകുന്നു,
മറഞ്ഞിടുന്നിതാ മഹാന്ധകാരവും!

ഉദയവേളയിൽ പ്രിയതമേ! നിന്റെ
വദനബിംബമെന്തിരുണ്ടു കാണ്മൂ ഞാൻ?
സദയമോമനേ! തവ സ്മിതത്തിനാൽ
ഹൃദയപങ്കജം വികസിതമാക്കൂ !

II

കളഗീതമോതുന്നിതാ കുയിലുകൾ,
കളകളാരവം പൊഴിക്കുന്നു കിളി;
വിരിഞ്ഞസൂനങ്ങൾ തിരഞ്ഞു തേനിനായ്
വിരഞ്ഞു വണ്ടുകൾ മുരണ്ടുമണ്ടുന്നു.
ജലധിയെ മരുൽക്കരം തൊടുമ്പോഴു-
ള്ളലകൾനാദവുമിടയ്ക്കു കേൾപ്പൂ ഞാൻ;
പ്രപഞ്ചകാമിനി കരങ്ങളാൽ പ്രേമ-
വിപഞ്ചിതൻ തന്ത്രി മുറയ്ക്കു മീട്ടുന്നു!

പ്രിയതമേ! ചെറ്റുമുരിയാടാതിത്ഥം
നിയതമെന്തുവാനിരുന്നിടുന്നു നീ?
കദനമാറ്റുന്ന തവ ഗീതമെന്റെ
ഹൃദയഭിത്തിയിൽ പ്രതിധ്വനിക്കട്ടെ!

## III

ദിനകരകരം തലോടുമ്പോളിതാ
മനോഹരപത്മമുണർന്നു നോക്കുന്നു;
മധു നിറഞ്ഞുള്ള സുമം ശലഭത്തിൻ
മധുരാശ്ലേഷത്തെയനുഭവിയ്ക്കുന്നു!
അനഘകാന്തിയോടമരുന്ന പൂക്കൾ-
ക്കനിലസമ്പർക്കം സുഖത്തെ നല്കുന്നു;
മണൽത്തിട്ടുകളും സരിത്തിനെച്ചുംബി-
ച്ചണിയുന്നു മാറിൽജ്ജലകണങ്ങളെ;
വളർന്ന രാഗമോടണഞ്ഞു കാന്തനിൽ-
ക്കളഭം പൂശുന്ന കമനിയെപ്പോലെ
പ്രഭാതഹസ്തവും കിഴക്കുദിക്കിനെ
പ്രഭാവിശേഷത്താലലംകരിയ്ക്കുന്നു.

മതിമുഖി! നിന്റെ സുശീതളസ്പർശം
കൊതിച്ചു മാനസമുരുകിടുന്നു മേ
മതിയിലേതുമൊരലിവു തോന്നായ്കിൽ
ഗതിയെന്തെന്തുവാനെനിക്കു മൽപ്രിയേ!

# ശൈശവം

(ഗാഥ)

തൂമണം കാറ്റിൽപ്പരത്തിനിന്നീടുന്നോ-
രോമനച്ചമ്പകസൂനമേ, നീ
അർദ്ധവികസിതമുഗ്ദ്ധാനനത്തിനാൽ
നിർദ്ധനയാക്കുന്നു പത്മിനിയെ!

വാർമധുരോക്തി ചൊരിയാത്തതെന്തു, നിൻ
താർമധു തൂകുന്ന വക്ത്രബിംബം?
ആനന്ദവീണയിൽ പ്രേമക്കൈ മീട്ടും നിൻ
ഗാനമീ ഞങ്ങൾക്കു കേൾക്കരുതോ?

ധാടി കലർന്നുള്ള നിന്നുടെ മാതാവിൻ
ചേടികളെന്നപോൽ നാലുപാടും,
മോടിയിൽ പത്രകരങ്ങളാൽ വല്ലികൾ
മാടി വിളിക്കുന്നതല്ലീ നിന്നെ?

കോമളസൂനമേ! സൂനമായെന്നും നീ-
യീ മന്നിൽജ്ജീവിച്ചിടാത്തതെന്തേ?

*(ഭാഷാപോഷിണി, പുസ്തകം 27, ലക്കം 1, 1098 ചിങ്ങം ( 1922 ആഗസ്റ്റ്.)*

# നിശാകാലം

(കളകാഞ്ചി)

പകലുലകിനഖിലമണിദീപമായ് നിന്നുള്ളൊ-
രാദിത്യനാഴിതന്നാഴത്തിലാണ്ടുപോയ്.
കമലമുഖി! കനിവൊടുടനണയുക, മമാന്തികേ
കാത്തുകാത്താർത്തനായ്പ്പാർത്തിരിയ്ക്കുന്നു ഞാൻ.
ഇളയിലിരുൾ നിറയുമിരവാക്രമിക്കുന്നു; നിൻ-
നുമന്ദഹാസം പ്രതീക്ഷിപ്പൂ ഞാൻ പ്രിയേ!
തവ വിമലസുഖദകുചയുഗളമണിയിക്കുവാൻ
കുങ്കുമക്കൂട്ടുണ്ടു തങ്കത്തളികയിൽ!
അതിസുരഭികമല-മൃദുമല്ലികാ-ചമ്പക-
സൂനങ്ങൾ കോർത്തു നന്മാല്യങ്ങളാക്കി ഞാൻ
നവജലദരുചികവരുമക്കമ്രകുന്തളം
ബന്ധിക്കുവാൻ സംഭരിച്ചതു കാൺക നീ!
പകലിരവു മമ ഹൃദയമമരുമൊരു ഗേഹമാം
നിൻമാറിടം തന്നിലോമനേ! ചാർത്തുവാൻ,
അനഘലകരനിര ചൊരിയുമമലമണിമാലകൾ
നീലനീരാളത്തിൽ വെച്ചു കാക്കുന്നു ഞാൻ!

ഭുവനമതിലഖിലജനമാനന്ദദായക-
നിദ്രയ്ക്കധീനരായ്ക്കണ്ണടച്ചീടവേ,
സുമുഖി! തവ മൃദുഹസിതമൊന്നുതാൻ പാർത്തുപാർ-
ത്തൊട്ടുമുറങ്ങാതിരുന്നീടുവനഹം!

(1922)

# യേശുവിന്റെ അന്ത്യയാത്ര

നട്ടുച്ച-തീക്ഷ്ണനലിലിട്ടൊരു ലോഹപിണ്ഡം-
പോലിജ്ജഗത്തഹഹ! തീമയമായ് ജ്വലിപ്പൂ!
പാതയ്ക്കുമേൽ ബഹുജനങ്ങൾ നിറഞ്ഞു കൂക്കി-
യാർക്കുന്ന ഘോഷമുയരുന്നു വിയത്തിലെങ്ങും.

ചീറ്റുന്ന കാറ്റടിയൊടൊത്തു സമുദ്രവീചി-
ജാലം ധരിത്രിയിതു മുക്കിടുവാൻ മുതിർന്നോ!
കാർമേഘമാലകളടുത്തിടചേർന്നു മൂട്ടി
വിദ്യുത്തിളക്കിയലറിക്കളിയാടിടുന്നോ?

പെട്ടെന്നിതെന്തു കഥ!യൊച്ച നിലച്ചു; മർത്ത്യ-
ക്കൂട്ടം പിരിഞ്ഞിരുവശത്തുമൊതുങ്ങി നിൽപ്പൂ!
കാണാ,യതിന്നു നടുവിൽ ജനശൂന്യവീഥീ-
രേഖാവിഭാഗ;മിതു സാമ്പ്രതമെന്തിനാവാം?

അങ്ങോട്ടു നോക്കുവി, നമന്ദമൊരാൾത്തിരക്കു
മുന്നോട്ടടുത്തു വരവു,ണ്ടവരാരുവാൻ പോൽ?
മുന്നുണ്ടു മുന്നണിയിലാളുക, ളായവർക്കു
പിമ്പേ നടപ്പൂ ചിലരായുധജാലമേന്തി.

ഏറ്റം കനം പെരുകിടും കുരിശൊന്നു താങ്ങി-
ക്കൊണ്ടാണു മൂവരവർതൻ വരവായതിങ്കൽ
മദ്ധ്യേ നടക്കുമവനോ ബത! ക്രിസ്തുദേവൻ;
മറ്റേവർ മാനസമിരുണ്ടൊരു വഞ്ചകന്മാർ.

കാളാംബുദാവലിയിൽ മിന്നിടുമോഷധീശൻ,
ദുർഗ്ഗന്ധപങ്കമതിലാണ്ട സരോജപുഷ്പം,
മുൾക്കാട്ടിൽ വീണ നവമല്ലിക, രാഹുവക്ത്ര-
മുൾപ്പൂക്കെഴുന്ന ദിനനായകദീപ്തബിംബം.

ചാപല്യമേറിയ കുരങ്ങുകൾ തച്ചുടയ്ക്കും
മാണിക്യരത്ന - മിവയോടു സമാനശോഭം
ആ മാന്യയോഗി, നരരക്തപിപാസയാർന്ന
രക്ഷസ്സുകൾക്കിടയിലോ ശിവനേ! ചരിപ്പൂ! (യുഗ്മകം)

കല്ലേറിടും വഴികളേ! മൃദുപട്ടുമെത്ത-
പോലാകുവിൻ! ദിനമണേ! ക്ഷണമസ്തമിക്കൂ!
അല്ലെങ്കിലാ ത്രിഭുവനൈകപിതാവിനുള്ളോ-
രോമൽക്കിടാവിനുടെ ചേവടി നോവുമല്ലോ!

സ്വർഗ്ഗീയസൗരഭമിയന്ന നവപ്രസൂന-
മാല്യം ധരിപ്പതിനു തീർത്ത ചുമൽത്തടത്തിൽ
ഭാരം പെരുത്ത കുരിശോ പരമേശ! കാണ്മൂ!
പോത്തിന്നുചേർന്ന നുകമേണകിശോരകന്നോ?

ആ ശാന്തഭാസ്സുടയ ദിവ്യശിരസ്സിലയ്യോ!
മുൾത്തൊപ്പി ചേർത്ത നരരാക്ഷസഹസ്തമേതോ?
കേറ്റേ വാരിജസുമത്തിലിരിമ്പു സൂചി-
യാഴ്ത്തിത്തറയ്ക്കുവതിന്നെതു പുമാനൊരുങ്ങും?

"ദൈവം ദയാത്മക, നവന്റെ കിടാങ്ങളാണീ
നാമൊക്കെ"യെന്നു നിജശിഷ്യരൊടോതിയെന്നോ?
ഈ വന്ദ്യനിൽപ്പരർ ചുമത്തിയ കുറ്റ,മേറ്റം
പൂന്തേൻ പൊഴിച്ചതൊരു താമരതന്റെ തെറ്റോ?"

• • •

മൈതാനമെത്തി, പുരുഷാരമടുത്തുകൂടി;
വേഗത്തിലാക്കുരിശു മൂന്നുമെടുത്തു നാട്ടി;
പെട്ടെന്നു വാനിലൊരു മേഘപടം നിവർത്തി-
യക്കർമ്മസാക്ഷിയതിനുള്ളിലൊളിച്ചു വാണു.

മാലോകരേ! തിരുമുഖത്തൊരു നോക്കു നോക്കിൻ!
എന്തെന്തു കാണ്മതവിടെ-ബ്ഭയലേശമുണ്ടോ?
മേൽപ്പോട്ടു തെല്ലിട വിടർന്നു വിടുന്ന നോട്ടം,
ക്രോധം നിരാശയിവ ചേർന്നുയരുന്നതുണ്ടോ?

ഇല്ലില്ല-ശാന്തികരുണാപരിപൂർണ്ണമാകു-
മാ ലോചനങ്ങളിലവയ്ക്കധിവാസമില്ല;
പാറയ്ക്കുതക്കൊരു മനസ്സുമലിഞ്ഞു പോകും-
മട്ടാ മഹായതിവരൻ പുനരേവമോതി:

"ഹേ! താതപാദ! ജഗദീശ! കൃപാപയോധേ!
വിജ്ഞാനമറ്റൊരിവർ ചെയ്യുമകൃത്യമെല്ലാം
നീതാൻ പൊറുക്കുക! വിഭോ! മമ ജീവരക്ത-
മിപ്പാരിടം കഴുകി നന്മ വരുത്തിടട്ടെ!"

പിന്നോട്ടു വാങ്ങു മനമേ! മതി-യപ്പുറത്തു
നോക്കേണ്ട; തൂലിക മടങ്ങിയടങ്ങിടട്ടേ!
സായാഹ്നവേളയിൽ നഭസ്സിൽ നവീനമാകും
നക്ഷത്രമൊന്നുയരു,മായതു നോക്കി നില്ക്കാം.

*(കവനകൗമുദി, പുസ്തകം 18, ലക്കം 5, 1098 കുംഭം, 1923)*

# നെപ്പോളിയന്റെ കണ്ണുനീർ

(കേക)

"റാറ്റിസ്ബൺ' കോട്ടയ്ക്കുള്ള വിസ്തീർണ്ണപ്പുറമതിൽ
ചുറ്റിനിന്നമർചെയ്യുന്നുണ്ടൊരു മഹാസൈന്യം
ഇടവപ്പാതിക്കോളിലാകാശംപോലെ, ധൂമം
പൊടിയെന്നിവകളാലാവൃതം പടക്കളം.
വമ്പിച്ച പീരങ്കികൾ തൻഘോരനിർഘോഷത്താൽ
കമ്പിതമായിടുന്നു, ചെന്തീയ്യു പാളീടുന്നു.

അബ്ദോത്തമന്മാർതൻ കേതനാഢികളിൽനി-
ന്നുദ്ഭവിച്ചൊഴുകിയ ചെഞ്ചോരപ്പുഴകളോ,
പാരിടം വിട്ടു വീര്യസ്വർഗ്ഗത്തെ പ്രാപിയ്ക്കുന്ന
ധീരർക്കു ദിവ്യസ്നാനതീർത്ഥങ്ങളായിത്തീർന്നു.

ആരാണിസ്സൈന്യത്തിന്നു നായകൻ? ലോകമെങ്ങും
പേരാർന്ന നെപ്പോളിയൻ-പൗരുഷപാരാവാരം!

കാലുകളല്പം കവച്ചങ്ങൊരു കുന്നിന്മീതേ,
കാലദണ്ഡങ്ങളാകും കൈകൾ പിമ്പുറത്താക്കി,
നതശീർഷത്തോടുമാ വിസ്തൃതഫാലത്തോടും,
നിതരാം ഗാംഭീര്യത്തെക്കാട്ടുന്ന മുഖത്തോടും,
തീവ്രമാം മനസ്സൈഥര്യം തീപ്പൊരി ചിന്നിക്കുന്ന
തീക്ഷ്ണനേത്രങ്ങളോടും, യുദ്ധരംഗത്തിൽത്തന്നെ
ബദ്ധദൃഷ്ടിയായ് നില്ക്കുന്നുണ്ടതാ നെപ്പോളിയൻ-
ഇദ്ധരാഗോളം കളിപ്പന്തരംപോലാക്കിയോൻ!

എന്തൊരു വിചാരത്തിൻ ദുർഭരഭാരമാവാ-
മെന്തിനും പോരുന്നൊരാ നേതാവെത്തപിപ്പിപ്പു!

പെട്ടെന്നു, പടക്കളം മൂടിടും പുകയെപ്പി-
ന്നിട്ടു പാഞ്ഞിടുന്നൊരു ഭടനെക്കാണായ് വന്നു.

ചക്രവർത്തിതൻ നേത്രം ചുകന്നു: കാണമതെന്തെ-
ന്തക്രമം! പേടിച്ചോടിപ്പോകയോ പുമാനിവൻ?
അല്ലല്ല—തൻചാരത്തേക്കാണവൻ വരുന്നതു-
കില്ലില്ല- സമീപസ്ഥനായിതബ്ഭടൻതാനും
സാലഭഞ്ജിക പോലെ നിന്നുപോയ് നെപ്പോളിയൻ:
ബാലനാണിയാഗതൻ!-ധൈര്യമേ, നമസ്കാരം!
മുട്ടുകുത്തിയബ്ബാലനുരച്ചു ശീഘ്രം: "പ്രഭോ!
നാട്ടി നാം കൊടിക്കൂറ റാറ്റിസ്ബൺകോട്ടയ്ക്കുമേൽ"

നേത്രങ്ങളുജ്ജ്വലിച്ചു നായക,ന്നെന്നാൽ ക്ഷണ-
മാത്രത്താലവ ദയാർദ്രങ്ങളാ, യത്യത്ഭുതം!
തൻകൊച്ചുപോരാളിതൻ കഞ്ചുകം നെഞ്ചിന്മീതെ
തൻകരംകൊണ്ടു പൊത്തീടുകിലും, രക്തത്തിനാൽ
വൈവർണ്ണ്യം പൂണ്ടു കണ്ടു, ചക്രവർത്തിയുമുടൻ
ഭാവമുഗ്രതയും മാറി, ബാലനെത്താങ്ങീടിനാൻ.

ചോദിച്ചു:—"കുഞ്ഞേ! മുറിപറ്റിയതെവിടത്തിൽ?
ഹാ! ദിഷ്ടവൈപരീത്യം! പറ്റലർ ചതിച്ചുവോ?"

കൃതകൃത്യനാം ബാലൻ പുഞ്ചിരി തൂകി മന്ദം;
നൃപനോടോതീടിനാനസ്പഷ്ടാക്ഷരങ്ങളിൽ:
"മുറിയേല്ക്കുകയോ? ഞാൻ മുക്കാലും ചത്തു - പക്ഷേ
പരിതൃപ്തൻ ഞാൻ, തൃക്കൈസ്പർശത്താൽത്തിരുമേനി!"

ബാലകൻതന്റെ ചുണ്ടു തൽക്ഷണം വിളർത്തുപോ-
യാലോലനേത്രങ്ങളും നിശ്ചലസ്ഥിതങ്ങളായ്;
ചുടുകണ്ണീരൊന്നുടൻ വീണു, മൃത്യുവിൻ മുദ്ര
പതിയും നെറ്റിതന്മേൽ— അന്നൊരു ദിനംമാത്രം!!

(ആശയാനുവാദം)

(കവനകൗമുദി, പുസ്തകം 19, ലക്കം 6,7, 1099 മീനം,മേടം—1924)

# ഒടുവിലത്തെ പ്രാർത്ഥന*

## (മഞ്ജരി)

ആരിവ, ളാരോമലാരും തുണയെന്ന്യേ
വാരിധിതീരത്തിൽ വന്നിരിപ്പൂ!

മന്ദം ചരമാബ്ധി പൂകുന്ന ഭാസ്കരൻ
സിന്ദൂരമാക്കിയ വെണ്മണലിൽ
മുട്ടുകളൂന്നി, യിടയ്ക്കിടെ മെല്ലെമാർ-
ത്തട്ടുലയുംമാറു നിശ്വസിച്ചും,
ഒട്ടു കൺചിമ്മിയുമേണാക്ഷി, ചെന്താമര-
മൊട്ടു കാക്കുന്ന മൃണാളിനിപോൽ
കൂപ്പുകരത്തോടും, നമ്രശിരസ്സോടും,
ചിൽപ്പുമാനേവനെച്ചിന്തിയ്ക്കുന്നു;
ആ ലോകശില്പിയോ, പുത്തൻവിമാനം വിൺ-
നീലപ്പരപ്പിൽപ്പണിയുകയായ്!

കോളാർന്നിരമ്പുന്ന പശ്ചിമവാർദ്ധിത-
ന്നോളങ്ങൾ മേല്ക്കുമേൽച്ചെന്നലയ്ക്കേ,
'മാറിപ്പോ!' എന്നല്ലീ ഗർജ്ജനം ചെയ്യുന്നു,
തീരസ്ഥരായ ജനത്തോടെല്ലാം?
അന്തിസ്സുവാരിക്കു വീചിതുരംഗത്തെ-
പ്പന്തിക്കു കെട്ടിയ ചണ്ഡവാതം,
എന്തിനീ വെൺപട്ടുസാരി പിടിച്ചേവം
പിന്നിലേക്കാക്കുന്നു ഭാമിനിയെ?

ആയുർഘടികയളക്കുവാൻ വെച്ചോരു
ശ്രീയുതകാഞ്ചനക്കിണ്ണംപോലെ,
വെള്ളമകത്തു കടക്കവേ, സിന്ധുത-
ന്നുള്ളിലേക്കാണ്ടുതുടങ്ങീ സൂര്യൻ.
'നന്മണി കായ്ക്കുന്ന കാഞ്ചനവല്ലിയാ-
ണിമ്മണൽത്തിട്ടിലിരിപ്പതെ'ന്നായ്,
രത്നാകരത്തോടു ചൊല്ലിക്കൊടുപ്പാനോ,
യത്നിച്ചു മുങ്ങുവതിദ്ദിനേശൻ?

---

* "ഇന്നലെ വൈകുന്നേരം കോലാബയ്ക്കു സമീപമുള്ള കടൽത്തീരത്തിലിരുന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കെ, ഒരു പാർസി യുവതി സമുദ്രം അതിക്രമിക്കുകയാൽ മുങ്ങി മരിച്ചുപോയിരിക്കുന്നു."
—ഡെയ്‌ലി എക്സ്പ്രസ്, 1924 ജൂലായ് 14-ാംനു.

(സ്വർണ്ണം നിലവറയ്ക്കുള്ളിലുള്ളോർക്കെന്തു?—
കർണ്ണതാനൻകുടിക്കാർണ്ണേജപൻ!)
ഈ വാർത്തതൻ സത്യമാമായ്‌വാൻ വേണ്ടിയോ,
ദ്വാരക മുക്കുമാറബ്ധിദൂതർ
തിക്കിത്തിരക്കിച്ചെന്നാർണ്ണോജനേത്രയെ
നോക്കിച്ചിരിച്ചു തിരിച്ചീടുന്നു!

നേരമിരുണ്ടുതുടങ്ങി; നതാംഗിയോ,
തീരെ നിശ്ചലയായിരിപ്പൂ!
ഏതാനും വെൺനുരക്കട്ടകൾ മാരുതൻ
ശ്രീതാവും തന്മുഖപദ്മത്തിങ്കൽ
വാരിയെറിഞ്ഞതുമേതുമറിയാതെ
വാരിജനേത്ര തപം ചെയ്യുന്നു!

നോക്കുവിൻ, നോക്കുവി,നെന്തിതു, നമ്മുടെ
നേർക്കു വരുന്നതു? മാമലയോ?
കാളിയനോളമായ് പാഞ്ഞടുക്കുന്നതോ?
കാളായസഭിത്തി നീങ്ങുവതോ?
"മുഗ്ദ്ധേ! മതിയാക്കുകീശ്വരപ്രാർത്ഥന:
ക്ഷിപ്രമെഴുന്നേ—" ചതിച്ചു, ദൈവം!
പാൽനുര മൂടിപ്പരന്നു: കടല്ക്കര
കാൽനിമിഷംകൊണ്ടു കാണാതായി!

പൂമ്പാറ്റയൊന്നിനെ നക്കി വിഴുങ്ങുമാ-
പ്പാമ്പിന്റെ നാവുപോലോളം വീണ്ടും,
ആഴിയിലേയ്ക്കു വലിഞ്ഞു: മണൽപ്പുറം
ശൂന്യമായ്ത്തീർന്നു നഭസ്സുപോലെ.

ഫേനച്ഛലത്താൽ നിൻദംഷ്ട്രകൾ കാട്ടിയും
ഹീനമോദത്തനായ് പുളച്ചും,
ഹുങ്കാർന്നു വാഴ്ക നീ, ദൗഷ്ട്യമേ! ഭൂലോക-
ച്ഛത്രമാൽ വഹിപ്പവൻ നീതാനിപ്പോൾ!

*(കവനകൗമുദി, പുസ്തകം 19, ലക്കം 10, 1099 കർക്കിടകം, 1924)*

# ചിന്താതരംഗിണി

I

അന്തിച്ചുക,പ്പംബരമാം വനത്തിൽ-
ച്ചെന്തീ പടർന്നുള്ളതുപോലെ കാണായ്;
ജഗത്തശേഷം ചരമാർക്കകാന്തി-
പ്രദീപ്തിയാൽ ഭാസുരമായ് വിളങ്ങി.

ഞാനോ, തനിച്ചുഗ്രവിഷാദഭാരം
വഹിച്ച ഫാലത്തെയിടത്തുകയ്യാൽ
താങ്ങി, ക്കിഴക്കൻകടലിൽക്കുളിച്ചു
കുളിർത്ത കാറ്റേല്ക്കുകയായിരുന്നു.

നാനാജനം തിങ്ങി വസിച്ചിടുന്ന
വൻപട്ടണത്തിന്റെയലർച്ചയൊന്നും,
സുമേരുശൃംഗത്തിനു തുല്യമാകു-
മച്ചന്ദ്രശാലോപരി കേട്ടതില്ല.

ശരീരമീമട്ടൊരിടത്തനങ്ങാ-
തിരിക്കവേ, ചഞ്ചലമാം മനസ്സോ,
ഗമിച്ചു ദൂരത്തു, നിരങ്കുശം, വൻ-
കാറ്റിൽപ്പറക്കും ചെറുപഞ്ഞിപോലെ.

അതേ; മനസ്സാകുമരിപ്പിറാവു
തൽപഞ്ജരം വിട്ടു വിയത്തിലൂടെ
ഒരോമനപ്പെൺകൊടിതൻ ശരീര-
പ്പൂങ്കാവിനെത്തേടുകയായിരുന്നു!

അല്ലായ്കിലെന്തിന്നലയുന്നു? പെണ്മാൻ-
കണ്ണാൾക്കിരിപ്പെൻ ഹൃദയത്തിലല്ലോ!
ചാപല്യമേ, നില്ക്കുക! കയ്യിലുള്ള
മുത്തിന്നു മുങ്ങിത്തിരയേണ്ടതില്ല.

അതാ! ശരൽപ്പൗർണ്ണമിരാവിലാദ്യം
വിരിഞ്ഞൊരാമ്പൽക്കുസുമംകണക്കേ,
കിനാവിലുംകൂടിയഹോ! കളങ്ക-
മേശാത്ത ദിവ്യാനനമുല്ലസിപ്പൂ!

തെറ്റിദ്ധരിച്ചന്നൊരു നാളി,ലെന്തോ
മറുത്തു ഞാൻ ചൊന്നതു കാരണത്താൽ,
ഉഷസ്സിലംഭോജദലത്തിനൊപ്പം
ബാഷ്പം നിറഞ്ഞുള്ള വിലോചനങ്ങൾ

പ്രത്യക്ഷമായ്ക്കണ്ടു; വിറച്ചു കയ്യെൻ-
ദേഹത്തിലൊന്നായൊരു മിന്നൽ പാഞ്ഞു;
അന്നോമലാൾതൻ മിഴിനീർ തുടച്ച-
തിപ്പേനയേന്തും കരമായിരുന്നു! (യുഗ്മകം)

വൃഥാ, ചമൽക്കാരവിഹീനശുഷ്ക-
പദ്യം പകർത്തുന്ന വലത്തുകയ്യേ!
ലോലാക്ഷിതന്നശ്രുകണങ്ങളാൽത്താൻ
നിർദ്ധൗതമായ് നിൻ മലിനത്വമെല്ലാം.

അസ്സന്മുഹൂർത്തത്തിലുയർന്നിരുന്നൊ-
രാനന്ദവായ്പിന്റെ ശതാംശമിപ്പോൾ
വർണ്ണിയ്ക്കുവാനാവുകിലെന്റെ പേന-
ത്തുമ്പേ! ജഗത്തിൽക്കൃതകൃത്യമായ് നീ!

അല്ലെങ്കി,ലെന്നല്പകവിത്വഭാണ്ഡ-
മൊന്നായഴിച്ചിട്ടു നിരത്തിയാലും,
നതാംഗിതൻ കാൽത്തളിർവെപ്പുകുടി-
യലംകരിക്കുന്നതസാദ്ധ്യമല്ലോ.

II

പിന്നീടു ഞാൻ പണ്ടു കഴിഞ്ഞ കാര്യ-
മോരോന്നുമോർമ്മിക്കുകയായി വീണ്ടും;
ഒന്നാമതെൻ ചിന്തയിൽ വന്നതാദ്യ-
സന്ദർശനത്തിൻ കഥയായിരുന്നു.

വാനിങ്കലും മന്നിലുമൊന്നുപോലെ
തൂവെൺകളിച്ചാർത്തണിയിച്ച ചന്ദ്രൻ
അന്നാ മുറിക്കുള്ളിലനല്പമായി-
ത്തൻപാലൊളിപ്പൂങ്കതിർ ചേർത്തിരുന്നു.

നിശ്ശബ്ദ;മെന്നല്ല, ചരാചരങ്ങ-
ളൊന്നാകെയാശ്ചര്യമൊടീ നരന്റെ
ചാപല്യമോ സാഹസമോ നിനച്ചു
നിഷ്കമ്പരായ് നില്പതുപോലെ തോന്നി!

മിത്ഥ്യാഭ്രമം! നീചവികാരദാസ്യം
വഹിച്ചു പോകും വിടനല്ല നില്പു
വാതില്ക്കല;ലെന്നാലകളങ്കരാഗ-
ക്ഷേത്രത്തിലെപ്പൂജകനൊന്നുമാത്രം—

"പ്രാണപ്രിയേ! മാമകജീവനെന്നും
ത്വദീയ"മെന്നുള്ളൊരു സത്യവാക്യം

നിവേദനം ചെയ്തു മടങ്ങുവാനായ്—
പ്പോകും വെറും ദർശകനായിരുന്നു!

ശങ്കിച്ചു ഞാനാ മുറിയിൽക്കടന്നു
നിന്നപ്പൊഴും, ദുർഭരസംഭ്രമത്താൽ,
ഉഗ്രസ്വരത്തോടു തുടിച്ച നെഞ്ചു
നിഷ്പന്ദമായ്പ്പോയി മിനുട്ടുനേരം!

ശരന്നഭസ്സിൽ,ധവളാംബുജത്തിൽ-
പ്പതിഞ്ഞ ചന്ദ്രക്കലപോ,ലകാണ്ഡേ,
അപ്പൂനിലാവേറ്റു തെളിഞ്ഞ ശയ്യ-
യ്ക്കകത്തു യോഷാമണി നിദ്ര ചെയ്വൂ!

ശുഭ്രോപധാനോപരി ചിന്നിവീണ
കുന്തൽക്കരിങ്കൊണ്ടിയിൽനിന്നു ചെമ്മേ
വിടർന്ന ചെന്താർമുഖമൊന്നു കാണായ്,
കാർകൊണ്ടൽ ചൂഴും മുഴുതിങ്കൾപോലെ.

വസന്തകാലത്തു, സുമാഗമത്തിൽ-
ത്തളിർത്ത മാവിൻ തളിരൊത്തു ഭംഗ്യാ,
സുമാർദ്ദവം ചേർന്നു, സുമാംഗിയാൾതൻ
പാണിദ്വയം പാടലമായ് വിളങ്ങി.

അടുത്തുചെന്നാക്കരപല്ലവത്തി-
ലർപ്പിച്ചു ഞാൻ ചുംബനമൊന്നു മന്ദം:
"കടന്ന കയ്യെ"ന്നു പറഞ്ഞു, നെറ്റി-
ചുളിച്ചു കൊള്ളട്ടെ 'വിശുദ്ധ'ലോകം!

ഉണർന്നുടൻ കന്യക ഫാലദേശം
മറച്ച കേശം പുറകോട്ടു തള്ളി.
ഒരുജ്ജ്വലക്കണ്ണുന നീട്ടി,—"യാരാ-
ണതെ"ന്നു ചോദിച്ചെഴുന്നേറ്റിരുന്നു.

"ക്ഷമിയ്ക്കുകെൻ സാഹസ,"മെന്നു കഷ്ടി-
ച്ചുരച്ചു ഞാൻ രണ്ടടി മാറിനിന്നു:
ഭ്രൂവില്ലിനാൽത്തെല്ലൊരു ചോദ്യചിഹ്നം
കാണിച്ചു മുഗ്ദ്ധാംഗന മൗനമാർന്നാൾ.

പിന്നീടൊരഞ്ചെട്ടു മിനിട്ടു നേരം
സംഭാഷണം തമ്മിൽ നടന്നു; പക്ഷേ,
അതാവിധത്തിൽക്കടലാസ്സിലേയ്ക്കു
പകർത്തുവാൻ തൂവലിനില്ല ശക്തി.

അതിന്നുശേഷം, മുറി വിട്ടുപോവാൻ
തുനിഞ്ഞിടും മുൻപി, ലനന്തപുണ്യം
ലഭിച്ചു വക്ത്രത്തിനു വീണ്ടുമോമൽ-
ക്കരാംബുജസ്പർശനമല്ക്കമൂലം.

ഇനിച്ചുരുക്കിപ്പറയാം കഥാംശ,-
മാ രാവിലെൻ നിദ്ര, പുലർച്ചയോളം
ഒരൽഭുതാനന്ദസുകാന്തിദീപ്ത-
സ്വപ്നങ്ങളാൽ ഭാസുരമായിരുന്നു!

III

വിചാരമാം മാന്ത്രികനൊന്നുകൂടി-
ത്തൻപിഞ്ഛികാഗ്രത്തെയിളക്കിയപ്പോൾ,
മറഞ്ഞുപോയാപ്പട;മാ സ്ഥലത്തിൽ
പ്രത്യക്ഷമായ് മറ്റൊരു പൂർവ്വചിത്രം!

പുലർന്നു നേരം; സുമസൌരഭത്തെ-
പ്പരത്തി തൈത്തന്ന;ലുണർന്നു ലോകം;
പ്രഭാതവേളാംഗനതൻ കവിൾത്ത-
ട്ടാരക്തമായർക്കസമാഗമത്താൽ.

ഉഷസ്സിൽ നൈസർഗ്ഗികകാന്തിയേന്തും
തോട്ടത്തിൽ ഞാൻ ലാത്തുകയായിരുന്നു;
നാനാസുമശ്രേണിയിവന്റെ ചുറ്റും
വിരിഞ്ഞു മഞ്ജുസ്മിതമാർന്നു നിൽപ്പൂ.

പൂമ്പട്ടിളംപുല്ലു നിറഞ്ഞ ദിക്കി-
ലിക്കാഴ്ചയാൽക്കണ്ണു കുളിർത്തു നില്ക്കേ,
അനാരതം യോഗികൾ വാഴ്ത്തിടുന്നാ
സ്വർല്ലോകവാസത്തിലസക്തനായ് ഞാൻ!

അഹോ, വിമോഹം!-നിജമാനസത്തിൻ
പകർപ്പുതാൻ കാണ്മതു മർത്ത്യനെങ്ങും:
ആ സ്വർഗ്ഗവും നാരകവും മനസ്സിൻ
താൽക്കാലികാവസ്ഥ രചിപ്പതല്ലീ?

പ്രേമാരവിന്ദപ്പുതുതല്പമിട്ട
പന്ഥാവിൽ ഞാനെൻപദമൂന്നിനില്ക്കേ,
ലോകത്തിലേതുണ്ടൊരു കാഴ്ചയെന്റെ
നെഞ്ചിൽസ്സുധാസേചകമായിടാതെ?

എന്തിന്നു?—മൽപ്രേയസി തന്നിരുന്ന
പുത്തൻപനീർപ്പൂവു, ദശാന്തരത്തിൽ

വാടിക്കരിഞ്ഞീടില്ലു,മെന്റെ കണ്ണിൽ-
കല്യാണസൗഗന്ധികമന്നുമിന്നും!

ഇതോർത്തതോടൊത്തു, മനസ്സു ഭൂത-
കാലത്തിൽനിന്നുകൊണ്ടു തള്ളിയെന്നെ
വീണ്ടും പതിപ്പിച്ചിതു വർത്തമാന-
ഗർത്തത്തി—ലീ വൻദുരിതാബ്ധിയിങ്കൽ!

സന്തോഷചിന്താംബുധരങ്ങൾ കാല-
നീലാംബരെ വാർമഴവില്ലു ചാർത്തി
തെളിഞ്ഞു മന്ദം വിഹരിക്കവേ,യി-
ദ്ദുഷ്ടക്കൊടുങ്കാറ്റു തുലച്ചു സർവ്വം!

മാലാർന്നിങ്ങിനെ ചിന്തചെയ്തലയല-
　　ച്ചീടും മഹാവാർദ്ധിയെ-
പ്പോ,ലാകമ്പിതനായുണർന്നിവനഹോ!
　　മേല്പോട്ടു നോക്കീടവേ,
ആ ലാവണ്യപയോധിയിൽപ്പലതരം
　　കാണായി കാത്യായനീ-
ലീലാലാലസപാണിപല്ലവമുതി-
　　ർത്തീടുന്ന വെണ്മുത്തുകൾ!

*(കവനകൗമുദി, പുസ്തകം 20, ലക്കം 2, 1100 വൃശ്ചികം, 1924 നവംബർ)*

# വിചാരവീഥി

I

പൂർവ്വാന്തരീക്ഷത്തി,ലിരുണ്ടു നില്ക്കും
മുകിൽപ്പരപ്പാം നികഷോപലത്തിൽ
ആരോ തനിത്തങ്കമുരച്ചു മാറ്റു
നോക്കുന്നു സൂര്യോദയകൈതവത്താൽ.

അനർഘതേജസ്സിതഹസ്കരൻതൻ-
തേർത്തട്ടിലേന്തുന്ന പതാകയല്ലി?
അല്ലല്ല; മാത്രയ്ക്കകമാ മഹസ്സു
പടർന്നു കത്തുന്നു നഭസ്ഥലത്തിൽ.

നമുക്കു പൂർവ്വാചലമായ് വിളങ്ങും
നീലാഭമാം നിസ്തുലപശ്ചിമാദ്രി
ഒഗ്നിശൈലോപമമായ് ക്ഷണത്തിൽ
പ്രപഞ്ചചക്രഭ്രമശക്തിമൂലം.

നിതാന്തസന്തപ്തസുദീപ്തരത്ന-
ഗർഭോദരാന്തസ്ഥിതധാതുസാരം
ദ്രവീഭവിച്ചുജ്ജ്വലധൂമമൊത്തുൽ-
ഗമിപ്പൂ, തൽക്കന്ദരമൊന്നിലൂടെ.

അല്ലെങ്കി,ലാ വന്മലയാദ്രിയിങ്കൽ-
ത്തിങ്ങുന്ന മാലേയമഹാവനത്തിൽ
അഭൂതപൂർവ്വാഗ്നി പരന്നു, പൊങ്ങി-
ക്കാണുന്നതോ ജ്വാലകളംബരത്തിൽ?

അനൂരുനീതാശ്വഖുരപ്രപാതം
ചൂർണ്ണീഭവിപ്പിച്ച വലാഹകങ്ങൾ
ദിവാകരപ്പൊൻകതിരേറ്റു മിന്നു-
ന്നതോ തമോഭഞ്ജകമീ പ്രകാശം?

രാവിങ്കലന്യത്ര ഗമിച്ച കാന്ത-
നിരുൾപ്പുതപ്പാകെ വലിച്ചു നീക്കി
ഉണർത്തി,യെന്നാകിലുമബ്ജനേത്രം
തുറന്നതില്ലൊട്ടിട വാസരശ്രീ.

എന്നാലു,മാത്മേശ്വരനോമലാളിൻ
കുളിർക്കവിൾക്കുമ്പു തലോടിടുമ്പോൾ,
പൂമെയ്യിലുണ്ടാം പുളകാങ്കുരത്തെ
മറയ്ക്കുവാൻ കാന്തയശക്തയായി!

## II

എന്നോമനത്തങ്കമടുത്തു, നിദ്രാ-
വിമുക്തയാകാതെ, ശയിച്ചിടുമ്പോൾ
എമ്മട്ടു ഞാൻ സ്വാഗതമോതുമങ്ങേ-
യ്ക്കംഭോജിനീവല്ലഭ! ചിത്രഭാനോ!

എമ്മട്ടു ഞാൻ സ്വാഗതമോതിടാതെ
നില്ക്കേണ്ടു, ഹാ, വ്യോമമണിത്തിടമ്പേ!
മിത്രങ്ങളാകും കവികാമുകന്മാർ
പരസ്പരസ്പർദ്ധികളാകയെന്നോ?

മാപ്പേകുകീ സ്വാർത്ഥപരന്നു സാധ്വീ-
കുലോത്തമേ, പത്മിനി, സന്ധ്യയാകേ
ആസന്നചണ്ഡാംശുവിയോഗദുഃഖം
നാൾതോറുമേ നീയറിയുന്നതല്ലോ!

തെങ്ങിൻ കുരുത്തോല പണിഞ്ഞിടുന്ന
മാർത്തട്ടു ചെമ്പൂട്ടൊളി ചിന്നുമാറായ്
കിഴക്കു നോക്കി പ്രലപിച്ചിടുന്നു
പുറത്തു പച്ചക്കിളിയൊന്നു തുഷ്ട്യാ.

പ്രാരബ്ധമാം വാസരനാടകത്തി-
ലപ്പക്ഷി പാടുന്നൊരു നാന്ദിഗീതം
സൽപ്രേമഗാനാമൃതപൂർണ്ണമെന്റെ
നിശയ്ക്കു ചേരും ഭരതോക്തിയായി.

## III

വിദൂരയാത്രയ്ക്കനിവാര്യകാര്യ-
നിയുക്തനാം ഞാനിനിയെന്നു കാണ്മൂ
ഈ സുപ്രഭാതം, നവകുങ്കുമച്ചാ-
ർത്തിണക്കുമീ ലോകമനോജ്ഞചിത്രം?

ജഗത്തിലെല്ലാടവുമുണ്ടുഷസ്സു,
മനോഹരം താൻ ചില നാളിലെങ്ങും;
എന്നാലു,മെന്തൊന്നിഹ കാണ്മതീ നാം
മനോമണീദർപ്പണമൊന്നിലെന്ന്യേ?

ദുർദ്ദൈവസന്തപ്തനൊരിക്കലീ ഞാൻ
വിനിദ്രനായ് രാത്രി കഴിച്ചശേഷം,
വീക്ഷിച്ച സൂര്യോദയചിത്രമൊന്നു
മായാതെ നിൽപ്പൂ സ്മൃതിഭിത്തിയിന്മേൽ:

'ലോകത്തിലെദ്ദുഃഖമിതെങ്ങു, തേജോ-
ഗോളങ്ങളെങ്ങെ'ന്നു നിനയ്ക്കകൊണ്ടോ
ദുഷ്പ്രേക്ഷ്യമാം ഹാസ്യലസന്മുഖത്തെ-
ക്കിഴക്കുയർത്തുന്നു കൃതാന്തതാതൻ?

രാവിൽത്തമോഭീതി സഹിച്ചിടാതെ
കണ്ണീർക്കണം ചിന്നി നനഞ്ഞുഷസ്സിൽ
പ്രത്യാശയോടംബരമുറ്റുനോക്കി
വസിച്ചിടും വെൺപനിനീർസുമത്തിൽ,

ചെന്തീയു കോരിച്ചൊരിയുന്നതാണു
ഞാൻ കണ്ട,തച്ചെങ്കതിർതന്നെയല്ലോ
ചുംബിപ്പൂ, വാതായനമാർഗ്ഗമായ് വ-
ന്നെന്നോമലിൻ പാടലപാദപത്മം! (യുഗ്മകം)

ഈ ബാഹ്യവിശ്വപ്രകൃതിക്കു നേരാ-
ണാദിത്യശുഭ്രാംശു; മനുഷ്യചിത്തം,
പലേ നിറം ചേർന്നു, വികാരശക്തി
തിരിക്കുമാ സ്ഫാടികഗോളമത്രേ!

നമോസ്തു തേ, ലോകവിധാത്രി, ശാന്ത-
ഹൃദന്തരേ, ക്രൂരകരാളരൂപേ,
ആനന്ദവാർദ്ധിക്കകമെത്തുവാനോ
നീ തീർത്തതമ്മേ, ചുടുകണ്ണുനീർച്ചാൽ?

## IV

ഉണർന്നിതെൻ കാന്ത: വിടർന്ന നീലോ-
ല്പലങ്ങളെന്തോതുവതെന്നോടിപ്പോൾ?
"പോകൊല്ല"യെന്നോ? ശരി; കർമ്മബദ്ധ-
നല്ലീ മനുഷ്യൻ, പ്രണയാർദ്രനത്രേ?

ഇളംതളിർച്ചുണ്ടിനിടയ്ക്കു കണ്ട
തുമന്ദഹാസം മറയുന്നതെന്തേ?
വിയോഗമാമല്പവിരാമമെന്യേ
തീർക്കാവതോ ജീവിതവാചകങ്ങൾ?

ഹേമന്തമാ മഞ്ഞുപുതപ്പെടുക്കും-
മുമ്പായ്ത്തിരിച്ചെത്തിടുമോമനേ, ഞാൻ:
ഇനിശ്ശരന്മേഘകുലത്തിനെത്ര-
യ്ക്കായുസ്സു നില്ക്കും, നിരൂപിച്ചു നോക്കൂ!

ദേഹം ഗമിയ്ക്കട്ടെ; മനസ്സു നില്പ-
തീ മഞ്ജുരാകേന്ദുമുഖത്തിലല്ലോ;
തേജസ്സു ചന്ദ്രകലണച്ചിടാതെ
പോകുന്നിതോ, പൗർണ്ണമിനാളിലർക്കൻ?

പോകട്ടെ ഞാൻ; നീണ്ടുകിടന്നിടുന്നു-
ണ്ടാദ്യന്തഹീനം, മമ കർമ്മജന്യം
കർത്തവ്യപന്ഥാ; വിതിലൂന്നിവെച്ച
കാലിന്നു വിശ്രാന്തിയൊരേടമുണ്ടോ?

പ്രച്ഛന്നാദരഗഹ്വരങ്ങളിയലും
    കാടാണൊരേടം; പ്രിയേ,
സ്വച്ഛന്ദം വിഹരിച്ചിടും ഫണികളാ-
    ലന്യസ്ഥലം ഭീതിദം;
ഇച്ഛയ്ക്കൊത്തു നടക്കുവാനുമരുതാ-
    ത്തിദ്ദുർഗ്ഗമാദ്ധ്വാവി,ലെൻ-
സ്വച്ഛശ്രീജിതശർവ്വരീശവദനേ,
    തൂകീടു നീ സുസ്മിതം!

*(കവനകൗമുദി, പുസ്തകം 24, ലക്കം 1, 1104 തുലാം, 1928)*

# പുഷ്പിച്ച പനിനീർച്ചെടിയോട്

(ജ്ഞാനനട)

കതിരവന്റെ ചെന്തളിരൊളി ചിന്തും
നറുംകതിർക്കടലതിങ്കൽ, ഓമനേ,
കുളിർപ്പാൽപ്പുഞ്ചിരിയൊരുതുള്ളി ചേർത്തു
വെയിൽ നിലാവാക്കാൻ ശ്രമിക്കയല്ലി നീ?

വൃഥാശ്രമമെന്നു ഹസിയ്ക്കട്ടെ ലോകം;
വെയിലുലകത്തെത്തപിപ്പിച്ചീടട്ടെ,
ഒരു ഹൃദയത്തെ-ബ്ഭവതിതൻ സുമോൽ-
ഗമം പ്രതീക്ഷിച്ചുള്ളൊരു ഹൃദയത്തെ-
യതുലാനന്ദമാം പ്രതിനവക്ഷീര-
തരംഗമാലിയിലൊഴുക്കി നിൽപ്പൂ നീ!
ഉലകിതിൽദ്ദിനംപ്രതി വളരുന്ന
പരസ്പരദ്വേഷം കരി പിടിപ്പിച്ച
കവിയല്ലാത്തൊരു വെറും മനുഷ്യന്റെ
വിചാരരീതിയെ വെളുപ്പിക്കുന്നു നീ;
അനേകനാളായിപ്പലവുരു ദുഃഖം
തപിപ്പിച്ച ചിത്തം തണുപ്പിക്കുന്നു നീ!
തളർന്ന തർഷിതനിളനീരെന്നപോൽ
മമാക്ഷിയുഗ്മമീസ്സുമസുഷമയെ
നുകരുമാറെന്റെ മനസ്സിലിന്നൊരു
സുഖപ്രതിച്ഛായ പകർത്തിടുന്നു നീ!

തവ കൃതജ്ഞതയ്ക്കതിരെന്തോമനേ:
നിനക്കു തന്നതെന്തിവൻ? ദിനംതോറും
പ്രഭാതവേളയിലൊരല്പശുശ്രൂഷ;
വേതിയാകുന്നതഹോ, മഹാനന്ദം!

ഇതു സുദിനംതാനെനിക്കു,ഷസ്സിങ്ക-
ലുണർന്നു നോക്കുമെൻ മിഴിക്കു മുന്നിലായ്,
ഗൃഹാങ്കണമാകുമിരുണ്ട വാനില-
ന്നൊരു ചെറുതാരമുദിച്ചിടുംപോലെ,
ഭവതിതൻപ്രേമമെനിക്കു കാഴ്ചയായ്
സമർപ്പിച്ച മനോജ്ഞമാം സുമം,
ഇളംതളിർത്തൊട്ടിലതിൽക്കിട,ന്നൊട്ടു
വിരിഞ്ഞു, തൂകുന്ന സ്മിതമല്ലോ മിന്നി!
ഇതു സുദിനംതാനെനിക്കു: മേലിലും
പ്രണയത്തിൻപൊരുൾ പഠിപ്പിയ്ക്കാവൂ നീ!

*(കവനകൗമുദി, പുസ്തകം 24, ലക്കം 4, 1104 മകരം, 1929)*

# പ്രത്യൂഷ പ്രതീക്ഷ

(കേക)

ആരുമില്ലല്ലീ വാനിൽധാർഷ്ട്യത്താൽത്തിമിർക്കുമീ-
ക്കൂരിരുൾപ്പിശാചിന്റെ പേക്കൂത്തു നിറുത്തുവാൻ?
മുല്ലമൊട്ടേതു, മുള്ളേതെന്നു വേർതിരിക്കുവാ-
നില്ലൊരു മാർഗ്ഗമത്രയ്ക്കാവൃതമിപ്പാരിടം.

നന്നു നന്നിതു, തമോരക്ഷസ്സേ, ഖദ്യോതത്തിൻ
മിന്നലാലാരെപ്പേർത്തുമിളിച്ചുകാട്ടുന്നു നീ?
പാരിതിൽദ്ദിനംതോറും പൊന്നൊളി പരത്തുന്ന
സൗരസൽപ്രഭയേയോ? വെൺമതിബിംബത്തെയോ?
മംഗലതാരങ്ങൾതൻ പങ്ക്തിയെത്താനോ? കഷ്ട-
മെങ്ങുനീ, യെങ്ങെങ്ങവർ? അത്ഭുതം ത്വച്ചാപല്യം!
പർജ്ജന്യൻ വിദ്യുല്ലതാദീപ്തിയാം ചമ്മട്ടിയാൽ,
നിർദ്ദയം പോത്തിൻപുറത്തെന്നപോൽ, വീണ്ടും വീണ്ടും
കർദ്ദമാലേപം പൂണ്ട താവകഗാത്രത്തിങ്ക-
ലെത്രമേലടിപ്പീല, നിൻമദമടക്കുവാൻ?
ആക്കവുഞ്ചിതൻപൊട്ടലെങ്ങെങ്ങു മുഴുങ്ങുന്നി,-
ലാക്കരം കഴയ്ക്കുമാറില്ലെന്നു ധരിച്ചാലും!

എന്തിനീ മിഥ്യാടോപ? മീയിരുൾച്ചട്ടയ്ക്കുള്ളിൽ-
സ്സന്തതം സുരക്ഷിതൻ നീയെന്നു നടിയ്ക്കൊല്ലേ!
ഈയടിയാച്ചട്ടയെബ്ഭേദിച്ചീലെന്നാകിലു-
മായതിനുള്ളിലെത്ര കാലമോ നിൻജീവിതം!

താവകാഗമനത്തിൽത്തോഷിപ്പൂ കൂമൻമാത്രം;
താവകമരണത്തിൽച്ചോരനേയാഹ്ലാദിയ്ക്കൂ;
അപ്രതിഹതമത്ര കാലത്തിൻപോക്കാ രഥം
സൽപ്രകാശത്തിലേക്കേ നയിക്കൂ ലോകത്തിനെ.

സജ്ജനം നിമീലിതനേത്രമായ്, നിദ്രാബ്ധിയിൽ
മജ്ജനം ചെയ്തീത്തമോബാധയെ മറയ്ക്കുന്നു;
മൂങ്ങതൻ കണ്ഠം കടം വാങ്ങി നീ യാമംതോറും
മൂളുക: ഫലമെന്താ നിദ്രിതർ നിന്ദിപ്പീല!
പൂമണം വീശും കുളിർത്തെന്നലാം നിശ്വാസത്താൽ
കോമളപ്രത്യൂഷംതാൻ കൺതുറപ്പിയ്ക്കും നമ്മെ!

*(കവനകൗമുദി, പുസ്തകം 24, ലക്കം 5, 1104 കുംഭം. 1929)*

# മുകുളാർച്ചന

(മഞ്ജരി)

## I ഉപഹാരം

കാണിയ്ക്കയായ്‌വെപ്പതെങ്ങിനെ, വിശ്വൈക-
റാണിയാം നിൻതിരുമുമ്പിലമ്മേ!
നാണിച്ചു സന്ധ്യയ്ക്കു തെല്ലു വിരി,ഞ്ഞതോ
കോണിൽപ്പതുങ്ങുമിപ്പിച്ചകത്തെ?

ശങ്കരാചാര്യർതൊട്ടിന്നേവരെയ്ക്കുള്ള
വൻകവിവര്യന്മാരാത്തഭക്ത്യാ
വാടാത്ത കല്ഹാരപ്പൂക്കളാലർച്ചിച്ചു-
ള്ളടലർത്തൃക്കാല്ക്ക-ലോർക്ക വയ്യാ!-
ത്തുച്ഛ പറിച്ചാലുമർച്ചിപ്പാനെന്നെ നീ
കെല്പില്ലാതല്ലി ഹാ! തീർത്തുവിട്ടു?

ആകട്ടെ;യെന്നാലും നിന്മലർക്കയ്യല്ലോ
പാകത്തിലിക്കൊച്ചുമൊട്ടിനേയും
നിൻനറുംപുഞ്ചിരിപ്പാലിൽക്കുളിപ്പിച്ചു
ചെന്താരണിച്ചുണ്ടതിൽച്ചേർത്തു ചെമ്മേ,
പാലം പറ്റിയ വെണ്മ തിളങ്ങുന്ന
മോടിയോടിങ്ങയച്ചുള്ളതാദ്യം?
ഭാരം തീർത്തതോ നീതന്നെ; ഈച്ചെറു-
പാഴ്കൃതി നിൻകൃപാലേശജന്യം:

സ്വപ്നാകുന്നീലിന്നതുകൊണ്ടു ഞാ-
ന്നൊന്നുമേ തെറ്റിതിലുണ്ടെന്നാലും;
അജ്ഞരിലജ്ഞനാം ഭൃത്യനുപോലുമി-
ന്നാജ്ഞാനുസാരിതമാസ്പദംതാൻ.

## II വർഷാരംഭം

പൊന്നുസന്ധ്യാഖ്യയാം നിൻതോഴിയിന്നത്തെ
കാതിലക്കാട്ടാഞ്ഞതീ വാർമുടിയെ?
മല്ലികക്കുന്തളിൽച്ചൂടിയിരുന്നതാം
പൂമാലയെ മാറ്റി;യെന്നാൽ
പതിവായത്തു ചെന്താരൊന്നു ചന്തമായ്
പിൻതിരുകിയതെങ്ങുപോയോ?

വൻകാറ്റിലെങ്ങും ചിതറുന്ന നിൻകേശം
തൻകരപത്രങ്ങളാലൊതുക്കി
നിർത്തുവാനല്ലയോ തൽബാഹുവൃക്ഷങ്ങ-
ളിത്രയ്ക്കുലയ്ക്കുന്നതിദ്ധരിത്രി?
എങ്ങംബരമാകെ മൂടിടും കാർകുഴ-
ലെങ്ങെങ്ങിപ്പാഴ്‌വേല, ക്ഷേതിജന്യം?

വാതമോ ശീകരവാഹിയായ്: വിണ്ണാറിൽ
സ്നാതയായ് നില്ക്കയോ ശാരദേ, നീ!

## III വർഷം

രോഷകലുഷമായ് നിന്മുഖ;മിത്രമേൽ
ഭീഷണവേഷം ധരിപ്പതെന്തേ?
ഉർവ്വീവിനാശമാം താണ്ഡവാങ്കത്തിൻ
പൂർവ്വാംഗമഭ്യസിപ്പിക്കയല്ലീ,
കല്പാന്തമേഘടേന്മാരെയൊക്കെ നീ
കെല്പേറിടുന്ന നടേശജായേ!

ഹാ! ചണ്ഡി, പോകുവതെങ്ങു നീ വാരിദ-
മേചകകർണ്ണീരഥ*ത്തിലേറി
നിൻപള്ളിവാളൊളി ചിന്നുന്നു; കേൾപ്പൂ ഞാൻ
നിൻതേരുരുളൊലി, തമ്പുരാട്ടി!
എൻവീണതൻ മൃദുനിക്വണമാണ്ടുപോ-
യീ വൻനിനാദമാം നിർഝരത്തിൽ;
ചുറ്റുമിരുളായ് മുറിയ്ക്കകത്തിഹൊടും-
കാറ്റെൻ വിളക്കു കെടുത്തുകയാൽ;

ഭീകരം ചണ്ഡികേ! നിൻമൃത്യുതാണ്ഡവം;
ഭീകരം കാളകരാളരൂപം!.....

അല്ലല്ല: മാരണനർത്തനമെന്നോ ഞാൻ
ചൊല്ലിയതിക്കൃപാലോലലാസ്യം?
മേദിനി പാഴ്ത്തരിശാകാതെ കാക്കുവ-
തീ ദിവ്യനൃത്തംതാനാണ്ടുതോറും!
ഈ നാട്യത്തിന്റെ കലാശംചവിട്ടലി-
ലാനതമാമിളംപുല്ലുപോലും,
മുത്തിയന്നീടുന്നി;തംബ, നിൻ കാരുണീ-
സുസ്തന്യപോഷിതയല്ലോ ധാത്രി.

---

*കർണ്ണീരഥം=സ്ത്രീകൾക്കിരിക്കുവാൻ യോഗ്യമായ ഒരു രഥവിശേഷം.

## IV സാന്ധ്യഗീതം

ആമര്യകുങ്കുമചിത്രകമേന്തുന്ന
തൂനെറ്റി ചാർത്തും ഭ്രമരകങ്ങൾ,
സീമന്തരേഖയിൽനിന്നുതിർന്നീടുന്ന
സിന്ദൂരം പറ്റിത്തിളങ്ങുമാറായ്,
ആനമ്രമാക്കിയും കമ്രമാം തന്മുഖ-
മാനീലനേത്രങ്ങളൊട്ടടച്ചും
നിഷ്കമ്പയായ് നില്ക്കയാണവളൊട്ടിട;
നിഷ്പന്ദമായ് നിൽക്കു നെഞ്ചകമേ!

താന്തയാണീശ്വരി: ഭഞ്ജിച്ചിടൊല്ലേ നീ
ശാന്തമിദ്ധ്യാനത്തെ,ജ്ജിഹ്വാഗ്രമേ!
ആശുഗൻകൂടിയുമൊന്നൊതുങ്ങീട്ടല്ലോ
വീശുവതീജ്ജഗന്മോഹിനിയെ!
വാരൊളി ചിന്നിച്ചിതറിക്കിടക്കുന്ന
കാറണിക്കുന്തലലംകരിപ്പാൻ
സാന്ധ്യതാരങ്ങൾക്കുപോലും തൻചേടിയാം
ശർവ്വരി നല്കീട്ടില്ലാജ്ഞയിപ്പോൾ.....

ലോഹിതചന്ദനകാന്തിമിളിതമാം
നീലോല്പലദ്യുതി നാലുപാടും
തിങ്ങിപ്പരക്കുന്നു; നീന്തുവതെങ്ങു ഞാ-
നിസ്സുഷമാബ്ധിയി, ലാദിമായേ?.....

## V പ്രഭാതം

ഹേമന്തപ്രത്യൂഷഗന്ധവാഹൻ ഭവാൻ,
പൂമണം വീശി, ദ്രുതഗതിയായ്,
പോകുവതെങ്ങുവാൻ? തെല്ലിട നില്ക്കണേ
നീ കനിഞ്ഞിച്ചെറുപൂന്തോട്ടത്തിൽ.
വിസ്തൃതമല്ലിതു, നേത്രോത്സവവുമ,-
ല്ലുത്തമപുഷ്പങ്ങളില്ലിതിങ്കൽ;
എന്നാലു,മിന്നു കാലത്തീ വഴിയ്ക്കവൾ
വന്നീടാമെന്നൊരു വാർത്ത കേട്ടേൻ.

ഈ മലർക്കാവിലെപ്പൂക്കളിലുത്തമ-
യീ മഞ്ജുവാസന്തിമാത്രമത്രേ!
എന്തു ഞാൻ ചെയ്യും? വിരിഞ്ഞിടുന്നില്ലിവ,-
ളന്തിക്കു റാണിയാൾ പോകുമല്ലോ!

ഒന്നു വിടർത്തുകിപ്പൂമൊട്ടു, പോവതിൻ
മുന്നേ, പ്രഭഞ്ജനനല്ലയോ നീ?
എന്തുമചെയ്യുന്നു മർമ്മരവ്യാജത്താ-
"ലെന്തിരുമേനിക്കു പൂശുവാനായ്
ചെമ്പനിനീരലർച്ചെപ്പിലെത്തുമണം
സംഭരിച്ചീടുവാൻ വൈകി"യെന്നോ?

ആശുഗൻ ദൂരെയായ്, കാൽനിമിഷത്തിലെ-
ന്നാശാലതയെ വലിച്ചു താഴ്ത്തി!

ഭദ്രദീപത്തിന്നു തെച്ചിപ്പൂമാത്രമു-
ണ്ടത്ര; പാദ്യത്തിനു, പുല്ക്കൊടിയിൽ
തൂങ്ങും തുഷാരബിന്ദുക്കളോ നല്കേണ്ട-
തിങ്ങു ഞാൻ, കണ്ണുനീർത്തുള്ളികളോ?

ദേവിതൻ പ്രാചീനഹർമ്മ്യകവാടങ്ങൾ-
പോവതെങ്ങോ ഞാൻ?—തുറന്നീടുന്നു.
വാസരശ്രീ മുന്നിലുദ്വഹിച്ചീടുന്ന
ഭാസുരമാം ദീപം കാണാകുന്നു.
വാനം മൃദുസ്മിതം തൂകുന്നു; ഹാ കഥം
ഞാനെതിരേല്ക്കുവതംബികയെ!

## VI നിശാപ്രണാമം

വാസന്തി ഗുൽമനീ* പൂത്തുനില്ക്കുന്നതായ്
വാസരാന്താംബരാഭിഖ്യ ചേരും
ലീലാനികുഞ്ജത്തിൽ, പ്രാചീസൈരന്ധ്രിതൻ
ബാലകൻ ശീതാംശു രമ്യരൂപൻ
വെൺകളി ചേർത്തു കർപ്പൂരംപോലാക്കിയ
ശാരദമേഘസിംഹാസനത്തിൽ
വാണരുളീടുന്ന നിൻപാദപീഠമായ്
ലാലസിക്കുന്നതിപ്പാരിടംതാൻ.

ഗൗരി, നിൻക്ഷേത്രങ്ങളുണ്ടനേകായിരം
ഗോരതലംതന്നിലെങ്ങും.
അമ്പലം തീർത്തതോ §ഗ്രാമതക്ഷാദിക-
ളംബികേ! കാരുതാൻ ബിംബകാരൻ!
ആ ബിംബപ്രസ്തരപാദതലങ്ങളി-

* ഗുൽമനി=പടർന്നുപിടിക്കുന്ന വള്ളി.
§ ഗ്രാമവാസികൾക്കധീനനായ തച്ചൻ.

ലാ ബന്ധുകാരമാം സിന്ദൂരത്തെ
എന്തിനർച്ചിപ്പൂ ഞാൻ? എങ്ങുമെവിടെയും,
നിൻ തൃക്കൈ നിർമ്മിച്ചു കാത്തുപോരും
ഈ വിശ്വക്ഷേത്രത്തിലല്ലയോ നില്പു നാം;
ദേവി, നീയെപ്പോൾ പിരിഞ്ഞിരിപ്പൂ!
നാവിളക്കുന്നതു നിൻസ്തുതിപാഠം താൻ
ഭൂവിൽ പ്രദക്ഷിണമേതു പോക്കും.
ഓരോ ഹൃൽസ്പന്ദനമെന്തു ചെയ്യുന്നു, നിൻ
ചാരുപാദങ്ങളിൽ മാത്രതോറും
*രക്തരസമൊഴിച്ചീടുകയല്ലാതെ
ഭക്തജനപ്രിയേ, ശൈവമായേ!

വെൽക നീ! രാകേന്ദുസുന്ദരാസ്യാംബുജേ,
വെൽക നീ! സർവ്വഗേ, സർവ്വരൂപേ!

## VII നിർഝരം

നിർഝരമൊന്നിതാ കാണ്മൂ ഞാൻ മുന്നിലായ്
നിർജ്ജരഗംഗാനിപാതംപോലെ.

വൻകരിമ്പാറച്ചുമലുകൾ, തന്നല-
ക്കൈകളാൽത്തൊട്ടു കീഴ്പോട്ടു ചാടി,
ആർത്തുപുളച്ചു കൈകൊട്ടിച്ചിരിച്ചണി-
മുത്തുകൾ വാരിയെറിഞ്ഞുകൊണ്ടും
ആരെയും നോക്കാതെ,യെങ്ങുമേ നില്ക്കാതെ,
നേരിട്ടു നില്പതു തട്ടി വീഴ്ത്തി,
കാൽച്ചിലമ്പൊച്ചയാൽത്തീരപ്രദേശത്തിൽ
മാറ്റൊലി ചേർത്തു കുതിച്ചീടുന്നു,
അച്ഛനാം സഹ്യാദ്രിതൻമടിത്തട്ടു വി-
ട്ടിച്ചപോലിക്കൊച്ചുപെൺകൊടിയാൾ!

ഈ വാരിപാതത്തിന്നുള്ളിലായ് മറ്റൊരു
പാവനാകാരം പരിലസിപ്പൂ!

ശ്രീലതാരുണ്യ†മാർദ്വീകലഹരിയാൽ
കാലടിവെപ്പിലിടർച്ചപൂണ്ടും
വെള്ളിക്കസവിട്ടു ശീകരക്ലിന്നമാം
വെൺപട്ടുസാരിയാൽ വേഷ്ടിതയായ്

---

*കുങ്കുമത്തിന്നു രക്തമെന്നു പേരുണ്ട്.

†മുന്തിരിച്ചാറുകൊണ്ടുണ്ടാക്കിയ മദ്യം

പുഞ്ചിരിത്തൂമുത്തൊളി വിതറീടുന്ന
ചെഞ്ചുണ്ടു തെല്ലു വികസിപ്പിച്ചും
കാഞ്ചനകാഞ്ചിയഴിഞ്ഞതറിയാതെ
മഞ്ജീരശിഞ്ജിതരഞ്ജിനിയായ്
കെട്ടഴിഞ്ഞുള്ള ധമ്മില്ലഭ്രംശങ്ങളാം
മുത്തുകൾ ദൂരെത്തെറിച്ചു വീണും
ഹാരിണിയായ് കുചകുഡ്മളഭാരത്താൽ
താന്തയായ് മന്ദമനോഹാരിണിയായ്
നൃത്തം മുതിർക്കും പ്രമദയാരാണിവൾ?
തൽകൃതലാസ്യരഹസ്യമെന്തോ?

## VIII തുഷാരബിന്ദു

ശ്രീലവിഭാതംതന്നാഗമവേളയിൽ
ബാലാർക്കപാദത്തിലർപ്പിപ്പാനായ്
നീലിമകോലും തൃണാഗ്രം വഹിക്കുന്നു
ചേലാർന്നു മിന്നുന്ന മഞ്ഞുതുള്ളി.

ഒന്നുകിൽത്തപ്തസൗവർണ്ണതുല്യാഭമായ്
മിന്നുമുഷസ്സുണർന്നീടും മുമ്പേ
ഊക്കാർന്നടിക്കുന്ന മാരുതൻ നിർദ്ദയ-
മിക്കൊച്ചുതുള്ളിയെത്തള്ളിവീഴ്ത്താം;
അല്ലെങ്കിൽ, പ്രത്യൂഷച്ചെങ്കതിരേറ്റുകൊ-
ണ്ടുല്ലസിച്ചത്ഭുതകാന്തി ചിന്തി,
ഈ ബിന്ദു സാർത്ഥമായ്ത്തീർന്ന തൻ ജീവിതം
നിർലയിപ്പിച്ചീടാമാകാശത്തിൽ.

ഇപ്പനന്തുമ്പിലെപ്പാഴ്മഷിത്തുള്ളിയു-
മിപ്പുൽക്കൊടിയിലെ നീർക്കണവും,
ഭിന്നവർണ്ണങ്ങളാണെങ്കിലും രണ്ടിന്നു-
മൊന്നുതാൻ ജീവിതാദർശമിപ്പോൾ.

ഉൽക്കണ്ഠാജന്യമാം മെയ്‌വിറ പേനയ്ക്കു-
മാത്തൃണത്തിന്നുമുണ്ടൊന്നുപോലെ.

അംബ, നിൻചാരുമന്ദസ്മിതം ചേരുകി-
ലിമ്മഷിത്തുള്ളിയും ധന്യമല്ലോ.
നിത്യമാകേണ്ടിതു; നിൻകൃപാദീപ്തിയി-
ലൊട്ടിട നീലാഭമായ് വിളങ്ങി
ഉത്തരമാത്രയിൽക്കാലാബ്ധിവീചിയാൽ
നിർദ്ധൗതമാകട്ടെ തല്ലേഖങ്ങൾ.

ത്വൽകൃപാരശ്മിയൊന്നേറ്റ,തിന്നപ്പുറം
നില്ക്കിലും പോകിലുമൊന്നുതന്നെ.

## IX മുഖച്ഛായ

എന്തൊരാനന്ദപീയൂഷക്കടലിലോ
ഹന്ത! ഞാൻ പൊങ്ങിക്കിടപ്പതിപ്പോൾ?

അന്തിത്തുടുപ്പു മറഞ്ഞുപോയംബര-
മിന്ദ്രനീലാഭമായേതിടത്തും,
തെങ്ങോലതൻ മൃദുമർമ്മരമല്ലാതെ-
യിങ്ങു കേൾപ്പീലാ ഞാൻ ശബ്ദമൊന്നും.
ഇന്നത്തെജ്ജീവിതയുദ്ധം നിലച്ചുപോ-
യിന്നിലം ശാന്തമായ്ത്തീർന്നു വീണ്ടും!
എന്തിനെന്നാരുമറിയാത്ത പോരിതിൽ
താന്തരായ്ത്തീർന്ന ഭടോത്തമന്മാർ
ഓരോരോ കൈനില പൂക്കിരുന്നീടുന്നു
സ്വൈരനിദ്രാസുഖലോലികളായ്

ഇന്നുഷസ്സിങ്കലെൻ മിത്രാനുഗാമിയായ്
മിന്നുന്ന ഖഡ്ഗവും കയ്യിലേന്തി,
ദൈനംദിനജീവിതായോധനത്തിനു
ഞാനുമൊരുങ്ങിനേൻ ബദ്ധകക്ഷൻ.

ഞങ്ങൾ പോം മാർഗ്ഗത്തിന്നൊട്ടടുത്തുണ്ടൊരു
നിർമ്മലനീലസരസ്സു നിഷ്പ്പു!
കാണുമാറുണ്ടു നാൾതോറുമതിങ്കൽ ഞാൻ
ചേണുറ്റ തെന്നോല്പലങ്ങളെങ്ങും.

എന്നാലുമിന്നാദ്യമാണു ഞാൻ കണ്ടതാ-
സ്സൗന്ദര്യലാലസദർപ്പണത്തിൽ
നിന്മുഖച്ഛായ,-ഹാ, ലോകൈകമോഹിനി,
മന്മാനസാബ്ജത്തിന്നർക്കരശ്മി.

എങ്ങിനെ പോകുന്നതക്കാഴ്ച കണ്ടുകൊ,-
ണ്ടെങ്ങിനെ നില്ക്കും ഞാൻ കർമ്മദാസൻ?

പോയി ഞാനെങ്കിലുമക്കോമളാനനം
മായാതെ നിന്നുപോയ് മാനസത്തിൽ;
മറ്റൊന്നു കാണുവാൻ സാധിച്ചതില്ലിന്നു,
ചുറ്റും നടക്കുന്ന കാര്യങ്ങളിൽ
ശ്രദ്ധ പതിഞ്ഞീല ചെറ്റു,മിജ്ജീവിത-
യുദ്ധമെനിയ്ക്കൊരു പേക്കിനാവായ്!

അർത്ഥം ഗ്രഹിയ്ക്കാതുള്ളീദ്ദിവാസ്വപ്നത്താൽ
വ്യർത്ഥമാക്കീടിനേനിദ്ദിനത്തെ.

എന്നിലും തൃപ്തനാണിയല്പ!നല്ലതി-
ലെങ്ങിനെ കിട്ടുമീ നിർവൃതിയെ?

ഈയാഹവത്തിൽജ്ജയേച്ഛയില്ലിങ്ങൊട്ടു-
മായത്തമാവേണ്ട ഫലങ്ങൾ:
ആജ്ജഗന്മോഹനരൂപം ഞാൻ കാണുകി-
ലാജ്ജയംതാൻ ജയ,മേതിടത്തും!

## X മാർഗ്ഗമദ്ധ്യം

"ഉദ്ദിഷ്ടകാര്യത്തെ വിസ്മരിച്ചീ മാർഗ്ഗ-
മദ്ധ്യത്തിലെന്തിന്നു നില്പതു നീ?
ദുർഗ്ഗപന്ഥാവിതു മേല്ക്കുമേലേറ്റവും
ദുർഗ്ഗമം നീണ്ടു കിടപ്പൂ മുന്നിൽ!
സാമ്പ്രതമന്തിച്ചുടലയിലുൾപ്പുക്കു
ചാമ്പലായ്പോകുമീ വാസരേശൻ.
കൂരിരുട്ടാണതിന്നപ്പുറ,മെങ്ങിനെ
നേരാം വഴിക്കു നീ ചെന്നുചേരും?
ഹന്ത, ദൂരത്തായി നിന്നനുഗാമിക,-
ളെന്തു നീ കൂട്ടം പിരിഞ്ഞു നിൽപ്പൂ?"

സസ്മിതമേകാകിയപ്പാന്ഥനോതിനാൻ:
"വിസ്മരിച്ചില്ലാ ഞാനുദ്ദേശ്യത്തെ!
ദുർഗ്ഗാലയത്തിലേയ്ക്കുള്ളപെരുവഴി
ദുർഗ്ഗമമെന്നു ഞാനോർത്തതല്ലീ?

ആലസ്യംകൊണ്ടല്ല നില്ക്കുവതിങ്ങു ഞാൻ,
കാലത്തിൻപോക്കറിയായ്കയല്ല.
ചാടിക്കുതിപ്പവനോടിത്തളരുമ്പോൾ
വാടിക്കിതയ്ക്കുമെന്നല്ലോ ന്യായം.
എന്തെന്തു ചൊൽവതു? വെന്തുപോം വൈകിടാ-
തന്തിച്ചുടലയിലർക്കനെന്നോ?
പശ്ചിമാകാശത്തിൽക്കാണുന്ന ശോണിമ
പട്ടടയ്ക്കുള്ളിലെച്ചെന്തീയല്ല;
കമ്രാംശു തൂകുന്ന ദീധിതിമാലിതൻ
രമ്യകരസ്പർശമേല്ക്കയാലേ
പശ്ചിമദിഗ്വധൂഗണ്ഡത്തിലൂറുന്ന

നൽച്ചുകപ്പാണതു ധന്യധന്യം.
നാളെയുമെത്തുമീ വാസരാധീശ്വരൻ,
നാളെയും കാണുമിദ്ദിവ്യദീപ്തി.

"അപ്പുറം രാവാകിലെന്തതുമംബതൻ
സൽകൃപാതേജഃപ്രസരപൂർണ്ണം!
അക്ഷയജ്യോതിർമ്മയങ്ങളാഗ്ഗോളങ്ങ-
ളക്ഷിയ്ക്കു കർപ്പൂരകാന്തിപൂരം,
അന്തരീക്ഷത്തിൽത്തിളങ്ങവേ, നിർണ്ണയ-
മന്തകൻപോലുമെൻ ബന്ധുവത്രേ!

"അല്ല മേഘാവിലമാകട്ടെയാകാശ-
മില്ലതിൽബ്ഭീതിയെനിക്കു തെല്ലും
മേഘത്തിൻ സ്ഥൈര്യം വൻകാറ്റടിപ്പോളമെ
ന്നൂഹിച്ചീടുന്നു ഞാ;നല്ലെങ്കിലും
തജ്ജന്യമല്ലയോ വൈദ്യുതവിഭ്രമം,
പർജ്ജന്യദേവൻതൻ വാളിളക്കം?
ആയതുതാൻ തമോഭേദകമാകുന്ന-
തായതുതാനെന്റെ മാർഗ്ഗദീപം!

അത്തിരശ്ശീലതന്നപ്പുറം മിന്നുന്ന
നിത്യദീപങ്ങളുണ്ടെന്ന ബോധം
നിർല്ലീനമെൻ ജീവരക്തത്തി,ലായതു
മുല്ലമൊട്ടാക്കുന്നു മുള്ളിനെയും."

## XI ജീർണ്ണക്ഷേത്രം

ഏതു നിമിഷത്തി,ലേതോ ചിച്ഛക്തിയാൽ
നീതയാ,യിജ്ജീർണ്ണക്ഷേത്രത്തിങ്കൽ
കാലൂന്നിവെച്ചുവോ ഞാ,നാ നിമിഷത്തിൽ,
കാലം നിഷ്പന്ദമായ് നിന്നുപോയി-

സാന്ധ്യമന്ദാനിലനീ വഴിപോകവേ,
താന്തങ്ങളായേറ്റം വാടിനില്ക്കും
പുല്ലുകൾ തെല്ലൊന്നിളകുന്നു; മാമരം
ചൊല്ലുവതുണ്ടെന്തോ മർമ്മരത്താൽ.
ശുഷ്കപത്രങ്ങളിടയ്ക്കിടെ വീഴ്വതു-
ണ്ടി-ങ്ങിവയെന്നിയേ നാലുപാടും
ഏതുമനങ്ങുന്നീലൊന്നുമേ കേൾക്കുന്നീ-
ലീ നിലം മാനുഷഗന്ധശൂന്യം!-

ഏതൊരു ലോകത്തി,ലേതൊരു നൂറ്റാണ്ടിൽ
ഹാ! തനിച്ചിന്നു തെറിച്ചുപോയ് ഞാൻ?

ഏതു പൗരാണികകാലത്തി,ലാരുടെ
പൂതമാം കേതിതൻ സ്മാരകമായ്,
ഇന്നും നിലനിന്നുപോരുന്നതിക്ഷേത്ര-
മെന്നും ഗ്രഹിപ്പാനെളുതല്ലൊട്ടും.
പാപമദ്ധ്യത്തിലും മിന്നുന്ന പൂർവ്വിക-
പാവനാദർശങ്ങളെന്നപോലെ,
കാലാബ്ധിതൻ തിരമാലകൾ മൂടാത്ത
ഹൈന്ദവധർമ്മതത്ത്വങ്ങൾപോലെ

നാലമ്പലത്തിന്റെ മേൽപ്പാവു താങ്ങുന്ന
കാലം കറുപ്പിച്ച കൽത്തൂണുകൾ
യോഗക്രമധ്യാനനിഷ്ഠരാം നിശ്ചല-
യോഗികളെന്നപോൽ നിന്നിടുന്നു.
ചുറ്റും ചുമരുകൾ വീണു കിടക്കുന്നു;
പറ്റിപ്പടരുന്നു കാട്ടുവള്ളി.
ഓരോ പിളർപ്പിലുമോരോ വിടവിലു-
മോരോ ചെറുചെടി പൊങ്ങി നിൽപ്പൂ:
കീഴിലും മേലെയും നാലുപുറത്തുമി-
പ്പാഴുറ്റ കാടൊന്നേ കാണ്മതുള്ളൂ.

എങ്കിലുമാ നിർവ്വികല്പസമാധിസ്ഥർ-
ക്കൊട്ടുമേ ചാഞ്ചല്യമില്ലതെല്ലും.

പഞ്ചേന്ദ്രിയങ്ങളെ നിഗ്രഹി,ച്ചഞ്ചാതെ
പഞ്ചാഗ്നിമദ്ധ്യസംസ്ഥാപിതനായ്
തത്ത്വമുദ്രാലംകൃതാമലപാണിയായ്
സിദ്ധാസനോപരി സംസ്ഥിതനായ്
ജാലന്ധരാൽകൃഷ്ടബന്ധത്താൽ പ്രാണനെ
ശ്രീലസുഷുമ്നയിൽത്തന്നെ നിർത്തി,
സന്തതം ശിഷ്യരാൽ സംവൃതനായേറ്റം
വൻതപം ചെയ്യും തപസ്വിപോലെ
ഇത്തൂണുകൾക്കു നടുവിലായ് ശ്രീകോവി-
ലത്രേ നില്പുണ്ടഹോ, ശാന്തിപൂർണ്ണം!

പൂജകന്മാർ വെക്കും ഭദ്രദീപങ്ങളാൽ
മാജിക്കുകില്ലീ മഹാന്ധകാരം;

പുഷ്പാർച്ചനയാൽ സുഗന്ധിയായ്ത്തീരുകി-
ല്ലിസ്ഥലമാരുതനേതുനാളും;
ഭക്തസ്തുതികളാൽ മാറ്റൊലിക്കൊള്ളുകി-
ല്ലിന്നഭോമണ്ഡലമിന്നിമേലിൽ....
ഇന്നിലതിന്നില്ല മാറ്റ,മിതംബ! നിൻ
സാന്നിദ്ധ്യപൂർണ്ണമെൻ കണ്ണിലെന്നും.

ഈ *സ്വസ്തികത്തിലെശ്ശക്തിതൻ ദീപ്തിയാൽ
ഭാസുരമിക്കൊടുംകാടുപോലും
ഹാ ജഗദംബികേ, പാഴ്ത്തൃണാഗ്രത്തിലു-
മാ ജീവതേജസ്സു ലീനമല്ലീ?

## XII മണിവീണ

വാണി, നിൻ തൂമണിവീണപോലല്ലോ ഞാൻ
കാണുവതീ മഹാബ്രഹ്മാണ്ഡത്തെ.

അന്യോന്യബന്ധമില്ലാത്തപോലങ്ങിങ്ങായ്
മിന്നുമിപ്പൊൽത്താരകങ്ങളെല്ലാം
ഓരോന്നുമോരോരോ സൂര്യനെന്നല്ലയോ
നേരറിഞ്ഞുള്ളോർ പറഞ്ഞു കേൾപ്പൂ.
ഓരോന്നുമോരോരു സൂര്യൻ; ഗ്രഹങ്ങളാ-
ലോരോന്നും സംവൃതം; ദീപ്തദീപ്തം;
നാലു യുഗങ്ങളുമായവതൻ ജീവ-
കാലത്തിൽക്കാൽക്ഷണംപോലുമില്ല;
തങ്ങളിലുള്ളൊരു ദൂരത്തെച്ചിന്തിച്ചാ-
ലംഗുലലേശാംശം കാതലക്ഷം.

ഊഹിപ്പാൻപോലുമാളല്ല ഞാ,നാദ്യന്ത-
ഹീനഗഗനപരിമാണങ്ങൾ!.......

എങ്കിലുമാ നീലനീരാളത്തിങ്കലെ-
ത്തങ്കപ്പൂമ്പുള്ളികളാഗ്ഗോളങ്ങൾ
കർണ്ണാതീതക്വാണം തൂകംനിൻ വല്ലകീ-
സ്വർണ്ണ*നിബന്ധനം തന്നിലെങ്ങും,
തിങ്ങിനില്ക്കുന്ന പൊന്നാണികൾമാത്രമാ-
യെങ്ങൾക്കു തോന്നുന്നു തമ്പുരാട്ടി!

---

*സ്വസ്തികം = ദേവാലയം

*നിബന്ധനം=വീണയുടെ കമ്പികൾ മുറുക്കിക്കെട്ടുന്ന പ്രദേശം

അല്ലെങ്കിൽ നിൻദിവ്യഗാനകല്ലോലത്തി-
ലുല്ലസിക്കുന്ന നീർപ്പോളകളോ?
ശാശ്വതഭ്രാന്ത്യാ നാം കാണുമീ ലോകങ്ങൾ
നശ്വരത്വത്തിന്റെ പര്യായങ്ങൾ.

അക്ഷിലക്ഷ്യങ്ങളല്ലാ മഞ്ജുവീണതൻ
തന്ത്രികളാഗ്ഗാനം ശ്രാവ്യമല്ല.

# ആ രാത്രി

(അന്നനട)

കരാളരാവിങ്ങു കലിക്കൊപ്പമെത്തി-
ധരാതലത്തിനെക്കറുപ്പിക്കുമല്ലോ-
ളുതോർക്കയാലത്ര ഭയാർത്തരായ് ഞങ്ങ-
ളിവിടെ മേളിച്ചതിരുട്ടാകും മുമ്പേ:
ഉലകിടത്തിനെയിരുൾക്കുഴിയിൽനി-
ന്നുയർത്തുവാൻ നിന്നോടപേക്ഷിപ്പാനല്ലോ,
ജഗജ്ജനനി, ഹാ, പ്രതപ്തചിത്തരാ-
യുറക്കുംതൊടാതെയിരിപ്പതീ ഞങ്ങൾ.

പടിഞ്ഞാറേ വാനിൽപ്പടുത്ത തങ്കത്തിൻ
തകിടുകളെല്ലാം കതിരവൻ പോകെ,
ചിരമണെ കാരീയപ്പലകകളായി;
വരേണ്യനാമർക്കൻ മറഞ്ഞു വാർദ്ധിയിൽ.

ധവളഫേനത്താൽച്ചിരിച്ചു വാരിധി;-
യിളംകുളിർത്തെന്നലിളകി മെല്ലവേ.
ഭയം ഭ്രമിപ്പിച്ച നയനങ്ങളുടൻ
വിയത്തിലേക്കോടീ-മനുഷ്യചാപല്യം!
അവിടെ—യെങ്ങിനെ കഥിക്കുമക്കഥ?
നമോസ്തു ദേവി, തേ, മഹായോപഹേ!
ഒരു സൂരൻ പോയി മറയുമ്പോഴേക്കു-
മൊരായിരമല്ലോ വരുന്നു സൂരന്മാർ:
നിരന്തമാകുമീ മഹാഗൃഹത്തിലെ-
ച്ചിരന്തനമണിസുവർണ്ണദീപങ്ങൾ;
വിയൽക്കടാഹത്തിൽത്തനിച്ചല്ലോ നമ്മൾ
തിരിയുവതെന്നു പറയും ഗോളങ്ങൾ;
മരണകാകോളം സുധയായ് മാറ്റുന്ന
ജനനിതൻ ദയാദ്രവത്തിൻ തുള്ളികൾ;
അഴകൊഴുകുന്ന ഗഗനമേലാപ്പിൽ
മുഴുക്കെക്കാണാകും കനകപ്പുള്ളികൾ;
പ്രകൃതിയെപ്പരം പരമാത്മാവിനോ-
ടിണക്കും ചങ്ങലയ്ക്കെഴും പൊൻകണ്ണികൾ;
തടയാതെങ്ങുമേ കുതിച്ചിടും കാല-
നദിയിലെ മനോഹരനീർപ്പോളകൾ;
നഭോജലധിതന്നടിത്തട്ടിൽ മിന്നും
പ്രഭകലരുന്ന മനോജ്ഞരത്നങ്ങൾ;

മഴപൊഴിച്ചുഴി ഫലാഢ്യമാക്കുന്ന
സുരാധിനാഥന്റെ സഹസ്രനേത്രങ്ങൾ;
പടർന്നുപൊങ്ങിയ വസന്തരാവായ
നറുംപിച്ചകത്തിൻ നിറംകൂടും പൂക്കൾ...
കവിക്കെഴും കണ്ണും കരളുമില്ലാതെ
കഥിപ്പൂ ഹാ, കഥമവതൻ വൈചിത്ര്യം?

(1929)

# തിലോദകം

I

കദനാബ്ധിയിലസ്തചേഷ്ടരായ്
കരളന്നേ കയമാർന്നിരിക്കിലും,
നിലയറ്റു വിലാപവീചിയിൽ-
ത്തലതല്ലുന്നു വിചാരമിപ്പൊഴും.

അരികിൽ, പ്രണയാനുബദ്ധരാ-
യനുകമ്പാമൃതപൂർണ്ണനേത്രരായ്,
കനിവാർന്നു കരങ്ങൾ നീട്ടുമെൻ-
പ്രിയബന്ധുക്കളൊടെന്തു ചൊൽവു ഞാൻ?

വിരമിക്കുവിനെൻ വയസ്യരേ!
തിരിയെപ്പോകുവിനെൻ സഖാക്കളേ!
കരുതേണ്ടിഹ ജീവിതായുധ-
ക്കളരിക്കുള്ളിലിവൻ കടക്കുവാൻ.

ഹതഭാഗ്യതയാലനാശ്രയ-
സ്ഥിതിയിൽസ്സംസൃതി ദുസ്സഹം തുലോം:
ചിറകറ്റ വിഹംഗമം ഭയാ-
വഹമായ്ക്കാണ്മു നഭസ്ഥലീപഥം.

കളയേണമടക്കർളത്തിലും
ക്ഷതിയാർന്നുള്ള വിനഷ്ടചേഷ്ടനെ:
അതിദുഃശ്രവമർത്ഥശൂന്യമാം
പദമെന്തിന്നു സുകാവ്യവേദിയിൽ?

നവ സൗഖ്യപിപാസ തീണ്ടുകി-
ല്ലഴലാമാഴിയിലാണ്ട മർത്ത്യനെ:
പുതുനാദതരംഗമങ്കുരി-
ച്ചിടുമോ ഹന്ത തകർന്ന വീണയിൽ?

II

'ശരിയല്ലിതു, നീതിയല്ലിതെ'-
ന്നുയരെപ്പോകുമുഡുക്കളോടു ഞാൻ
പലവട്ടമുരച്ചു ദീനനായ്;
ഫലമെ,ന്തുത്തരമോതിയില്ലവർ

'അരുതെ'ന്നു വിനീതനായ്, ഭയാ-
കുലനായ്, ബാഷ്പകഷായനേത്രനായ്,

ഇരുകയ്യുകളാൽ തടുത്തു ഞാൻ:
വിധിതൻ പോക്കു നരൻ മുടക്കുമോ?

ഒരുമട്ടു തപിച്ച കണ്ണുനീ-
രലിയിക്കാം ശിലയും ക്രമത്തിനാൽ;
അതു, കർമ്മവിപാകമാം മഹാ-
മരുവിൽ സ്വാത്മഹതിക്കു വിഴ്കയാം.

'നിലവിട്ടൊരു പേക്കിനാവിലാ-
ണിഹ ഞാ,നിപ്പൊഴുണർന്നിടാ'മിതും
കപടാശ്വസിതൻ നിനച്ചു ഞാൻ,
വെളിവായ് മൂങ്ങ ഹസിച്ചുവെങ്കിലും.

അഥവാ, ദൃഢമാദ്യനിദ്രയിൽ-
പ്പെടുമിക്കാഴ്ച കിനാവുതന്നെയാം;
അതിൽനിന്നുണരാം നരന്നു തൻ-
മിഴി മങ്ങീടവെയന്ത്യനിദ്രയിൽ.

ശരി;യന്നുവരെക്കുമിദ്ധ്രുവം
പരിപാലിച്ചു നടന്നിടേണ്ടയോ?
അയി-നിഷ്ഠുരദൈവമേ, ഭവാൻ
വിഷമാക്കി മധുരാത്മഹത്യയെ !

ലഘുവാം ശ്രമമൊന്നുകൊണ്ടുതാൻ
മുറിയാം ജീവിതതന്തുവെങ്കിലും,
ഉയരാൻ പണിയെന്നു വന്നിടാ,-
മഴിയാ മാനുഷകർമ്മശൃംഖല.

'അതിനിർദ്ദയനല്ല ദൈവ'മെ-
ന്നൊടുവാകുംവരെയോർത്തു വിഡ്ഢി ഞാൻ
മനുജന്റെ സുഖാസുഖങ്ങളാ-
പ്പരമാത്മാവറിയുന്നതെങ്ങിനെ?

പരപൂരുഷ! മർത്ത്യജന്മമാർ-
ന്നവതാരം ഭുവി ചെയ്തവൻ ഭവാൻ
പ്രിയ, പൂവിതളൊത്തു, മണ്ണിലായ്
മറയും കാഴ്ച സഹിച്ചതല്ലി നീ?

അരശെന്തിനു? ഞാൻ വഴങ്ങിടാം;
കരുവെല്ലാമവിടെയ്ക്കു നല്കിടാം:
കളിയല്ലിതു പാർത്ഥസാരഥേ,
കപടച്ചൂതു നിനക്കു ചേർന്നതോ?

ഒരു മൊട്ടു കൊഴിഞ്ഞുപോയതാ-
റിവു വിസ്തൃതവിശ്വവാടിയിൽ?
ഒരു ദൈവഹതന്നുമാത്രമീ-
യുലകൊട്ടുക്കു വെറും ശ്മശാനമായ്!

മൃതി തീണ്ടി വിളർത്ത ചെന്തളിർ-
ച്ചൊടിയിൽപ്പുഞ്ചിരിയൊന്നു മങ്ങവേ
ഒരു മർത്ത്യനു, ഹന്ത ഭാസ്കര-
ദ്യുതിയും വെണ്മ വെടിഞ്ഞപോലെയായ്.

ഒരു മാത്രയലംകരിച്ചു നീ
പുരുദുഃഖാവിലമെന്റെ ജീവിതം,
ക്ഷണികാർദ്ധവിനഷ്ടയാം തടി-
ല്ലതപോൽ ദുർഭഗമേഘമാലയെ.

അനുരാഗിണിയന്നു തന്നതാം
പനിനീർപ്പൂവിനു വാട്ടമേല്ക്കിലും,
അതിലല്പസുഗന്ധമിന്നുമു,-
ണ്ടതിനിസ്സാരമഹോ ശരീരിത!

അറിവാനരുതീശ്വരന്റെ വൻ-
മറിമായം: ശരി; പിൻവലിച്ചു ഞാൻ
നിജനാടകരംഗഭൂവിലെൻ
പടുവേഷത്തെയൊഴിച്ചുകൂടയോ?

നരജീവിതവഞ്ചി കണ്ണുനീർ-
പ്പുഴയിൽത്തന്നെയൊഴുക്കിടേണമോ?
കരൾ ഞെക്കിയെടുത്തു വേണമോ
യമപാദത്തിനു പാദ്യമേകുവാൻ?

## IV

നെറികെട്ടൊരു കാളരാത്രിതൻ
വരവിൽപ്പെട്ടുകഴിഞ്ഞ സന്ധ്യപോൽ
തെളിവറ്റു, വിറങ്ങലിച്ചു, പേ-
മഴയിൽത്തന്നെ പുലർന്നു ദുർദ്ദിനം.

പകലിൻ വരവല്ലിതത്രയു-
ണ്ടിരുളൂഴിയ്ക്കകമേതിടത്തിലും;
ദിവി താരകങ്ങളെങ്ങു? രാത്രിയ-
ല്ലിതു: ദുസ്സ്വപ്നകരാളഗർഭമാം.

ഒളിമങ്ങിയ കർമ്മസാക്ഷിയെ-
പ്പുതുകൊണ്ടൽത്തുണി ചേർത്ത മഞ്ചലിൽ
ചതിചെയ്തു കിടത്തിയെങ്ങു നീ
നടകൊള്ളുന്നതു കാലദേവതേ?

ഒരു കർക്കടകപ്പിശാചുണർ-
ർന്നലറി,പ്പാതിരയിങ്ക,ലിന്നലെ
കൃപ വിട്ടു പറിച്ചു താഴ്ത്തിപോ-
ലൊരു മാവിൽത്തലചായ്ച്ച വള്ളിയെ.

തവ ശാഖകൾ നീട്ടി വാനിലെ-
ക്കയി ദൈവത്തൊടിരന്നിടേണ്ട നീ;
മതിയാക്കുക ചൂതമേ, നമു-
ക്കിനി മോക്ഷം ചുടലപ്പറമ്പിലാം!

അഥവാ മമ ബന്ധുവല്ല നീ:
ഒരു മാവിൻ വിറകല്ലയോ ക്ഷണാൽ
കനിവറ്റ ചിതാഗ്നിയിങ്കലെൻ-
പ്രിയതൻ പൊന്നുട—ലോർക്കവയ്യ മേ.

മമ മാനസവും പൊരി,ഞ്ഞതേ
ചിതയിൽത്തന്നെ കിടന്നു കത്തവേ
അരുതെന്നു വിലക്കിയില്ലയോ
കരയും കാർനിര കണ്ണുനീരിനാൽ?

കനകത്തെയുരുക്കിയൂതിയാ-
ലതു തങ്കത്തകിടായി വന്നിടാം;
തളിർമേനിയിതിന്നു, ഹന്ത, പൊൻ-
നിറമാ-ണെന്തിവർ ചെയ്വു കശ്മലർ?

V

കവിതേ, കദനാമയത്തിലും
ശുഭ നീ സ്വാഗത,മസ്മദംബികേ!
തവ ദാസരിലന്ത്യനാമിവൻ
വിധി വഞ്ചിച്ച മഹാദരിദ്രനാം.

തിരുമേനിയിലദ്ധ്വഖേദജം
വെളിവായ്ക്കാണ്മു വിയർപ്പുതുള്ളികൾ
ഒരു രാഗി വിടും നിരാശതൻ
നെടുവീർപ്പിൽത്തനു വാടുകില്ലയോ?

തവ ചേവടിയിങ്കലർച്ചന-
യ്ക്കടിയൻ നേടിയ പൂക്കൾകൂടിയും
ചെലവായ്ക്കഴിയുന്നിതംബികേ,
മൃതിമൂർത്തിക്കു സപര്യ നല്കുവാൻ.

പുതുപിച്ചകസൂനമെന്നപോൽ
മൃദുവാം കാൽത്തളിരിൽത്തളിക്കുവാൻ
ഇനിയുള്ളതെനിക്കു ഹാ, തിലോ-
ദകമത്രേ: മൃതഭാര്യനല്ലി ഞാൻ?

നറുമുത്തൊളി വീശിയെന്മനം
വികസിപ്പിച്ച മനോജ്ഞസുസ്മിതം
മരവിച്ചു ദഹിച്ചു പോയി; മ-
റ്റൊരു ദീപം നഹി മേ ദയാലയേ!

അയി, വിശ്വവിധാത്രി, യത്ഭുതാ-
വഹമാം നിൻമുകുരത്തിലല്ലയോ
തെളിയിച്ചു നിരങ്കമാം പ്രിയാ-
മുഖചന്ദ്രന്റെ ശരിപ്പകർപ്പു ഞാൻ?

അതിതാ മറയുന്നു, രാത്രിതൻ
മറയിൽപ്പഞ്ചമിനാളിലിന്ദുപോൽ,
സ്മൃതിബിംബിതകാന്തിയായ് തമോ-
മയമാം കാലകരാളസിന്ധുവിൽ.

ഇണയൊത്തു വസിപ്പതിന്നിട-
യ്ക്കൊളിയമ്പേറ്റു പതത്രി വീഴവേ,
സ്വയമാദികവിക്കുയർന്നതാം
ചുടുകണ്ണീരു തുടച്ച കൈകളാൽ,

വിധി, വൻചതിയാൽപ്പിളർന്നൊരെൻ
കരളങ്ങുന്നു തലോടുകില്ലയോ?
ദയതൻ ജനയിത്രിയല്ലി നീ?
കവിതേ, ഹാ! ദയനീയനല്ലി ഞാൻ? (യുഗ്മകം)

• • •

ഹിമശുഭ്രകുചോത്തരീയമാർ-
ന്നിരുകൈ കൂട്ടിയെടുത്ത പൂവുമായ്
രവിതൻ കനകാലയ*ത്തിലേ-
യ്ക്കിത കാലം പകരുന്നു മന്ദമായ്.

---

* ചിങ്ങം രാശിയ്ക്കു സ്വർണ്ണവർണ്ണമാണ് കല്പിക്കപ്പെട്ടിരിയ്ക്കുന്നത്.

കനിവേറിയ ചിങ്ങമേ!യകാ-
ലികവാസന്തസുഗന്ധവാഹിയാം
തവ നിശ്വസിതം കെടുക്കുമോ
വ്യഥയെന്നിൽച്ചൊരിയുന്ന തീക്കനൽ?

## VIII

പനിനീരലരേ, പറഞ്ഞുവോ
വിവരം നിന്നൊടു സാന്ധ്യമാരുതൻ?
തവ സത്സഖി നമ്മെ വിട്ടുപോയ്:
ഭുവനം പാഴ്വനമിന്നപാവനം.

തെളിവാർന്നൊരു നിന്റെ കൂട്ടരാ-
ണലിവേറും സുചരിത്രയെ ക്രമാൽ
മമ രാഗവിശുദ്ധദൗത്യമ-
ന്നറിയിച്ചുള്ളവരാർദ്രചിത്തരായ്.

ഹിമബാഷ്പകണം പൊഴിച്ചു നീ
തലതാഴ്ത്തുന്നതു കാണ്മതുണ്ടു ഞാൻ;
കരയായ്ക ശുഭേ! തവാശ്രുവാൽ
വിധിതന്നായസഹൃത്തലിഞ്ഞിടാ.

## IX

ഒരു പിഞ്ചുകിടാവിനേയുമെൻ
മടിയിൽത്തന്നെ കിടത്തി,യേകയായ്
ദയവിട്ടു മറഞ്ഞതെങ്ങു നീ?
ദയിതേ! ചെറ്റു പിഴച്ചതെന്തു ഞാൻ?

എവിടേയ്ക്കു കുതിച്ചിടുന്നു നീ
മനമേ! നില്ക്കു,കിതെന്തു സാഹസം!
വിഷതുല്യവിഷാദചിന്തയാർ-
ന്നിനി നീ തീണ്ടരുതെൻകുമാരനെ.

(അപൂർണ്ണം)

*(കവനകൗമുദി, പുസ്തകം 25, ലക്കം 12. 1106 കന്നി, 1930)*

ഭാഗം രണ്ട്

# ഹാസ്യകവിതകൾ

# ഓണപ്പുടവ

പി. എസ്സ്—(അമരത്ത്)

വീട്ടുകാരെ, കൂട്ടുകാരെ, നാട്ടുകാരെ, നിങ്ങൾക്കെല്ലാം,
പുഷ്ടി ചേർന്നു, തുഷ്ടി നല്കുമോണം നേരുന്നേൻ!
പല്ലവി: ('പത്രിക'യാഫീസു മുഴുവൻ)
—ഓണം നേരുന്നേൻ

നിനവേറും വിദ്വാൻമാരേ, പുകളേറും മാന്യൻമാരേ,
മനക്കാമ്പിലലിവേറും നതാംഗിമാരേ,
—നതാംഗിമാരേ

യുവജനങ്ങളേ, സാക്ഷാൽ സ്വതന്ത്രചിന്തകൻമാരേ,
നവയുഗം പൊക്കിക്കാട്ടും ദീർഘകായരേ,
—ദീർഘകായരേ

കവിതയെച്ചളിക്കുണ്ടിലിറക്കിടും 'ദേവു'കളേ,
വിവിധ വിപ്ലവങ്ങളിൽ പ്ലവംഗൻമാരേ,
—പ്ലവംഗൻമാരേ

രാവണനെ വെള്ള വീശാൻ, കക്കമൊന്തിക്കൈ പൊള്ളിച്ച
രാവണായനോദ്യുക്തരേ, രാമദ്വേഷ്യരേ,
—രാമദ്വേഷ്യരേ

അഴുക്കുചാൽപ്പദ്ധതിയെ മുടക്കുവാൻ കച്ചകെട്ടി
വഴക്കിനു വട്ടംകൂട്ടും മാന്യപൗരരേ!
—മാന്യപൗരരേ

ഗവർമ്മേണ്ടുദ്യോഗസ്ഥരേ, ഷഡംഗമാം സലാംകാരേ,
ഗവർമ്മേണ്ടേ, ഗവർമ്മേണ്ടിൻ മീതെയുള്ളോരേ!
—മീതെയുള്ളോരേ

മാബലിത്തമ്പുരാൻ വാണ നാടുപോലെ നാടാക്കിയ
ബോംബിലിപ്പൊൻതമ്പുരാനെ, മന്ത്രിസത്തമ,
—മന്ത്രിസത്തമ

നിറമഹാകവികളേ, തനിമുക്കാൽക്കവികളേ,
വെറുമരക്കവികളേ, ചിലഖാനങ്ങളേ,
—ചിലഖാനങ്ങളേ

കമ്മീഷണർമാരേനിത്യം 'ചേരി'ങ്കൽത്താൻ വസിപ്പോരേ,
സമ്മാന്യരാം ബോർഡുകാരേ, എമ്മെൽസിമാരേ,
—എമ്മെൽസിമാരേ

സഞ്ജയന്നു സഖാക്കളാമോമൽത്തങ്കക്കുടങ്ങളേ
മഞ്ജുകിടാങ്ങളേ,യുള്ളിൽക്കറയറ്റോരേ,
—കറയറ്റോരേ!

വരുവിനെല്ലാവരുമായാറ്റുവള്ളം കളിപ്പാനായ്:
വരൂ, കിടാങ്ങളേ, പടുവികൃതികളേ!
— വികൃതികളേ,

• • •

(പല്ലവിയില്ല)

പൊൻപുള്ളികൾ മുക്കുറ്റിപ്പൂ ചേർക്കും പച്ചപ്പട്ടുടുത്തും,
തുമ്പപ്പൂപ്പുഞ്ചിരികൊണ്ടു കൺമയക്കിയും,
മഞ്ഞുതുള്ളി ചിതറുന്ന മാക്കുന്തലൊട്ടൊതുക്കിയും,
മഞ്ജുപനിനീർക്കവിളിൽത്തെളിവുപൂണ്ടും,
പച്ചക്കിളിക്കാൽച്ചിലമ്പു ചലിപ്പിച്ചും, ചലിപ്പിച്ചും,
മെച്ചപ്പെട്ട പികസ്വരമാർന്നു പാടിയും,
പളുങ്കൊളിനീർ നിറഞ്ഞ പെരുതോട്ടിൻ തീരങ്ങളി-
ലൊളിച്ചേറ്റം കള്ളച്ചിരിയുതിർത്തുകൊണ്ടും,
പ്രത്യൂഷസ്സിൻ തനിത്തങ്കത്തേരിൽനിന്നുമിറങ്ങിയ
പ്രത്യക്ഷസൗന്ദര്യമാകുമിപ്പെൺതയ്യലാൾ,
അവളല്ലോ, നമുക്കിന്നു, കളിത്തോഴി കൂട്ടുകാരേ,
അവളല്ലോ, കേരളത്തെ സ്വർഗ്ഗമാക്കുന്നു!
അവൾതൻ ചെംപദത്തണ്ടാർ പതിഞ്ഞതുകാണ്മീലയോ,
ഭവനാങ്കണങ്ങളിൽ,പ്പൂക്കളങ്ങളായി?
വരുവിനിന്നൊരു ദിനം മറന്നിടാമഖിലവും!
വരുവി, നീ വഞ്ചിയിങ്കലിടമുണ്ടല്ലോ!

• •

(വീണ്ടും പല്ലവി)

നാട്ടിലുള്ള ചെയ്തികൾ ഞാൻ പറഞ്ഞിടാം ചിലതെല്ലാം
ബോട്ടിലുള്ള നിങ്ങൾക്കൊരു നേരംപോക്കിന്നായ്,
—നേരംപോക്കിന്നായ്!

ദുസ്സാമർത്ഥ്യക്കോമരമാം മുസ്സോളിനിത്തമ്പുരാൻതൻ
നിസ്സീമമാം ദുരാഗ്രഹം കണ്ടില്ലേ നിങ്ങൾ,
—കണ്ടില്ലേ നിങ്ങൾ?

അബിസീനിയക്കാർക്കൊട്ടും പരിഷ്ക്കാരമില്ലപോലു-
മതു പരിഹരിക്കുന്നതിറ്റലിപോലും,
—ഇറ്റലിപോലും!

പറയരുതിതിന്നാരുമെതിർവാക്കു: പറഞ്ഞെന്നാൽ,
പറഞ്ഞവൻ ലോകയുദ്ധം ക്ഷണിയ്ക്കുംപോലും,
—ക്ഷണിയ്ക്കുംപോലും!

ഇതിന്മട്ടോരധികാരപ്രമത്തമാം പ്രസംഗത്തെ-
യിതിന്മുമ്പു നിങ്ങളാരാൻ കേട്ടവരാണോ?
—കേട്ടവരാണോ?

അയൽവീട്ടുകാരെപ്പരിഷ്കരിയ്ക്കണ, മതിന്നായി-
ട്ടവരുടെയവകാശം കീഴടക്കണം,
—കീഴടക്കണം!

ഇതേ ന്യായം നമ്മളെങ്ങാനിവിടുന്നു പറഞ്ഞെന്നാ-
ലതേ വഴിയ്ക്കന്നു വായിൻപ്പല്ലൊന്നുണ്ടാമോ,
—പല്ലൊന്നുണ്ടാമോ!

(ആഞ്ഞു തണ്ടു വലിയ്ക്കുവിൻ!) യൂറോപ്യൻ രാഷ്ട്രങ്ങളുടെ
തേഞ്ഞു മാഞ്ഞു ധർമ്മബോധമസ്തമിച്ചുപോയ്,
—അസ്തമിച്ചുപോയ്!

ആഞ്ഞു തണ്ടു വലിയ്ക്കുവിൻ! മറക്കുവിനിറ്റലിയെ!
ആഞ്ഞു തണ്ടു വലിയ്ക്കുവിൻ, നാളിന്നോണംതാൻ!
-നാളിന്നോണം താൻ!

*(ഹാസ്യാഞ്ജലി, പുറം 2, കേരളപത്രിക 1935)*

# *"കോ. മു" വിലാപം

കമിഷണരുടെ, കാരുണ്യശീലന്റെ
കമനീയാംഗന്റെ കാമസമാനന്റെ
രണ്ടറിപ്പോർട്ടു കേട്ടു വിഷാദിച്ചു
മുനിസിപ്പാലിറ്റി, ബോബിലീ പാഹി മാം.

വിഴുകി വാഴുന്ന ദുഃഖങ്ങളോർക്കയാ-
ലൊഴുകി വീഴുന്ന നേത്രജലങ്ങളിൽ
മുഴുകി വന്നവൾ ബോബിലീരാജനെ-
ത്തൊഴുതു ചൊല്ലിനാൾ, ബോബിലി പാഹി മാം.

തിരുമനസ്സോടു വാർത്തകളേതാനു-
മറിയിക്കേണമെന്നുണ്ടു മനസ്സിൽ മേ,
തിരുവുള്ളക്കേടു പറ്റുന്നതാകിലോ
പരമസങ്കടം ബോബിലീ പാഹി മാം.

പതികളൊന്നല്ല, രണ്ടല്ല, മൂന്നല്ല,
ചതുരവീരന്മാർ, മുപ്പതിലേറെയാം,
മതിവിഷാദത്തെപ്പോക്കുവാനെന്നുടെ
മതിയാകുമവർ, ബോബിലീ പാഹി മാം.

അവരു പോരെന്നു കല്പിച്ചു നീ പ്രഭോ!
കമിഷണരെയും സൃഷ്ടിച്ചയച്ചുമേ,
പെരിയ രോഗത്തെക്കാളുമബദ്ധമാം
തവ ചികിത്സകൾ, ബോബിലീ പാഹി മാം.

അവരു ചെയ്യുന്ന ചെയ്തികളൊക്കെയും
സചിവസത്തമ! നീയറിഞ്ഞില്ലന്നോ?
അവശരാക്കി നീയെൻകമിതാക്കളെ:
അവരെന്തോതിടും? ബോബിലീ പാഹി മാം.

കമിഷണർ ചെയ്തതൊക്കെയും ദൂഷണം
കമിഷണർ ചൊൽവതൊക്കെയും ന്യായംതാൻ;
ഇതുമട്ടല്ലയോ വിശ്വസിച്ചീടുന്നു
തിരുമനസ്സിന്നു, ബോബിലീ പാഹി മാം.

അവരുടെ ജോറുമന്തസ്സും കാണുകിൽ
ഗവർണർ കൂടിയും നാണിച്ചൊളിച്ചിടും!
കമിഷണരെന്നാൽ ഭൂപനോ, ദൈവമോ,
ഏഡ്വിൻഷേബിളോ? ബോബിലീ പാഹി മാം.

---

*"കോ.മു" – കോഴിക്കോട് മുൻസിപ്പാലിറ്റി

പലവിധത്തിലുമപ്രാപ്തി കാണിയ്ക്കും
ചിലരെയിങ്ങനെ വെച്ചിരുന്നീടുമ്പോൾ,
നരവരമെവാനെന്റെ നിരത്തുകൾ
നിരൂപിച്ചുകൊണേ, ബോബിലീ പാഹി മാം.

പഴയ കംഷണർ—

പത്രാധിപർ:— ആര്?

സഞ്ജയൻ:— മുസ്സത് മുഷിയരുത്. കമീഷണരെ വൃത്തത്തിൽ കൊള്ളിയ്ക്കുവാൻ കുറച്ചു സാഹസമുണ്ടെന്നോർക്കണം.

പഴയ കംഷണർ വൈദ്യുതമായുള്ള
ചില മിന്നിപ്പുകൾ കാട്ടാൻ തുടങ്ങവേ,
ചെറുത്തുനിന്ന*...................
തിരിച്ചുവന്നില്ല, ബോബിലീ പാഹി മാം.

അതു മഹാദുഃഖമായെനിക്കെങ്കിലു-
മിവിടെയുണ്ടല്ലോ പാണ്ഡവരിപ്പോഴും
അവരുമില്ലെങ്കിൽ, തൂങ്ങി മരിയ്ക്കുവാൻ
കയറു നോക്കണം,ബോബിലീ പാഹി മാം.

ഒരുവരെയും കണക്കുവെക്കാതെ തൻ-
നിനവു നിർഭയം വാ തുറന്നോതുവാൻ
പടുതയേറുന്ന...................
കൊടിയ മാരുതി, ബോബിലീ പാഹി മാം.

പരമാത്മാവിന്റെ ശിഷ്യനായ് ധാർമ്മിക-
സമരത്തിൽപ്പണ്ടു മുന്നിട്ടിറങ്ങിയ
ചതുരഫൽഗുനൻ...............
.................ബോബിലീ പാഹി മാം.

മുനിസിപ്പാലിറ്റി തന്റെ പുരാണവു-
മിതിഹാസങ്ങളും വേദശാസ്ത്രങ്ങളും
മതിയിലുള്ള 'മദച്യുതൻ' വാഗ്മിയാം
സഹദേവൻതന്നെ, ബോബിലീ പാഹി മാം.

നിജഗുണങ്ങൾ നിരൂപിച്ചുനോക്കുമ്പോ-
ളരിയ "നമ്പർ ടു" ഭീമനായ്ത്തീർന്നിടും,
നകുലനെന്നു താൻ ചൊല്ലിടാം..............
.................ബോബിലീ പാഹി മാം.

---

* പത്രികയിൽ അന്നാവശ്യമുണ്ടായിരുന്നുവെങ്കിലും പുസ്തകരൂപത്തിൽ ഈ കൃതിയിൽ ആവശ്യമില്ലെന്ന് തോന്നുകയാൽ ചില പേരുകൾ വിട്ടുകളഞ്ഞിരിക്കുന്നു.

ളുവരെക്കൂടാതെ, പാറപ്പുറത്തെന്നെ-
പ്പരിഹസിയ്ക്കുന്ന കൊച്ചാങ്ങളുയൊരാൾ
അമരുന്നുണ്ടെന്റെ പി.എസ്സിനെബ്ഭവാ-
നറികയില്ലെന്നോ? ബോബിലീ പാഹി മാം.

•         •         •

അവരെക്കൊണ്ടൊരു കാര്യം നിവർത്തിപ്പാ-
നെളുതല്ലാത്ത വിധത്തിലല്ലോ ഭവാൻ
കമിഷണർക്കധികാരങ്ങൾ കല്പിച്ചു
വലിയവനാക്കി,ബോബിലീ പാഹി മാം.

അഴകല്ലാതുള്ളോരാരംഭം കാണുമ്പോ-
ളഴൽ പിടിച്ചു പറഞ്ഞിടും സഞ്ജയൻ
കലഹമുണ്ടായ് ഭവിക്കുമെന്നാദ്യമേ
പറഞ്ഞതില്ലയോ,ബോബിലീ പാഹി മാം.

പണമതില്ലാഞ്ഞോ, കൂലിക്കാരില്ലാഞ്ഞോ,
പണിയെടുപ്പിക്കാനാളുകളില്ലാഞ്ഞോ,
പൊടിമയമായ് കിടപ്പതെൻ റോഡുകൾ
കുഴിയും ചാലുമായ്?ബോബിലീ പാഹി മാം.

നയങ്ങൾ ചിന്തിച്ചു, പവ്വറുപേക്ഷിച്ചു,
ഭരണശക്തി നശിച്ചു കിടക്കവേ
ഒരു വിധത്തിലും കൊള്ളാത്തവരെന്നായ്
പലരും ചൊല്ലിടും ബോബിലീ പാഹി മാം.

കഴിഞ്ഞ കാലത്തെ മാനിയ്ക്കുമാറായി;
അഴിഞ്ഞു നമ്മുടെ പൗരുഷബന്ധനം;
ഒഴിഞ്ഞു ഭാഗ്യവും, ധർമ്മവും, ശർമ്മവും,
വിരവിലിങ്ങിനെ, ബോബിലീ പാഹി മാം.

പരിഭവം തീർന്നു മോദേന വാഴുവാൻ
ശിരസി മേ വിധി ലേഖനം ചെയ്തീല;
പരദോഷം വൃഥാ ചിന്തിയ്ക്കുന്നെന്തു ഞാൻ
പെരിയ രാജാവേ, ബോബിലീ പാഹി മാം.

പഴുതിലെന്തിന്നു ഞാൻ പറഞ്ഞീടുന്നു?
പഴമയുള്ളവർ ജസ്റ്റീസുമന്ത്രിമാർ
വഴികളെല്ലാം ഗ്രഹിച്ച നേതാക്കൻമാർ
പഴുതിൽച്ചാടുമോ, ബോബിലീ പാഹി മാം.

കഴിയുന്നാകിലും ജസ്റ്റീസുകക്ഷിയ്ക്കു
കിഴിയും വെച്ചു നമസ്കരിച്ചാകിലും.

പിഴകൾ ചെയ്കിലും, കമ്മിഷണർമാരെ-
ത്തൊഴുതു വാഴ്കിലും,ബോബിലീ പാഹി മാം

യുവതിമാർക്കെന്തു ചോദ്യമിന്നിങ്ങിനെ
ഭുവനവീരന്മാർ കൗൺസിലേശ്സോതിടും,
ശിവനെന്നല്ലാതെ മിണ്ടരുതിക്കാലം
ഭുവനനായക! ബോബിലീ പാഹി മാം.

കമിഷണരുടെ കാലുപിടിച്ചിനി
മരണം തെല്ലൊന്നു നന്നാക്കണമെന്നായ്
ഹരജി വേണമോ, നിങ്ങൾതാൻ ചൊല്ലുവിൻ
കടവുളെപ്പാർത്തു, ബോബിലീ പാഹി മാം.

നിരപ്പുസംസാരംകൊണ്ടു ഫലമില്ലെ-
ന്നെനിക്കു തോന്നുന്നു ജസ്റ്റിസുനേതാവേ,
സ്മരിപ്പുതാകണം കമ്മിഷണരുടെ
ഇരിപ്പും പവ്വറും, ബോബിലീ പാഹി മാം.

വിമതൻമാരുടെ വീര്യം ശമിപ്പിപ്പാൻ
ക്ഷമയും നന്നല്ല, സാമവും നന്നല്ല,
സമരം ചെയ്യണം, സാഹസം ചെയ്യണം,
ശ്രമവും ചെയ്യണം, ബോബിലീ പാഹി മാം.

തിരുമനസ്സതു ചെയ്യുകയില്ലെങ്കി-
ലടിയങ്ങൾതന്നെ ചെയ്യേണ്ടിയും വരും;
അതിനൊരു വഴിയെങ്ങിനെയെങ്കിലു-
മവിടെയുണ്ടാകും, ബോബിലീ പാഹി മാം.

*(ഹാസ്യാഞ്ജലി, പുറം 8, കേരളപത്രിക, 1935)*

# ഉപദേശം

വടക്കൊരു ദിക്കിൽജ്ജനിക്കയുണ്ടായി,
വഴക്കുമുത്തൊരു നവീനവർഷത്തിൽ
പഴയ "കേസരി"യഭിഖ്യ കോലുന്ന
പുതിയതാമൊരു ലിഖിതമാസിക.
വിനീതങ്ങളതിൻ വിഷയശൈലികൾ;
വിനോദമാണതിൻ വിശുദ്ധമുദ്ദേശ്യം;
അതിൻപ്രവർത്തകരയച്ചു സഞ്ജയ-
ന്നതിനുടെയാദ്യപ്രതിയിതിനിടെ.
"അതിനെപ്പറ്റിയെൻ നിനവു ചൊല്ലണം;
ചതി കരുതാതെ പറകയും വേണം;
വിനോദസാഹിത്യവിവിധമർമ്മങ്ങൾ
വിശേഷിച്ചുമ്പ ഞാൻ വിവരിച്ചീടണം;
ഉപകരിയ്ക്കണം പല വിധത്തിലു;-
മുപദേശിയ്ക്കണം പല തരത്തിലും."
ശരി! ശരി! യെന്നാലതിന്നു വേണ്ടുന്ന
പെരിയ കോപ്പുകളെവിടെ കുട്ടരേ?
ഉപദേശം മാത്രമരുളണമെന്നാൽ
'നുശിമിശി'യെന്നു പറഞ്ഞൊഴിഞ്ഞിടാം!
അതു മിതിയെന്നാലിവിടെ നിർത്തുക;
അതിങ്കൽ നിർവ്വാണമണഞ്ഞുകൊള്ളുക!

• • •

കറ കലരാതെ പറയണമെന്നാൽ
പറകയും ചെയ്യാ;മറിഞ്ഞുകൊള്ളുവിൻ.
ലിഖിതമാസികാനവീനപ്രസ്ഥാന-
മഖിലദിക്കിലും പരക്കണമെന്നായ്
അഭിമതക്കാരനഹമെന്നോതിടാ,-
മഭിപ്രായാസ്പദം ചുരുക്കിച്ചൊല്ലിടാം:
ചെറുകവികളിങ്ങരങ്ങേറും മുമ്പെ-
യൊരു കളരിയിൽപ്പഠിച്ചിരിക്കണം;
യുവവിമർശകകരാംഗുലികളെ
വിവേകമുള്ളോരൊന്നുഴിഞ്ഞിരിയ്ക്കണം;
തിരമുറിച്ചാഴിപ്പരപ്പിൽ നീന്തുവാൻ
കുളത്തിലെ വെള്ളം വയറ്റിലെത്തണം;
നവീനവിപ്ലവവികൃതിപ്പിള്ളരെ-
ച്ചെവിപിടിച്ചു നേർവഴിയിലാക്കണം.

ചിരികൊണ്ടു കയ്പുകലരും സത്യത്തെ-
പ്പൊതിഞ്ഞു നല്കുവതെളുപ്പമെന്നാരും
കരുതിപ്പോകൊല്ലേ! ശരിക്കതു ചെയ്‌വാൻ,
പരിചയം പോരാ; ഗുരുത്വവും വേണം.
ഇതൊക്കെസ്സാദ്ധ്യമാം ലിഖിതമാസികാ-
പുതുക്കളരിയിൽ, വിതർക്കമൊക്കുവിൻ.

•　•　•

ശരിയതെന്നാലുമിതിങ്കലുണ്ടൊരു
ചെറിയ ദുർഘടമതും ധരിയ്ക്കണം;
പരിഹാസമെന്നാൽ ശകാരം മാത്രമ,-
ല്ലോരിയ്ക്കലുമതു മറക്കരുതാരും.
പരിഹാസപ്പുതുപനീർച്ചെടിക്കെടോ
ചിരിയത്രെ പുഷ്പം; ശകാരം മുള്ളുതാൻ.
അതിന്റെ പൂവാണച്ചെടിയ്ക്കലങ്കാര;-
മതിന്റെ മുള്ളല്ലെന്നറിഞ്ഞുകൊള്ളുക.
വെറും മുള്ളായ്ത്തീർന്നാൽ സഹൃദയലോക-
മറുത്തെറിഞ്ഞിടുമതിനെയപ്പൊഴേ.
ചിരിയെന്നാലതിന്നൊരു മയം വേണം;
വരസാരസ്യത്താൽ സുഗന്ധിയാകണം;
പതിഞ്ഞ ശബ്ദത്താൽ മൃദുലമാക്കണം;
തികഞ്ഞ സാഹിത്യപ്രഭ കൊടുക്കണം;
ഒരു മുള്ളു തട്ടി മുറിഞ്ഞാലും പ്രിയാ-
നഖക്ഷതംപോലെ മനോജ്ഞമാകണം;
കുറച്ചൊരു നീറലിരുന്നാലുമതി-
ലുറന്ന 'രാഗ'ത്തിൽ മനം ലയിക്കണം;
അതിന്റെ മാധുര്യസുഖലഹരിയിൽ
മതിമയങ്ങണം; കദനമാറണം.
ഇതു വയ്യെന്നാകിൽ,പ്പരിഹാസം നീച;-
മതിലിറങ്ങാതെകഴിക്ക കേസരി!

•　•　•

പരിഹാസാർണ്ണവം ചിരിച്ചുകൊണ്ടുതൻ
തരിമണലാക്കുമനീതിപ്പാറയെ:
അതില്ലാത്തേടത്തു ചിരിച്ചുകൊണ്ടുതാ-
നടിയ്ക്കുമൂഴിതൻ കവിൾത്തടങ്ങളിൽ:
ഇരുഘട്ടത്തിലും ചിരിയൊന്നല്ലാതെ-
യിതരമായുധം പ്രയോഗിച്ചീടൊല്ലേ!
ഒരിയ്ക്കലും ക്ഷയം പെടാത്തൊരാനന്ദം

പരിഹാസാമൃതം കൊടുപ്പൂ കേസരി!
അതിലൊരിത്തിരി വിഷം കലർന്നാകി-
ലതു വീഴുന്നേടം തരിശു, കേസരി!
തവ നഖത്തിലാ വിഷം നിറയുകിൽ,
തവ നയത്തിലാ വിഷമിറങ്ങുകിൽ,
മുറിച്ചെറിയേണമതിനെയക്ഷണ-
മറച്ചുമാറരുതതിങ്കൽനിന്നു നീ.
(മറിച്ചു ചെയ്യുകി,ലിവിടെ നാലഞ്ചു
ചെറുകണങ്ങളുണ്ടെന്നറിക, കേസരി!
അവയിലൊന്നങ്ങു കുറി കുറിച്ചെയ്താൽ
"ശുഭമസ്തു" കാര്യമഖിലം കേസരി !
അതിന്നൊന്നുമിടവരുത്തൊല്ലേ, ശിങ്കം,
അതുവരെയഹം സഖാവു സഞ്ജയൻ.)

• • •

നിരീശ്വരൻമാരെന്നരിമശിങ്കത്തെ-
യലട്ടിടുന്നെന്നു പരാതിയോ, ശിങ്കം?
വരട്ടെയക്കൂട്ടർ; തടിച്ചൊരു വടി-
യെടുത്തു ഞാനുണ്ടാ വഴിയ്ക്കു നില്ക്കുന്നു!
നിരീശ്വരനോട് പക വെടിയാത്ത-
നരിയാണീ നര നരിയ കേസരീ!
അവരോടു പട പൊരുതുവാനസ്ത്ര-
മിവിടെയുള്ളതു നിനക്കുതന്നിടാം:
ഒരു കാര്യം പക്ഷേ പറഞ്ഞിടുന്നു ഞാൻ
പരിചയമേറുമിനിയ്ക്കിതിലെടോ!
അരിയ ഗീതയുമുപനിഷത്തും നീ
ചൊരിയൊരുതവരടുത്തിടുന്നേരം.
അതു ധരിയ്ക്കുവാൻ മതിക്കു കെൽപ്പുള്ളോ-
രിതുമട്ടാമാസം തുറന്നുചൊല്ലുമോ?
അവരുടെ വാദം തല തിരിച്ചൊന്നു
തലയ്ക്കു ലാക്കാക്കിക്കൊടുക്ക നീ ശിങ്കം!
നിലവിളിച്ചിടുമതിന്നുശേഷവു,-
മതുഗണിക്കാതെ നടക്ക നീ ശിങ്കം!

• • •

നിയമദൃഷ്ടിയിൽ ലിഖിതമാസിക-
യഖിലിതമല്ലെന്നറിഞ്ഞിരിക്കണം.
മുറയ്ക്കൊരു പ്രസ്സിലടിച്ചതുപോലെ

നിയമമായതു കരുതിടുംതാനും.
പരദൂഷണങ്ങളൊരാളെഴുതി, മ-
റ്റൊരുവൻ വായിച്ചാലുടനെ "ലൈബ"ലായ്!
(എഴുതപ്പെട്ടുള്ളോരപകീർത്തിക്കത്രേ
നിയമം"ലൈബ"ലെന്നുരയ്ക്കുവതെടോ.)
അടിച്ചതായാലും, ലിഖിതമായാലു-
മതിന്നു ഭേദമില്ലിതുമറിയുക.
ഇതൊക്കെയെന്തിന്നു തിരക്കിടുന്നു നീ?
അതുവഴി പോയാലനർത്ഥം, കേസരീ!
ഒരു ദോഷമല്ലാതൊരാളെമാത്രമായ്
പരിഹാസത്തിന്നു വിഷയമാക്കൊലാ;
പൊതുവിലദ്ദോഷമുപദ്രവമല്ലെ-
ന്നിരിക്കിലോ, മിണ്ടാതിരിയ്ക്ക, കേസരീ!
വളരെ നിഷ്കർഷിച്ചവനവൻതന്നെ
പരിശോധിച്ചതേ പറഞ്ഞീടാവൂ നീ-
ഇവ മുറുകെ നീ പിടിച്ചുകൊണ്ടാകിൽ
നിയമത്തിൻ കെണി പിടിച്ചിടാ നിന്നെ!

• • •

പലതിനിയുമുണ്ടെനിയ്ക്കു ചൊല്ലുവാൻ
സ്ഥലച്ചുരുക്കംതാൻ മുടക്കമായ് നില്പു.
മറുപടിക്കുള്ള തപാൽമുദ്ര കത്തി-
ലടക്കംചെയ്തു നീ വെറുതെ കേസരീ!
എഴുത്തയച്ചോർക്കു മറുപടി പി.എ-
സ്സയയ്ക്കയില്ലെന്ന് പറഞ്ഞുകേട്ടില്ലേ?
അതിന്നു കാരണം കൊടിയൊരൗദ്ധത്യ-
മതെന്നു ചിന്തിപ്പൂ പലരും കേസരീ!
അസത്യമാണതു—ഭഗവാനാണേ—ഞാൻ
പറയുന്നേൻ, വെറും മടിയതിൻഹേതു.
പരിഭവിയ്ക്കരുതതിലെൻ ബന്ധുക്കൾ,
പരമാർത്ഥമിതാ പറഞ്ഞുമാറി ഞാൻ.
മടക്കത്തപാലിൽ മറുപടിക്കത്തു
മുടക്കമെന്നിയേ വിടുന്നവനെന്നായ്,
കഴിഞ്ഞകാലത്തു പ്രസിദ്ധിനേടി ഞാ,-
നൊഴിഞ്ഞുപോയിതാ സുവർണ്ണകാലവും.
ഇനിയുള്ളകാലം വെറും കളിയല്ലോ!
ഇനി വരുമ്പോലെ വരട്ടെ, കേസരീ!

*(ഹാസ്യാഞ്ജലി, പുറം 9, കേരളപത്രിക, 1935)*

# മീനത്തിൽ പെയ്ത മഴയോട്

പിഴപറ്റിയെന്തോ വഴി തെറ്റി വന്ന
മഴയാളേ, വെൽക! മലയാളേ.

ചുടുമീനം തന്നിൽപ്പുതുമഴ പെയ്താൽ
പടുമീനും പഷ്ണിയിടുമെന്നായ്,
പഴമൊഴിയൊന്നു മുഴുവേദമാക്കി-
പ്പഴി ചൊൽവൂ നിന്നെക്കഴുതകൾ!

വരികെന്നോമനേ,തവ ശീതസ്പർശാൽ
തരിക നീ 'ഏ—വൺ' നവജീവൻ!
ഒരു മുഗ്ദ്ധ നാണിച്ചിരുകുളിർക്കയ്യാ-
ലരുളും താലോലമതുപോലും,
ഇതുപോലാനന്ദം തരുവോന്നല്ലെന്റെ
പുതുമഴേ, സത്യമിതു, തങ്കം!

കവിവര്യനുള്ളൂർ വേതിക്കായല്ലീ
ചില വരവാക്കു ചെലവാക്കി?
പലപലോല്ലേഖമണികൾ കോർത്തുള്ള
വിലയറ്റ ഹാരം, തെളിമുത്തേ,
തവമൃദുഗളതളിമത്തിലല്ലീ
ശിവകരനങ്ങാമണിയിച്ചൂ?

അതിലധികമായരുളുവാനാമാൻ
കൊതിയാർന്നാൽ കമ്പസ്സുവന്നല്ലേ?
പരദാരിദ്ര്യത്താൽ പരമിൻസോൾവെന്റായ്
ഗതികെട്ടുള്ളവനിവനാര്യ!
അതിനാൽ ഞാനിതു മതിയാക്കാം; ബാക്കി-
ക്കൃതിചെയ്‌വാനുള്ളൂർ മതിയാകും!.........

പിഴപറ്റിയെന്തോ വഴി തെറ്റി വന്ന
മഴയാളേ, വാഴ്ക! മലയാളേ.

*(സഞ്ജയൻ, പുസ്തകം 1, ലക്കം 1, 1936 ഏപ്രിൽ 1, പുറം 1)*

# മിസ്റ്റിക്ക് കൂട്ടാൻ

''ഓമനക്കുട്ടൻ ഗോവിന്ദൻ ബല-
രാമനെക്കൂടിക്കൂടാതെ"—എന്ന മട്ട്.

വാലിയക്കാരൻ ഗോപാലനെന്നോ-
ടാലോചിക്കാതെ, യിന്നലെ,
പുത്തനായുള്ള മിസ്റ്റിക്‌രീതിയിൽ
മത്തൻകൊണ്ടൊരു കൂട്ടുവാൻ
നിർമ്മിച്ചു; ഞാനതോർമ്മിച്ചീടാതെ-
കർമ്മവാസന!—ഭക്ഷിച്ചു!

വായതൊ,ട്ടെങ്ങോ ചോറും കൂട്ടാനും
പോയിത്താഴുന്നതങ്ങോളം
കത്തിപ്പോയെന്നു തോന്നിയ്ക്കുന്ന മ-
ട്ടത്രയ്ക്കു രൂക്ഷമത്തൊരൻ—
ഞാനിനി വീണ്ടുമിദ്ദുനിയാവിൽ
നാനൂറു വട്ടം വന്നാലും,
ആയതിൻ രുചി പോവുകയില്ലെൻ
വായിൽനിന്നെന്റെ കർത്താവേ!

"എന്തുവാനെരുവിത്രയും ചേർപ്പാൻ
ബന്ധ?"മെന്നൊട്ടു ചെന്നാറെ,
ചോദിച്ചേൻ ഞാനും ഗോപാലനപ്പോൾ
വാദത്തിന്നത്രേ ഭാവിച്ചു!
(നിത്യവുമുച്ചനേരത്താ ദ്രോഹി
പത്രത്താളൊക്കെ വായിക്കും.)

"അല്ലേ, മൂപ്പരേ, ഭുവിതിലോരോ
നല്ല കാര്യങ്ങൾ പുത്തനായ്
എത്തിച്ചേരുമ്പോൾ മർത്ത്യരൊക്കെയും
തൃപ്തരല്ലതിൻ വേഷത്തിൽ:
മത്തൻതോരന്റെ കാര്യത്തിൽപ്പരി-
വർത്തനമൊന്നു കാണുവാൻ
എത്രനാളുണ്ടു ഗൂഢഗൂഢം ഞാൻ
കാത്തിരിക്കുന്നിതാർത്തനായ്!

പുത്തൻശൈലികൾ—പുത്തൻചിന്തകൾ.....
പുത്തനാദർശമെന്നിവ
വിശ്വത്തിലെങ്ങും വ്യാപിച്ചീടവേ,-
യീശ്വരൻപോലും പായവേ,

പണ്ടത്തെ റൂളും മണ്ണാങ്കട്ടയും
മിണ്ടാതെ ലോകം തള്ളവേ,
കൂട്ടാൻ ലോകത്തിൽ മാത്രമെന്തിനോ,
കെട്ടിനിർത്തുന്നു ബുദ്ധിയെ?

ഭാവന നീങ്ങും!—റൂളുകൾക്കൊന്നു-
മാവതല്ലതു നിർത്തുവാൻ:
വൃത്താലങ്കാര ജാലങ്ങൾ സാഹി-
ത്യത്തിൽനിന്നെങ്ങോ പോയില്ലേ?
വാക്കുകൾക്കർത്ഥമിന്നതെന്നുള്ള
മർക്കടമുഷ്ടി വിട്ടില്ലേ?
അപ്പോലെതന്നെ കൂട്ടാൻ ലോകത്തി-
ലിപ്പോൾ കാണുമീ വിപ്ലവം
തൂമയിലെന്റെ മൂപ്പരെത്തെല്ലും
കോൾമയിർക്കൊള്ളിച്ചീലെന്നോ?
മാമൂൽക്കാരൻതാൻ മൂപ്പരെങ്കിലോ
ഹാ, മമ ശ്രമം പാളീസ്സായ്!"

*(ഹാസ്യാഞ്ജലി, പുറം 13. സഞ്ജയൻ പുസ്തകം 1, ലക്കം 2, 1936 മെയ്, പുറം 33)*

# മി: പാലാട്ടു നിന്നില്ലെങ്കിൽ–

മുഖവുര

പ്രഖ്യാതമായ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ഭരണം ഹേതുവായി നിസ്വാർത്ഥിയായ ഒരു രാജ്യസേവകന്റെ നിലയിലും, അതിനിപുണനായ ഒരു ഭരണാധികാരിയുടെ നിലയിലും പ്രശസ്തനായിക്കഴിഞ്ഞ മി: ആർ.എം. പാലാട്ട് ഒരു ലെജിസ്ലേറ്റീവ് കൗൺസിൽ സ്ഥാനാർത്ഥിയായി അടുത്ത തവണയും തിരഞ്ഞെടുപ്പിന്ന് നിൽക്കുമെന്നറിഞ്ഞ് പി. എസ്സ്. സന്തോഷിക്കുന്നു. അത്ര വലിയ നിലയിലല്ലെങ്കിലും, ഒരെളിയ നിലയിൽ, സഞ്ജയനും വേറൊരു ഭരണസഭയിലേക്ക് ഒരു സ്ഥാനാർത്ഥിയാണ്. അതിനെസ്സംബന്ധിച്ച് അധിക വിവരം ഇന്നത്തെ മുഖപ്രസംഗത്തിലുണ്ട്. ഈ സംഗതിയാലോചിക്കുമ്പോൾ, "അടിയനും മൈത്രീകാമുകൻ തന്നെ" എന്ന് പി. എസ്സിന്നും പറയാം. അതിലിടക്ക് ചിലർ മി. പാലാട്ട് നിൽക്കുന്നില്ലെന്നും പറഞ്ഞുകേട്ടു. അങ്ങിനെ വന്നാൽ അതു വലിയ കഷ്ടമായിരിക്കും: പി. എസ്സ്. വ്യസനിക്കും; മലബാർ കരയുകതന്നെ ചെയ്യും. എങ്ങിനെ കരയുമെന്ന് ഒരു പാട്ടിൽ താഴെ വിവരിക്കുന്നു. പാട്ടു വളരെ നന്നായിട്ടുണ്ടെന്ന് തൽകർത്താവുതന്നെ അഭിമാനിക്കുന്നില്ല. ഈ വിവരം കേട്ടപ്പോളുണ്ടായ മനസ്സിന്റെ ബേജാറുകൊണ്ട് എഴുതിപ്പോയതാണ്. അതുമല്ല: അതെഴുതിയത് മഹാകവി വള്ളത്തോളോ മഹാകവി ഉള്ളൂരോ ഒന്നുമല്ല ല്ലോ; വെറുംകവി പാറപ്പുറത്തല്ലേ? അതാലോചിക്കേണ്ടേ? അതുകൊണ്ട്, അതിൽ കവിതാഗുണം പോരാത്ത കാരണത്തിന്മേൽ, മി: പാലാട്ട് പി. എസ്സിന്റെ നേരെ മുഷിയുകയില്ലെന്നു വിശ്വസിക്കുന്നു. ഒരു ശ്രുതിപ്പെട്ടിയെങ്കിലും ഇല്ലാതെ ഈ പാട്ട് ആരും പാടി വഷളാക്കരുതെന്നും പി. എസ്സ്. അഭ്യർത്ഥിക്കുന്നു. "ആണ്ടിപ്പണ്ടാരം-ഉന്നൈ-വേണ്ടിക്കൊണ്ടേനേ!" എന്ന മട്ടിലോ, "ആട്ടെ, കിട്ടേട്ടാ!-നിങ്ങള്-വന്നോ കിട്ടേട്ടാ?" എന്ന മട്ടിലോ ഇത് പാടാവുന്നതാണ്. ഇത്രയും മുഖവുര. പാട്ട് ഇതാ:-

രാഗം-മട്ടുപോലെ.

താളം-വീണപോലെ.

പല്ലവി.

ആട്ടെ, പാലാട്ടേ!—നിങ്ങള്
നിന്നോ പാലാട്ടേ?

ചരണങ്ങൾ.

ചെന്താമരൈ മുകനേ! ഡി. ബോ. പ്രസിഡെണ്ടരേ!
സന്താപമിന്തമട്ടിലെന്തയ്യോ ചേർത്തു ഭവാൻ?

-ആട്ടെ, പാലാട്ടേ!......

വല്ലതും രണ്ടു ഞായം നി. നി. സ. യിൽപ്പറവാൻ
വല്ലഭമുള്ളവരിലൊന്നാമനങ്ങുന്നല്ലീ?

-ആട്ടെ, പാലാട്ടേ!.........

പാലം കുലുങ്ങിയാലും (ധീരനാം കേളനെപ്പോൽ)
ചാലേ കുലുക്കമെന്ന്യേനില്ക്കും പ്രസിഡെണ്ടരേ!

-ആട്ടെ, പാലാട്ടേ!.........

അങ്ങുന്ന് നില്ക്കുമെന്നായ്, അങ്ങുന്ന് പോകുമെന്നായ്,
അങ്ങുന്ന് മന്ത്രിപദം മങ്ങാതെ കേറുമെന്നായ്,

-ആട്ടെ, പാലാട്ടേ!.........

ആശിച്ചുവാണവരെ—വാശി പറഞ്ഞവരെ-
കാശിന്നുമോഹിക്കാതെ ക്ലേശംസഹിച്ചവരെ-

-ആട്ടെ, പാലാട്ടേ!.........

ബ്ലീച്ചടിപ്പിക്കുവാനായ് തോന്നിയതെത്രകഷ്ട-
മിച്ചെയ്തി! കൊള്ളരുതേ, ഡി. ബോ. പ്രസിഡെണ്ടരേ!

-ആട്ടെ, പാലാട്ടേ!.........

*(സഞ്ജയൻ പുസ്തകം 1, ലക്കം 2, 1936 മെയ്, പുറം 47)*

# 'ഗുലുമാലിൽ'പ്പെട്ട വെള്ളരിക്കയോട്

കനത്തു തങ്കപ്പുതുമോടി ചേർന്നു
മിനുത്തു മിന്നുന്നൊരു വെള്ളരിക്കേ,
നിനക്കിതിന്നട്ടൊരു തൂക്കുശിക്ഷ-
നിനക്കുവാൻ വയ്യ!—വിധിച്ചതാരോ?

ഈ മട്ടു ശിക്ഷയ്ക്കൊരു കുറ്റമേതാൻ
നീ ചെയ്തുവെന്നങ്ങിനെ വിശ്വസിക്കാം?
അല്ലെങ്കിൽ, മറ്റുള്ളവരെത്തുലപ്പാൻ
ക്രൂരർക്കു ന്യായത്തിനു പഞ്ഞമുണ്ടോ?

ഓ, ഹോ! തിരിഞ്ഞു! ശരി! കുറ്റമൊന്നും
നോക്കേണ്ട; വമ്പിച്ച 'ജലാശയൻ' നീ;
ആപത്തിനുള്ളേണികളെന്നു 'മന്ത-
സ്സാരം' കുറഞ്ഞോർക്കു ഭവിക്കുമല്ലോ!

ബ്ലൗസായ പെട്ടിയ്ക്കകമിട്ടു പൂട്ടി
സ്സൂക്ഷിച്ച നാരീകുച 'ലക്ഷ്മി'യെത്താൻ
വെളിപ്പെടും വേളയിൽ നീ കടന്നു
കവർന്നതോ നിന്റെ മഹാപരാധം?

ആണെങ്കി, ലീശിക്ഷയതിന്ന് 'പീനൽ
കോഡിൽ'ത്തിരഞ്ഞാകിലൊരേടമുണ്ടോ.
ഇതെന്തു ലക്കറ്റ സെഷൻസു ജഡ്ജി
വിധിച്ചു, ഹാ, ഹാ! കണിവെള്ളരിക്കേ?

തെക്കും വടക്കും തിരിയാത്ത ശുദ്ധ
കമ്പങ്ങളെ ബെഞ്ചിലുയർത്തിവെച്ചാൽ,
ഇതൊക്കെയുണ്ടാം ഫലമെന്നു സാക്ഷാ-
ലിന്ത്യാ ഗവർമ്മെണ്ടു ധരിച്ചിടട്ടെ!

കോഡിൽപ്പെടാത്തുള്ള വിധിക്കു ശേഷം
ഹൈക്കോർട്ടിലപ്പീൽ പതിവുള്ളതല്ലേ?
അതെന്തു നോക്കാഞ്ഞു? മനം മടുത്ത്
സഖേ, ഭവാൻ തൂങ്ങിമരിക്കയാണോ?

അന്യായ്യശിക്ഷയ്ക്കു ശിരസ്സു താഴ്ത്തി
ച്ചാവുന്നതിൻ മുമ്പിഹ വല്ലപാടും
നിവൃത്തി കണ്ടീടുകിലാത്മഹത്യ
നന്നെന്നുറയ്ക്കുന്നതു വീരകൃത്യം

വേദാന്തമിമ്മട്ടിനിയും കഥിപ്പാൻ
തോന്നായ്കയല്ലെൻ പ്രിയവെള്ളരിക്കേ!
പത്രാധിപർ സാറിതുകൊണ്ടുതന്നെ
മടുത്തിടാ, ആയതുകൊണ്ടു 'ഗുഡ്ബൈ!'

*(സഞ്ജയൻ, പുസ്തകം 1, ലക്കം 3, 1936 ജൂൺ, പുറം 76)*

# ഗ്രാന്റ്

## (ഒരു താരാട്ട്)

ഗ്രാന്റ് നീ വേഗമുറങ്ങാ-നൊരു
ബാന്റു സംഗീതം തുടങ്ങാം.

കൺമണി, നീയുറങ്ങെന്റെ-പൊന്നു
പെൺമണിത്തയ്യലേ, ഗ്രാന്റേ!

ദീനവാധ്യാന്മാർക്കു സ്വാന്തേ-ഹന്ത
ദുന്നത ചേർക്കും പിതാന്തേ!

ദാസൻ ഞാനോതാം സലാം തേ-യന്ത്യ-
പ്രാസാർത്ഥം മാറുമെൻ ഗ്രാന്തേ!*

പൈതലിൻ പൂമേനി പുൺമാൻ-പ്രേമ-
ക്കാതലിൻ പുഞ്ചിരി കാൺമാൻ

അമ്മ കൊതിപ്പതുപോലെ-യോഗി
ബ്രഹ്മത്തെ ധ്യാനിക്കും പോലെ,

ഏകാഗ്രഭാവനയാലെ-നിന്നെ-
പ്പൂകുന്നു മാനേജർ ചാലേ
മറ്റു വാധ്യാന്മാർക്കു സർവ്വ-മിതി-
ലേറ്റം നിൻകാഴ്ചയപൂർവ്വം.

ആർക്കറിയാവൂ, ഹാ, നിന്റെ-ഗൂഢ-
മാർഗ്ഗസഞ്ചാരങ്ങൾ, ഗ്രാന്റേ?
ഒട്ടു ഗവർമ്മേണ്ടിൽനിന്നു-മൊട്ടു
ശിഷ്ടമാം കൗൺസിലിൽനിന്നും

വെട്ടിക്കുറച്ചു മെലിഞ്ഞ-നിന്നെ-
പ്പിട്ടും പിരട്ടും നിറഞ്ഞ
ഏതാനും കൂട്ടർ മുടക്കൂ-മതി-
ലേതാനവർക്കു കിടയ്ക്കും.

മാരി ചൊരിഞ്ഞുകഴിഞ്ഞു-ള്ളൊരു
കാറുപോൽ കട്ടി കുറഞ്ഞു,
തിണ്ണെന്നു മാനേജർ കൈയിൽ,-പ്പുതു-

---

*ഗ്രാന്റിനെ "ഗ്രാന്റ്" എന്നു വിളിക്കാതെ "ഗ്രാന്തേ" എന്നുവിളിക്കേണ്ടിവന്നത് അന്ത്യപ്രാസത്തിനു വേണ്ടിയാണെന്നു സ്പഷ്ടം.

വെണ്ണപോൽ കാളീടും തീയിൽ,

ചേരുന്നുരുകി നീ; പിന്നെ-സ്ക്കൂളി-
ലാരുണ്ടു കാണുന്നു നിന്നെ?

ഗ്രാന്റു നീ വേഗമുറങ്ങാ-നൊരു
ബാന്റുസംഗീതം തുടങ്ങാം:

പെൺമണി, നീയുറങ്ങെന്റെ-പൊന്നു-
കൺമണിത്തയ്യലേ, ഗ്രാന്റേ!

*(ഹാസ്യാഞ്ജലി, പുറം 13, സഞ്ജയൻ പുസ്തകം 1, ലക്കം 3, 1936 ജൂൺ, പുറം 80)*

# അണിയറയിൽ

അരങ്ങത്തു കർട്ടനുയരും വേളയി-
ലൊരു വിദൂഷകനതീവ ദീനനായ്
കളിയോഗനാഥൻ തിരുമുമ്പിൽ കൂപ്പു-
കരവുമായ്ച്ചെന്നു വണങ്ങിച്ചൊല്ലിനാൻ:

"അടിയനീ മുടിയഴിച്ചുവെക്കുവാ-
നനുവാദം കനിഞ്ഞരുളണേ, വിഭോ!
അരങ്ങേറ്റത്തിന്നു സമയം വൈകിപ്പോയ്;
കരളുഴറുന്നു; കഴൽ പതറുന്നു;
മുകുരം കാൺമീലാ; മുഖത്തു തേപ്പിനി
മുഴുമുച്ചീടുവാനവസരം പോരാ.
ഒരു ചിരിപോലും ചിരിക്കുവാനെനി-
ക്കരുതെന്നാരോടു പറഞ്ഞിടാവു ഞാൻ?
ചിരിച്ചിടാത്തൊരു വിദൂഷകനുണ്ടോ
ചിരിപ്പിച്ചീടുവാൻ സമർത്ഥനാകുന്നു?
അടിയനീയുടുപ്പഴിച്ചുമാറ്റുവാ-
നനുവാദം കനിഞ്ഞരുളണേ വിഭോ?"

കളിയോഗകർത്താവൊരു ചെറുചിരി
കലർന്നു ചൊല്ലിനാനവനോടുത്തരം:

"കരളെരിഞ്ഞാലും, തല പുകഞ്ഞാലും,
ചിരിക്കണേ;—മതേ വിദൂഷകധർമ്മം.
ചിരിയും കണ്ണീരുമിവിടെക്കാണുവ-
തൊരുപോൽ മിഥ്യയെന്നറിവോനല്ലീ നീ?

ഇവ രണ്ടിൽച്ചിരി പരം വരണീയ,-
മവനിയിൽ ഹാസ്യമമൃതധാരതാൻ.
വിഷാദമാത്മാവിൽ വിഷം വിദൂഷക!
വിശുദ്ധാനന്ദത്തിൻ വിലേപനം ചിരി."

*(ഹാസ്യാഞ്ജലി സഞ്ജയൻ പുസ്തകം 1, ലക്കം 4, 1936 ജൂലായ്, പുറം 97)*

# ഹാസ്യാഞ്ജലി 1

('ഗീതാഞ്ജലി' കർത്താവോടു ക്ഷമാപണം)

അന്തമില്ലാത്തവനാക്കിപ്പടച്ചെന്നെത്തള്ളിവിട്ടാൻ
ഹന്ത, ദുനിയാവിലങ്ങുന്നനന്തരൂപൻ.
നിറച്ചു നീ ചിരികൊണ്ടീയുടഞ്ഞ മൺകുടത്തിനെ;
നിനയ്ക്കുവാനരുതയ്യോ, നിൻകുസൃതികൾ!

ഒഴിക്കുന്നു ഞാനതൊക്കെ; നിറയ്ക്കുന്നു വീണ്ടും നീതാ-
നൊരിക്കലുമിത്തമാശയ്ക്കറ്റമില്ലെന്നോ?
തീവണ്ടിയിൽ, മോട്ടോർബസ്സിൽ, റോഡി, ലൂടുവഴികളി-
ലാ വമ്പിച്ച കലാശാലാമന്ദിരങ്ങളിൽ,

നി. നി. സഭാംഗങ്ങൾപോലുമെഴുന്നള്ളും യോഗങ്ങളി;-
ലാനിഹാളിൽ, ടൗൺഹാളിലും, കടപ്പുറത്തും;
നീയില്ലെന്നു യുക്തിവാദി തെളിയിക്കും സദസ്സിലും,
നീയില്ലാതില്ലെന്നു ചിലർ ചൊല്ലുന്നേടത്തും,

വെള്ളത്തിലും, കരയിലു, മമ്പലത്തിൻ നടയിലും,
പള്ളികൾതൻ മുൻവശത്തെ വീഥിയിൽപ്പോലും,
സാഹിത്യവിപ്ലവാഹ്വാനം മുഴങ്ങും പരിഷത്തിലു-
മാഹന്ത! നീയെന്തിനെന്നെക്കിക്കിളിക്കുന്നു?

തവാംഗുലീസ്പർശത്താലെൻ കരളേതോ കറയറ്റ
നവഹാസവാരിധിയിലിറങ്ങീടുന്നു!
അതിന്നലച്ചാർത്തുകളിലലിഞ്ഞു ഞാനക്ഷരങ്ങൾ-
ക്കതീതനായ് ചിരിച്ചേറ്റം കുഴങ്ങീടുന്നു?

ഇച്ചിരിതൻ 'നയാഗറ' നിർഝരമിന്നടിയന്റെ
കൊച്ചുകരൾക്കുമ്പിളിലോ പകർന്നിടേണ്ടു?
ഒഴിയുന്നു, നിറയുന്നു, വഴിയുന്നു വീണ്ടും വീണ്ടും
കഴിയുന്നു ജന്മങ്ങൾ;—നീയൊഴിപ്പു നിത്യം!

*(ഹാസ്യാഞ്ജലി, പുറം 17*
*സഞ്ജയൻ, പുസ്തകം 1, ലക്കം 5, 1936 ആഗസ്റ്റ്, പുറം 129)*

# ഹാസ്യാഞ്ജലി 2

തിരുമേനി ചിരിക്കുവാനരുളുമ്പോളടിയന്റെ
കരളലിമാനം തങ്ങിത്തിങ്ങിവിങ്ങുന്നു.

നത്തുകൾപോലിരുൾ തേടി വിഷാദാത്മകന്മാരെല്ലാ-
മൊത്തുചേർന്നു ജീവിതത്തെപ്പഴിച്ചീടവേ;
അസംബന്ധം പുലമ്പലാണത്യുൽകൃഷ്ടകാവ്യമെന്നാ-
യസംഖ്യമാം മിസ്റ്റിക്ഭ്രാന്തർ സിദ്ധാന്തിക്കവേ;

‘അധഃകൃതനവൻ, ഞാനൊരന്തണ’ നെന്നിക്കാലത്തു-
മനേകം പേരഹമ്മതി വെച്ചുപോറ്റവേ;
മതമാറ്റബഹളത്തിൽത്തല തെറ്റിപ്പലവഴി
മദംപൂണ്ട മർത്ത്യർ പാഞ്ഞു പരിഭ്രമിക്കെ;

അടിമത്തം പുലർത്തുവാ, നസമത്വം വളർത്തുവാൻ
മടിവിട്ടു പലരൊത്തു പരിശ്രമിക്കെ;
ദാരിദ്ര്യത്തിൽജ്ജനകോടിയെരിപൊരിക്കൊള്ളുവതു
ഭൂരിദ്രവ്യം  സംഭരിപ്പോർ നോക്കിനില്ക്കവേ;

പുരുഷന്നു തുല്യകളാണവരെന്നു തെളിയിപ്പാൻ
പുകവലി ശീലിയ്ക്കവേ മുകിൽവേണിമാർ;
മുടിവെട്ടുതൊട്ടു വിസ്കികുടിയിലാപ്പരിഷ്കൃതി-
ക്കൊടുമുടി മദാമ്മമാരേറിനില്ക്കവേ;

കൊടുംപടക്കാറു മൂടും പടിഞ്ഞാറൻഗഗനത്തിൽ-
ച്ചടുചടരടിതങ്ങൾ മുഴങ്ങീടവേ;
അണപൊട്ടിപ്പരക്കുന്ന പുഴവെള്ളത്തള്ളിച്ചപോ-
ലണയുന്ന ദുഃഖത്തിൽ ഞാനാണ്ടുപോകവേ;

അടക്കുവാൻ കഴിയാത്ത മിഴിനീരെൻ കവിൾത്തട-
മിടയ്ക്കിടെയേകാന്തത്തിൽ നനച്ചീടവേ;-
തിരുമേനി ചിരിക്കുവാനരുളുമ്പോളടിയന്റെ
കരളലിമാനം തിങ്ങിത്തിങ്ങി വിങ്ങുന്നു!

*(ഹാസ്യാഞ്ജലി, പുറം 18, സഞ്ജയൻ പുസ്തകം 1, ലക്കം 6, 1936 സെപ്തംബർ, പുറം 161)*

# മോഹിതൻ

[Another dramatic Lyric in humble imitation of the Master]

'മാതൃഭൂമി' വിശേഷാൽപ്രതിയിൽ മി. ചങ്ങമ്പുഴ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന 'മോഹിനി' എന്ന മധുരകാവ്യത്തിലെ നായകനായ സോമൻ;

"അത്യനഘമാമീ മുഹൂർത്തത്തിലുത്തമേ, നീ മരിക്കണം!
മാമകാശയം ക്രൂരമാണെങ്കിലോമനേ, നീ പൊറുക്കണേ!"

എന്ന ബഹുരസമായ പീഠികയോടുകൂടി തന്റെ ഓമനയുടെ മാറത്തു 'കഠാരം' കുത്തിയിറക്കി അവളെ കാച്ചുന്നു. റോബർട്ട് ബ്രൗണിങ്ങിന്റെ Porphyria's Lover (പൊർഫീറിയയുടെ കാമുകൻ) എന്ന കൃതിയുടെ നിഷ്ഫലവും ദുർബ്ബലവുമായൊരു പ്രതിച്ഛായ മാത്രമെന്നു തോന്നിക്കുന്ന ഈ പദ്യത്തിലെ കലാപരമായ ആന്തരാർത്ഥം നല്ല പോലെ ഗ്രഹിക്കാതെ, അനുരാഗകഥകൾക്ക് ആത്മഹത്യയേക്കാൾ നല്ല ഒരു പൂർണ്ണവിരാമം സ്ത്രീഹത്യയാണെന്നാണ് കവി ധ്വനിപ്പിക്കുന്നതെന്നു തെറ്റിദ്ധരിച്ചു, പ്രസ്തുത സോമന്റെ ചരിത്രത്തെ യഥാക്ഷരം അനുകരിക്കുവാൻ ഒരുമ്പെട്ട വേറൊരു കവിയുടെ അനുഭവമാണ് താഴെ വിവരിക്കുന്നത്. കവിത ഒരു വകയാണ്; പക്ഷേ "മഹാജനം പോം വഴിതന്നെ മാർഗ്ഗം" എന്ന സമാധാനമുണ്ട്. ഇത്രയും ആമുഖം; കവിത തുടങ്ങുന്നു:

(ഓമനക്കുട്ടൻമട്ടുതന്നെ)

I

"കാണേണമെന്നെയുച്ചഭ്രാന്തിന്റെ
പേണെഴും ധാമമായവൾ:

സോമൻ ചെയ്തതുപോലെ ഞാനുമെ-
ന്നോമനയെപ്പോയ് കാച്ചുവൻ!
ആയതിൻശേഷം ഡ്രാമാറ്റിക്‌ലിറിക്-
പോയട്രിയൊന്നു തീർക്കണം.
പോലീസ്സെത്തീടും മുമ്പിതു വേണം;
പോകട്ടേ; ഞാനൊരുങ്ങട്ടേ!"

II

കോമളകാവ്യകാരനാം കോമൻ
കോവണിപ്പടി കേറുന്നു;
കൈയ്യിലുണ്ടൊരു കത്തി....ഹാ, കഷ്ടം!
നീയിതു, കോമ, ചെയ്യൊല്ലേ!
'മോഹിനി' കാവ്യഗൂഢാർത്ഥം തെല്ലും

മോഹിതൻ നീയറിവീല;
തൽക്കൃതിതന്നിൽച്ചാവും തയ്യലാൾ
മിക്കതുമൊരു പെണ്ണല്ല;
(മിസ്സിക്കർത്താം നീ കണ്ടവനല്ല,
മറ്റെന്തോ പിണ്ണാക്കാണവൾ).

## III

കോവണിപ്പടി കേറിയ കോമ-
നീവകയൊന്നുമോർത്തീല:
ആ മിസ്സിക്കാവ്യനിർമ്മാണലോലൻ
ശ്രീമത്തും മച്ചിലെത്തുന്നു.
നില്ക്കുന്നുണ്ടങ്ങു കോമൻ തന്നുടെ
മൈക്കണ്ണാളാകുമോമന.
മുപ്പത്താറിലെ മാ.ഭൂ.വി. പ്രതി*-
യുല്പലനേത്ര തൻകൈയിൽ
കാണ്മതുണ്ടെ; ന്തോ ചിന്തയാൽ മുറ്റും
പെണ്മണിയാർന്നു വൈക്ലബ്യം.

## IV

കോമനെക്കാൺകെയോടിച്ചെന്നില്ലാ,
തൂമന്ദസ്മിതം തൂകീലാ
ഓമനയെന്നാലീ വിമുഖത
കോമന്നൊട്ടും പിടിച്ചില്ല!
ആദ്യമേ കാണാപ്പാഠമാക്കിയ
പദ്യമാ വിദ്വാൻ ചൊൽകയായ്:
"എന്തു കാൺമൂ ഞാൻ, മുന്നിലിക്കാൺമ-
തെന്തൊരത്ഭുതസ്വപ്നമോ?
ഓമലാളല്ലേ, 'മോഹിനി'യല്ലേ,
ഹാ! മമ മുൻപിൽക്കാണ്മു ഞാൻ?
വിശ്വസിയ്ക്കാനരുതെനിക്കി, ന്നെൻ
വിഹ്വലനയനങ്ങളെ.
മുൻപൊരിക്കലു".....

## V

.........മിത്രമത്തോളമാ-
ക്കമ്പരാശി താൻ ചൊന്നപ്പോൾ,
ഓമനയൊരു ചൂലെടുത്തേവ-

---

*1936ലെ 'മാതൃഭൂമി വിശേഷാൽപ്രതി.'

ഓതിനാൾ രോഷരൂക്ഷയായ്:
"അപ്പമിപ്പിഞ്ഞു വേവുകയില്ലാ;
കോപ്പിരാട്ടി നീ കാട്ടേണ്ടാ.
'മോഹിനി'കാവ്യമിപ്പോഴാണു ഞാൻ
വായിച്ചതെന്നുമോർക്കണം.
സോമനെപ്പോലെ തോന്ന്യവാസത്തി-
ന്നീ മച്ചിൽത്തക്കം നോക്കേണ്ടാ.
ഏറെ നാളായി പ്രേമഗാനത്താൽ
ബോറു ചെയ്യുന്നു താനെന്നെ;
ആയതു പക്ഷേ ഞാൻ പൊറുത്തേക്കാം;
പേയുംകൊണ്ടിങ്ങു കേറുകിൽ
സമ്മാനമുണ്ടാമെൻകയ്യാ, ലതു
ചെമ്മേ നീ വാങ്ങിച്ചീടൊല്ലേ!'

## VI

ഓമനയിത്തരമോതവേ, കോമൻ
ഭീമമായൊന്നു ഞെട്ടിപ്പോയ്.
എന്നിട്ടും പോകാൻ ഭാവമില്ലെന്നു
സന്നതഗാത്രി കണ്ടപ്പോൾ
ഒട്ടടുത്തവൾ ചൂലൊന്നോങ്ങിനാൾ,
പെട്ടെന്നു കോമൻ പിന്നോക്കം
പേടിപൂണ്ടേറ്റം ചാടിനാൻ, പടി
ഹാ, തടഞ്ഞയ്യോ, കഷ്ടമേ.............
(കോവണി പൊക്കമേറിയതെന്നു
കോമനന്നത്രേ ജ്ഞാതമായ്!!)

## VII

മറ്റൊന്നും ചൊൽവാൻ ബാക്കിയില്ലിനി;-
തെറ്റെന്യേ നിങ്ങൾക്കൂഹിക്കാം...........
കോമനിന്നോളം പോയിട്ടില്ല, ത-
ന്നോമലാളുടെ ഗേഹത്തിൽ.

*(ഹാസ്യാഞ്ജലി, പുറം 21, സഞ്ജയൻ പുസ്തകം 1, ലക്കം 6, 1936 സെപ്തംബർ, പുറം 182-183)*

# ഓ, ഹോ! സ്വാഗതം !!

ഈയിടെ ഒരു ദിവസം വൈകുന്നേരം എന്തോ ആലോചനയിൽ
ഗ്നനായി കോർട്ട് റോഡിൽക്കൂടി നടക്കുമ്പോൾ, പി. എസ്സിന്റെ നേരെ
ചെക്കൻ ഒരു നോട്ടീസു വെച്ചുകാട്ടി. വല്ല സിനിമാപടത്തിന്റെയോ സ
യവില്പനയുടെയോ പരസ്യമായിരിക്കുമെന്ന് കരുതി പി. എസ്സ്. അതു വാ
നോക്കിയപ്പോൾ അതൊരഭ്യർത്ഥനയാണെന്നു മനസ്സിലായി. ഇന്ന ആള
അഭ്യർത്ഥിക്കുന്നതെന്നില്ല; ആകാശവാണിപോലെ ഒരഭ്യർത്ഥന. ഹിപ്പിൾ
പാർട്ടി നേതാവായ 'മഹാരാജാ ഓഫ് പിത്താപുരം' കോഴിക്കോട്ടേക്ക് ഒക്
ബർ 15-ാംനു എഴുന്നെള്ളിയെത്തുമെന്നും, അന്ന് ഞാൻ റെയിൽവെ സ്റ്റേ
നിൽ പോയി ദയ ചെയ്ത് അദ്ദേഹത്തെ സ്വാഗതം ചെയ്യേണമെന്നും
അഭ്യർത്ഥനാസ്വരൂപം. വല്ലവരും കാർ അയക്കുകയാണെങ്കിലും, അന്ന് നേ
പോക്കുവാൻ വേറെ വഴിയൊന്നുമില്ലെങ്കിലും സ്റ്റേഷനിൽ പോയിക്കള
മെന്ന് ഞാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. ആരും കാർ അയച്ചില്ല;
എസ്സ്. പോയതുമില്ല. പക്ഷെ അദ്ദേഹം പ്ലാറ്റുഫോറത്തിൽ ഇറങ്ങുന്ന അവ
രത്തിൽ ഉറക്കെ പാടുവാനായി ഞാൻ ഒരു സ്വാഗതഗാനം എഴുതീട്ടു
അത് താഴെ ചേർക്കുന്നു. എനിയും ഒരു പ്രാവശ്യം മലബാറിലേ
ഹിപ്പിൾസ് പാർട്ടിയിലേക്ക് ആളെപ്പിടിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി എ
ന്നള്ളുകയെന്ന ആലോചനയില്ലായ്മ 'മഹാരാജാ ഓഫ് പിത്താപുരം' കാ
ക്കുകയാണെങ്കിൽ, സ്വാഗതസംഘത്തിന്ന് ഈ പാട്ട് ഉപയോഗിക്കാവുന്ന
ണ്. സ്വസ്ത്യസ്തു.

രാഗം: കമാസ്.

താളം: വല്ല നിവൃത്തിയുമുണ്ടെങ്കിൽ, ചായ്പ്; ഇല്ലെങ്കിൽ, പടിഞ്ഞാ

പല്ലവി.

പിത്താപുരാധീശ്വര!—സ്വാഗതം ഹോ, ഹോ!
പിത്താപുരാധീശ്വര!

ചരണങ്ങൾ.

പിത്താപുരേശ്വരന്നായ്—'മാത്താഡ്ഡാ'-മട്ടിലിപ്പോ—
ളൊത്തൊരുമിച്ചു നിങ്ങൾ—കീർത്തനം പാടിടുവിൻ! (പിത്താ...
രണ്ടുതോണിയിൽ കാലു—മിണ്ടാതെ വെച്ചു നീങ്ങും
തണ്ടാർശരോപമനെ—കണ്ടായോ, കേരളമേ? (പിത്താ...
കന്യാപദസ്പർശത്താൽ—പൂക്കുമശോകം പോലെ
ധന്യമായ്ത്തീർന്നു, രാജൻ! നിൻ ചവിട്ടേറ്റി രാജ്യം! (പിത്താ...
പീ. പാ. [1]ജനയിതാവേ!—പി. പു. [2]ജനനേതാവേ!

---

1. പീ.പാ.—ഹിപ്പിൾസ് പാർട്ടി. 2. പി.പു.—പിത്താപുരം.

കുപ്പികരങ്ങളുമായ്—കാപ്പി സൽക്കരിക്കുന്നേൻ (പിത്താ.......)
അപ്പുറമുള്ള കാര്യം—തപ്പലാണയ്യോ, സ്വാമിൻ!
ചെപ്പിടിവിദ്യക്കിപ്പോ—ളിപ്പാരിൽത്തഞ്ചം പോരാ! (പിത്താ.......)
പുത്തനാമൊരു പാർട്ടി—ക്കിത്തവ്വിൽ കേരളത്തിൽ
പത്തു പൈ നിലവാര—മെത്തുവതില്ലേൻ പ്രഭോ! (പിത്താ.......)
തത്രഭവാനെക്കാണാ—ഞ്ഞത്തലിലാണ്ടു കേഴും
പിത്താപുരത്തിനെപ്പോ—ഴാശ്വസിപ്പിക്കൂ, രാജൻ! (പിത്താ.......)

*(സഞ്ജയൻ പുസ്തകം 1, ലക്കം 7, 1936 ഒക്ടോബർ, പുറം 193)*

# പേടിക്കേണ്ട!

കാർ മറഞ്ഞീടിലും റോട്ടിലെച്ചെമ്മണ്ണു
വ്യോമത്തിൽ പിന്നെയും തിങ്ങിപ്പാറും;
മുൻസിപ്പാലിറ്റി ഞാൻ വിട്ടു പാഞ്ഞീടിലും
മൂക്കാ നരകത്തെയോർമ്മ വെക്കും;
ആവണക്കെണ്ണ വയറ്റിലെത്തീടിലു-
മാ വൻചുഴ വായിൽത്തങ്ങി നിൽപൂ;
ഞെട്ടിയുണർന്നാലും ദുസ്വപ്നവൈക്ലബ്യം
വിട്ടുപോകുന്നീലാ പെട്ടെന്നൊട്ടും;
യുദ്ധം നിലച്ചാലും മാർക്കറ്റു റെയ്റ്റുകൾ
വർദ്ധിച്ചു താൻ നിൽക്കുമൊട്ടുകാലം;
കാമുകൻ തൈക്കോട്ടു ടിക്കറ്റെടുത്താലും
കാമിനി കാമം ത്യജിപ്പതില്ല;
ഹാ, കവേ! നീയെങ്ങുപോയിത്തുലഞ്ഞാലും
നീ കവച്ചുള്ളതു ബാക്കിതന്നെ!!
പൈ ചത്തുപോയാലും മോരിൻ പുളിയുണ്ടോ
പോകുന്നു പൈയിന്റെ കൂടെത്തന്നെ?
ദംശിച്ച പാമ്പിനെത്തച്ചുകൊന്നീടിലും
ക്ലേശിക്കവേണ്ടേ വിഷമിറക്കാൻ?
കാർണോപ്പാടന്തരിച്ചാലും താൻ നേടിയ
കാണക്കടം ബാക്കി നില്പതില്ലേ?
കേസു ജയിച്ചാലും കോടതിക്കാരുടെ
ഫീസിൻ സ്മരണ വിടുന്നതാണോ?
യാത്ര കഴിഞ്ഞാലും ബസ്സിൻ കുലുക്കത്തെ
യാത്രക്കാർ വിസ്മരിച്ചീടുന്നുണ്ടോ?
പൊള്ളിച്ച തീയിൽപ്പോയ് വെള്ളമൊഴിച്ചാലു-
മെള്ളോളം നീറൽ ശമിപ്പതുണ്ടോ?
ഹാ, കവേ! നീ ചത്തു മണ്ണായ്ചമഞ്ഞാലും
ലോകം കുറച്ചിടയോർക്കും നിന്നെ!!

*(സഞ്ജയൻ പുസ്തകം 1, ലക്കം 7, 1936 ഒക്ടോബർ, പുറം 218)*

# ഹാസ്യാഞ്ജലി 3

*സഞ്ജയന്റെ ഗവർണ്ണർക്ക് സഞ്ജയൻ സമർപ്പിക്കുന്ന പ്രത്യേക പരിദേവനപത്രിക:*

ഒരു ചിരിപ്പെട്ടിതന്നിലടക്കി ഞാനെൻപരാതി-
പ്പൊരുളങ്ങളൊക്കെത്തിക്കാവൂ, മൽഗവർണ്ണരേ!

പകലിരവൊരുപോലെ പണിചെയ്തും, പാടുപെടും
പല പൊൻചങ്ങലകൾ ഞാനുരുക്കിവാർത്തു;
അവയെല്ലാമടിയനെച്ചുററഞ്ഞിതാ മുറുകുന്നു;
ഗവർണ്ണരേ! ഗുലുമാലിതാരോടോതാവൂ?
പൊൻകണ്ണികൾക്കതിൻമട്ടൊരുറപ്പുണ്ടെന്നോർത്തീല ഞാൻ
(മാൻകണ്ണിണ കടാക്ഷത്താൽ കൊല്ലുമാറുണ്ടോ!)

ഇവയെല്ലാമറുക്കുവാനായുധവു, മാങ്ങതപോലു-
മവിടുത്തെ ഗവർമ്മെണ്ടു തരായ്കയല്ല;
ഈ നോവിലിലെൻമനസ്സെരിപൊരികൊണ്ടു കേഴായ്കയ,-
ല്ലീ നരകത്തിച്ചൂടിൽ ഞാൻ നീറായ്കയല്ല;
ഫലമെന്തെൻ ഗവർണ്ണരേ! മുറിച്ചുനീക്കുവാൻ കര-
ബലമങ്ങുന്നരുളാഞ്ഞാൽ കിം കരോമി സാർ?
അശക്തൻ ഞാൻ സഹിക്കുവാ,നശക്തൻ ഞാനറുക്കുവാൻ;
വശക്കേടെന്തിതിനുമേൽ വരുവാനുള്ളൂ?

ഒരു ചിരിപ്പെട്ടിതന്നിലടക്കി ഞാനെൻ പരാതി-
പ്പൊരുളങ്ങളൊക്കെത്തിക്കാവൂ, മൽഗവർണ്ണരേ!

*(ഹാസ്യാഞ്ജലി, പുറം 22, സഞ്ജയൻ പുസ്തകം 1, ലക്കം 8, 1936 നവംബർ, പുറം 223)*

# പുഴവക്കിൽ

മറ്റൊന്നും ഞാൻ കാണ്മതില്ല; കേൾപ്പതില്ല; മനസ്സയ്യോ
ചെറ്റുറച്ചു നില്ക്കുന്നില മറ്റൊരേടത്തും.
പളുങ്കൊളി ചിന്നിപ്പായുമൊരു ചെറുപുഴവക്കി-
ലൊളിച്ചു ഞാനെന്നെപ്പോലും മറന്നുനിൽപ്പൂ!

പല ജോലിത്തിരക്കുകൾ പലവഴി കടന്നെന്നെ-
പ്പലവുരു വലിക്കുന്നു പലേ മട്ടിലായ്.
ഫലമില്ലെൻചരണങ്ങളിളകുന്നീ, ലെൻചിന്തക-
ളലിഞ്ഞെങ്ങോ മറഞ്ഞുപോയിത്തെളിനീരിൽ,

ചെറുതിരച്ചില്ലികളാൽ, കരിമീൻകണ്ണിളക്കത്താൽ,
പരിശുദ്ധഫേനഹാസവിലാസവായ്പാൽ
കരുതാതെ നീ വീശിയൊരൊളിവലക്കുടുക്കിലെൻ
കരളുടിപെട്ടാലുണ്ടോ ധർമ്മവൈരുദ്ധ്യം?
കർമ്മമേതോ? ചെയ്‌വതാരോ ധർമ്മമെങ്ങോ കാണുവതെ-
ന്തെന്തനമിസ്സൗന്ദര്യത്തിലാണ്ടുനില്ക്കവേ!

വരതരംഗിണി, നിന്നിലിറങ്ങുവാനയോഗ്യൻ ഞാൻ;
പിരിയുവാനശക്തൻ ഞാൻ: പ്രണയദാസൻ.

കരയിൽ ഞാൻ നില്പുണ്ടെന്നു നിനയാതെ വഴി തെറ്റി-
ത്തിരിയാതെ, മുന്നോട്ടു നീ പോവുകോമളേ!
ഈ മനോജ്ഞസ്വപ്നത്തിലെൻ മനമൊരു മാത്രനേരം
സീമയറ്റോരാനന്ദത്തിൽക്കുളിച്ചിടട്ടെ!
അതിലേറെച്ചോദിപ്പതി,ല്ലിതിലേറെക്കാമിപ്പതി-
ല്ലതീതകാലാഭിഹതൻ വെൽക്കാമുകൻ!

*(ഹാസ്യാഞ്ജലി, പുറം 23 സഞ്ജയൻ പുസ്തകം 1, ലക്കം 9, 1936 ഡിസംബർ, പുറം 257)*

# കൊറ്റിയെപ്പറ്റി

## ഒരു മഹാമിസ്റ്റിക്ക് കവിത

ആർക്കുമക്കര കാണ്മാനാവാത്ത
നീർക്കയത്തിന്റെ വക്കിലായ്
കൊറ്റിയാം പക്ഷിയൊറ്റക്കാലിൻമേൽ
കുറ്റിപോൽ നോറ്റുനില്ക്കുന്നു.
വല്ലതും മീനോ, ഞണ്ടോ, ഞാഞ്ഞൂലോ,
ചില്ലറയായ ഭേകനോ,
ചാരത്തെത്തിയാൽ കൊത്തിശ്ശാപ്പിടു-
മാരും കാണാതീത്താപസൻ

കൊറ്റി!
ഓ, കൊറ്റി!
ഒന്നുണർന്നു നീ കേൾക്കേണം കൊറ്റി,
നിന്നപദാനകാവ്യത്തെ:
നീയല്ലോ സിദ്ധൻ! നീയല്ലോ സ്ഥാണു!
നീയല്ലോ നിത്യനിശ്ചലൻ!
ബ്രഹ്മം നിന്നെപ്പോലെതാണ്ടാണെന്ന്
ബ്രഹ്മവിദ്യക്കാർ ചൊല്ലുന്നു.
(ബ്രഹ്മം ഞണ്ടിനെത്തിന്നുമാറില്ല-
ന്നെണ്മാത്രമത്രേ വ്യത്യാസം!)

കൊറ്റി!
ഏയ്, കൊറ്റി!

'ഊർപ്പിഴ്ശ്ശി'യെന്നുത്തരദിക്കിൽ
നേർപ്പിഴയില്ലാക്കാവിതൻ
'തെയ്യം' കെട്ടിയാലൊറ്റക്കാലിന്മേൽ-
നീയറിയില്ലേ?—നിൽക്കും പോൽ!
ആയതെന്തിന്നെന്നീമിനുട്ടോള-
മീയിവനേതുമായില്ല.
നീയുമപ്പോലെ നിൽപ്പതു കാണ്മൂ

നീർക്കയത്തിന്റെ വക്കിലായ്.

കൊറ്റി!
ഹു, കൊറ്റി!

അല്ലേ കൊറ്റി, ഞാ'നോമനക്കുട്ടൻ'-
ചൊല്ലേറും മിട്ടിൽ നിൻനാമം

കീർത്തിച്ചീടവേ, നിദ്രചെയ്യുവാൻ
മാത്രം ഗംഭീരമണ്ടത്തം

ചേർന്നുള്ള നിന്നെക്കാലേ കണ്ടെന്നാ-
ലന്നുണ്ടോ, കൊറ്റി,യാഹാരം?
നിന്നെക്കാൾ ഭേദം മൂളും കൂമനാ-
ണെന്നെനിക്കൊരു വിശ്വാസം!

*(സഞ്ജയൻ പുസ്തകം 1, ലക്കം 9, 1936 ഡിസംബർ, പുറം 263)*

# ദുറാവായ കാറോട്

**ഒരഷ്ടകം**

വിക്രമത്തോടിഹ മുക്രയിട്ടിളാ-
ചക്രമൊക്കെ വിഹരിച്ചിരുന്ന നീ-
അക്രമം വിധിവിലാസ! മീവിധം
ചക്രമറ്റു നിപതിച്ചതെന്നുവാൻ?

ശ്രീമവിട്ടിവിടെ വന്നിറങ്ങിയോ-
രാമനോജ്ഞ ദശതന്നിലാളുകൾ
കേമനെന്നഥ പുകഴ്ത്തിയങ്ങയെ
ക്കാണ്മതിന്നു കൊതിയാർന്നതില്ലയോ?

എന്നുമല്ലഹഹ! നിന്റെ മെത്തമേ-
ലൊന്നിരുന്നതുലസൗഖ്യമേൽക്കുവാൻ
അന്നു സസ്മിതമണഞ്ഞതെത്രയാ-
ണന്നയാനകൾ?-അതോർപ്പതെങ്ങിനെ?

എന്നു നിന്നെയൊരു ഭൃതരും തിരി-
ഞ്ഞിന്നു നോക്കിടുവതില്ല; 'സോറി' ഞാൻ!
എന്നു വാർദ്ധകമൊടൊത്തു രോഗവും
വന്നിടും, മരണമന്നു ചേരണം!

അല്ല!-മാപ്പതൊരു ലോകരീതിയിൽ
ചൊല്ലി;യല്ലതുതെതുമായതിൽ
ചൊല്ലെഴുന്നൊരു തിരഞ്ഞെടുപ്പുനാ-
ളല്ലയോ വരുവ? - തോർമ്മവിട്ടു ഞാൻ!

വോട്ടുഹണ്ടി*നിഹ സഞ്ചിയും നിറ-
ച്ചെട്ടുദിക്കുമുഴലുന്ന പുള്ളികൾ
നോട്ടുചെയ്ത പുതുലിസ്റ്റിലങ്ങയും
പെട്ടിരിക്കു, മതിനില്ല സംശയം.

തേച്ചുമോറിയൊരു 'ബോഡി',യാകവേ
'പേച്ചു' ചെയ്ത ടയറും ധരിച്ചുടൻ
വാച്ചമോദമവിടുന്നു പാഞ്ഞിടും
പാച്ചൽ കണ്ടു കരയട്ടെ കാറുകൾ!

---

*വോട്ടുഹണ്ട് - Vote-hunt - വോട്ടുവേട്ട.

ആർക്കും വേണ്ടാതിട്ടെറിഞ്ഞുള്ള മട്ടിൽ
പാർക്കുന്നോർക്കും നല്ലകാലം വരുമ്പോൾ
മാർക്കുണ്ടായിത്തീരു-മിത്തത്ത്വബോധം
ചേർക്കുന്നോരീയഷ്ടകം പൊട്ടയല്ല!

(ആവൂ! കവിയ്ക്കെങ്കിലും അങ്ങനെ തോന്നിയല്ലോ! ഭാഗ്യം!–

പി.എസ്സ്.)

*(സഞ്ജയൻ വാല്യം 1, ലക്കം 10, 1937 ജനുവരി, പുറം 310)*

# പഴമക്കാരന്റെ ആവലാതി

(മഞ്ജരി)

പുത്തൻ മഴയ്ക്ക് പുറത്തു പുറപ്പെട്ടി-
ങ്ങെത്തുന്ന പാറ്റകളെന്നപോലെ;
ഉന്നിദ്രതാരകകാന്തിയുളവാക്കും
മിന്നാമിനുങ്ങുകളെന്നപോലെ;
പാട്ടിലൊതുങ്ങാത്ത സാഹിത്യപദ്മത്തിൻ
ചോട്ടിലെബ്ഭേകന്മാരെന്നപോലെ;
ശ്രേഷ്ഠമാം സാഹിത്യവാടിയിൽത്തിങ്ങിയ
ചട്ടുകക്കള്ളിമുള്ളെന്നപോലെ;
എന്തെന്തുപമയാൽ സാഹിത്യവിപ്ലവ-
ഭ്രാന്തർക്കു തുല്യത ചൊല്ലാവു ഞാൻ!

നാൽക്കാലി ശ്ലോകങ്ങൾ തീർപ്പവരെന്നൊക്കെ
നമ്മളെപറ്റിപ്പഴി പറവാൻ
നാൾക്കുനാൾ ഊക്കവർക്കേറുകയാണെല്ലാ-
മിക്കലികാല വിലാസമാവാം!
ആവട്ടേ; നാൽക്കാലിവൃന്ദം മനുഷ്യനെ-
ജ്ജീവിതപ്പോരിൽ തുണയ്ക്കുന്നില്ലേ?
എണ്ണുവാനാവാത്ത കാലുകളാർന്നിഴ-
ഞ്ഞെങ്ങോട്ടെന്നില്ലാതെ യാത്ര ചെയ്യും
തേരട്ടസംഘത്തേക്കാളവ മെച്ചമെ-
ന്നാരുമറിയുന്ന കാര്യമല്ലേ?

പാട്ടെങ്കിൽ പാട്ട;തിലിങ്ങുണ്ടോ വൈമുഖ്യം?
പാട്ടെന്നാൽ പാടബിളാ*യിടേണ്ടേ?
അക്കൂട്ടർ തട്ടിപ്പടയ്ക്കുന്ന ഗീതങ്ങ-
ളക്കൂട്ടർതാൻ പാടിയൊപ്പിക്കേണ്ടേ?

II

അക്ഷരമാലയെ ചാർത്തിയ കയ്യാൽത്താ-
നക്ഷരബ്രഹ്മവിജ്ഞാനത്തെയും
സാരസ്വതാമൃതധാരയിൽ ചാലിച്ചു
കൈരളിക്കേകിയ ദിവ്യനെയും;

---

* പാടബിൾ=പാടുവാൻ കഴിയുന്നത്, ഗേയം, Singable

പിന്നീടാ മോഹന'ഗാഥ'യിൽ പൊന്നൊളി
ചിന്നിയ ഭൂഷണപങ്ക്തി ചാർത്തി,
കൊച്ചാമൽ തങ്കത്തെ കൈപിടിച്ചമ്പിനാൽ
പിച്ച നടത്തിച്ച ധന്യനേയും;

കണ്ടൂനമ്മോണിനാ, ലാംഗ്യവിലാസത്താൽ,
പെണ്മണിത്തയ്യലെ താരുണ്യത്തിൽ
ഭാവഹാവാദികൾ ആകവേകാട്ടാനും,
ഭാവരസങ്ങൾ പകർത്തുവാനും,
താളത്തിനൊത്തു കലാശം ചവിട്ടാനും,
മേളത്തിന്നൊത്തു പദം പാടാനും,
കാലപ്പകർച്ചയ്ക്കു പറ്റുന്ന രീതിയിൽ
ശീലിപ്പിച്ചുള്ള സമ്മാന്യരേയും;
നാനാ തരങ്ങളാം ജ്ഞാനരത്നങ്ങളും,
നാനാ വിജ്ഞാനവെണ്മുത്തുകളും,
ഉള്ളിലൊതുക്കിയ ഹാസ്യസമുദ്രത്തിൽ
പുള്ളിമാൻകണ്ണിയെക്കൂസലെന്ന്യ
നീന്തിക്കളിപ്പിച്ച കാവ്യനഭസ്സിലെ-
പൂന്തിങ്കളാകുമെൻ കുഞ്ചനേയും;
ആ ലോകവന്ദ്യന്മാർ ഉച്ഛിഷ്ടമാക്കിയ,
ശൈലിയിലിന്നത്തെക്കാൽക്കവികൾ
ധിക്കരിച്ചീടുന്നു; നിസ്സരിച്ചീടുന്നു;
വക്കാണിച്ചീടുന്നു; നിന്ദിക്കുന്നു!
ഏതും പ്രവർത്തിക്കാ,മെന്തും പറഞ്ഞീടാ-
മേതുംതിരിയാത്തോർക്കെന്നു ന്യായം!

## II

ഇന്നാൾ കഴിഞ്ഞ പരിഷത്തിലുമിവർ
ചെന്നുകയറിപ്പഴമക്കാരെ
ഒന്നായവമാനിച്ചീലയോ? സാഹസ-
മൊന്നുപോലായിരം ചെയ്തില്ലയോ?
കുറ്റമറ്റുള്ള കവികുലത്തിന്നോമ-
ന്നെറ്റിക്കുറിയായ് വിരാജിച്ചീടും
'കുട്ടമത്തമ്മാ'നെക്കൂക്കി വിളിപ്പാനി-
ക്കുട്ടികൾ ആർത്തു പുറപ്പെട്ടാർ പോൽ!
പ്രൗഢകവനരസാമൃതമാസ്വദി-
ച്ചീടുവാനർഹതയില്ലാതുള്ളോർ
പണ്ടേ പഠിപ്പാലും വാസനയാലും പേർ-

കൊണ്ടോരാ മൂപ്പരെപ്പുച്ഛിച്ചാർ പോൽ!
ട്ടും ഗുരുലഘുവ്യത്യാസമോരാതെ
ശിഷ്ടരെഭർത്സിക്കുമീയുവാക്കൾ
കഷ്ടം, തലമറന്നെണ്ണതേയ്ക്കുന്നതു
കണ്ടിരിക്കേണ്ടൊരു കാലമായി!
മൂപ്പും പഠിപ്പുമെഴുന്ന കവികുലം
മൂലമനർത്ഥമുണ്ടായതിനാൽ
യാഥാസ്ഥിതികരവർ നശിച്ചാലേ, നിർ-
ബാധമായ്ത്തീരൂ പോലീപ്രസ്ഥാനം!
വൃത്ത, മലങ്കാരം, വ്യാകരണമിവ
പുത്തൻ കൃതികൾക്കു പുല്ലാണത്രേ!
ആവട്ടെ;-മര്യാദപോലുമിക്കൂട്ടർക്കു
ജീവിതചര്യയിൽ പുല്ലായെന്നോ?
ഇന്നത്തെസ്സാഹിത്യരംഗത്തിലായവ-
രൊന്നും പഠിക്കാതെ, ചിന്തിക്കാതെ;
വന്നപോൽ വല്ലതും പാടട്ടെ; ഞങ്ങള-
തിന്നുവിരോധം പറയുന്നില്ല!
പാവങ്ങൾ ഞങ്ങൾ പഴമക്കാർ ഞങ്ങടെ
പാട്ടിൽ ഒതുങ്ങിക്കഴിയുന്നേരം
കുത്തുവാൻ പാഞ്ഞെത്തുന്നതെന്തിനോ ദുർമ്മദ-
മത്തുപിടിച്ചോരീ വിപ്ലവക്കാർ?
-പഴമക്കാരൻ

*(സഞ്ജയൻ, പുസ്തകം 1, ലക്കം 10, 1937 ജനുവരി, പുറം 314-315)*

# എന്നിട്ടും വന്നില്ല!

"കുങ്കുമച്ചാറണിഞ്ഞാലും കുചങ്ങളിൽ
കുംഭീന്ദ്രഗാമിനിയാ....ളെ!"-എന്നരീതി.

(1936 ആഗസ്റ്റ് 17-ാം നു-ത്തെ 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയ "എന്നാലും വന്നില്ല!" എന്ന കവനതല്ലജത്തിന്റെ കർത്താവോട് ക്ഷമാപണം.)

മച്ചിന്നകത്തെഴും കൂരിരുട്ടത്തൊരു
പൂച്ച ചിന്തിക്കയാണേവം:-

"ഭീമശരീരിയാം മൂഷികൻ വന്നില
ഞാനന്നു മാന്തിയശേഷം:
ആ മഹാശാപ്പാട്ടുരാമനങ്ങെന്തിത്ര
താമസിച്ചീടുവാൻ ബന്ധം?

കാരണോപ്പാടിന്റെ ചാത്തമെത്തീടവേ
പാരമാഹ്ലാദിച്ചു ഞാനും;
വാഴക്കുല പഴുപ്പിച്ച പുകയെന്റെ
വായിലും മൂക്കിലും പാഞ്ഞു;
ആപ്പഴം മോഷ്ടിക്കുവാനായി മൂപ്പരി-
ങ്ങിപ്പോഴെത്തീടുമെന്നോർത്തു;
അട്ടത്തുനിന്നു ഞാൻ പെട്ടെന്നു കീഴ്പോട്ട്
കുട്ടിക്കരണം മറിഞ്ഞു;

മൂഷികവീരനെൻ ചാരത്തണഞ്ഞീലെ-
ന്നാശ സഫലമായില്ലാ!

ചാത്തംകഴിഞ്ഞുപോ,യെച്ചിലും ചണ്ടിയും
കുപ്പവണ്ടിക്കുള്ളിലായി.
ആഗതമായുടൻ 'മിസ്സി'തൻ കല്യാണ-
മാഹ്ലാദപൂർണ്ണയായ് ഞാനും
പൊൽപപ്പടം കെട്ടുകെട്ടുകളായുറികളി-
ലുൽപന്നകൗതുകം മിന്നി
പാലപ്പായസക്കാഴ്ചയാലെൻ ചിറി-
യാലില പോലെ വിറച്ചു;
ഉപ്പേരി, കിപ്പേരി, പച്ചടി, കിച്ചടി
എപ്പേരുമോർത്തോർത്തു വീണ്ടും
കോൾമയിർക്കൊണ്ടു ഞാനക്കാലമെത്രയോ
കോമളസ്വപ്നങ്ങൾകണ്ടു.

(ഇപ്പദാർത്ഥങ്ങളെ സ്വാദുനോക്കിടുവാ-
നാപ്പെരും കള്ളൻ വരില്ലേ?
വിന്നില്ല, വന്നില്ല തീരെ മനോഹര-
നെന്നാശ പൂരിപ്പിച്ചില്ല.

ചേറ്റ്

*(സഞ്ജയൻ പുസ്തകം 1, ലക്കം 11, 1937 ഫെബ്രുവരി, പുറം 325)*

# നമ്മുടെ അമ്മ

മുലപ്പാലുപോലും വറ്റിവരണ്ട മാർവിടത്തോടും,
ശിലയേയുമലിയിക്കും വീക്ഷണത്തോടും

ഒരു മഞ്ഞപ്പെട്ടി കൈയിലേന്തി നില്ക്കുമിക്കൃശംഗ
പരതന്ത്ര, ദരിദ്രയാം നമ്മുടെയമ്മ!

ഒരു വോട്ടിസ്സവിത്രിക്കു കൊടുക്കുവാനിരക്കുമ്പോ-
ളരുതെന്നു വിലക്കുന്ന കഠിനനുണ്ടോ?

ഒരു വോട്ടുകൊടുക്കുവിൻ കോൺഗ്രസ്സിന്നായടിമത്ത
ച്ചരടിന്റെ പാക്പിരികളുടയ്ക്കുവാനായ്!

*(സഞ്ജയൻ പുസ്തകം 1, ലക്കം 11, 1937 ഫെബ്രുവരി, പുറം 352)*

# പ്രസാദാത്മകന്റെ പ്രഭാതം

സരോജശ്രീ തെളിയിക്കും പൊന്നുഷസ്സേ! കാന്തിപൂര-
സരോലസന്തരാളികേ! പ്രസാദാത്മികേ!
നിൻപൂഞ്ചിരിപ്രഭാധോരിതന്നിലൊരിത്തിരിനേരം
നിൻപദാബ്ജം തലോടി ഞാൻ മുഴുകിടട്ടെ!

വിഷമയമനീശ്വരമുലകെന്നു സമർത്ഥിപ്പാൻ
വിഷാദാത്മകന്മാരെന്നെ ക്ഷണിച്ചുനിൽപ്പൂ:
അനന്തമാമിരുളിൽനിന്നനന്തമാമിരുളിലെ-
യ്ക്കനെന്തതൻ ഗതിയെന്നു സിദ്ധാന്തിക്കുവോർ;
പുരുഷാർത്ഥപ്രവർത്തനവ്യഗ്രമാകും പ്രപഞ്ചത്തിൽ
നിരർത്ഥകഭ്രമണംതാനുൽപ്രേക്ഷിക്കുവോർ;
പരാൽപരവിഭൂതിക-ളസംഖ്യ താരകളല്ലിൻ
നിരാശതൻ ടിപ്പണിയായ് വ്യാഖ്യാനിക്കുവോർ;
ആശാശതശരോൽപ്പാതവ്രണിതരായ് പിടയവേ-
'യീശാവാസ്യമിദ'മെന്നു വിസ്മരിക്കുവോർ;
വേദാന്തം ഞാൻ പറകയ,ല്ലവരോതുമസംബന്ധ-
മോതാനവരൊഴിച്ചുള്ളോർക്കസാദ്ധ്യമല്ലേ?
അവർക്കെന്തും പറഞ്ഞിടാം; മവരെന്തു പറഞ്ഞാലു-
മവഭൃതസ്നാതൻ ഞാനി പ്രഭാസിന്ധുവിൽ.
അവരുരപ്പതു സർവ്വം ശരിയെന്നു തെളിഞ്ഞാലു-
മിവനാക്കൂരിരുൾക്കുഴി തന്നിലേയ്ക്കില്ല!

സരോജശ്രീ തെളിയിക്കും പൊന്നുഷസ്സേ! കാന്തിപൂര-
സരോലസന്താരാളികേ! പ്രസാദാത്മികേ!
സൂര്യകാന്തക്കല്ലുപോലെൻ പ്രതിഭ നിൻപ്രകാശത്തി-
ലാര്യസത്യജ്വാലകളാലധൃഷ്യമായ്പോയ്;

*(ഹാസ്യാഞ്ജലി, പുറം 26, സഞ്ജയൻ പുസ്തകം 1, ലക്കം 12, 1937 മാർച്ച്, പുറം 353)*

# കൈനേട്ടം

അരുതരുതെന്നെയവമാനിക്കൊല്ലേ?
പരിഹാസത്തിന്നുമതിരു വേണ്ടയോ?

വിഷുക്കൈനേട്ടത്തിന്നിരക്കുവാനങ്ങു-
ന്നുഷസ്സിലീ ഭൃത്യസദനമോ കാൺമൂ?
മറിമായം നിന്റെ മനസ്സിലുള്ളതി-
ന്നറിയുവാൻ പണിയെനിക്കു മൽപ്രഭോ!

ഒരു കറയറ്റ ചിരിയല്ലാതൊന്നും
തരുവതിന്നു ഞാനശക്തനെന്നു നീ
അറിയുന്നീലയോ, നിഖിലദാതാവേ?
മറവിയോ ബോധസ്വരൂപനായോവേ?

അരുതരുതെന്നെയവമാനിക്കൊല്ലേ!
പരിഹാസത്തിന്നുമതിരു വേണ്ടയോ?

*(ഹാസ്യാഞ്ജലി, പുറം 25, സഞ്ജയൻ പുസ്തകം 2, ലക്കം 1, 1937 ഏപ്രിൽ 13, പുറം 1)*

# കുർമ്മവന്ദനം

(മദ്രാസ് ഗവർമെന്റിന്റെ ഭൂരിപക്ഷാവലംബമില്ലാത്ത പ്രധാന 'മന്ത്രി'
യായ സർ കുർമ്മവെങ്കടറെഡ്ഡിക്കു നമസ്ക്കാരസമേതം)

വന്ദിപ്പിൻ ശ്രീകൂർമ്മാവെ! വന്ദിപ്പിൻ ശ്രീകൂർമ്മാവെ!!
വന്ദിപ്പിൻ ധീരാഗ്ര്യനെ! വന്ദിപ്പിൻ നിഷ്കംപനെ!!

തൻ നാട്ടാരൊന്നായ്ച്ചേർന്നു കണ്ഠത്തിൽപ്പിടികൂടി-
പ്പിന്നോക്കം തള്ളീടിന കക്ഷിതൻ സിൽബന്തിയായ്
പിൻപുറത്തൂടെ ചെന്നു സക്കാത്തു വാങ്ങാൻ തൻകൈ-
ക്കുമ്പിളും കാട്ടി നില്ക്കും നേതാവേ, ജയിച്ചാലും!
മറ്റുള്ളോരങ്ങേക്കുറിച്ചെന്തു ചിന്തിച്ചാലെന്തു,
മുറ്റുമഗവർമ്മേണ്ടു മുതുകിൽത്തലോടവേ?
'ദേശാഭിമാന'മെന്ന പാഴ്പഞ്ചാക്ഷരിയോതി
ക്ലേശഭൂയിഷ്ഠമാകും ജീവിതം വരിക്കട്ടെ
വങ്കന്മാ; രവിടുന്നു രാജകീയാഡംബര-
സങ്കുലമാമീ മന്ത്രിസ്ഥാനം കൈവിട്ടീടൊല്ലേ!

വന്ദിപ്പിൻ ശ്രീകൂർമ്മാവെ! വന്ദിപ്പിൻ ശ്രീകൂർമ്മാവെ!
വന്ദിപ്പിനാരാധ്യനായുള്ളോർക്കുമാരാധ്യനെ!

രാജ്യത്തിൻ പ്രാതിനിധ്യം വഹിക്കും പുമാന്മാരെ-
പ്പൂജ്യനാമവിടുന്നു ദർശിക്കും മുഹൂർത്തത്തിൽ
അസ്തമിച്ചീടും തവ സാചിവ്യ;—മെന്നാലെന്തു
നിസ്ത്രപർക്കുണ്ടോ ശല്യം സ്വസ്ഥാനഭ്രംശത്തിലും?

കഷ്ടിച്ചോരാറു മാസം കാണാതെ കഴിക്കാര-
ദ്ദുഷ്ടരെ; യത്രത്തോളമായതാകട്ടെ, ശ്രീമൻ!
അപ്പുറ-മുദ്യോഗങ്ങളെത്രയോ ഗവർമ്മേണ്ടു
തൽഭക്തർക്കേകീടുവാൻ സൂക്ഷിച്ചുവെച്ചിട്ടില്ലേ?
ആയതിൽ മികച്ചുള്ളതങ്ങേയ്ക്കു നിസ്സന്ദേഹ-
മായത്തമാകുന്നതിലെന്തിനി പ്രതിബന്ധം?

വന്ദിപ്പിൻ ശ്രീകൂർമ്മാവെ! വന്ദിപ്പിൻ ശ്രീകൂർമ്മാവെ!
വന്ദിപ്പിൻ ഗവർമ്മേണ്ടുഭക്തരിലൊന്നാമനെ!

*(ഹാസ്യാഞ്ജലി, പുറം 26*
*സഞ്ജയൻ പുസ്തകം 2, ലക്കം 1, 1937 ഏപ്രിൽ 10, പുറം 7)*

# ഹാസ്യാഞ്ജലി 4

I

തപിച്ചു ഞാൻ ദു:ഖാഗ്നിയിൽ; കുളിച്ചു ഞാൻ കണ്ണുനീരിൽ
ജപിച്ചു ഞാൻ 'തുണ നീ'യെന്നാദ്യമന്ത്രത്തെ;
ഒരു മാത്ര ഭക്തിയോഗമുകുരത്തിൽത്തെളിയുന്ന
തിരുമുഖംപോലുമെനിക്കക്ഷിലക്ഷ്യമായ്!
തപിച്ചു ഞാൻ ജിജ്ഞാസയാൽ; കുളിച്ചു ഞാൻ ഗീതാംഭസ്സിൽ,
ജപിച്ചു ഞാൻ 'നീതാൻ ഞാനെ'ന്നന്ത്യ സത്യത്തെ:
ഒരുമാത്രബുദ്ധിയോഗപ്രസാദത്തിൽ പ്രകാശിക്കും
പൊരുളിൽ 'ഞാൻ നീ താനെ'ന്നു പ്രബുദ്ധനായ് ഞാൻ!

II

ഒരു മാത്ര;- മറുമാത്രയ്ക്കകമെന്റെ മൗനക്ഷേത്ര-
മൊരു ചിരിബ്ബോംബു വീണു ഛിന്നഭിന്നമായ്;
ഒരു കൊച്ചു വിദൂഷകനണഞ്ഞെന്റെ ജപമാല്യം
കുരുന്നുകൈകളാൽ പൊട്ടിച്ചെറി കയായി!
കൺമയക്കും തെളിമുല്ലപ്പൂപുഞ്ചിരിപ്പുതുമയിൽ-
നന്മധുമാധുര്യമൂറും കിളിക്കൊഞ്ചലിൽ-
വാസന്തച്ചെന്തളിർത്തൊത്തിൻ മൃദുശീതസ്പർശങ്ങളി-
ലാ സന്തോഷനിർഝരത്തിലൊഴുകിപ്പോയ് ഞാൻ!

III

തിരുമുമ്പിൽ വിടകൊൾവാനൊരുങ്ങവേ, യടിയന്റെ
പെരുവഴി മുടക്കുമിക്കിടാത്തനാരോ?.......
അകന്നുപോ, യകന്നുപോ, യകന്നുപോകുന്നു ഞാനെ-
ന്നകമലരച്ചേവടിപ്പൊടി തട്ടാതെ!

*(ഹാസ്യാഞ്ജലി, പുറം 27, സഞ്ജയൻ പുസ്തകം 2, ലക്കം 2, 1937 ഏപ്രിൽ 27, പുറം 33)*

# മുനിസിപ്പാൽ വോട്ടരോട്

(ആദ്യത്തെ വരിയുടെ മട്ടുതന്നെ)

നരനായിങ്ങിനെ ജനിച്ചുഭൂമിയിൽ
നരകവാർധിയി-ലതുപോട്ടെ:
മരണനാളോളമിനി ഞാൻ ചിന്തിച്ചാ-
ലരുതതു മാറ്റാൻ (ശിവശംഭോ!)

മലയാണ്മതന്നിലൊരുകാര്യം ചൊന്നാൽ
തലയിൽകേറാത്ത തമിഴൻതാൻ
മുനിസിപ്പാൽ കമ്മീ-ഷണരായ്ത്തീർന്നുള്ള
ദുനിയാവിൻ കോണിലിവനെന്നും
കഴിയേണമെന്നെൻ തലയോട്ടിലഞ്ചു-
ന്നെഴുതുവാനെന്തു പിഴചെയ്തു?

പശുവൃന്ദം ടൗണിൽപ്പലറോട്ടിൽത്തിങ്ങി
പ്പെരുകുന്നുണ്ടെന്നുമതുമൂലം,
പഥികർക്കുശല്യം പലതുണ്ടെന്നും ഞാൻ
പലവുരുചൊന്നേൻ പരമാർത്ഥം.

ഫലമെന്തു? കമ്മീ—ഷണരയ്യർക്കുണ്ടോ
മലയാളപ്പേച്ചു തിരിയുന്നു?
തമിഴിലോതുവാനിവനുണ്ടോ തെല്ലും
തമിഴുഭാഷയിൽ പരിചയം?

ഒരു ചോദ്യമെന്നാലിതിനെസ്സംബന്ധി-
ച്ചൊരുവൻ ചോദിപ്പാൻ തുനിയണ്ടേ?
അതുചെയ്‌വാൻ പോലുമരുതാപ്പുള്ളികൾ-
ക്കരുളൊല്ലേ വോട്ടൊന്നിനിമേലിൽ.

*(സഞ്ജയൻ പുസ്തകം 2, ലക്കം 2, 1937 ഏപ്രിൽ 27, പുറം 47)*

# പ്രാർത്ഥന

[ബാലപംക്തികളിൽ കുട്ടികൾക്കാവശ്യമുള്ളതും ദഹിക്കുന്നതുമായ വിഷയങ്ങളു എഴുതുന്നതിൽ പ്രത്യേകം വൈദഗ്ധ്യം നേടിയ കേരളത്തിലെ ചില കേൾവിപ്പ സാഹിത്യകാരന്മാർ ഒരുപക്ഷെ ഞങ്ങളുടെ അപേക്ഷയെ നിരസിച്ചേക്കുമെന്ന് പേടി അവരോട് ചോദിക്കാതെ ഞങ്ങൾ തന്നെ എഴുതിയുണ്ടാക്കിയത്.

സാഹിത്യ നായക

സൂര്യൻ, ചന്ദ്രൻ, മരം, പുല്ല്,
പക്ഷി, മത്സ്യം, നരൻ, നരി,
കൊതു, മൂട്ട, കവിക്കൂട്ടം
മുതലായവയൊക്കെയും,

പടച്ചുവിട്ട കൈയിന്റെ
കാലിണക്കു തൊഴുന്നു ഞാൻ;
ആ വെളിച്ചത്തെ ഞാൻ ബുദ്ധി-
ത്തിരികത്തിച്ചു നോക്കിടും! (യുഗ്മകം.)

കുന്നിക്കുരുവിലെപ്പോലെ
കുന്നിലും മറ്റു ദിക്കിലും
നിറഞ്ഞു നിന്നുമേവുന്ന
നിന്നെ ഞാനോർപ്പു ദൈവമേ!

ഞങ്ങളെബ്ബുദ്ധിമുട്ടിക്കാ-
നവതാരമെടുത്തതാം
ടെക്സ്റ്റ്ബുക്കു ചമയ്ക്കുന്ന
വിദ്വാൻമാർക്കു, കൃപാനിധേ!

സൽബുദ്ധി നൽകി നീതന്നെ
നേർവഴിക്കു നടത്തണേ!
ശിശുദ്രോഹം പാപമെന്ന
ബോധമുള്ളിലുണർത്തണേ! (യുഗ്മകം.)

*(സഞ്ജയൻ പുസ്തകം 2, ലക്കം 2, 1937 ഏപ്രിൽ 27, പുറം 56)*

# ഹാസ്യാഞ്ജലി 5

"ഇന്നു ഞാൻ തുറന്നോതുമെൻ നാഥനോ-
ടെന്നഭീപ്സിത, മെൻപരിദേവനം;
ആവതല്ലെനിക്കിന്നിമേൽ ശർക്കര-
പ്പാവു മൂടുമീ നഞ്ഞു വിഴുങ്ങുവാൻ."

എത്ര നാളായി നിദ്ര നീങ്ങിടുമ്പോ-
ളിതമോർക്കുന്നു ഞാൻ പുലർവേളയിൽ!
കോൾമയിർക്കൊണ്ടു കൺമിഴിച്ചീടവേ,
കാണ്മതെന്തു ഞാൻ, കേൾക്കുവതെന്തു ഞാൻ:

മാധവശ്രീ പുണർന്ന പൂവാടിതൻ
മാന്തളിർക്കരം മാടിവിളിക്കുന്നു;
കേവലാനന്ദമിഞ്ഞുതാനെന്നോതും
പൂവിതൾച്ചുണ്ടു മന്ദം വിടരുന്നു;
'സഞ്ജയനെന്തു വൈകുവാനെന്നൊരു
കൊഞ്ചലുറുന്നു പൂങ്കുയിൽക്കുകലിൽ;
'എങ്ങു പോയി നിൻ വൈരാഗ്യമെന്നൊരു
ഭൃംഗി വന്നു മുരളുന്നു കർണ്ണത്തിൽ.

എങ്ങിനെ തുറന്നോതേണ്ടു നാഥനോ-
ടെന്നഭീപ്സിത, മെൻപരിദേവനം?
ആവതല്ലെനിക്കിന്നു, ഹാ, ശർക്കര-
പ്പാവു മൂടുമീ നഞ്ഞു വിലക്കുവാൻ!!

*(ഹാസ്യാഞ്ജലി, പുറം 28, സഞ്ജയൻ പു.2, ല.3, 1937 മെയ് 14, പുറം 65)*

# നിസ്സങ്കോചം

[ശ്രീ: ചേലനാട്ട് അച്യുതമേനോൻ (ലണ്ടൻ) അവർകളോട് ക്ഷമാ പണം]

കത്തിപ്പുളയ്ക്കുന്ന നിന്നംഗലാവണ്യ-
മെത്തിക്കടന്നിതെൻ കണ്ണുകളിൽ;
ആയതു കണ്ണാൽക്കുടുകുടെ മോന്തുമ്പോ-
ളായതിലൊന്നാവാനായിത്തന്നെ
കോട്ടുവാ വിട്ടെന്റെയാശയുണരുന്നു-
ണ്ടൊട്ടൊട്ടാവേളയിലോമലാളേ!
എന്നകമൊട്ടും ചുളുങ്ങില; കാരണ-
മിന്നതെന്നോതുവാനാർക്കു ശക്യം?

തങ്കമേ! പൊന്നേ! വെൺമുത്തേ! യെന്നൊക്കെയാ-
ത്തങ്കം വെടിഞ്ഞു വിളിക്കുവാനായ്
ആശ തലപൊക്കു, മെന്നിട്ടെന്തയ്യോ? കൈ
കീശ തപ്പീടവേ നിശ്ശബ്ദൻ ഞാൻ!
(പോരെങ്കിലുക്കൻ ജലദോഷം ബാധിച്ചു
തീരെയെന്നൊച്ചയടച്ചിരിപ്പൂ.)
ബക്കിങ്ങാം പാലസ്സിൽ ചാടിക്കളിക്കുവാ-
നാർക്കു തരപ്പെടും കേരളത്തിൽ?

മുത്തപ്പൻ ദൈവത്തെപ്പൂജിക്കാം മദ്യത്താൽ;
മുത്തീടാം ചുണ്ടിണ ചുണ്ടിണയാൽ;
മാഹാത്മ്യം ബാക്കിയായ് വല്ലതുമുണ്ടെങ്കിൽ
മോഹാതിരേകത്താൽ കൈവരുത്താം.

എത്ര പഠിച്ചാലും വീണ്ടും പഠിയ്ക്കണ-
മത്ര; ഹാ, യൗവനം പോയ്പോകുന്നു;

എന്മാത്രം പോരുന്ന ധ്യാനമോ പാളീസ്സായ്;
ചുമ്മാ ഞാൻ കെട്ടുന്നു വിഡ്ഢിവേഷം!

കാവടികെട്ടിപ്പഴനിക്കു പോയെന്നാ-
ലിവൻകദനത്തിന്നറ്റമുണ്ടാം;
എന്നാലും--പൊന്മല കേറുന്ന നേരത്തും—
നിന്നോമൽപ്പൊന്മെയ്താൻ കാണുമീഞാൻ!

നെല്ലിക്കാവെള്ളത്താൽ, മറ്റൗഷധങ്ങളാൽ,
മെല്ലത്തണുത്തീടുമെൻതലയും;

അന്നു നിസ്സങ്കോചം നിൻകാൽ തിരുമ്മുവാ-
നച്ചന്റെ കാലാണേ, വന്നീടും ഞാൻ.

*(സഞ്ജയൻ പുസ്തകം 2, ലക്കം 3, 1937 മെയ് 14, പുറം 83)*

# *അമ്പിളിയമ്മാമൻ

അമ്പിളിയമ്പിളിയമ്മാമാ,
കമ്പിളി കമ്പിളി നിൻകാര്യം!
നിന്റെ കഷണ്ടിത്തലയിലിടാൻ
നല്ലൊരു തൊപ്പി നിനക്കില്ലാ;
നിന്റെ മുഖത്തെക്കരി പോക്കാൻ
നല്ലൊരു സോപ്പു നിനക്കില്ലാ;
വാശ്ശതുമൊന്നു പറഞ്ഞിടുവാൻ
വായിലെ നാവു നിനക്കില്ലാ;
'ഹരി'യെന്നക്ഷരമതുപോലും
ഹരി ഹരി, വശ്ശ നിനക്കെഴുതാൻ;
രാപ്പകലുലകം ചുറ്റീട്ടും
കാൽപ്പയിസക്കൊരു ഗതിയില്ലാ;
കാതം നൂറു നടന്നാലും
കാപ്പി കുടിക്കാൻ വകയില്ലാ;
ബ്ലീച്ചൊന്നെന്തോ പറ്റിയ നിൻ
പച്ചച്ചിരിയതു കാണുമ്പോൾ,
ഇന്ദുമുഖത്തൊരു പുഞ്ചിരിയു-
ണ്ടെന്നു ചിലർക്കൊരഭിപ്രായം;
ആയതു കള്ളവാണമ്മാമാ,
(മായം ചൊല്ലുന്നെന്തിനു ഞാൻ?)
അമ്മാമന്നൊരു ചിരിയതുള്ളാ-
നിമ്മഹിതന്നിലൊരാളില്ലാ;
എന്നാലും ഞാനമ്മാമനോ-
ടിന്നൊരു കാര്യമുരച്ചോട്ടെ;
നൂറായിരമായ് കാണുന്നു
കാറുകളെങ്ങും മാനത്തിൽ;
ആയതിലൊന്നെന്നമ്മാമ-
ന്നാദായത്തിലെടുത്തൂടേ?
വലിയൊരു പവ്വറൊടതിലേറി-
ട്ടുലകം ചുറ്റി നടന്നൂടേ?
പെട്രോളിന്നൊരു ചെലവില്ലാ:
ചെറ്റും നികുതി കൊടുക്കേണ്ടാ;

ആളുകൾ വഴി മാറാത്തതിനാ-
ലത്യാപത്തു ഭവിപ്പീലാ;
നമ്പരെടുത്തഥ കേസ്സാക്കാ-
നുമ്പർപ്പോലീസങ്ങില്ലാ!

*(ഹാസ്യാഞ്ജലി, പുറം 30, സഞ്ജയൻ പുസ്തകം 2, ലക്കം 3, 1937 മെയ്, പുറം 86)*

# ശുഭദർശി

ദുഃഖത്തിന്നുള്ളിലും കണ്ണുള്ളോൻ കാണേണം
സൗഖ്യത്തിൻവിത്തെന്നു പണ്ഡിതന്മാർ
പണ്ടൊക്കെച്ചൊൽവതു കേൾക്കുമ്പോളാശ്ചര്യം
പൂണ്ടു ഞാനോർക്കുകയായിരുന്നു:-
"എന്തൊരു നട്ടപ്പിരാന്താണിക്കൂട്ടർതൻ
പന്ഥാവിൽക്കൂടെ നടപ്പതായാൽ!
മയ്ക്കണ്ണിയാൾക്കു മലമ്പനി വന്നുപെ,-
ട്ടക്കാറുതോറ്റെഴും കുന്തളങ്ങൾ
ചിക്കെന്നുസർവ്വം കൊഴിയുകയാണെങ്കിൽ
തൽക്കാന്തനാശ്വാസം കൊള്ളേണംപോൽ—:
'അല്പം കുറവുണ്ടു ചന്തത്തി, നെന്നാലും
ചീർപ്പിനി വാങ്ങുവാൻ പോകേണ്ടല്ലോ!'
തച്ചുടൻ വല്ലോരും കാന്തന്റെ പല്ലുകൾ
മുച്ചൂടും താഴത്തുവീഴ്ത്തിക്കാൺകെ,
മോദിക്കാം പെണ്ണി,നുമിക്കരിക്കുണ്ടാകു-
മാദായമോർത്തെന്നോ? ഭംഗിയായി!

എന്തൊരുപൊങ്ങച്ച! മെന്തൊരുമാപാപം!
ഹന്ത! നാമല്പന്മാരാലോചിച്ചാൽ,
ആ മഹാപണ്ഡിതസൂക്തിതന്നുള്ളിലെ-
ബ്ഭീമമാം സത്തുണ്ടോ കണ്ടീടുന്നു?

ചൊല്ലിടാമിങ്ങൊരനുഭവം:—മഞ്ചാറു
കൊല്ലങ്ങളായിത്തുടർച്ചയായി,
പേപ്പറു, വാരിക, മാസിക, തൊട്ടെഴു-
മെപ്പേരിൻ സാഹിത്യനായകർക്കും,
ഗദ്യങ്ങൾ മാത്രമ, ല്ലത്യന്തദീർഘമാം
പദ്യങ്ങൾപോലും രചിച്ചുചെമ്മേ,
അക്ഷരം തമ്മിൽത്തൊടാതതിവൃത്തിയി-
ലച്ഛന്റെ തൂവലുകൊണ്ടുതന്നെ,
പാതിരാമണ്ണെണ്ണകത്തി,ച്ചെഴുതി ഞാ-
നാദരപൂർവ്വമയപ്പതെല്ലാം
അക്കൂട്ടരച്ചടിക്കാതെ മടക്കുന്ന-
തോർക്കുമ്പോഴുള്ളത്ര പൊള്ളിയാലും,
അന്നൊക്കെക്കാക്കക്കാലെന്നോതിപ്പുച്ഛിച്ച
ചിന്നമ്മു വന്നല്ലീ ചോദിക്കുന്നു:
"നോക്കട്ടെ! നോക്കട്ടെ! കയ്യെഴുത്തെത്രയും
ഷോക്കായിട്ടുണ്ടല്ലോ! നോക്കിക്കോട്ടെ!"

*(സഞ്ജയൻ പുസ്തകം 2, ലക്കം 3, 1937 മെയ് 14, പുറം 88)*

# ഹാസ്യാഞ്ജലി 6

കരിമ്പാറപ്പുറംപോലെ കിടക്കുന്ന വാനിടത്തി-
ലൊരു മന്ത്രഘോഷം കേൾപ്പൂ;—കാലഗർജ്ജനം!
ദുഷ്പ്രേക്ഷ്യമാം വെളിച്ചത്താലിരട്ടിച്ച കൂരിരുട്ടിൽ-
സ്സുപ്രതീക്ഷം സർവ്വംഹരൻ* ചിരിക്കയല്ലീ?

മരണമാണിജ്ജ്യോതിസ്സിന്നപരമാം പേരെന്നാലും
മടിച്ചിടാതതിന്നു ഞാനോതാം സ്വാഗതം!

വരണ്ട വേനലിലെത്ര പൊരിഞ്ഞു ഞാൻ ദിനംതോറും?
നരകത്തീക്കുഴി തന്നിലെത്ര നീറി ഞാൻ?
ദുരന്തമാം ചിന്തകളാ, ലനന്തമാമാശകളാൽ,
പുരുദുഃഖംപെടുമെത്രനാൾ കഴിച്ചു ഞാൻ?

ഇനിയുമൊരിറ്റുപോലും കരുണതൻ തെളിത്തണ്ണീർ
കനിയിപ്പാ-നിച്ചുടൊന്നു തണുപ്പിക്കുവാൻ—
'സമയമായില്ലപോലും! സമയമായില്ലപോലും!'
ക്ഷമ പോയ വഴികൂടിക്കാണ്മതില്ല ഞാൻ!

തിരുമേനി, തിരുമേനി, മരണമൊന്നൊഴിച്ചങ്ങേ-
ക്കരുണയ്ക്കൊരണി വേറിട്ടില്ലെന്നാവുകിൽ,
ഇരിക്കവേ ചിരിക്കുവാൻ ചരിക്കുമീ വിദൂഷകൻ
മരിക്കുവാനൊരുക്കംതാൻ—ഒരിക്കൽമാത്രം!!

*(ഹാസ്യാഞ്ജലി, പുറം 31, സഞ്ജയൻ പുസ്തകം 2, ലക്കം 4, 1937 മെയ് 28, പുറം 97)*

# മറ്റൊരു താരാട്ട്*

[പുതിയ ഭരണവ്യവസ്ഥക്കിടാവിനെത്തൊട്ടിലിൽക്കിടത്തി പാടുവാൻ വേണ്ടി]

ഓമനപ്പന്നിക്കിടാവോ?—നല്ല
കോമളക്കൊട്ടതൻ പൂവോ?

പാതിരക്കൂരിരുൾക്കൂത്തോ?—ചേറിൽ-
പ്പാതി മറഞ്ഞുള്ള പോത്തോ?

കുറ്റനാം മണ്‍ഡലിപ്പാമ്പോ?—തിന്നാ-
ലേറ്റം ചൊറിയുന്ന ചേമ്പോ?

പാഴുറ്റോട്ടക്കലമോ?—പെരി—
ച്ചാഴി തുരന്ന വിലമോ?

കാലക്കുസൃതിക്കുടുക്കോ—കാള-
കാലദോഷത്തിൻ മിടുക്കോ!

പൊട്ടക്കുളത്തിലെച്ചേറോ?—തരം-
കെട്ടുള്ള ചങ്ങാതിക്കൂറോ?

വോട്ടുപിടിയന്റെ കാറോ--ക്ഷേത്ര-
ക്കൊട്ടിലിൽക്കിട്ടുന്ന ചോറോ?

ഓട്ടുപാത്രത്തിലെത്തൈരോ?—സന്ധ്യ-
യ്ക്കൂട്ടുപുരയിലെ മോരോ?

ആവണക്കെണ്ണക്കുഴമ്പോ?—മിസ്റ്റിക്-
കാവ്യമുള്ളതൻ കഴമ്പോ?

ആർക്കും ലഭിക്കാത്ത വോട്ടോ?—വിഷാ-
ദാത്മകന്മാരുടെ പാട്ടോ?

സാൾട്ടുശിപായിതൻ കോട്ടോ?—ദോബി-
യൊട്ടുക്കു കീറിയ ഷർട്ടോ?

ആരും തുറക്കുന്ന പൂട്ടോ?—നാലു-
വാരം പഴകിയ പിട്ടോ?

കാലിത്തൊഴുത്തിലെക്കുണ്ടോ?—നല്ല
കാഞ്ഞിരക്കായതൻ തൊണ്ടോ?

---

* സഞ്ജയന്റെ ബാലപംക്തിയിൽ കൊടുത്ത കവിത.

ചാട്ടം പിഴച്ച കുരങ്ങോ?—കാലിൽ-
കെട്ടിക്കിടക്കും വിലങ്ങോ?

•    •    •

എന്തെല്ലാ, മെന്തെല്ലാം ചൊല്ലാ—മിതഃ;-
മെന്നാലതിന്നിടമില്ലാ

*(ഹാസ്യാഞ്ജലി, പുറം 33, സഞ്ജയൻ പുസ്തകം 2, ലക്കം 4, 1937 മെയ് 24, പുറം 97)*

–

# താക്കീത്

‘ആന പോകുന്ന പൂമരത്തിന്റെ
ചോടെ പോകുന്നതാരെടാ?
ആരെന്നാകിലുമൊന്നുഞാനിപ്പോൾ
ചേരുന്ന മട്ടിൽ ചൊന്നേക്കാം:
ഇപ്പേനത്തുമ്പിന്നില്ലാ കുത്തുവാൻ
താല്പര്യ;—മതു സത്യം താൻ.
ആയതു ലാക്കായ് കണ്ടു തോന്ന്യാസ-
മാരുമേറെയായ് കാട്ടൊല്ലേ!
ശാന്തനെക്കണ്ടാൽ പച്ചപ്പയ്യെന്ന
ഭ്രാന്താർക്കും വന്നുപോകൊല്ലേ!
തഞ്ചമുണ്ടെന്നു കണ്ടുഷസ്സോളം
തസ്കരവൃത്തി ചെയ്യൊല്ലേ!
ആനയെപ്പശുവെന്നു ചിന്തിച്ചാ-
ലായതിലുണ്ടേ വൈഷമ്യം!
ഇപ്പെട്രോൾ ടാങ്കിലേന്തിനോക്കുമ്പോൾ
തീപ്പെട്ടിക്കോലുരയ്ക്കൊല്ലേ!
ഒന്നുമുന്നോട്ടു നീങ്ങിയാൽപ്പിന്നെ-
പ്പിന്നോക്കമില്ലെന്നോർക്കണേ!
തൊപ്പി പറ്റുവോർക്കെല്ലാർക്കും കൂടി-
ട്ടൊപ്പം തീർത്തുഞാനിക്കൃതി.
നിങ്ങൾക്കില്ലേതുമിന്നിതിലെന്നാൽ,
നിങ്ങൾക്കില്ലേതുമിന്നിതിൽ!

*(സഞ്ജയൻ പുസ്തകം 2, ലക്കം 4, 1937 മെയ് 24, പുറം 116)*

# രാധ തോഴിയോട്

[തന്റെ അനുരാഗകഥയെപ്പറ്റി രാധ-ഗോകുലത്തിലെ രാധ-മനസ്സിൽ വിചാരിച്ചതും തോഴിയോടു പറഞ്ഞതുമൊക്കെ നമ്മുടെ യുവകവികൾ യാതൊന്നും ബാക്കിവെക്കാതെ പരസ്യമായി പറഞ്ഞുതീർത്തിരിക്കുന്നുവെന്ന് ഒരാളീയിടെ പറയുകയുണ്ടായി. മുഴുവൻ തീർന്നിട്ടില്ലെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്.]

അനുരാഗമെന്തെന്നറിയില്ലാ ഞാനെ,-
ന്നനുഭവംമാത്രം പറഞ്ഞിടാം, തോഴീ.
പടി കടന്നവനടുത്തിടുന്നേരം
പകലിനു തെളിവധികം കാൺമൂ ഞാൻ;
അടുത്തു ചെല്ലുവാനവൻ വിളിയ്ക്കുകി-
ലരുതെനിക്കൊരു പദമിളക്കുവാൻ;
'കവിഞ്ഞ വാക്കെതാൻ പറഞ്ഞുവോ ഞാനെ'-
ന്നവൻ പുരുശോകം കലർന്നു ചോദിക്കെ,
നിഷേധവാക്കുകൾ തുരുതുരെപ്പൊങ്ങി
നിറഞ്ഞുവിങ്ങുമെൻ ഹൃദയമെങ്കിലും,
വരണ്ട തൊണ്ട വിട്ടവ പുറത്തേക്കു
വരുന്നീ,ലെന്തൊരു ചതിയിതെൻതോഴീ?
കരതലമവൻ തൊടുന്ന നേരത്തു
തരിച്ചുനില്ക്കുമെൻ സിരകളിലൂടെ
ഒരു മിന്നൽപ്പിണരുണർന്നു പാഞ്ഞെത്തും
കരളിലേ,യ്ക്കെന്തു മഹാത്ഭുതം തോഴീ?
അവനെക്കാണുവാനുഴറും കണ്ണുക-
ളവന്റെ നോട്ടത്തിൽപ്പതറിമാറുന്നു;
മനമിടിഞ്ഞവൻ മടങ്ങിപ്പോകവേ
മദീയമാനസം മയങ്ങിമാഴ്കുന്നു;
പടികടന്നവൻ മറയുമ്പോൾ, തോഴീ,
പകലൊളി മങ്ങിയിരുണ്ടുപോകുന്നു;
അനുരാഗമെന്തെന്നറികയി,ല്ലെന്റെ
യനുഭവംമാത്രം പറഞ്ഞു ഞാൻ തോഴീ.

• • •

കളിവചനം ഞാനുരച്ചു, തോഴീ, നീ
വെളിയ്ക്കിതാരോടും പറഞ്ഞുപോകല്ലേ!
ധരിയ്ക്ക ദൈവത്താ, ണെനിയ്ക്കൊരാളോടും
തരിമ്പുമില്ലുള്ളിൽ പ്രണയമെൻ, തോഴീ!

*(ഹാസ്യാഞ്ജലി, പുറം 34, സഞ്ജയൻ പുസ്തകം 2, ലക്കം 4, 1937 മെയ് 24, പുറം 123)*

# കേഴമാൻകണ്ണാൾക്കുവേണ്ടി

'മഗ്ദലനമറിയ'ത്തിൽ നായികയായ മറിയത്തിന്റെ പേര് ഒരേടത്തും കാണപ്പെടുന്നില്ലെന്നുള്ള ചിലരുടെ ആക്ഷേപത്തെ പരിഹരിയ്ക്കുവാനായി ആകൃതിയുടെ പുതിയ പതിപ്പിൽ,

"കേഴുക, കേഴുക, കേഴമാൻകണ്ണാളേ,
കേഴുവോർക്കാശ്വാസമേകും ദൈവം"

എന്നുള്ള മനോഹരവരികളെ,

"കേഴുക, കേഴുക, കന്യാമറിയമേ!
കേഴുവോർക്കാശ്വാസമേകും ദൈവം"

എന്നു മഹാകവി വള്ളത്തോൾ മാറ്റിയിരിക്കുന്നതായി ഒരാൾ ഈയിടെ ഇതെഴുതുന്ന ആളോടു പറഞ്ഞു. ഇതു വാസ്തവമാണോ എന്നറിയുന്നില്ല. ആണെങ്കിൽ താഴെ ചേർക്കുന്ന വരികളെ അതിനെക്കുറിച്ചുള്ള പ്രതിഷേധമായും, അല്ലെങ്കിൽ മേലിൽ അത്തരമൊരു സാഹസം ചെയ്യരുതേ എന്നുള്ള അപേക്ഷയായും കരുതേണ്ടതാണ്.

കേഴുക, കേഴുക, കൈരളി! നമ്മുടെ
കേഴമാൻകണ്ണാളെക്കുസലെന്യേ
കന്യാമറിയമായ് മാറ്റിപോൽ വള്ളത്തോ-
ളന്യായമെന്തിതിൻ മീതെയുള്ളൂ!
നായികതൻപേരക്കാവ്യത്തിലില്ലപോൽ,
വായനക്കാർക്കതു ദുസ്സഹംപോൽ!
പോരയോ തോന്ന്യാസം? നായികതന്നുടെ
പേരാണക്കാവ്യത്തിൻ പേരുതന്നെ!
ചേരുന്നു ചട്ടപ്പുറത്തതു; പോരെങ്കി,-
ലോരോരോ പെയ്ജിലുമാദ്യമായി!
"നീരലർക്കണ്ണിണ തൂകുന്ന ബാഷ്പത്താ"-
ലാരെയും കോൾമയിർക്കൊള്ളിച്ചേറ്റം
കേഴുന്ന കേഴമാൻകണ്ണാളെയേതൊരു-
പാഴുറ്റ നാവോതി മാറ്റിനിർത്താൻ?
വേറൊരു കേഴമാൻകണ്ണാളെയാ വാർപ്പിൽ-
നൂറാണ്ടിനിയങ്ങു ജീവിച്ചാലും-
സൃഷ്ടിപ്പാനാവില്ലെന്നമ്മാമനെന്നത,-
ണിഷ്ടക്കേടായാലും, ചൊന്നേ തീരൂ.
അല്ലെങ്കിൽ-പേരില്ലാതൊക്കുകയില്ലെങ്കിൽ-
ത്തെല്ലൊന്നു ബുദ്ധിമുട്ടീട്ടെന്നാലും
"പാറപ്പുറത്തൊരു ചന്തമേറും പനി-

നിരലരുണ്ടായ" ദിക്കിലെങ്ങാൻ
നാലു വരികളെൻ കേരള വാല്മീകി-
ക്കാലസ്യമായ്പ്പോയോ കൂട്ടിച്ചേർപ്പാൻ?
ഹിറാസ്സാണെങ്കിലും, ഗാഥാവരികളീ-
'പാറപ്പുറം' കൂടിത്തീർക്കുന്നില്ലേ?

*(ഹാസ്യാഞ്ജലി, പുറം 36, സഞ്ജയൻ പുസ്തകം 2, ലക്കം 5, 1937 ജൂൺ, പുറം 133)*

# മിഥ്യാടോപം

[എട്ടുവരിക്കവിതക്കാരോടു മാപ്പ്]

കടലിളക്കം-മിഥുനമാസത്തിലെ
ക്കടലിളക്കം-ഭയാവഹം കേൾപ്പു ഞാൻ:
അലറിയാഞ്ഞടുത്തായിരം കൈകളാ-
ലവനി തല്ലിത്തകർക്കുന്നു വാരിധി!

ചലമതേ! പോരുമിമ്മഹാസാഹസം!
നിലമറന്നു തിമർക്കായ്ക നീ വൃഥാ:
അടിയുറച്ച ധരിത്രിതൻ ഫാലക-
പ്പൊടിവിയർപ്പു നീ ശാസ്ത്രജ്ഞദൃഷ്ടിയിൽ!!

*(ഹാസ്യാഞ്ജലി, പുറം 38, സഞ്ജയൻ പുസ്തകം 2, ലക്കം 5, 1937 ജൂൺ 15, പുറം 134)*

# ആമത്ക്കാ പാടുന്നു

(സുപ്രസിദ്ധരീതി)

ഏറിയമാന്യരുമങ്ങിനെതന്നെ പെരുത്തുപഠിപ്പോടുപുതുവിധമട്ടുകൂട്ടിച്ചേർന്നു വിരിഞ്ഞുവിളങ്ങിന മുല്ലകൾപോലെ തെളിഞ്ഞുനിരന്നൊരു പെൺകൊടിസംഘവുമൊത്തണി ചേർന്നതിമംഗികലർന്നിടുമിസ്ലത്തെന്നുമ്കരളുകുളിർക്കുംമാറൊരുപാട്ടിനുവേണ്ടിയവാസനബുദ്ധിപഠിപ്പിവയാമ്നിന്നു കുറച്ചൊരു കമ്മിയതെങ്കിലുമാവതുപോലറിയുന്നതു ചെയ്വതിനാരുടെ ശീട്ടും വാങ്ങണമെന്നില്ലാ-

ആരുടെ മുഖവുമൊരിത്തിരിപോലും നോക്കണമെന്നില്ലാ-

പിഴ വന്നാലതു സാരവുമില്ലാ!

ആരെന്തുലാട്ടെന്നൊരുമനിയനെ നമ്മളെനാട്ടിലെ നികുതികൊടുത്തുമുടിഞ്ഞുതുലഞ്ഞു ഹലാക്കുപിടിച്ചു ചിരട്ടയെടുത്തുനടക്കാറായ കുടുത്തംകെട്ടൊരു ജന്മികളാകിയ കൂട്ടക്കാരൊരുമിച്ചുകടന്നുപിടിച്ചൊരു തള്ളുതള്ളിയയച്ചീലേ?

മേപ്പടിയാനൊരു മന്തിരി തന്റെ കസാലയിലിന്ദ്രജാലമൊരഞ്ചെട്ടെണ്ണതു കാണിച്ചേറിയ തൊന്തിരവാക്കിയിരുന്നീലേ?-

പണി പറ്റീലേ?

ആയതുപോട്ടതിനപ്പുറമുള്ളൊരു കാരിയമെന്തന്നുള്ളതു നിങ്ങളിലെരുംതന്നെയിതേവരെയേതുമറിഞ്ഞീലേ?

കടലാസ്സുകളിലതൊന്നുംതന്നെ പറഞ്ഞീലേ?

കൊള്ളരുതാതുള്ളിബിലിസിങ്ങളെ നമ്മളെജില്ലാബോർഡിലിനിക്കാണ്കാണരുതൊരുവനുമെന്നു നിനച്ചേ-പുതിയൊരു ബോർഡിനു ചേർന്നവരാകിയ മെമ്പന്മാരെയകത്തുകടത്തിയിരുത്തീലേ?

നാട്ടിനുവേണ്ടതു ചെയ്വതിനവരുമൊരുങ്ങീലേ?

മേപ്പടി പാലാട്ടവർകളുമങ്ങിനെ മന്തിരിയെന്നൊരു പട്ടംകെട്ടിയിരിപ്പവരാകിയ മറ്റുള്ളവരും കൂടിയിരുന്നു വിചാരിച്ചതിലൊരു കൊസ്രാക്കൊള്ളിവലിച്ചിടുവാനൊരു കള്ളത്തന്ത്രമെടുത്തീലേ?

നമ്മുടെ ബോർഡിനെ തോന്നിയപോലവർ രണ്ടായ് കണ്ടിച്ചോരോകണ്ടം ബോർഡിനെ നോക്കാനിക്കണ്ടാളുകൾ മതിയാകില്ലെന്നൊരുവഴികണ്ടുപിടിച്ചതിനപ്പുറമവരുടെ ചൊല്പടികേട്ടു നടപ്പാനൊരു മടിയില്ലാതുള്ളൊരുമിസ്കീന്മാരെയടുത്തുവിളിച്ചുടനുന്തിത്തള്ളിയകത്തുകടത്തിക്കൂലുമാലക്കാൻ വളയും കെട്ടിയിറങ്ങീലേ?

വായിലെ വറ്റതു പള്ളയിലെത്താതങ്ങിനെ വഴിയിൽ തൊള്ളയിലെത്തി വിലങ്ങിയലേ?

ചോറു ബെയിച്ചു നടക്കും ലോഹരിലൊരുവനുമില്ലിതിനിന്നു ജബാബും ചെയ്‌വതിനായിട്ടിങ്ങെന്നുള്ളൊരു കാലംവന്നേ!-

ഞാനമ്പോകുന്നേ!!

*(സഞ്ജയൻ പുസ്തകം 2, ലക്കം 5, 1937 ജൂൺ 15, പുറം 156. ഇതിന്റെ ബാക്കിഭാഗം പുസ്തകം 2, ലക്കം 7, 1937 ജൂലായ് 16, പുറം 213ൽ കാണുക.)*

# ബോർഡ് വിഭജിക്കുമത്രെ

അടുത്തുപോൽ വിഭജന-മധികാരപ്രമത്തത-
യ്ക്കനീതിയിൽജ്ജനിച്ചുള്ള ദുഷ്ടസന്താനം!
ഉണരുവി! നെഴുന്നേല്പിൻ! വിലപ്പെട്ടുനില്ക്കുവതി-
ന്നുയിരെക്കാളാണുങ്ങൾക്കു മാനമല്ലയോ?
അവർക്കുതോന്നിയപോലെ ഭരണത്തെദ്ദുഷിപ്പിക്കാ-
നവർക്കു തോന്നിയപോലെ കാര്യം നേടുവാൻ-
അവരുടെ ധിക്കാരംതാൻ നടക്കുമിന്നാട്ടിലെന്നു-
ള്ളവമതി വീണ്ടും നമുക്കെത്തിച്ചീടുവാൻ-
ജനപ്രതിനിധികൾതന്നഭിപ്രായം വകവെക്കാ-
തനർഹമാം പദങ്ങളിൽ തെളിഞ്ഞിരിപ്പോർ:
അവരുടെ കുതന്ത്രമി,തവരുടെ തോന്ന്യവാസ,-
മതിന്നു നാമൊരുനാളും വഴിപ്പെടൊല്ലേ!
ഉണരുവിനെഴുന്നേല്പിൻ! പ്രയത്നിപ്പിൻ! പ്രധാനമി-
ന്നുയിരെക്കാളാണുങ്ങൾക്കു മാനമല്ലയോ?
അവരുടെ ഹിതംപോലെ കൈ പൊക്കുവാനൊരുങ്ങുന്ന
ശവതുല്യജന്തുക്കളെബ്ബോർഡിനുള്ളിലും
കടത്തുവാ-നിരുത്തുവാൻ-നിയോഗിപ്പാ-നവർമൂലം
നടത്തുവാൻ സ്വേച്ഛപോലെ കാര്യമൊക്കെയും.
ഒരുങ്ങുന്നുപോലുമവ;-രിതിന്നൊരുത്തരം നല്കാൻ
പരന്നുള്ള മലനാട്ടിലാണില്ലാതായോ?
അടുത്തുപോയ് വിഭജന!-മധികാരപ്രമത്തത-
യ്ക്കനീതിയിൽജ്ജനിച്ചുള്ള ദുഷ്ടസന്താനം!
ഉണരുവി! നെഴുന്നേല്പിൻ! സോദരരേ! ഗണിയ്ക്കേണ്ട-
തുയിരെക്കാളാണുങ്ങൾ നാം മാനമല്ലയോ?*

*(ഹാസ്യാഞ്ജലി, പുറം 39, സഞ്ജയൻ പുസ്തകം 2, ലക്കം 5, 1937 ജൂൺ 5, പുറം 158)*

# ഹാസ്യാഞ്ജലി 7

കരകാണാക്കണ്ണീർക്കരിങ്കടലി-
ലൊരു ചിരിത്തോണിയിറക്കുവാനായ്
മുതിരും ഞാൻ, നട്ടുഭ്രാന്തെന്നു ലോകം
മുഴുവൻ പഴിച്ചാലും കൂസലെന്യേ!

കടലെന്തോ ദുസ്വപ്നം കണ്ടപോലി-
ങ്ങുടനുടൻ ഞെട്ടി ഞരങ്ങിയാലും,
നിഴലില്ലാദ്ദീപ്തി വമിച്ചുവാനം
മിഴിയിണയ്ക്കാന്ധ്യം വരുത്തിയാലും,
കരളിൽ പ്രതിധ്വനി പൊങ്ങുമാറാ-
ക്കരിമേഘം വാവിട്ടലറിയാലും,
ചുഴലിക്കാറ്റൂഴിതൻ കാൽ പിടിച്ച-
ങ്ങുയരെച്ചുഴറ്റിയെറിഞ്ഞെന്നാലും,
പ്രളയപയോദങ്ങളൊത്തുകൂടി-
പ്പെരുമാരി കോരിച്ചൊരിഞ്ഞെന്നാലും,

കരകാണാക്കണ്ണീർക്കരിങ്കടലി-
ലൊരു ചിരിത്തോണിയിറക്കുവാനായ്
അമരത്തെൻ തമ്പുരാൻ വാഴുവോള-
മടിയന്നുപേടി തരിമ്പുമില്ല.

*(ഹാസ്യാഞ്ജലി. പുറം 40, സഞ്ജയൻ പുസ്തകം 2, ലക്കം 6, 1937 ജൂൺ 29, പുറം 161)*

## തൽകാലമന്ത്രിയും ഇൻസ്റ്റാൾമെന്റടവും

### ഒരു കാർ വില്പനക്കഥ

സൂട്ടും, ഷൈപ്പാവും, കാഴ്ചയിലേതാളു-
മൊട്ടൊന്നു മാനിക്കും നോട്ടവുമായ്,
'ഷോറൂ'മിലേക്കു കടന്നുചെന്നദ്ദേഹം
കാറുകളോരോന്നും നോക്കിനോക്കി.
രണ്ടുമണിക്കൂറു കൊണ്ടു തനിക്കേതു
വേണ്ടുന്നതെന്നതു തീർച്ചയാക്കി.
'അഞ്ചാണ്ടുകൊണ്ടട'വെന്നോതി മാനേജർ
പുഞ്ചിരിയാ'ലെസ്സും' മൂളി മൂപ്പൻ.
ഫോറവും കൈയിലെടുത്തുകൊണ്ടേജണ്ടു
'സാറിന്റെ പേരെന്തെ?'ന്നന്വേഷിച്ചു.
ഉത്തരം കേട്ടതു, 'മൂദ്യോഗ?'മെന്നുള്ളൊ-
രർത്ഥത്തിലൊന്നയാൾ കണ്ണയച്ചു.
'തല്ക്കാലമന്ത്രി'യെന്നോതേണ്ടതാമസ-
മാക്കേമെൻ സായിപ്പു കൈമലർത്തി.-
"സോറി ഞാൻ സോ സോറി; യങ്ങിനെയാണെങ്കിൽ
ക്കാറിൻവില റൊക്കം തന്നിടേണം!

*(സഞ്ജയൻ പുസ്തകം 2, ലക്കം 6, 1937 ജൂൺ 29, പുറം 171)*

# അവളുടെ ശങ്ക

"ഭരണം മാറിപ്പോയ്! ഭരണം മാറിപ്പോയ്!
ഭാരതക്ഷോണിതൻ ശനി കഴിഞ്ഞുപോയ്!
ഇനിയുള്ള കാലം ബുധദശയെന്നാ-
യിതിലറിവുള്ളോരെഴുതിക്കാണുന്നു."

(പറഞ്ഞു ഞാനിതെൻ പ്രിയതമയോടായ്
പടിഞ്ഞാറൻമാനത്തെളിവു മങ്ങവേ;
പനിമതിപ്രഭ പരക്കവേ പാരിൽ,
പറഞ്ഞു പിന്നെയും പ്രമോദപൂർവ്വം ഞാൻ:)
"ഇടക്കാലമന്ത്രിപ്പടപ്പുകളെല്ലാം
പടി കടന്നുപോയ്--(നട, നടോ, നട!)
കടന്നുപോകട്ടെ കബന്ധരിന്നോളം
കിടച്ചതൊക്കെയുമവർക്കു കല്യാണം!

"ഗവർണ്ണരെന്തൊന്നരുളിച്ചെയ്താലും
ജവാൻ ശരിവെപ്പോരധികമില്ലിനി;
അടിമത്തം വയ്യെന്നുരച്ചുപോയെങ്കി-
ലടിച്ചു പല്ലാരും കൊഴിക്കയില്ലിനി;
സ്വരാജ്യലബ്ധിക്കായുഴറുവോർക്കാരു-
'മരുതുമോരെ'ന്നു വിലക്കുകില്ലിനി—"

ഉടനവളെന്നെത്തടഞ്ഞു;—മർത്ത്യനെ-
ത്തടയുവോളല്ലോ കിളിമൊഴിയെന്നും!
"പറവതിന്നിട,യ്ക്കൊരു ചെറുശങ്ക-
പരിഭവിക്കൊല്ലേ!—പരിഹസിക്കുമോ?—
മുരിക്കിന്മേൽനിന്നീ മഹാവിരുതന്മാർ
മുറയ്ക്കിനിച്ചക്ക പറിക്കുമോ കാന്ത?"

*(ഹാസ്യാഞ്ജലി, പുറം 41, സഞ്ജയൻ പുസ്തകം 2, ലക്കം 7, 1937 ജൂലായ് 16, പുറം 193)*

# കൊമ്പൊടിഞ്ഞ മുറം

ദതൻപൊടിഞ്ഞ മൊഴിമാർ കരങ്ങളാ-
ലൻപൊടാഞ്ഞു തഴുകുമ്പൊളല്ലയോ
കൊമ്പൊടിഞ്ഞു നിപതിച്ചു നീ!-യക-
ക്കാമ്പിടിഞ്ഞു, മുറമേ, തപിപ്പു ഞാൻ!

കൂട്ടിമാൻമിഴികളാത്മകാന്തരേ-
ക്കാട്ടിലും 'ചതുരനെന്നിതേവരെ
സ്പഷ്ടമെണ്ണിയ നിനക്കു വന്നൊരി-
ട്ടിഷ്ടദോഷമതിമാത്രദുസ്സഹം!

പന്തണിസ്തനഭരം കുലുക്കിയും,
ചന്തമുള്ള വിരൽകൊണ്ടു തട്ടിയും,
ദന്തിയാനകളെടുത്തു ചേറുമോ
ഹന്ത! നിന്നെയിനിമേൽ സുഹൃന്മണേ?

കാപ്പുതമ്മിലിടയുന്ന താളമോ-
ടൊപ്പമന്നു പലപാട്ടു പാടി നീ;
ഇപ്പൊളായവ മനംതപിക്കുമാ-
റോർപ്പതെന്നി ഗതിയുള്ളതെന്തുവാൻ?

അമ്മനോഹരദിനങ്ങളൊക്കെയും
മന്ത്യുറോത്തമ! മറഞ്ഞുമാഞ്ഞുപോയ്!
ജന്മികൾക്കു വിധിയേവമാണു ഹാ!
സമ്മതിച്ചു; തതിൽ മാഴ്കിടായ്ക നീ!

നെല്ലുകല്ലിവ തരംതിരിക്കുവാൻ
നല്ല വൈദുഷി കലർന്നൊരങ്ങയെ
ചൊല്ലെഴുന്ന മമ 'മുത്തി' വിസ്മരി-
ക്കില്ലതോർത്തു ചെറുതാശ്വസിക്കുക!

*(സഞ്ജയൻ പുസ്തകം 2, ലക്കം 7, 1937 ജൂലായ് 16, പുറം 196)*

# എന്റെ കുട!

['എന്റെ അമ്മ' എന്ന സരസകൃതിയുടെ കർത്താവിനോട് ക്ഷമാപണം]

ആരെന്റെ രോമമില്ലാത്ത
മണ്ടമാന്തിപ്പൊളിക്കുവാൻ
കരം നീട്ടുന്ന സൂര്യന്റെ
സാഹസത്തെത്തടുപ്പവൻ?

എന്റെ കുട!

മാരികോരിച്ചൊരിഞ്ഞീടും
നേരത്താഹ്ലാദപൂർവ്വകം
ഭാര്യവീട്ടിലണഞ്ഞീടാ-
നാരെന്നെശ്ശക്തനാക്കുവോൻ?

എന്റെ കുട!

നായ്ക്കൾകണ്ടുകുരച്ചെന്നെ-
ക്കടികൂട്ടാനൊരുങ്ങവെ
വടിയായ്ത്തീർന്നു പെട്ടെന്നെൻ
തടികാക്കും മിടുക്കനാർ?

എന്റെ കുട!

കടൽപ്പുറത്തു ഞാൻ ചെന്നു
കാറ്റുകൊള്ളുന്ന വേളയിൽ
എനിക്കിരിപ്പാൻ നൽകുന്നോ-
രൗദാര്യത്തിൻ കുടുക്കയാർ?

എന്റെ കുട!

മന്ത്രിതൻ വരവുംകാത്തു
പ്ലാറ്റുഫോറത്തിൽ നില്ക്കവേ
ഉറക്കുതൂക്കിച്ചായുന്നോ-
രെന്നെത്താങ്ങീടുമിഷ്ടനാർ?

എന്റെ കുട!

ഇന്നീഷ്യൽ തുന്നുവാനെന്റെ
ഭൈമിക്കുള്ളൊരു പാടവം
നാട്ടിൽപ്പരത്തിയെൻ കീർത്തി
കൂട്ടാൻ നോക്കുന്ന ബന്ധുവാർ?

എന്റെ കുട!

ആപ്പീസ്സു വിട്ടുപോരുമ്പോൾ
വെണ്ടക്ക, കറിവേപ്പില,
പടോലങ്ങളിത്യാദി
ഒസും സിപ്പായിയാരുവാൻ?

എന്റെ കുട!

മുൻസിപ്പാൽ പാർക്കിലന്നന്നു
വിരിയും നല്ല പൂക്കളെ
ആരും കാണാതെ വീടെത്തി-
ച്ചാരെൻ കാന്തക്കു നൽകുവോൻ?

എന്റെ കുടയോ, കുട!

*(സഞ്ജയൻ പുസ്തകം 2, ലക്കം 7, 1937 ജൂലായ് 16, പുറം 201)*

# ആമത്ക്കാ പാടുന്നു (രണ്ട്)

കർക്കടകപ്പെരുമാരിചൊരിഞ്ഞുല-
കൊക്കെയുമിന്നു കുളിക്കുന്നേ!
നമ്മളെനാട്ടിലെ രണ്ടത്താണി-
ങ്ങണ്ടുവലിപ്പതിനിനിമേൽ നമ്മളു-
മൊരുകൈ കൂട്ടാനിടവന്നെന്നൊരു
ബഹുസുഖവാർത്ത പരന്നു, പറന്നു കളിക്കുന്നേ!
മഞ്ഞിൽവിരിഞ്ഞൊരു മുല്ല കണക്കുട-
നകമലരൊന്നു കുളിർക്കുന്നേ!
ഏറിയനാളായ് വാടിമയങ്ങിയൊ-
രാശയതാകിയ മുന്തിരിവള്ളി തളിർക്കുന്നേ!
വാക്കിൻ പറയാനെളുതല്ലാത്തൊരു
തെളിമകിടന്നു പുളയ്ക്കുന്നേ!

കരളിൽച്ചോരയുഷാറുകലർന്നു തിളയ്ക്കുന്നേ!

താടിനരച്ചു വെളുത്തുചമഞ്ഞു-
ള്ളാമത് പേരും പെരുമയുമറിവും
പെരുകിയ നിങ്ങളെ സമ്മതമോടൊരു
കാരിയമിന്നു പറഞ്ഞോട്ടെ!
പൊരുളതിലൊരുതരിയുണ്ടെന്നാലതു
മാന്യജനങ്ങളറിഞ്ഞോട്ടെ!

'ഇസ്ലാ'മെന്നാലടിപിടിയല്ലതു,
കശപിശയല്ലതു, വെട്ടും തട്ടും,
തല്ലും തടവും, കുത്തും കൊലയും,
ചോരചൊരിച്ചലുമല്ലതു,
നേരെമറിച്ചു, റസൂലരുളീടിന
ശാന്തിതികഞ്ഞൊരു മന്ത്രമെന്നതു
മുസലീമിങ്ങളുമവരൊടുകൂടി-
പ്പട്ടിണിയിട്ടു വലഞ്ഞുവരുന്നൊരു
ഹിന്തുജനങ്ങളുമറിവതിനിനിയും
താമസമാക്കല്ലേ!

തമ്മിലിണങ്ങിക്കഴിവതിലപ്പുറ-
മില്ലൊരു നന്മ നമുക്കിനിയെന്നു മറക്കല്ലേ!

ഇതിലൊരു ഗുലുമാലുണ്ടാക്കുന്നതി-
നാരും കൊണ്ടുപിടിക്കല്ലേ!

കടിപിടികൂട്ടുവതിന്നു മികച്ചൊരു
വാസനയേറിയ ചെയ്ത്താന്മാരുടെ
ചക്കരവാക്കുകൾ കേട്ടു ഹലാക്കി-
ലൊരുത്തനുമിനിമേൽച്ചാടുവതിന്നു കുതിക്കല്ലേ!

അപ്പണിയാർക്കുമൊരിക്കലുമെങ്ങിനെയാകിലു
മിത്തിരിപോലും ചൊവ്വല്ലേ!
ആവഴി പോയിച്ചാവല്ലേ!

*(സഞ്ജയൻ വാല്യം 2, ലക്കം 7, 1937 ജൂലായ് 16, പുറം 213)*

# വിലാപവും പ്രാർത്ഥനയും

ലോകം നിശ്ശേഷ്ടമെന്തു ദുർദ്ദിഷ്ടം!
ഹാ, കഷ്ടമേറ്റ,മീനഷ്ടം!

സർ. കെ.വി. റെഡ്ഡി നായുഡു ഗാരു-
വോർക്കവയ്യതാൻ!-പുത്തനാം
കേബിനെറ്റിങ്കലില്ലെന്നുള്ളതാം
കേവലവാർത്ത കേൾക്കവേ,
പൊള്ളിപ്പോകുന്നു മൽച്ചെവി രണ്ടു-
മുള്ളം നീറുന്നു വല്ലാതെ!

ആ ത്യാഗനിഷ്ഠ, യമ്മഹാബുദ്ധി,
സത്യസംസ്ഥിതി, സച്ഛീലം,
മാതൃഭൂസേവാചാതുര്യം, ശുദ്ധ-
സ്വാതന്ത്ര്യാകാംക്ഷ, സുസ്ഥൈര്യം,-
എങ്ങും കാണ്മതില്ലിത്ര നന്മകൾ
തിങ്ങീടുമൊറ്റ മർത്ത്യനെ!
എങ്ങുംകാണുകില്ലിന്നിമേലിത്ര
മംഗളാത്മാവാം നേതാവെ!

മാടരാജ്യത്തിലദ്ദിവാൻപണി
(മൂന്നുകൊല്ലത്തിന്നപ്പുറം)
വേക്കന്റാകുമെന്നുണ്ടുപോലൊരു
ലോകലോയുള്ള സംസാരം.

ശ്രീമാനാകും സർ. ഷൺമുഖം കൊച്ചി-
ശ്ശീമവിട്ടങ്ങു പോകവേ,
ആക്കൈയിൽനിന്നു വാങ്ങില്ലേ ഭാരം
സർ. കെ.വി. റെഡ്ഡി നായുഡു?

'വാങ്ങട്ടെ!' യെന്നായ് സഞ്ജയൻ നിത്യം
(ഭംഗിവാക്കല്ലേ!) പ്രാർത്ഥിപ്പൂ:
കൊച്ചിരാജ്യത്തിൻ സൗഭാഗ്യമെന്നാ-
ലുച്ചിയിലെത്തിപ്പൂർത്തിയായ്!!

*(സഞ്ജയൻ, പുസ്തകം 2, ലക്കം 7, 1937 ജൂലായ് 16, പുറം 214)*

# വിശ്രമം

ഉത്സാഹ-മുത്സാഹ! - മഹോ, മനുഷ്യ
ജന്മം നശിപ്പിപ്പൊരു ദുഷ്ടമൂർത്തി;
അതിന്റെ കുത്തേറ്റു പിടഞ്ഞെണീറ്റു
പായുന്നു മർത്ത്യാവലി നാലുപാടും.

പായട്ടെ പേയാർന്നവരെന്തി, നെഞ്ചോ-
ട്ടെന്നതുമോരാത്ത വിചാരശൂന്യർ;
കിടക്കുവൻ ഞാനിനിമേൽ മടിക്കു-
ള്ളോമനമടിത്തട്ടിലണച്ചു ശീർഷം.

ഹെർ ഹിറ്റ്ലരെന്തോ പറയട്ടെ, യൂറോ-
പ്പൊന്നാകെ മുസ്സോളിനി ചുട്ടിടട്ടെ;
ആഭ്യന്തരാഭ്യാഹതിയേറ്റു റഷ്യൻ-
ഭല്ലൂകമേതോ ഗുഹ പൂകിടട്ടെ;

കോൺഗ്രസ്സുകാർ മന്ത്രിപദാവരൂഢ-
രാകട്ടെ; വേണ്ടെങ്കിലെറിഞ്ഞുപോട്ടെ!-
എന്നോടതൊന്നും പറയേണ്ട, ഞാനെൻ
മടിക്കുതാനിന്നിനി ദത്തകർണ്ണൻ.

വരൂ, മനോഹാരിണി! ലോകമെന്നെ-
പ്പഴിച്ചിടാം, നിന്നെയുമത്രതന്നെ;
വരുന്ന കേസ്സൊക്കെ വരട്ടെ;-നിന്നോ-
ടൊക്കുവാനായ് മടികാട്ടിടാ ഞാൻ.

*(ഹാസ്യാഞ്ജലി, പുറം 42, സഞ്ജയൻ, പുസ്തകം 2 ലക്കം 7, 1937 ജൂലായ് 16, പുറം 217)*

# അവർ പറയാത്തത്

'പറഞ്ഞതെന്തവർ? പരസ്പരം കണ്ടു
പിരിഞ്ഞിടും മുമ്പായ് പറഞ്ഞതെന്തവർ?
ഹിമാലയം തൊട്ടു കുമാരിയോളവും,
ചമാൻപുരി മുതൽ കൊഹിമയോളവും,
ഒരേയൊരു ചോദ്യമുയർന്നുകേൾക്കുന്നു:
'പിരിഞ്ഞിടും മുമ്പായ് പറഞ്ഞതെന്തവർ?'

പ്രഥിതലിൻലിത്ഗോപ്രഭുപ്രവീരനും
പ്രശസ്തനാമാവാം മഹാത്മജിതാനും
പരസ്പരച്ചേർച്ച തഴച്ച വാഗ്ധരി
ചൊരിഞ്ഞു ദല്ലിയെ പ്രയാഗയാക്കിപോൽ!
'പറഞ്ഞതെന്തവർ? പറഞ്ഞതെന്തവർ?.....
പറയുകില്ലാരു,മറികയില്ലാരും!

സുരാപഗാർമ്മിയോടിതല്ലി ചോദിപ്പൂ
ചിരിച്ചു കാളിന്ദീസുലോലകല്ലോലം?
മഹോദധിപെരുംപറയടിയിലീ
മഹിതമാം ചോദ്യം ധ്വനിപ്പതില്ലല്ലീ?
അറേബിയൻ കടലതിൻ പൊരുളെന്തെ-
ന്നറിഞ്ഞിടാഞ്ഞല്ലീ കിടന്നലറുന്നു?
അസോഷിയേറ്റഡ് പ്രസ്-പ്രതിനിധിയതോ
അറിയുവാനല്ലീ പരക്കംപായുന്നു?

'പറഞ്ഞതെന്തവർ? പറഞ്ഞതെന്തവർ?'
പറയുകില്ല ഞാനറിയുമെങ്കിലും!
ഒരു കാര്യം പക്ഷേ പറഞ്ഞിടാമിപ്പോൾ
പരസ്യമായി ഞാൻ ഭയലവമെന്ന്യേ:
പരസ്പരമവർ പറഞ്ഞ കാരിയം
പരുത്തിനൂലിന്റെ കൊടുമ്പിരിയല്ലാ!

*(ഹാസ്യാഞ്ജലി, പുറം 43, സഞ്ജയൻ, പുസ്തകം 2, ലക്കം 8, 1937 ആഗസ്റ്റ് 16, പുറം 225)*

# ചായ കുടിക്കുവിൻ

(ഒരു കലക്ടറുടെ ഉപദേശം)

ചായ ചായേതി ചായേതി ജപിക്കയും
ചായയെത്തന്നെ മനസി ചിന്തിക്കയും
ചുക്കുവെള്ളത്തിനുംകുടിപ്പകരമായ്
മുക്കറ്റമെപ്പൊഴും ചായ കുടിക്കയും
ഉദ്യത്പ്രജാഗര*സേവയും ചെയ്യുകിൽ
മദ്യദാഹം നൃണാം തീരുമസംശയം.

ഞാനുരച്ചീടുവതല്ലിതു, മാന്യരേ!
നൂനമെനിക്കില്ല കർത്തൃത്വമൊട്ടിതിൽ.
തെക്കനാർക്കാട്ടിലെസ്സാക്ഷാൽ കലക്ടരാ-
ണിക്കർമ്മപദ്ധതി ചുണ്ടിനില്ക്കുന്നവൻ!
ഇക്കഥ സത്യമാ,ണായതിൻ റിപ്പോർട്ടു
മിക്ക പത്രങ്ങളുമച്ചടിച്ചീടിനാർ!!

ചൊല്കയാണദ്ദേഹമുന്നിദ്രബുദ്ധിമാൻ:
"വെല്ക വെല്കിന്ത്യയിൽ മദ്യനിരോധനം!
ഒത്തു പരിശ്രമിച്ചീടുവിൻ, ഗ്രാമീണ-
മത്തമസ്തിഷ്കദാതൃയം മാറ്റുവാൻ.
ചായയാണായതിന്നേകമാം പോംവഴി
ചായയാണായതിനേക സിദ്ധൗഷധം
ചായയ്ക്കു തുല്യമായീരേഴുലകിലും
ചായതാ"-(ന.യമലങ്കാരമനന്വയം)
ചക്കരയാണുപോൽ ചേർക്കേണ്ടതായതിൽ;
ചിക്കന്നെരുമതൻ പാലുമൊഴിച്ചിടാം;
ഗ്രാമീണനിച്ചായ മോന്തുകിൽപ്പിന്നീടു
നാമീ വഴിക്കു പരിശ്രമിക്കേണ്ടപോൽ!
നന്നു നന്നീപ്പണി; തേയിലത്തോട്ടങ്ങ-
ളിന്നിമേലെങ്ങും പരന്നു വളർന്നിടും
സായിപ്പുമാർക്കതിൽത്തട്ടാം കുറേപ്പണം;
സാധുക്കളായോർക്കു നൽകിടാം നൽത്തൊഴിൽ!

ചായ കുടിക്കുവിൻ! ചായകുടിക്കുവിൻ!
ചായതാൻ ഭാരതഗ്രാമീണരക്ഷകൻ!

*(ഹാസ്യാഞ്ജലി, പുറം 44, സഞ്ജയൻ പുസ്തകം 2, ലക്കം 8, 1937 ആഗസ്റ്റ് 14, പുറം 236)*

---

*ചായ ഉറക്കത്തെ നശിപ്പിക്കുന്നതു സുപ്രസിദ്ധമാണ്.

# ഹാസ്യാഞ്ജലി 8

ഇരുളടഞ്ഞു കരാളമാമല്ലിൽ ഞാൻ
പെരുവഴിയൊന്നു കാണാതുഴലവെ,
ഒരു നവകാന്തി പെട്ടെന്നു മിന്നി നിൻ-
കരുണയാൽ, പ്രഭോ, നക്ഷത്രവീഥിയിൽ.

നിറവിളക്കുപോലായീ മഹീതലം;
പറപറന്നുപോയ് കൂരിരുട്ടത്രയും;
കരകയറ്റി, മഹാകവി വള്ളത്തോൾ
പറവതുപോൽ, 'കലുഷം പ്രസന്നമായ്.'

തരളമാണിതു, മാഞ്ഞുപോമിപ്പൊഴീ
വരസുദീപ്തിയെന്നോർത്തെത്ര വെമ്പി ഞാൻ;
വിന കലർന്ന തമസ്സിനി വീണ്ടുമി-
ങ്ങണയുമെന്നു ഞാനെത്ര പേടിച്ചുപോയ്!

മറയുന്നില്ലതു, നീങ്ങുന്നുമില്ലതു,
കുറയുന്നില്ലതിൻ തേജസ്സൊരല്പവും;
അടിയുറപ്പറ്റ ചഞ്ചലയല്ലിതെ-
ന്നടിയനൂഹിപ്പൂ:-നാഥ, ഞാൻ ധന്യനായ്.

ഒരു വരം മാത്രമിന്നു ഞാനർത്ഥിപ്പൂ
തിരുമനസ്സു കനിഞ്ഞു കേട്ടീടുകിൽ:
ധ്രുവമഹസ്സിതെൻ സാമർത്ഥ്യജന്യമെ-
ന്നിവനൊരിക്കലും തോന്നാതിരിക്കണം!

*(ഹാസ്യാഞ്ജലി, പുറം 45, സഞ്ജയൻ, പുസ്തകം 2, ലക്കം 9, 1937 ആഗസ്റ്റ് 31, പുറം 257)*

# ഹാസ്യാഞ്ജലി 9

[നമ്മുടെ മിസ്റ്റിക് കവികളെയോർത്തു പേടിച്ചുവിറച്ചുകൊണ്ട്]

ഒരു ചിരിയിന്നു നിനക്കു ചേതമു-
ണ്ടൊരു കണ്ണീർക്കണമെനിക്കു ലാഭവും!

കൊടുവെയിലേറ്റു തളർന്നു ഞാനെ, ഞാ
നടന്നുപോകുന്ന നിരാലംബാധ്വഗൻ;
കടന്നു ഞാൻ തവ തണലിലിത്തിരി
കിടന്നു തെല്ലെന്റെ തളർച്ച മാറ്റുവാൻ;
മടുമലർത്തോപ്പേ! ഭവതിയോ ഹന്ത!
മതി തെളിയിക്കും സുമസ്മിതത്തിനാൽ,
മധുരകോകിലകളസ്വരത്തിനാൽ,
മധുമയാനിലമൃദുശ്വസിതത്താൽ,
പുളകകാരിയാം തളിർത്തലോടലാൽ,
പുതുജീവൻ നൽകും പ്രണയവായ്പിനാൽ
പരിചരിച്ചു, വന്നിരുന്നു പോകുന്ന
പഥികനെന്നെന്നെപ്പരിഗണിക്കാതെ!
ഞൊടിയിട കണ്ണൊന്നടച്ചുപോയി ഞാ-
നുടൻ കിനാവൊന്നു തെളിഞ്ഞുകണ്ടു ഞാൻ:
സ്ഫുടാഭ കോലുമീയുപവനത്തിന്റെ-
യുടമ ഞാ'നെന്നവം നിനച്ചുപോയി ഞാൻ.
(കിനാവിലെന്തെല്ലാമസംബന്ധഭ്രമം
നിനവിലെത്തുമെന്നറിഞ്ഞവരുണ്ടോ?)
ഉണർന്നു ഞാൻ കണ്ണു തുടച്ചുനോക്കവേ-
യണഞ്ഞു, ഭാനുമാനപരവാർദ്ധിയിൽ.
ഇനിയുമെത്രയോ വഴി നടക്കണ-
മെനിക്കിരുളായിക്കഴിവതിൻമുന്നേ.
വരട്ടെ ഞാൻ, ദിവ്യകലാവിലാസമേ!
തിരിച്ചു ഞാനെത്തുംവരെയ്ക്കിതോർക്ക നീ;
ഒരു ചിരിമാത്രം നിനക്കു ചേതമാ-
ണൊരു കണ്ണീർക്കണമെനിക്കു ലാഭവും!!

[ഈ കൃതിയെക്കുറിച്ച് ഒരു ലേഖകന്റെ സംശയങ്ങൾക്ക് അടു...
ലക്കം "സഞ്ജയ"നിൽ, പി.എസ്. ഇങ്ങിനെ മറുപടി പറയുന്നു:

ആദ്യത്തെ രണ്ടു വരികളിൽ ചിരിയും കണ്ണീരും ഉദ്യാനത്തിന്റെയാ...
ആദ്യം ചിരിച്ച ചിരി ഉദ്യാനത്തിനു ഗണ്യമായ ഒരു ചേതവും പിരിയുമ്പോ...
പൊഴിച്ച കണ്ണീർ പാന്ഥനു ഗണ്യമായ ഒരു ലാഭവും തന്നെ എന്നർ...

ടുക്കാത്ത വരികളിലെ ചിരിയും കണ്ണീരും പാന്ഥന്റെയാണ്: പാന്ഥന്റെ ർപാടു നിമിത്തം നഷ്ടമാകുന്ന അവന്റെ ചിരി മാത്രമേ ഉദ്യാനത്തിന്നു ചതമായി ഗണിക്കാനുള്ളൂ എന്നും പാന്ഥൻ പൊഴിക്കേണ്ടിവന്ന കണ്ണീർ വന്, പക്ഷേ ലാഭമായിക്കരുതാമെന്നും അർത്ഥം. ഈ അർത്ഥഭേദം, ഒരു ിയിന്നു നിനക്കു ചേതമുണ്ട്,' 'ഒരു ചിരി മാത്രം നിനക്കു ചേതമാണ്' എന്ന വരികളുടെ വ്യത്യാസംകൊണ്ട്, പ്രയത്നേനയെങ്കിലും, ഗമ്യമായിരിക്കുമെന്നായിരുന്നു സഞ്ജയന്റെ വിശ്വാസം. ആസക്തിയെ ('പാന്ഥൻ ലാഭമായിക്കരുതുന്ന കണ്ണീർക്കണം ഉദ്യാനത്തിന്റേതാണെങ്കിൽ അത് ആസക്തിജന്യമായ പാന്ഥന്റെ പശ്ചാത്താപത്തെയും പാന്ഥന്റേതാണെങ്കിൽ അല്പമായ ഒരു കൃതഘ്നതയേയും അതു സൂചിപ്പിക്കുന്നില്ലേ' എന്നായിരുന്നു ഒരു സംശയം) സംബന്ധിച്ചിടത്തോളം, സഞ്ജയന്റെ പാന്ഥൻ മുക്തനല്ല, മുമുക്ഷു മാത്രമാണെന്നും; കൃതഘ്നതാപ്രതീതി മനോജന്യമാകയാൽ അപ്രസക്തമെന്നും; അഥവാ പ്രസക്തിയുണ്ടെങ്കിൽത്തന്നെ ഇരുവശത്തുമുണ്ടാകാവുന്നതുകൊണ്ടു, പരസ്പരവിനാശഹേതുവാണെന്നും, വേണമെങ്കിൽ സമാധാനം പറയാം.

'തിരിച്ചു ഞാനെത്തുംവരേയ്ക്ക്-' എന്ന പ്രയോഗത്തിൽ പ്രത്യാശാസുഭഗമായ ഒരു പ്രതീക്ഷയാണ് പാന്ഥന്നുള്ളതെന്ന തെറ്റുധാരണയാണ് തത്സംബന്ധമായ സന്ദേഹത്തിന്നാസ്പദമായിത്തീർന്നതെന്നു സഞ്ജയൻ ശങ്കിക്കുന്നു; അത് ആത്മദൗർബ്ബല്യം ഹേതുവായി. അപരിഹാര്യങ്ങളെന്നു പാന്ഥൻ ഭയപ്പെടുന്ന ചോദനകളുടെ ഫലമായിക്കൂടെന്നുണ്ടോ? "ബഹൂനാം ജന്മനാമന്തേ" എന്നു ഗീത കൂടി പറയുന്ന സ്ഥിതിക്ക്: 'വരാനിരിക്കുന്ന ദിവസങ്ങളി'ലെ അനുഭവത്തെപ്പറ്റി അതിരുകവിഞ്ഞ പ്രത്യാശയ്ക്കു വഴിയെവിടെ?]

*(ഹാസ്യാഞ്ജലി, പുറം 48, സഞ്ജയൻ, പുസ്തകം 2, ലക്കം 10, 1937 സെപ്തംബർ 5, പുറം 289)*

# മിസ്റ്റിക്കോമനയോട്

[വൈരാഗ്യസമ്മതം]

(മഞ്ജരി)

നൂറുനൂറായിരം വായനക്കാരെപ്പോയ്
ബോറുബോറാക്കുന്ന തമ്പുരാട്ടി!
തൃപ്പാദപത്മത്തിൽ കുമ്പിട്ടു ഞാനൊന്നു
കൂപ്പുകൈയർപ്പിച്ചുണർത്തിച്ചോട്ടെ?

വൃക്ഷവൃന്ദങ്ങളിൽ കൊട്ടയാകുന്നു നീ;
നക്ഷത്രവർഗത്തിൽധൂമകേതു;
ശിക്ഷിക്കും കൂട്ടരിൽ നാട്ടെഴുത്തശ്ശൻ നീ;
പക്ഷികുലത്തിലോ കാലങ്കോഴി.

നാനാചെടികളിൽ ചട്ടുകക്കള്ളിനീ;
നാനാമൃഗങ്ങളിൽ പേപ്പട്ടിതാൻ;
'ആനന്ത'ദേശങ്ങ'ളുള്ളതിലാന്തമാൻ;
പാനവസ്തുക്കളി-(ലോതുന്നില്ലാ!)'

ഗാനയന്ത്രങ്ങളിൽ കീറഹാർമോണിയം;
സൂനജാലത്തിലോ പീനാറിപ്പൂ;
സ്നാനത്തിന്നാകാത്ത പൊട്ടച്ചിറകളിൽ
നൂനം തളിക്കുള'മോമനേ, നീ!

എന്തിന്നും ചോടെക്കിടക്കുന്ന ദുഷ്കാവ്യ-
സന്തതി! രോഷതൻ കാലക്കേടേ!
കാവ്യമെഴുതുവാൻ പേനയെടുക്കവേ
നീവന്നെൻ ചിത്തത്തിൽ കൂത്താടൊല്ലേ!

മിസ്റ്റിക് കുട്ടൻ

ടിപ്പണി:

1. 'ആനന്ത'ദേശങ്ങൾ - 'ആൻ' എന്ന് ഒടുവിലുള്ള ദേശങ്ങൾ: ജപ്പാൻ, അഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ, തുർക്കിസ്ഥാൻ.
2. 'പാനവസ്തുക്കളി - (ലോതുന്നില്ലാ!)'- കോൺഗ്രസ്സ് മന്ത്രിസഭ മദ്യനിരോധം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ പാനവസ്തുവിന്റെ പേരു പറയാൻ കവി കാണിക്കുന്ന വൈമനസ്യം സർവഥാ സമുചിതമായിരിക്കുന്നു.
3. തളിക്കുളം-കോഴിക്കോട്ടുകാർക്ക് ടിപ്പണി ആവശ്യമില്ല; അല്ലാത്തവർക്ക്; എന്തു ടിപ്പണി എഴുതിയാലും ഔചിത്യം മനസ്സിലാവുകയുമില്ല.

*(സഞ്ജയൻ പുസ്തകം 2, ലക്കം 10, (1937 സെപ്തംബർ 16) പുറം 295)*

# കള്ളിന്റെ തുള്ളൽ

മദ്യനിരോധം! മദ്യവിരോധം!
സദ്യസ്സമ്മതമെല്ലാവർക്കും!
ചോദ്യം നഹി നഹി! ശരി,യെന്നാലീ
വിദ്യകളൊന്നും നമ്മോടു കൂടാ!

കാടു കയറ്റി വിടാതീ നമ്മെ
നാടു ഭരിയ്ക്കുകയില്ലവർ പോലും!
കാടും പടലും ചൊല്ലി നടപ്പവ-
രോടു വിശേഷിച്ചെന്തുരചെയ്‌വാൻ!
സർവവ്യാപിയെ നാടുകടത്താ-
നുർവിയിലാർക്കാനെളുതായ് വരുമോ?
അന്തം വിട്ടവനെന്തും ചെയ്യാം,
കുന്തം ഫലമെന്നുണ്ടൊരു ഞായം!

വാഗ്ഭടനാകിയ വൈദ്യാചാര്യൻ-
വാഗ്വൈഭവമെഴുമതുലസുധീന്ദ്രൻ-
കള്ളിനെ വാഴ്ത്തിച്ചൊല്ലിയതെല്ലാം
ഉള്ളന്മാരിവരെന്തറിയുന്നു?

വൈദ്യൻ ചാർത്തു കൊടുക്കുകിലൊരു വഴി
മദ്യത്തിന്നവരരുളും പോലും!
ശരി, ശരി! നല്ലതു! മേലാലത്ത-
ച്ചരിതം നമ്മൾക്കൂഹ്യവുമല്ലേ?
മദ്യപരൊക്കെയുമിനിമേൽ നമ്മുടെ
വൈദ്യന്മാരെത്തേടി നടക്കും!

അല്പമൊ'രാസവ'മില്ലാതവരുടെ
'രാപ്പനി' മാറുകയില്ലിനി മേലിൽ!
താഴ്ത്തമ്മാമനു നിത്യാജീർണ്ണം
വാഴ്ത്തതുമൊന്നു പിടിച്ചു പോകൂ;
ദ്രാക്ഷാസവമൊരു കുപ്പിയടിച്ചു
കാൽക്ഷണമെങ്കിലുമായതു നിൽക്കൂ!

ആയതിനെന്തൊരുപായം കാണും
കാര്യക്കാരിവരെന്നറിയേണം!

*(സഞ്ജയൻ വാല്യം 2, ലക്കം 10, 1937 സെപ്തംബർ 16, പുറം 297)*

# ഹാസ്യാഞ്ജലി 10

ചിരിക്കുവിനൊരിക്കലെൻസഹജരേ! സഖാക്കളേ!
ചിരിയാൽത്താൻ മനുഷ്യന്നു മൃഗേതരത്വം!

സാഹിത്യത്തെപ്പോലും ചളിക്കുണ്ടിലാഴ്ത്തിക്കിടത്തുവാൻ
മോഹിച്ചീടും ജീവത്സാഹിത്യാചാര്യന്മാരേ!
പരസ്പരസ്പർദ്ധയിലാണുലകത്തിന്നവശതാ-
പരിഹാരമെന്നു കണ്ഠക്ഷോഭം ചെയ്‌വോരേ!
വിദ്വേഷക്കാറ്റൂതിയൂതി വിപ്ലവത്തീ ജ്വലിപ്പിക്കാ-
നുദ്യോഗിക്കുമീർച്ചപ്പൊടിത്തലച്ചോറരേ!
പട്ടിണിതൻ പൊറുതിക്കായ് നിണക്കൊടി പറപ്പിച്ചു
പട്ടണപ്രദക്ഷിണത്തിനൊരുങ്ങുവോരേ?
സോദരരേ! (മഹാകവി പറഞ്ഞപോൽ) പതിക്കൊല്ലേ,
'സോദരംഛരികളയിത്തിര്യഗ്വർഗ്ഗത്തിൽ!'

ചിരിക്കുവിനൊരിക്കലെൻ സഹജരേ! സഖാക്കളേ!
ചിരിയാൽത്താൻ മനുഷ്യന്നു മൃഗേതരത്വം!

*(ഹാസ്യാഞ്ജലി പുറം 48, സഞ്ജയൻ പുസ്തകം 2, ലക്കം 11, 1937 ഒക്ടോബർ 4, പുറം 321)*

# ഹാസ്യാഞ്ജലി 11

പറയുവാൻ കരുതിയ കാര്യമിന്നും പറഞ്ഞീല;
പറന്നുപോകുന്നു ശീഘ്രം ദിനമോരോന്നും!

ഒരുന്മത്തൻ വഴിയിൽവെച്ചസംബന്ധം പുലമ്പി; ഞാൻ
മറുവാക്കൊന്നരുളുവാൻ തിരിഞ്ഞു നിന്നേൻ!
ഒരുദ്ധതൻ പരദ്രോഹം തൊഴിലാക്കി ഞെളിഞ്ഞപ്പോൾ
പൊരുതുവാനവനുമായ് കച്ചകെട്ടി ഞാൻ!
ഒരു സഖാവപഥത്തിൽചരിയ്ക്കുവാൻ തുനിയവേ-
യൊരുങ്ങി ഞാനസ്സഖാവിൻ വഴി മുടക്കാൻ!
ഇതെന്തൊരു തൊന്തരവി, ദ്ദുനിയാവിൽപ്പിറന്നുള്ളോ-
രിതിന്മട്ടൊന്നിതിന്നുമുമ്പറിഞ്ഞോരല്ലാ:
ഇതിനെന്നോരവസാനം? പെരുവങ്കപ്പടയോടൊ-
ന്നെതിരിടാനിറങ്ങിയോനെന്നു വിശ്രമം?
ചെകിടടപ്പിച്ചീടുമിബ്ബഹളത്തിന്നിടയിലോ
നിഗൂഢമെൻ സന്ദേശം ഞാൻ മന്ത്രിച്ചിടേണ്ടൂ?

പറയുവാൻ കരുതിയ കാര്യമേതും പറയാതെ
പറന്നുപോകുന്നു ശീഘ്രം ദിനമോരോന്നും!

*(ഹാസ്യാഞ്ജലി, പുറം 49, സഞ്ജയൻ പുസ്തകം 2, ലക്കം 12, 1937 ഒക്ടോബർ 16, പുറം 353)*

# കള്ളുനമ്പ്യാരുടെ പടപ്പുറപ്പാട്*

[കേരളത്തിലെന്നല്ല, ഇന്ത്യാരാജ്യമൊട്ടുക്കുതന്നെ, കേൾവി പരത്തുവാൻ കോപ്പു-യിരുന്നതും, പക്ഷേ, അപ്രതീക്ഷിതമായ ദൈവാഹിതം നിമിത്തം, മുടങ്ങിപ്പോ-മായ ചങ്ങലംപരണ്ടയിലെ ഒരു വമ്പിച്ച പ്രതിഷേധ പ്രകടന കോലാഹലസംരംഭ-ചരിത്രമാണ് താഴെ ചേർക്കുന്നത്.]

കൊതുകേററ്യടത്തിലെക്കള്ളുനമ്പ്യാർ,
എഴുപത്തിനാലു കഴിഞ്ഞ നമ്പ്യാർ,
ഉച്ചതിരിഞ്ഞേരംതൊട്ടു നമ്പ്യാർ
മുത്തപ്പൻപൂജ നടത്തുന്നുണ്ടേ;
ഓരോന്നായ് കുപ്പിയൊഴിയുന്നുണ്ടേ;
മീൻമുള്ളു കുന്നുപോൽ കൂടുന്നുണ്ടേ.
നാഴിക പത്തു വെളുപ്പുള്ളപ്പോൾ
പാട്ടും കവിത തുടങ്ങി നമ്പ്യാർ,
കൊട്ടും കലാശം തുടങ്ങി നമ്പ്യാർ,
വാവിട്ടു പെട്ടെന്നലറി നമ്പ്യാർ:
"ആരാടാ ചാപ്പനോ? ചാപ്പോറുപ്പേ;
പൊരിച്ചമീങ്കണ്ടീലെച്ചാപ്പോറുപ്പേ!
നീയിങ്ങു വന്നാട്ടെ ചാപ്പോറുപ്പേ!
വേഗമൊരുങ്ങിക്കോ ചാപ്പോറുപ്പേ:
നമ്മൾക്കു നാടൊന്നു ചുറ്റിവരേണം
അന്തിക്കുതന്നെ പുറപ്പെടേണം,
വാല്യക്കാരെല്ലാരുമൊത്തുവരട്ടെ,
ലേശൊന്നു പള്ളയിലാക്കിക്കോട്ടെ,
പന്തമറുപതു ചുറ്റിക്കോട്ടെ,
ചൂട്ടൊരു മുന്നൂറു കെട്ടിക്കോട്ടെ,
പെരിങ്കളത്തുള്ള പെരുമലയൻ
മലയനെത്തന്നെ വിളിപ്പിയ്ക്കേണം:
മുപ്പത്തിരണ്ടു മലയച്ചെണ്ട
മുമ്പിൽ നടക്കേണം ചാപ്പോറുപ്പേ!
മുന്നും പതിമുന്നും പീപ്പി വേണം,
പന്തണ്ടെലത്താളം വേറെ വേണം,
നൂറു കൊടിക്കൂറ പുത്തൻകൂറ
പെരുമുളത്തുമ്പത്തു കെട്ടിയ്ക്കേണം,
വാളും പരിചക്കാർ നാലു വേണം,

*കോൺഗ്രസ്സ് മന്ത്രിസഭ സേലം ജില്ലയിൽ മദ്യവർജ്ജനം നടപ്പിൽ വരു-തിനെ പ്രമാണിച്ച്.

(ലൈസൻസ് വാളുണ്ട് ചാപ്പോറുപ്പേ!
തെക്കൊളപ്പുരച്ചിലല്ലോ)

ആറപ്പുകുട്ടിയറവിലക്കായ്
നാനൂറു പിള്ളരൊരുങ്ങവേണം.

വേഗത്തിലൊക്കെയും ചെയ്യുവാനായ്
നീയല്ലാതാരുണ്ട് ചാപ്പോറുപ്പേ!"
പറയുന്നു പിന്നെയും കള്ളുനമ്പ്യാർ:
"ചേലത്തൊരാചാരി കോ'ലാചാരി
ആചാരിയിന്നു വരുന്നുണ്ടോലും,
ചേലത്തുപാനിയുടച്ചുപോലും,
ഇവിടുത്തെപ്പാനിയുടയ്ക്കും പോലും!
അവനെപ്പോയ് കാണേണം ചാപ്പോറുപ്പേ!
അവനൊരു പാഠം പഠിച്ചുപോട്ടെ.

മലനാട്ടിൽപ്പാനിയെടുക്കുന്നോന്റെ
തല കാണുകില്ലന്നവനോർത്തോണ്ടോട്ടെ!
വേഗത്തിലെല്ലാമൊരുക്കിടേണം,
നേരം കളയല്ലേ ചാപ്പോറുപ്പേ!"
'ഒ'മെന്നു മൂളുന്നു ചാപ്പോറുപ്പ്
പൊരിച്ചമീങ്കണ്ടിലെച്ചാപ്പോറുപ്പ്.

അവിടുന്നും പോകുന്നു ചാപ്പോറുപ്പ്
പെരിങ്കളത്തുള്ള പെരുമലയൻ
മലയനെത്തന്നെയും വിളിയ്ക്കുന്നല്ലോ;
"ഒന്നുണ്ടു കേൾക്കണം പെരുമലയൻ
കൊതുകേറ്റ്യടത്തിലെക്കള്ളുനമ്പ്യാർ,
എഴുപത്തിനാലു കഴിഞ്ഞ നമ്പ്യാർ,
നമ്പ്യാർ പടക്കു പുറപ്പാടുണ്ടേ!

വാദ്യമൊരുക്കേണം പെരുമലയൻ;
മുപ്പത്തിരണ്ടു മലയച്ചെണ്ട:
മൂന്നും പതിമൂന്നും പുത്തൻപീപ്പി
പന്തങ്ങളെത്രയെത്താലും വേറെ വേണം.

ഒക്കെയൊരുമിച്ചു കൂട്ടിയപ്പോൾ
എടത്തിലങ്ങെത്തേണം പെരുമലയൻ.
വെള്ളമൊരു തുള്ളി തീണ്ടിടാത്ത
പാത്രം പതിനാറൊരുക്കിട്ടുണ്ടേ,
ഏഴു വെളുപ്പിനു കുകും പൂവൻ
ഉരുളിയിലാറെണ്ണം വറ്റുന്നുണ്ടേ,
പൊരിച്ചമീനായിരത്തഞ്ഞൂറല്ലോ

കൊറ്റ്യത്തെക്കുന്നുപോൽ കുട്ടിട്ടുണ്ടേ!
വേഗമൊരുങ്ങണം പെരുമലയാ,
നേരം കളയല്ലേ പെരുമലയ."

അവിടുന്നും പോകുന്നു ചാപ്പോറുപ്പ്
പൊരിച്ചമീങ്കണ്ടിലെചാപ്പോറുപ്പ്
മറ്റുള്ളൊരുക്കങ്ങൾ ചെയ്യാനായി
അഞ്ഞിഞ്ഞു പായുന്നു ചാപ്പോറുപ്പ്.
സൂര്യൻ പോയാഴിക്കുഴിയണഞ്ഞു,
അമ്പിളിമാനപ്പരപ്പണഞ്ഞു,
കാക്ക-പരുന്തുകൾ കൂടണഞ്ഞു,
കൂലിപ്പണിക്കാരും വീടണഞ്ഞു.
പെരുമ്പളത്തുള്ള പെരുമലയൻ
മലയനെടത്തിലുമെത്തുന്നുണ്ടേ;
മുപ്പത്തിരണ്ടു മലയച്ചെണ്ട
മൂന്നും പതിമ്മൂന്നും പുത്തൻപീപ്പി
പന്തണ്ടേലത്താളം വേറെയുണ്ടേ!
നൂറു കൊടിക്കൂറ പുത്തൻകൂറ,
നൂറു മുളത്തുമ്പിൽ പാറുന്നുണ്ടേ;
ആറപ്പുകുട്ടിയറവിലക്കായ്
നാനൂറു പിള്ളരങ്ങെത്തുന്നുണ്ടേ;
മുന്നൂറു ചൂട്ടങ്ങു കത്തുന്നുണ്ടേ;
പന്തമറുപതു പാളുന്നുണ്ടേ;
നാലുണ്ടു വാളും പരിചക്കാർ,
(ലൈസൻസ് വാളല്ലോ വാളു നാലും)
അഞ്ഞിഞ്ഞു പായുന്നു ചാപ്പോറുപ്പ്
പൊരിച്ചമീങ്കണ്ടിലെചാപ്പോറുപ്പ്!
കൊതുകേറ്യേടത്തിലെക്കള്ളുനമ്പ്യാർ,
എഴുപത്തിനാലു കഴിഞ്ഞ നമ്പ്യാർ,
നമ്പ്യാരെത്തന്നെയും കാണുന്നില്ല!
എന്തൊരമളി പിണഞ്ഞുപോയോ!
അമ്മായി അമ്മയും മക്കളെട്ടും,
ചൊൽക്കൊണ്ടനിയന്മാരാറുപേരും,
വീട്ടിലിണങ്ങത്തി, കുട്ടികളും,
വാലിയക്കാരുമാ ദാസികളും,
നാലുപുറത്തുള്ള വീട്ടുകാരും,
പട്ടിയും പൂച്ചയും കൂടിയല്ലോ
പന്തം കൊളുത്തിത്തിരയുന്നുണ്ടേ,
നാലുകെട്ടങ്ങോംപുരമുറികൾ,
കിണറും കുളവും കുളപ്പുരയും,
ആലയും കൂട കുളപ്പുരയും

വാതിലിൻമൂല, പടിപ്പുരയും,
വെണ്ണീറ്റുകുണ്ടും വളക്കുഴിയും
തൈക്കുണ്ടും നെല്ലറ പത്തായവും
ചീനഭരണിയടക്കാച്ചാടി,
ഈറ്റുകുളിയ്ക്കുള്ള വമ്പൻചെമ്പും,
അൻപതരി വെക്കും വട്ടച്ചെമ്പും,
കാളൻ കുറുക്കുന്ന വട്ടളവും,
കൈ മലർത്തിത്തിരയുന്നുണ്ടേ
പേരുതാൻ ചൊല്ലിവിളിയ്ക്കുന്നുണ്ടേ!
ഒടുവിൽപ്പറയുന്നു കുഞ്ഞിക്കേളു
നാലാമനന്തരവൻ കുഞ്ഞിക്കേളു:
"ഒന്നുണ്ടു കേൾക്കണം ചാപ്പോറുപ്പേ!
പൊരിച്ചമീങ്കണ്ടിലെചാപ്പോറുപ്പേ!
കിടപ്പുമുറി നമ്മൾ നോക്കീലല്ലോ,
അവിടെയും നോക്കണ്ടേ ചാപ്പോറുപ്പേ!
കുന്തം കുടത്തിലും തപ്പുന്നില്ലേ?"

അതുതാനേ കേൾക്കുന്നു ചാപ്പോറുപ്പ്,
അങ്ങോട്ടു പായുന്നു ചാപ്പോറുപ്പ്,
വെടികൊണ്ട പന്നി കുതിക്കുംപോലെ
തല താഴ്ത്തിപ്പായുന്നു ചാപ്പോറുപ്പ്
കിടപ്പറ പൂകുന്നു ചാപ്പോറുപ്പ്
പൊരിച്ചമീങ്കണ്ടിലെച്ചാപ്പോറുപ്പ്....
നെഞ്ഞത്തടിക്കുന്നു ചാപ്പോറുപ്പ്
അറവില കൂട്ടുന്നു ചാപ്പോറുപ്പ്:
"അയ്യോ! ചതിച്ചല്ലോ കേളുമ്പ്യാരേ!
മാവുമുറിച്ചോളിൻ കേളുമ്പ്യാരേ!
ഇനിമേലിലെമാന്നുവേണ്ടിത്തെങ്ങിൽ
പാനിയൊന്നേറുല്ല കേളുമ്പ്യാരേ!
എന്റെ പൊന്നേമാനൊടുവിലത്തെ
മരുന്നു കുടിച്ചുപോയ് കേളുമ്പ്യാരേ!
നെഞ്ഞത്തടിയും നിലവിളിയും
കൊതുകേറ്റ്യടത്തിൽപ്പരക്കുന്നല്ലോ,
വായ തുറന്നു മരവിച്ചല്ലോ,
ചത്തു കിടക്കുന്നു കള്ളു നമ്പ്യാർ!

• • •

ചേലത്തെയാചാരി, കോ,ലാചാരി
വന്നു പലതും പറഞ്ഞുപോയി!

*(ഹാസ്യാഞ്ജലി, പുറം 50, സഞ്ജയൻ പുസ്തകം 2, ലക്കം 12, 1937 ഒക്ടോബർ 16, പുറം 363)*

# മൂട്ടയും കൊതുവും

രക്കുണത്തോടു മൂളുന്നു കൊതു: "നീയൊരു ചൂഷകൻ
തൊഴിലാളി മനുഷ്യന്റെ ചോര കട്ടുകുടിക്കുവോൻ!
സംഘടിപ്പിച്ചിടും ഞാനെൻ തൊഴിലാളിസ്സഖാക്കളെ
ഇച്ചൂഷണത്തിന്നെതിരായ്; നിന്റെ കാലമടുത്തുപോയ്!
ഉദയം തൊട്ടന്തിയോളം വേലചെയ്തു പൊറുത്തിടും
നരന്റെ ചോര ശാപ്പിട്ടു പുലരും നീചനാണു നീ!
നിണക്കൊടി പറപ്പിച്ചു പാറും ഞാൻ വീടുതോറുമേ;
പ്രക്ഷോഭണം കൂട്ടിടും ഞാൻ പ്രസംഗം പൊടിപാറ്റിടും.
നിന്നെച്ചവിട്ടിത്തേപ്പിക്കാതടങ്ങുകയുമില്ല ഞാൻ:
മാർക്സു ഞാൻ: ലെനിനീ ഞാൻ താൻ: സ്റ്റാലിൻ ഞാനോർക്ക
ദുർമ്മതേ!"

മൂട്ടയൊന്നും പറഞ്ഞീലി പ്രസംഗത്തിനൊരുത്തരം:
(അവന്നു ശബ്ദമില്ലെന്നതറിയാത്തവനാരുവാൻ?)
അന്നാൾതൊട്ടു ഗൃഹംതോറും കൊതു പാറിപ്പറക്കായ്;
തൊഴിലാളിച്ചൂഷണത്തിന്നെതിരായ് വേലചെയ്യുവാൻ.
തൊഴിലാളിയുറങ്ങുന്ന തഞ്ചംനോക്കിസ്സഖാവവൻ
കർണ്ണാന്തികേ ചെന്നു ശീഘ്രമൂതി സമരകാഹളം,
"ഉണരു മത്സഖാവേ, നീയെഴുന്നേല്ക്കുക സത്വരം:
മൂട്ടത്തത്തെ നശിപ്പിപ്പാൻ മുതിർന്നീടണമിക്ഷണം.
സംഘടിക്കണമീ നിങ്ങളെൻ നേതൃത്വത്തിലിങ്ങിനി:
ഇൻക്വിലാബ് സിന്ദാബാദ്! റഷ്യ ജയിക്കട്ടെ! യുഷാർ സഖേ!"

അസഹ്യമീയൊച്ച കേട്ടു തൊഴിലാളിയുണർന്നുടൻ
തീപ്പെട്ടിക്കോലുരച്ചെങ്ങും മൂട്ടയെത്തേടി ശയ്യയിൽ
മൂട്ടത്തത്തെ നശിപ്പിപ്പാൻ മൂട്ടയെക്കാച്ചിപോലവൻ;
സ്വൈരമായിനിയെന്നോർത്തു വീണ്ടും നിദ്രയ്ക്കൊരുങ്ങി പോൽ
ഉടൻ കാതിൻ സമീപത്തു തൂശിയൊന്ന് തറച്ചപോൽ
ഒരു വേദനയുണ്ടായി തൊഴിലാളിക്കു ദുസ്സഹം.
"എന്തേ മാരണ! മിജ്ജീവി ചത്താലും ചാകയില്ലയോ?
മൂട്ടതൻ പ്രേതമിന്നെന്നെ ദ്രോഹിപ്പാൻ വന്നുകൂടിയോ?"
ഇത്യാദിയോർത്തപ്പാവത്താൻ ചെവി ലാക്കാക്കിയക്ഷണം
ആഞ്ഞൊന്നടിച്ചാൻ പിന്നീടു വിരി സൂക്ഷിച്ചുനോക്കിനാൻ
അയ്യയ്യോ കാൺമതെന്തങ്ങു? സഖാവാം കൊതുവല്ലയോ
നിത്യനിർവ്വാണമാർന്നത്ര കിടപ്പൂ കരുണാനിധി!!
തീപ്പെട്ടിക്കൊള്ളി കത്തിത്തീർന്നിരുളായ്; മുറിയാകവേ

നിശ്ശബ്ദമായ്, സഖാവിന്റെ മുള്ളലില്ലാത്ത കാരണാൽ.
ഒരു പുഞ്ചിരി തൂകുന്നു തൊഴിലാളി തെളിഞ്ഞതലം;
അതിന്റെ മിസ്റ്റിക്കർത്ഥത്തെ വ്യാഖ്യാനിപ്പാൻ പരം പണി!

*(ഹാസ്യാഞ്ജലി, പുറം 55, സഞ്ജയൻ പുസ്തകം 2, ലക്കം 12, .1937 ഒക്ടോബർ 18, പുറം 381)*

# പട്ടിണിയിലും-

കതിരവനാഴിയിലാഴുവോളം,
കമലിനി കണ്ണടച്ചീടുവോളം
അവിരതസല്ലാപം ചെയ്തു ഞങ്ങ;-
ളതുമിതുമോതിച്ചിരിച്ചു ഞങ്ങൾ.

ഇടയിലൊരഞ്ഞൂറുവട്ടമെന്റെ
കൊടിയ പരാതികൾ കേൾപ്പിപ്പാനായ്
ഒരു മണി വറ്റില്ലിന്നന്തിക്കെന്ന
ദുരിതമവനോടു ചൊല്ലുവാനായ്-
ഒരു തുണി മാറു മറയ്ക്കാനില്ലെ-
ന്നുരുശോകം പൂണ്ടുണർത്തിക്കുവാനായ്-
കരുതി; ഞാനെങ്കിലുമൊറ്റവാക്കെൻ
കരൾവിട്ടു നാവിന്മേലെത്തിയില്ല!

അവനുടെ വാക്കുകൾ കേട്ടുനില്ക്കെ-
യവശതയൊന്നും ഞാനോർത്തതില്ല;
അവനുടെ പുഞ്ചിരി കാണെക്കാണെ-
യനശനക്ലേശമറിഞ്ഞതില്ല;
അവനുടെ ശീതളസ്പർശമേല്ക്കെ-
യവമതി നഗ്നതയ്ക്കുണ്ടായീല!

കതിരവനാഴിയിലാഴുവോളം,
കമലിനി കണ്ണടച്ചീടുവോളം
അവിരതസല്ലാപം ചെയ്തു ഞങ്ങ;-
ളതുമിതുമോതിപ്പിരിഞ്ഞു ഞങ്ങൾ.

*(ഹാസ്യാഞ്ജലി, പുറം 57, സഞ്ജയൻ പുസ്തകം 2, ലക്കം 13, 1937 നവംബർ 3, പുറം 385)*

# കുങ്കുമസ്സോപ്പ്

(പരസ്യകവികളോട് മാപ്പ്)

വാങ്ങുവിൻ, കുങ്കുമസ്സോപ്പു
വാങ്ങുവിൻ, സ്ത്രീജനങ്ങളേ !
അതിൻ ഗുണങ്ങളീ നിങ്ങ-
ളറിയുന്നവരല്ലയോ ?

അസ്സോപ്പിൻ പതൽ ചേർന്നുള്ള
വെള്ളമൊട്ടൊന്നു തട്ടിയാൽ
കാകൻ കൊറ്റി ; കരിക്കട്ട
കളഭക്കട്ട കാൽക്ഷണാൽ !

അതിൻ സുഗന്ധം വ്യാപിക്കു-
മയൽ വീടുകളിൽദ്ദൃഢം ;
വാസന്തശ്രീ പൂണർന്നുള്ള
പൂന്തോപ്പീസ്സോപ്പോടൊക്കുമോ?

അഴുക്കും മെയ്യിലാർന്നുള്ള
മെഴുക്കും പോക്കുവാൻ ഭുവി,
ഇതിനൊട്ടില്ല മറ്റൊന്നു-
മിതു സമ്മതമാർക്കുമേ.

നിദ്രയില്ലായ്മയും, പ്രാതഃ
കാലത്തുള്ളൊരു ഛർദ്ദിയും,
അഗ്നിമാന്ദ്യവു, മേറുന്ന
തലനോവും തളർച്ചയും

പിത്തഗുന്മനു, മെന്നല്ല
മറ്റു രോഗങ്ങളൊക്കെയും
ക്രമാലകന്നു നിന്നീടും
കുങ്കുമസ്സോപ്പു തേയ്ക്കുകിൽ.

വിലയോ, വളരെത്തുച്ഛം :
കട്ടയൊന്നിന്നു മൂന്നണ ;
പെട്ടിയിൽ സോപ്പു മൂന്നെണ്ണം
കിട്ടുമെട്ടണ നല്കിയാൽ !

അനേകമുണ്ടിമിറ്റേഷൻ
കുങ്കുമസ്സോപ്പതോർക്കണം !
ആട്ടിൻ കൊഴുപ്പും, ചുണ്ണാമ്പും
കൂട്ടിത്തട്ടിപ്പടച്ചവ !!

'ടീ. കോമാളി ബ്രദേർസി'ന്റെ
സിലു നോക്കണമെപ്പോഴും;
അതില്ലെന്നാകിലോ, 'വേണ്ട;
സലാ!' മെന്നുര ചെയ്യണം.

വാങ്ങുവിൻ കുങ്കുമസ്സോപ്പു
വാങ്ങുവിൻ! സ്ത്രീജനങ്ങളേ!
അതിൻമട്ടില്ല വേറൊന്നു-
മതിൻ കിടയതൊന്നു താൻ!

*(സഞ്ജയൻ, പുസ്തകം 2, ലക്കം 13, 1937 നവംബർ 3, പുറം 412)*

# അനന്വയം !

ഹിമവാൻ ചോദിച്ചു :

ആരിസ്സഖാക്കൾ? നാടെങ്ങും പ്രസംഗിച്ചു നടക്കുവോർ–
ഉദ്ദേശ്യമെന്തവർക്കെ? ല്ലാം വിസ്തരിച്ചുരചെയ്ക, നീ.

ഭാരതം പറഞ്ഞു :

വിവരിച്ചു പറഞ്ഞീടാനിടയില്ല, ഗിരിപ്രഭോ !
ചുരുക്കിച്ചൊൽകിലോ, തെറ്റിദ്ധരിക്കുമവിവേകികൾ.

എന്നാലുമങ്ങു ചോദിച്ചാൽ വയ്യെന്നോതുവതെങ്ങിനെ ?
ഏതാനും ഞാനുരച്ചീടാം; ചൊന്നാൽ ബാക്കിയൂഹ്യമാം.

വിദ്വേഷപ്പട്ടടത്തീയിൽ ജ്ഞാനമാഹുതി ചെയ്യുവോർ;
ഉത്തമാംഗം മനുഷ്യന്നു വയറെന്നു ശഠിക്കുവോർ;

ഒരു നേരത്തെയൂണിന്നു സത്യാഹിംസകൾ വില്ക്കുവോർ;
ആസ്തിക്യത്തെ 'യവീനെ'ന്നു ചൊല്ലിപ്പരിഹസിക്കുവോർ;

അവർക്കു ഹിതമല്ലാത്തതോതുന്നോരെദ്വേഷിക്കുവോർ;
അതോടൊന്നിച്ചഭിപ്രായസ്വാതന്ത്ര്യത്തെ സ്തുതിക്കുവോർ;

മുതലാളിത്തമാം ചൂടിൽ നീറുന്ന തൊഴിലാളിയെ
വിപ്ലവത്തീക്കുഴിക്കുള്ളിൽത്തള്ളി 'രക്ഷിച്ചിടു'ന്നവർ !

അവർക്കൊരുപമാനത്തിന്നാരെയും കാൺമതില്ല ഞാൻ
അവർക്കു തുല്യമവർതാൻ ; രാക്ഷസൻ, രാക്ഷസോപമൻ.

*(ഹാസ്യാഞ്ജലി പുറം 58, സഞ്ജയൻ, പുസ്തകം 2, ലക്കം 14, 1937 ഡിസംബർ 1, പുറം 417)*

# "കുതിരമാർക്ക്"

'കുതിരമാർക്കു'ള്ള സിഗരറ്റിൻ മേന്മ
കുതുകാലൊട്ടു ഞാൻ വിവരിക്കാം :
അതു വലിച്ചെന്നാലഖിലരോഗവും
കൊതുകും മൂട്ടയുമൊഴിയുന്നു.

വദനത്തിന്നുള്ള പലതരം ദോഷം,
രദനത്തിന്നുള്ള പല ശല്യം,
അരുചി, കാലത്തെയെഴുന്നേൽക്കുന്നേരം
പെരുതായ്ത്തോന്നുന്ന മതിമാന്ദ്യം,
അശനത്തിൻ പിമ്പായുദരത്തിലുണ്ടാം
കശപിശ, നാനാവിധനോവും,
ഇതു സർവം പെട്ടെന്നകലും , മാന്യരേ,
'കുതിര മാർക്കൊ'ന്നു' ഫയർ' ചെയ്താൽ.

സിരകളിലുള്ള ചുടുചോര പാഞ്ഞു
മരമണ്ടയ്ക്കുള്ളിൽ കയറീടും,
അവിടെത്താൻ നാനാ ഗുലുമാലുണ്ടാക്കും ,
ചെവി രണ്ടും മൂളും; (ശിവശംഭോ!)
ചില തരം താണ സിഗരറ്റിന്നുള്ള
ഫലമിച്ചൊന്നതു; കളിയല്ലേ!
'കുതിരമാർക്കെ' ന്നാലിതു പോലല്ലൊട്ടു-
മതു ചെയ്യില്ലാർക്കുമൊരു ദോഷം!

അതിഥി സല്ക്കാരസമയത്തും കാണാം
'കുതിരമാർക്കി'ന്റെയതുലത:
'കുതിരട്ടിന്നി'ന്റെയരികെത്താൻ യാഥാ-
സ്ഥിതികരല്ലാത്തൊരഖിലവും!
സിഗറ്റിൻ നോട്ടമറിയും ധീമാന്മാർ-
പുകവിദഗ്ധന്മാ-രവർ തന്നെ!

"മതി!യെന്തിന്നീ ഞാൻ ദുനിയാവിലിത്ഥം
മതി മങ്ങി മങ്ങി മരുവുന്നു?
ഒരു വാരയോളം കയറല്ലേ വേണ്ടു
ദുരിതത്തിനെല്ലാമറുതിക്കായ് !"
ഇതു മറ്റോർത്തേക്കാം ചില നേരമേതു
ബഹദൂറായാലും (ശിവശംഭോ!)
അതുനേരം താനേ വെളിവായ് കാണാകും

'കുതിരമാർക്കി'ന്റെ പുരുവീര്യം :
വിറ ചേരും കൈയാലുലകം വിട്ടോടാൻ
തിറമാർന്നു നിൽക്കും പടുധീരൻ
'ഒടുവിലത്തെ'ന്നുരുശോകം പൂണ്ടു
'കുതിര മാർക്കോ'ന്നു 'ഫയറാ'ക്കും.

അവിടെത്താനീസിച്ചെയറിൽച്ചാഞ്ഞവ-
നവികലതൃപ്തി നുകരുന്നു;
ഉടനെയത്തോന്നുന്നു: "ശിവനേ, ഞാനൊരു
മടയൻ താനിംഗ്ല്യാംബിളിമുസ്സൻ!*
ഉലകം വിട്ടെന്നാൽ 'കുതിര മാർക്കു'ണ്ടോ
പരലോകത്താരാനരുളുന്നു ?
'കുതിരമാർക്കു' ള്ള ഭുവനം കൈവിട്ടു
കുതികൊള്ളും കമ്പസ്സിവനാകാ !
ഗുലുമാലെന്തെല്ലാം തലമേൽ വന്നാലോ
ചലനം ചെയ്യില്ലെൻ മതി മേലിൽ !"
അതു നിങ്ങൾ കേട്ടോ? പരമസഭ്യരേ!
'കുതിര മാർക്കെ'ന്തെന്നറിവായോ?
മഹിതാത്മബന്ധു 'കുതിര മാർക്കോ'ന്നാ-
ണിഹലോകത്തേതു മനുജന്നും!
ഇന്നു തന്നെ സത്യ;മിതു തന്നെ തത്വ;-
മിതു തന്നെ വേദപ്പൊരുൾ ഗൂഢം!

..........................................................................

*ഇംഗ്ല്യാംബിളിമുസ്സൻ=മരമണ്ടൂസൻ
'മടയോ മന്ദ മന്ദമണ്ണോ
മദ്ദണ്ണശ്ചാപി ബൈബ്ലിയഃ
മണ്ടൂസോ മരമണ്ടൂസഃ
പൈങ്ങാപ്പാണ്ടശ്ച ബുദ്ദു' ച
കമ്പസ്സപി ത്രിലിംഗേഷു
സചേംഗ്ല്യാംബിളി മുസ്സപി.

ഇത്യമരഘലാതുകഃ - പദാഗമത്തെപ്പറ്റി, ശകാരം കേട്ടേ കഴിയൂ എന്ന് നോമ്പൊന്നും എടുത്തിട്ടില്ലെങ്കിൽ, ചോദിക്കാത്തതാണ് [illegible] കൂടാതെ, ആത്മഹത്യ ചെയ്യാനുറച്ച്, ആ ഉറപ്പ് പെട്ടെന്ന് നീങ്ങു[illegible] മനുഷ്യന്, ജീവത്സാഹിത്യകാരനെന്നപോലെ, പദാർത്ഥനിയമങ്ങൾ ബാധകമല്ലെന്നും അറിയേണ്ടതാണ്.

*(സഞ്ജയൻ പുസ്തകം 2, ലക്കം 14, 1937 ഡിസംബർ 1, പുറം 428)*

# “പുരോഗതി” കീ ജേ!

മാറിനില്പിൻ മാറിനില്പിൻ “പുരോഗതി” തടയുവാ-
നാരുമാരുമൊരുങ്ങല്ലേ, പഴഞ്ചന്മാരേ !

ഒരു പാററ-കിറുക്കിന്റെ മൂർത്തിമത്താം വകഭേദം-
തെരുന്നനെത്തീയിലേയ്ക്കു പുരോഗമിപ്പൂ ;
ഒരു ചെറുചുണ്ടെലിത്താൻ-ബുഭുക്ഷതന്നവതാര
മൊരുങ്ങുന്നു കെണി നോക്കിപ്പുരോഗമിപ്പാൻ ;
ഒരു മരഞ്ചാടി മൂഢൻ-ചാപല്യത്തിൻ തൃക്കോമരം-
മരം വിട്ടു മാനത്തേക്കുണ്ടുയർന്നിടുന്നു
ചിരിക്കൊല്ലേ ! ‘പുരോഗതി’ക്കെതിരായിട്ടോരക്ഷര-
മുരയ്ക്കൊല്ലേ ! പഴഞ്ചന്മാരെന്തറിയുന്നു !

തരിക്കുവിൻ, തരിക്കുവി, നൊരുമാത്രപോലും നിങ്ങ-
ളിരിക്കൊല്ലേ ! പിന്നോട്ടൊന്നു നോക്കിപ്പോകല്ലേ !
പഠിച്ചതു മുഴുവനും-മുഴുവനും-മറക്കുവിൻ :
പഴമതൻ പാഠങ്ങളാർ വിലവെക്കുന്നു ?
ഇന്നുതൊട്ടു ശാസ്ത്രങ്ങളും സാഹിത്യവു- മെന്തിനേറെ ?
യൊന്നുതൊട്ടുള്ളക്കങ്ങളുമക്ഷരങ്ങളും,
മുഴുവനുമൊന്നൊഴിയാതുടച്ചു വാർത്തീടും ഞങ്ങൾ;
പഴയതു സകലവും ചാമ്പലാക്കീടും !

വിപ്ലവത്തിൻ ചാട്ടമാണിക്കാണുവതു; നിങ്ങളാരു-
മാ പ്ലവംഗലാംഗുലംപോയ് പിടിച്ചീടേണ്ട;
‘പുരോഗതി !’ ‘പുരോഗതി !’ ‘പുരോഗതി !’ തടയുവാ-
നൊരുങ്ങാതെ മാറിനില്പിൻ, പഴഞ്ചന്മാരേ !

*(ഹാസ്യാഞ്ജലി, പുറം 58, സഞ്ജയൻ പുസ്തകം 2, ലക്കം 15, 1937 ഡിസംബർ 30, പുറം 449)*

# "സിദ്ധകവചം"

എന്തുവാനീ മൗഢ്യഹേതുവെന്നെന്നോടു
സന്താപം കൈവിട്ടുരച്ചീടണം.
കല്യാണം ചെയ്തു കാൽ നൂറ്റാണ്ടായെങ്കിലു-
മില്ലയോ കാന്തയ്ക്കു ഗർഭശങ്ക ?
അല്ലെങ്കി, ലുള്ളവയൊക്കെയുമാണായോ,
പെണ്ണായോ പോയതിൽ ക്ലേശമുണ്ടോ ?
ആരോഗ്യമീയിടെക്കമ്മിയായ്ത്തീർന്നോ ? താ-
നോരാത്തൊരാപത്തു വന്നുചേർന്നോ ?
തന്നെക്കാമിയ്ക്കാത്ത പെണ്ണിനെക്കാമിയ്ക്കു-
കെന്ന പുലിവാൽ പിടിച്ചു പോയോ ?
തൊട്ടതിലൊക്കെയും നഷ്ടമോ ? കേസ്സുണ്ടോ
കോർട്ടിലെങ്ങാനും നടത്തീടുന്നു ?
അഞ്ചെട്ടു വട്ടം പരീക്ഷയ്ക്കു പോയിട്ടും
തഞ്ചത്തിൽ പാസ്സൊന്നു കിട്ടീലെന്നോ ?
താൻ കൃതിച്ചീടുന്ന സൽകൃതി സഞ്ചയം
താന്തോന്നിപ്പത്രക്കാർ തള്ളീടുന്നോ ?
ഏങ്ങി മരിപ്പതേക്കാളേറെ നല്ലതു
തൂങ്ങി മരിപ്പതെന്നോർത്തീടുന്നോ ?

കാരണമെന്തുതാനായാലുമീ മൗഢ്യം
വേരറുത്തീടുവാൻ പോരും ഞങ്ങൾ ।
ആയിരമായിരമാണ്ടിനു മുമ്പുള്ള
മായാവിത്താടിക്കാർ തീർത്തതാകും
'സിദ്ധകവചം' ധരിക്കുകിലന്നുതൊ-
ട്ടിധരാമണ്ഡലം കാൽപ്പന്താക്കാം !
ഈ രക്ഷായന്ത്രം ധരിച്ച പുരുഷന്റെ
ചാരത്തൊരാപത്തണയുകില്ല ;

എന്തെന്തു ചിന്തിപ്പതായതു സാധ്യമാം :
ചിന്തിയ്ക്കാത്തുള്ളതും കിട്ടിപ്പോകും !
ലക്ഷത്തിൽ ചില്വാനം സാക്ഷ്യപത്രങ്ങൾ നി-
ഷ്പക്ഷരാം മാന്യന്മാർ തന്നിരിപ്പൂ !
'മായാവിക്കമ്പനി ; ലാഹോറെ'ന്നുള്ളൊരു
മേൽവിലാസത്തിലപേക്ഷിച്ചെന്നാൽ,
മൂന്നര രൂപയ്ക്കു കിട്ടുന്നു സൗഖ്യത്തി-
ന്നുന്നായ് ലസിക്കുമിച്ചിന്താമണി !

*(സഞ്ജയൻ പുസ്തകം 2, ലക്കം 15, 1937 ഡിസംബർ 30, പുറം 460)*

# എന്റെ ഓമനയോട്

'മിസ്റ്റിക്ക'ല്ലോമനയെന്നുള്ള ശോച്യമാം
വസ്തുത ഞാനാദ്യം റിക്കാട്ടാക്കാം;
മായയുമല്ലവൾ ; പൂബ്ലൌസും സാരിയു
മായഞ്ഞിനില്ക്കുന്ന മങ്കയല്ലാ;
സാഹിത്യമല്ലവൾ; സംഗീതമല്ലവൾ:
സൌഹിത്യമേറുന്ന ചായയല്ലാ;
എന്തടിശ്ശീലയ; ല്ലെന്തടിശ്ശീലമാ-
ണുൺമയിൽ വാഴ്വതെന്നോമനയായ് !

ഇന്നവളോടു ഞാനന്തിമയാത്രോക്തി-
യൊന്നോതിപ്പിൻവാങ്ങാൻ തീർച്ചയാക്കി :
ഓമനേ ! (ചൊല്ലുകയാണു ഞാൻ) നീയെന്നെ-
ക്കമനെപ്പോലാക്കിത്തീർത്തുവല്ലോ !
മാസിക വൈകിക്കും പാപത്തിൻപ്രാതിയും
മേസണം നീ, കൊമ്പനാനയാനേ !
('മറ്റേപ്പകുതിക്കു തഞ്ചത്തിലാരെയും
തെറ്റെന്നു കാൺമതി, ല്ലെന്തു ചെയ്യാം !)

ആകയാലൊട്ടുനാ-'മൈത്ര'യെന്നുള്ളതു
പോകട്ടെ!....വിട്ടെന്നെ നില്ക്കേണം നീ.
എന്നാലുമെൻമടിശ്ശീലവതി ! നിന്നോ-
ടിന്നെന്റെ കൂറു തണുത്തുവെന്നായ്
തെറ്റൊല്ലേ, പഞ്ചാരപ്പുഞ്ചിരിയാളേ ! നീ
വേറിട്ടു പോവതു സങ്കടം മേ !
എങ്കിലുമോമനേ ! നാട്ടുകാർക്കേതാനും
ശങ്ക മതിയൊരു നോവലാക്കാൻ !
'ഈ മടി പി. എസ്സിൻ ശത്രുതാ'നെന്നവർ
പ്രേമത്തുവെള്ളിയേ! ചൊല്ലുകില്ലേ ?
ആയതു കേൾക്കുവാനാളല്ല ഞാനെന്നു
നീയറിയുന്നൊരു കാര്യമല്ലേ!

എന്നു ഞാനെൻ പ്രാണശ്വാസത്തോടൊപ്പ, മീ
മിന്നാമിനുങ്ങിന്റെ ജോലി തീർക്കും,
അന്നു ഞാ,നെന്തടി ! നിന്മടിത്തട്ടിൽത്താ-
നെന്നേയ്ക്കുമെൻതല ചായ്ച്ചുറങ്ങും !
അന്നോള-മന്നോള, മോമനേ! നാട്ടുകാ-
രെന്നൊരു കൂട്ടരുണ്ടോർമ്മവെക്കൂ!

*(ഹാസ്യാഞ്ജലി, പുറം 60, സഞ്ജയൻ പുസ്തകം 2, ലക്കം 18, 1938 ജനുവരി 16, പുറം 481)*

# കർഷകന്റെ ആവലാതി

ഊറ്റും മാറ്റു വിരോധിച്ചും, ചില-
യുറ്റോർ തമ്മിൽ കലഹിപ്പിച്ചും,
കണ്ട ജനങ്ങടെ കൈപ്പാടും പല
മുണ്ടോൻ നിലവും, കുന്നു പറമ്പും,
മറുപാട്ടാദികൾ വെപ്പിച്ചാകെ-
ത്തറവാട്ടിങ്കൽ കൂട്ടിയിണക്കി,
ജന്മസുഖം, ശിവ, കുത്തകയാക്കി-
ജ്ജന്മികൾ നാടു ഭരിച്ചീടുന്നു.

കുടിയാന്മാരോ, ഹര, ഹര, വെള്ളം
കുടിയാതെറ്റമുഴന്നീടുന്നു.
ചാർത്തിനു കൂടും ചെലവൊരു വസ്തുവി-
ന്നോർത്തു തുടങ്ങുകിലന്തം കാണാ !
പാട്ടമിരട്ടിയതങ്ങിനെ മാനുഷ-
മൊട്ടല്ലൊപ്പവകാശച്ചെലവും;
കുട്ടികളെല്ലാവർക്കും പുറമേ
വീട്ടിലിരിയ്ക്കും പെണ്ണുങ്ങൾക്കും,
വെറ്റ്ല തെറുക്കും ഭൃത്യന്മാർക്കും,
പറ്റിക്കൂടും സിൽബന്തിയ്ക്കും,
കൈയിൽക്കാശു കൊടുത്തീടാഞ്ഞാൽ-
ക്കൈയും കെട്ടി മടങ്ങിപ്പോരാം !

പൂടമുറിയോ ചില പുലയോ വന്നാ-
ലുടനെക്കൂടിയാൻ പാഞ്ഞീടേണം.
ചക്ക, യടയ്ക്ക, യടുക്കൻ പഴവും,
തൈക്കൻ പൂവൻ, നേന്ത്രക്കായും,
തേങ്ങകൾ, ചേനകൾ, ചേമ്പുകിഴങ്ങുകൾ
മാങ്ങകൾ, മത്തൻ, കൈപ്പ, പടോലം,
കൊട്ടനിറച്ചങ്ങേറ്റിയെടുത്തവർ
കൊട്ടാരങ്ങളിലെത്തീടേണം.

വാരം നെല്ലറുനൂറു പറപ്പൊതി
ഭാരം ഭേസീട്ടവിടെച്ചെന്നാൽ.
'വാശി പിടിച്ചു'ള്ളളവിനു ശേഷം
വാശ്ശതുമഞ്ഞൂറായിക്കാണും!

എല്ലു നുറുങ്ങെപ്പണിചെയ്യാനിവർ;
പല്ലു നുറുങ്ങെ ഭുജിപ്പാനന്യർ!
തല്ലിനു ചെണ്ട; പണത്തിനു മാരാൻ;
ചൊല്ലിതു സാർത്ഥകമായിത്തീർന്നു!

*(സഞ്ജയൻ പുസ്തകം 2, ലക്കം 16, 1938 ജനുവരി 16, പുറം 489)*

# ഉഷസ്സിനോട്

ആരും ഗ്രഹിപ്പീല നിൻപ്രേമ വൃത്താന്ത-
മാരോമലേ, നീ നടിച്ചിടേണ്ടിന്നിമേൽ!

നിൻപനിനീർപ്പൂം കവിൾത്തടം ഭാനുമാൻ
ചുംബിപ്പതാരുണ്ടു നോക്കിനിൽക്കാത്തവൻ?
ലജ്ജതൻ കുങ്കുമച്ചാർത്തൊന്നിരട്ടിച്ചോ-
രജ്ജഗന്മോഹനസുന്ദരാസ്യാബ്ജത്തെ
എത്രനാൾ നിർന്നിമേഷാക്ഷനായ് ഹർഷിത-
ഗാത്രനായാനന്ദനിർല്ലീന ചിത്തനായ്
സത്യപ്രകാശികേ, കണ്ടു ഞാൻ, നിസ്തുല്യ-
നിത്യശകുന്തളേ, നീലാഭ്രകുന്തളേ.
ഉൾക്കാമ്പലിക്കുന്ന തേൻതുള്ളി ചേർക്കുവ-
തക്കാഴ്ചയല്ലയോ പൂങ്കുയിൽക്കൂകലിൽ?
ശ്രീലമാമദ്ദിവ്യരമ്യസമ്മേളന-
വേളയ്ക്കെഴിവാദ്യമേകുവാനല്ലയോ,
നിദ്രാസുമുദ്രിതലോചനോന്മീലന-
മാർദ്രയാം പദ്മിനി ചെയ്യുന്നു നിത്യവും?
ആ നവ്യവാർത്തയെ പ്രത്യൂഷമാരുത-
നാനമ്രശീർഷമുയർത്തി മന്ത്രിക്കവേ,
ആമോദപൂരം പൊഴിപ്പതല്ലീ സുമ-
സ്തോമവികാസപ്ചരലേന പൂവള്ളികൾ?
ആരും ഗ്രഹിപ്പീല നിൻപ്രേമവൃത്താന്ത-
മാരോമലേ, നീ നടിച്ചിടേണ്ടിന്നിമേൽ.

*(ഹാസ്യാഞ്ജലി, പുറം 62, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1938)*

# സഞ്ജയമ്മാനും കായകല്പവും

[മഹാത്മാ വിശൻദാസ്തപസ്വിയുടെ കായകല്പചികിത്സാക്രമം അനുഷ്ഠിച്ചു പണ്ഡിതമാളവിയജി യുവാവായിത്തീർന്നിരിക്കുന്നു. അദ്ദേഹം യുവാവാകണമെന്നു ആശ തന്നെയാണുതാനും. മഹാത്മാക്കളും ലോകോപകാരികളും ചാകാതൊഴിഞ്ഞവരായാൽ കൂടി ലോകത്തിന് അത് അനുഗ്രഹമായിത്തീരുവാനല്ലേ വഴിയുള്ളൂ? പക്ഷേ, ഇതാ സുഖം കണ്ടു ഭയങ്കര ജനദ്രോഹികൾ കൂടി ഒപ്പടി ചികിത്സാക്രമത്തിന്റെ രഹസ്യംകണ്ടുപിടിക്കുക യാണെങ്കിൽ വന്നു ചേരുവാനിടയുള്ള അത്യാപത്തോർക്കുമ്പോൾ സഞ്ജയൻ നടുങ്ങിപ്പോകുന്നു. എന്തിനധികം? പി.എസ്. തന്നെ കായകല്പമെടുത്തു മരണത്തിൽ നിന്നു പിന്നാക്കം പോവുകയാണെങ്കിൽ ദുനിയാവിന്റെ സ്ഥിതിയെന്തായിരിക്കും! ആലോചിച്ചാൽ മതിയല്ലോ!]

(പാന)

മായമല്ലിപ്പറവതെൻ തോഴരേ,
കായകല്പം തുടങ്ങുവാൻ പോണു ഞാൻ !
എന്തിനെന്നോ ? -വയസ്സു നമുക്കൊരു
പന്തിരണ്ടാ-യെഴുപതിലപ്പുറം !
തെല്ലു നാവിന്നടക്കമില്ലായ്കയാൽ
പല്ലൊരു ഡസൻ പണ്ടേ കൊഴിഞ്ഞുപോയ് !
ആയതൊക്കെയും വീണ്ടും മുളയ്ക്കുകി-
ലായതു കാമ്യമല്ലയോ തോഴരേ ?
മുല്ലമൊട്ടുകൾ പുഞ്ചിരിക്കുന്നതും
മെല്ലവെ പങ്കജാക്ഷി കുമ്പുന്നതും
യൌവനത്തിന്റെ തീപ്പൊരി ചിന്നിടും
നവ്യനേത്രദ്വയം വഴിക്കിന്നിയും
കാണുവാനൊരു തീവ്രാഭിവാഞ്ഛയാ-
ലാണു ഞാനിതു ചെയ്വതെൻ തോഴരേ !
ധന്യനായ വിശൻദാസ്തപസ്വിയെ-
ച്ചെന്നു ബോറാക്കുമിന്നുതൊട്ടേഷ ഞാൻ.
ആയിരം ചാക്കു ചേർക്കുരു ശാപ്പിടാ-
നായവിടുന്നരുളിയെന്നാകിലും,
ശാപ്പിടുമവയൊക്കെ ഞാൻ; വേണ്ടുകി,-
'ലാപ്പു ചായ'യും ബീഡിയും കൈവിടും.
എന്തശിക്കിലു, മെന്തുപേക്ഷിക്കിലും,
(ഹന്ത) യൌവനം കിട്ടിയേ ഞാൻ വിടൂ.
മായമല്ലിപ്പറവതെൻ തോഴരേ !
കായകല്പം തുടങ്ങുകയായി ഞാൻ !

*(ഹാസ്യാഞ്ജലി, പുറം 64, സഞ്ജയൻ, പുസ്തകം 2, ലക്കം 18, 1938 ഏപ്രിൽ 14, പുറം 573)*

# മഴക്കാലത്തെ പ്രഭാതം

മണിയേഴു കഴിഞ്ഞു, ഹാ ! (മഹാ-
കവിയുള്ളൂർ വിലപിച്ച മാതിരി);
കണികാൺമതിനില്ല സൂര്യനെ-
ക്കരിമേഘാളി മറച്ചിരിക്കയാൽ.

ഘനപാളി മറയ്ക്കിലർക്കനെ-
ന്ത ? വിടുന്നക്ഷയദീപ്തിയല്ലയോ ?
ഒരു കുമനറിഞ്ഞതില്ലതാ-
നിതു-('കുമോദര'നെന്നവന്നു പേർ.)

പടുവങ്കനവൻ നിനയ്ക്കയാ,-
"യരുണൻ മേലിലുദിച്ചിടാ ദിവി;
നിശതാനിനി ഭൂമിയിൽ; ക്രമാൽ
ശശിയും താരകളും നശിച്ചുപോം :

പൊടി പാറ്റി നമുക്കു മുള്ളിടാം
ഭയമാർന്നിബ്ഭുവനം നടുങ്ങവേ :
മതി മങ്ങിയ മത്സഖാക്കളോ-
ടുടനീ മംഗളവാർത്തയോതണം."

അവനീ വഷളത്തമോർത്തു, തൻ
തലയോടപ്പടി ശൂന്യമാകയാൽ;
ചിലരോടു പറഞ്ഞുപോലവൻ
ദിനനാഥൻ തുണയറ്റു വീണതായ് !

പലതിത്തരമമ്മഹാമര-
ത്തലയൻ നിന്നു ചിലയ്ക്കവേ, സ്വയം
ജലദൌഘമൊഴിഞ്ഞുപോയ്, ക്ഷണാ-
ലുലകർക്കാഭയിൽ മുങ്ങിനില്ക്കയായ് !

ഒരു മാത്ര തുറിച്ചു. ദുസ്സഹ-
പ്രഭയാൽ വീണ്ടുമടഞ്ഞ കണ്ണുകൾ;
ചിരിമാറിയിളിഞ്ഞുപോയ്, ഭയ-
ങ്കരമാം ബ്ലീച്ചടിയിൽത്തദാനനം !

*(ഹാസ്യാഞ്ജലി, പുറം 65, സഞ്ജയൻ പുസ്തകം 2, ലക്കം 19, 1938 ജൂൺ 14, പുറം 577)*

# രാജാജിക്ക് ഒരു പ്രത്യക്ഷപത്രം

നമ്മുടെ മന്ത്രിയാം കോണ്ടാടൻ വായിച്ചു
ചെമ്മേ വിവർത്തനം ചെയ്യുമെങ്കിൽ,
രാജശ്രീ രാജാജി ബോധിപ്പാനേതാനും
വ്യാജക്കലർപ്പെന്നേ ചൊല്ലുവൻ ഞാൻ.

രാജാജി! കോൺഗ്രസ്സുവാഴ്ചയിലീ ഞങ്ങൾ,
രാജശ്രീ ദീപ്തിയിലെന്നപോലെ
ഉള്ളം കുളിർത്തു തെളിഞ്ഞു നിന്നീടുന്നു:
സൊള്ളല്ലേ. ഒള്ളല്ലേ, കള്ളമല്ലേ!

എന്നാലും മുള്ളുപോലുണ്ടൊരു വേദന-
യിന്നെന്റെ ഹൃത്തിൽക്കുടികൊള്ളുന്നു;
ആയതു നീക്കുവാനാളാകുമങ്ങുന്നെ-
ന്നായതാത്മാവേ. ഞാൻ വിശ്വസിപ്പൂ.

എങ്കിലീയമ്പലക്കാര്യത്തിൽ മന്ത്രിമാർ
ശങ്കിക്കുന്നെന്തിനെന്നെന്റെ ചോദ്യം:
മർത്ത്യർക്കു തങ്ങളിൽത്തീണ്ടലുണ്ടെന്നോതും
സ്മൃത്യാഭാസങ്ങളെ മാനിച്ചിട്ടോ?
മാമൂൽപ്പെരുച്ചാഴിക്കൂട്ടത്തിൻ കോപത്താ-
ലാമൂലധ്വംസനം പേടിച്ചിട്ടോ?
പൊട്ടെന്നിക്കാര്യം നടക്കുകിലാകാശം
പൊട്ടിപ്പോമെന്നൊരു ശങ്കകൊണ്ടോ?
ഇന്നിസ്സമത്വത്തിൻ വാതിൽ തുറക്കുകിൽ
ഭിന്നിപ്പുണ്ടാകുമെന്നോർക്കകൊണ്ടോ?
കാരണമെന്തുതാനായാലു, മായുഷ്മൻ!
കാലവിളംബമിസ്സംഗതിയിൽ
തെല്ലുമരുതെന്നും, താമസം നല്ലതി
നല്ലെന്നും തോന്നുന്നു:-

സ്വന്തം പി. എസ്സ്.

*(ഹാസ്യാഞ്ജലി, പുറം 66, സഞ്ജയൻ, പുസ്തകം 2, ലക്കം 19, 1938 ജൂൺ 14, പുറം 584)*

# ഹാസ്യാഞ്ജലി 12

(ഒരു മഹാമിസ്റ്റിക് വാശി)

['മാവേലി നാടു വാണീടും കാലം' എന്ന മട്ട്]

ഇന്നു ഞാൻ പോവുകില്ലോമലാളേ,
മന്നിടം പാലൊളി പൂശിനിൽക്കേ.

പാതി വളർന്നുള്ളീയമ്പിളിയും,
പാതിരയും, ഞാനുമൊത്തുപോകാം.
അപ്പുറം കൂരിരുട്ടെങ്കിലെന്താ-
ണിപ്പുറത്തല്ലീ ഞാൻ നില്പതിപ്പോൾ?
ആകയാൽ, കാക്കും ഞാനോമനേ, നിൻ
സാകൂതമന്ദസ്മിതത്തിന്നായി.

മിസ്റ്റിക്കുസാഹിത്യപ്പൊൻപടപ്പേ,
ചുറ്റിത്തിരിക്കുന്ന കൺതെറിപ്പേ,
കള്ളക്കണ്ണേറിട്ടു നീ പെൺപൊടിപ്പേ,
വെള്ളപ്പുമ്പുഞ്ചിരി തൂകിയപ്പോൾ,
അച്ചിരി 'പാരഡി' ചെയ്യുവാനായ്
നിച്ചിലുമെത്ര ഞാൻ പാടുപെട്ടു!
മിന്നുമാ ഹാസമെൻ പേനത്തുമ്പി-
ലിന്നോളം വന്നീലാ പൂർണ്ണമായി.
ആകയാ, ലാകയാലോമനേ, നീ
സാകൂതസുസ്മിതം തൂകിനിൽക്കൂ!
ഇങ്ങു ഞാനീ രാവിലൊറ്റയായി-
ത്തങ്ങുവാൻ സംഗതി ബോധ്യമായോ?

കൊന്നാലുമിന്നു ഞാൻ പോവുകില്ലീ
മന്നിടം പാലൊളി പൂശിനിൽക്കേ.

*(ഹാസ്യാഞ്ജലി, പുറം 67, സഞ്ജയൻ, പുസ്തകം 2, ലക്കം 20, 1938 ആഗസ്റ്റ് 2, പുറം 609)*

# ആനവീഴുമ്പോൾ

ഹന്ത! വീണുകിടക്കുന്ന
ഗജമേതാണിതുന്നതൻ?
ഓ. ഹോ! മനസ്സിലായ്,പ്പാവ-
മന്ത്യശ്വാസം വലിച്ചുവോ?

എന്തോ കടുത്ത രോഗത്താ-
ലലറിക്കൊണ്ടനാരതം
ഇവനിക്കാട്ടിലങ്ങിങ്ങു
നിന്നു ചാഞ്ചാടിടുന്നതും,

അടുത്തുചെല്ലാനാവാഞ്ഞു
ദുഷ്ടക്കൊട്ടാളജാതികൾ
കല്ലെടുത്താഞ്ഞുവീക്കുമ്പോൾ,
കഷ്ടം, കണ്ണീർ പൊഴിപ്പതും,

കണ്ടിരിക്കുന്നു ഞാ-നെന്തോ
കഥ! ദുഷ്കാലമെത്തിയാൽ,
കൊലകൊമ്പന്നുമാരോടും
തലതാഴ്ത്തേണ്ടതായ്‌വരും!

അതല്ലോ, അമ്പുംകൊണ്ടിട്ടു-
ണ്ടയ്യോ, മൂർദ്ധാവിലീശ്വര!
ചതിച്ചിതാരോപറ്റിച്ച
പണിയാണെന്നു നിർണ്ണയം.

നാട്ടിന്നധീശൻ കണ്ടെത്തി-
ക്കാര്യം ബോധിച്ചു വല്ലതും
ശുശ്രൂഷചെയ്തീയാനക്കു
ജീവൻ കിട്ടട്ടെ, ദൈവമേ!

ഹസ്തി ജീവിച്ചുപോയാലു,-
മവൻ വീണൊരു വീഴ്ചയിൽ
പെട്ടുപോയ കുറുക്കന്മാ-
രൊക്കെച്ചമ്മന്തിമാത്രമാം!

വമ്പന്റെ കൂടെക്കൂടുന്ന
സാമർത്ഥ്യക്കാരശേഷവും
'ആന വീഴുമ്പോ'ഴെന്നുള്ളീ-
ച്ചിത്രമോർമ്മിപ്പതുത്തമം!

*സഞ്ജയൻ, പുസ്തകം 2, ലക്കം 20, 1938 ആഗസ്റ്റ് 2, പുറം 621*

# ലാത്തിഗീതി*

[മഹാകവി ടാഗോറിനോടും, കൂട്ടത്തിൽ, നമ്മുടെ സ്വന്തം, മഹാകവികളോടും ക്ഷമാപണം]

## ആമുഖം

പതാകാവന്ദനം. ജാഥാനിയന്ത്രണം, കറുപ്പുകൊടി പ്രദർശനം, മംഗളപത്രസമർപ്പണം, ലഘുലേഖാവിതരണം, പ്രതിഷേധപ്രകടനം, സമുദ്രതരണം, ലങ്കാപുരീമർദ്ദനം മുതലായ രാഷ്ട്രീയ ചടങ്ങുകളിൽ ഏതിനും ഉപയോഗിക്കാൻ പറ്റിയ പാട്ടുകൾ നാനാവൃത്തങ്ങളിലും ചതുരങ്ങളിലും മട്ടിലും മാതിരിയിലും നമ്മുടെ മഹാകവികളും ചില്ലറക്കവികളുംകൂടി പടച്ചുവിട്ടിട്ടുണ്ട്....... ബ്രിട്ടീഷിന്ത്യയിൽ പോലീസിനും പോലീസിന്റെ പിന്നിലുണ്ടായിരുന്ന അന്നത്തെ ഗവർമ്മേണ്ടിന്നും പറ്റിയ വലിയ അബദ്ധം, ജാഥക്കാരുടെ പാട്ടുകൾ പോലെയുള്ള പാട്ടുകൾ പോലീസിനു സപ്ലൈ ചെയ്യാതിരുന്നതാണ്........ പാട്ടുകളുടെ വികാരോത്തേജകത്വവും ആപാദമധുരത്വവും ആലോചനാമൃതത്വവും മറ്റും നിമിത്തം വന്നു ചേർന്ന ആനന്ദലഹരിയിൽ ലാത്തിപ്രഹരമേറ്റ ജാഥക്കാർക്ക് ആ അടിയൊക്കെ പുഷ്പവൃഷ്ടിപോലെ തോന്നിയെന്നാണ് അനുഭവസ്ഥന്മാർ പറയുന്നത്. നേരെമറിച്ചു, നിഷ്പാട്ടന്മാരായ പോലീസുകാർക്കു ക്രമേണ നിരുത്സാഹവും നൈരാശ്യവും വർധിച്ചു വരികയാണ് ചെയ്തത്........അതുകൊണ്ട് ബ്രിട്ടീഷിന്ത്യയിലെ സർക്കാർ പരാജയം തിരുവിതാംകൂറിലും ആവർത്തിക്കപ്പെടാതിരിക്കുവാനായി, തിരുവിതാംകൂറിലെ പോലീസ് വകുപ്പിനു, ലാത്തിചാർജ്ജിനു പുറപ്പെട്ടുപോകുമ്പോളും ചാർജ്ജ് നടത്തുമ്പോളും പാടുവാനായി, ലാത്തിയെ സ്തുതിച്ചുകൊണ്ട്, ഒരു ഗീതം ഞാനിതാ നിർമ്മിച്ചു സചിവോത്തമന്നു സമർപ്പിക്കുന്നു. മാതൃകയ്ക്കു ചില്ലറക്കാരെയൊന്നും പിടിച്ചാൽ മതിയാകുകയില്ലെന്നു കരുതി, ലോകമഹാകവി ടാഗോറിനെത്തന്നെയാണ് കടന്നു പിടികൂടിയിരിക്കുന്നത്.

വിമർശകന്മാരോടു രണ്ടു വാക്ക് : ഈ പാട്ടിലെ വ്യാകരണം ((ഗ്രാമർ) ഒരുവിധം ബംഗാളിമട്ടാണ്. അതുകൊണ്ട് അതിനെക്കുറിച്ചു നിങ്ങൾ ലഹളയുണ്ടാക്കരുത്. പാട്ട് ഇതാ :

I

ജനഗണ തല അടിനായക ജയ ഹേ !
വഞ്ചിതവഞ്ചി വിധാതാ !
പഞ്ചാബ്, കൊച്ചി, മലബാറു, മറാട്ടാ,
ദ്രാവിഡ, കന്നട ( വങ്കാ !)

---

* തിരുവിതാംകൂറിൽ അക്കാലത്ത് ആലുവ മുതൽ കന്യാകുമാരിവരെ നടന്ന സാർവ്വത്രികവും ഭയങ്കരവുമായ ലാത്തിപ്രയോഗത്തെ സ്മരിച്ച്.

സഹ്യ മഹാചല അറബി സമുദ്ര
      പറയടി തകൃതി തരംഗാ
താവക പാതേ വീണേ! ഭീകരമർദ്ദന പാണേ!
      കേൾക്കു തവ ജയഗാഥാ!
ജനഗണ കുസൃതി വിധായക, ജയ, ഹേ!
      വഞ്ചിതവഞ്ചി വിധാതാ;
ജയ, ഹേ! ജയ, ഹേ! ജയ, ഹേ! ജയ,
      ജയ, ജയ, ജയ, ജയ, ഹോയ്!

II

ഹര, ഹര! തവ അദ്ധ്വാന പ്രപൊടിത*
      പൊതുജനഗണ മരമണ്ട-
ഹിന്ദു, ബൌദ്ധ, ശിഖ-സിദ്ധ-സമാജക,
      മുസൽമാന നസ്രാണി-
ഉത്തരദക്ഷിണ ദേശ ഒന്നാംക്ലാസ്സുടിയാശ്ശേ!
      ചാത്തിയടിമയജാഥാ!
ജനഗണ ഐക്യ വിധായക, ജയ, ഹോ!
      വഞ്ചിതവഞ്ചി വിധാതാ!
ജയ, ഹോ! ജയ, ഹോ, ജയ, ഹോ! ജയ
      ജയ, ജയ, ജയ, ജയ, ഹേയ്!

III

പതന അഭ്യുദയ ബന്ധുര പന്ഥാ.
      ഭാരതമെനയത് ഗാന്ധി;
ഹേ ! തലപൊളിയൻ! തവയടി ചോടേ
      പൌരർ പതന്തി, രുദന്തി!
ദാരുണവിപ്ലവമാളും! തവ
      കൊസ്രാക്കെണി പാളും!
പൌരലത പൊളി താതാ!
ജനഗണ തല പൊടി പാറ്റക, ജയ! ഹേ!
      വഞ്ചിതവഞ്ചി വിധാതാ!
ജയ, ഹു! ജയ, ഹു! ജയ, ഹു! ജയ,
      ജയ, ജയ, ജയ, ജയ, ഹുശ്!

*(ഹാസ്യാഞ്ജലി, പുറം 69, സഞ്ജയൻ, പുസ്തകം 2, ലക്കം 20, 1938 ആഗസ്റ്റ് 2, പുറം 638)*

---

*പ്രപൊടിത-പ്രകർഷേണ പൊടിക്കപ്പെട്ടത്. വാക്ക് എങ്ങിനെ വന്നുവെന്നു പറയാൻ മനസ്സില്ല - പി. എസ്സ്.

# ഓണം കഴിഞ്ഞിട്ടും–!

എന്നുമോണ,മെന്നും തിരുവോണം-
തന്നെയംബികേ, നിൻകളിപ്പൂങ്കാവിൽ.

വീഴുവതുണ്ടു വാടിയ,തെങ്കിലും
കേഴുവതില്ല പുല്ക്കൊടികൂടിയും;
ഒന്നു വീഴുമ്പൊഴേയ്ക്കുമൊരായിരം
പൊന്നലുക്കു പണിയുവോളല്ലി നീ?

നട്ടുവെയ്‌ലത്തു നൃത്തമുതിർത്തു നീ;
പാട്ടു പാടി നീ തീച്ചൂളയിങ്കലും;
അന്തിവീർപ്പൊന്നു നീ വിടും വേളയിൽ
പങ്ക്തി പങ്ക്തിയായ് മുല്ല വിരിഞ്ഞുപോയ്.

ഭീമകാലം കരിങ്കാറുമായെത്തി:
നീ മദോൽക്കടേ, പേടിച്ചടങ്ങിയോ?
കാളവാരിദകർണ്ണീരഥത്തിൽ* നീ
കാളികേ, കൊടുങ്കാറ്റത്തുയർന്നില്ലേ?
പാതിരയ്ക്കു നീ പൊട്ടിച്ചിരിക്കയാൽ
പാതി ലോകം നടുങ്ങി വിറച്ചില്ലേ.....

കാലഭീഷണിക്കുത്തരമെന്നോണം
ലോലമാം തുമ്പയിന്നും ചിരിക്കുന്നു.....
എത്ര രോമാഞ്ചമങ്കുരിപ്പിപ്പതി-
ല്ലിത്തമഃപൂർണ്ണനെന്നിലും നീ ശുഭേ!

എന്നുമോണ, മെന്നെന്നും തിരുവോണം-
തന്നെയംബികേ, നിൻകളിപ്പൂങ്കാവിൽ!

*(ഹാസ്യാഞ്ജലി, പുറം 70, സഞ്ജയൻ, പുസ്തകം 2, ലക്കം 21, 1939 ജനുവരി 1, പുറം 641)*

*കർണ്ണീരഥം-സ്ത്രീകൾക്കിരിക്കുവാൻ യോഗ്യമായ ഒരു രഥവിശേഷം.

# ഉത്തരം മുട്ടിയാൽ

('കുങ്കുമച്ചാറണിഞ്ഞാലും കുചങ്ങളിൽ കുംഭീന്ദ്രഗാമിനിയാളെ'- എന്ന മട്ട്)

'ഇന്നലെപ്പൂന്തോപ്പിലാരും തുണയെന്ന്യേ-
യെന്തിനു പോയി നീ, രാധേ?'

'പൂന്തിങ്കളുന്തിക്കു പൊന്തുമ്പോൾ ചിന്തുന്ന
ചന്തം നുകരുവാൻ, തോഴി!'

'നേരായിക്കേട്ടു ഞാൻ നർമ്മസല്ലാപം; നീ-
യാരോടു മന്ത്രിച്ചു രാധേ?'

'അന്തിക്കുളിർകാറ്റിൻ മർമ്മരാലാപം; ഞാൻ
മന്ത്രിച്ചില്ലാരോടും, തോഴി!'

ഉള്ളത്തിൽക്കൊള്ളാത്ത തോഷത്താലാരുടെ
കള്ളച്ചിരി കേട്ടു, രാധേ?'

'ഓതാമോ കള്ളച്ചിരിയെന്നു പൊയ്കയി-
ലോളം തുളുമ്പുമ്പോൾ, തോഴി?'

'ഇങ്ങില്ലാച്ചെമ്പനിനീർപ്പൂവു കേശത്തി-
ലെങ്ങിനെ വന്നെത്തി, രാധേ?'

'ഈയെതിർവിസ്താരം, പോരും; നീ നിൻപാട്ടിൽ
പോയാട്ടെ വിട്ടെന്നെ, തോഴി!'

*(ഹാസ്യാഞ്ജലി, പുറം 71, സഞ്ജയൻ, പുസ്തകം 2, ലക്കം 22, 1939 ജനുവരി 15, പുറം 673)*

# ഹാസ്യാഞ്ജലി 13

സ്വാഗതം; ജഗന്മാതൃകാ*ഹാസ്യമേ!
സ്വാഗതം; ചിൽപ്രകാശസ്വരൂപിണി!

കണ്ണുനീരിലും കാർവില്ലു കാണിക്കും
പുണ്യരശ്മി നിൻ മന്ദഹാസാങ്കുരം,
കാലരോഗി കടിച്ചേറ്റ ദുഃഖമാം
കാളകൂടം ഹരിക്കുമമൃതു നീ;
സമ്യഗീക്ഷണം വീണ്ടും തെളിയിപ്പാൻ
സാമ്യമറ്റുള്ളിളനീർക്കുഴമ്പു നീ :
ഭാവിതൻ കരാളാന്ധകാരത്തെയും
ഭാസുരമാക്കുമത്ഭുതദീപ്തി നീ:
ത്വത്സകാശം നിതാന്തശാന്തിപ്രദം
ത്വത്സമാഗമം ചിദ്രസാസ്വാദനം.

സ്വാഗതം! ജഗന്മാതൃകാഹാസ്യമേ!
സ്വാഗതം! ചിൽപ്രകാശസ്വരൂപിണി!

*(ഹാസ്യാഞ്ജലി, പുറം 72, സഞ്ജയൻ, പുസ്തകം 2, ലക്കം 23, 1939 ഫിബ്രവരി 1, പുറം 705)*

# യുവകവിയും കവിതയും

[കവിയും കവിതയും തമ്മിൽ നടക്കാറുള്ള ഹ്രസ്വസല്ലാപങ്ങളെ വെളിച്ചത്താക്കുവാനു് ഇയ്യിടെയായി കച്ചകെട്ടിയിറങ്ങിയിട്ടുള്ള എല്ലാ യുവകവികളോടും ക്ഷമാപണം]

യുവകവി :

തങ്കമേ, തെല്ലിട കൊഞ്ചി മന്മാനസാ-
തങ്കമൊട്ടാറ്റുകെന്നോമലാളേ!

കവിത :

കിള്ളിപ്പല്ലൻ കൊഞ്ചലെക്കാളുമിന്നങ്ങേയ്ക്കു
നെല്ലിക്കവെള്ളമാണത്യാവശ്യം.
തൻകണ്ണു കെട്ടി നീ മിസ്റ്റിക്കു രീതിയി-
ലെൻകഴൽ തപ്പുവാൻ കോപ്പിട്ടില്ലേ?
പുല്ലിന്റെ ചൊല്ലു നീ കേൾക്കാതെ വന്നെന്നെ
നെല്ലിന്നു വില്ക്കുവാനാശിച്ചില്ലേ?
കുമ്പ വീർത്തുള്ളോർക്കു വെപ്പാട്ടി ഞാനെന്നു
കമ്പാസ്സു! നിർല്ലജ്ജമോതീലേ നീ?
നിന്നുടെ പട്ടിണിപ്പാടിന്നു ഹേതുവാ-
യെന്നെ നീ മണ്ടൂസേ, ചൂണ്ടിയില്ലേ?
വേണംപോൽ കൊഞ്ചുവാൻ ഞാനിപ്പോൾ-
തെല്ലൊരു
നാണമാണാവശ്യമാണായ്ത്തീർന്നാൽ!!

യുവകവി :

ബൂർഷ്വാസിത്തവിടിപ്പെണ്ണേ, പോ നിൻപാട്ടി-
ലാഷ്വാസം[1] കൊള്ളട്ടെ, ഞാനിച്ചേറ്റിൽ[2]

*(ഹാസ്യാഞ്ജലി, പുറം 73, സഞ്ജയൻ പുസ്തകം 2, ലക്കം 24, 1939 ഫിബ്രവരി 15, പുറം 737)*

---

1. കവിത വിട്ടുപോയതിന്നു ശേഷം, കവിക്കു പെട്ടെന്നുണ്ടായ സ്വാതന്ത്ര്യബോധമാണ് ഈ 'ആഷ്വാസ' പ്രയോഗത്തിന്റെ ഹേതു.

2. കർഷകനെ ബോറാക്കുവാൻ വേണ്ടി കവി പാടത്തെച്ചേറ്റിൽ കിടന്നുരുളുവാൻ പോകുന്നുവെന്നു താല്പര്യം.

# *ഹരിയോ, ഹരി!

അഥവാ

# കോൺഗ്രസ്സിനോട്

(തുഞ്ചത്താചാര്യപാദങ്ങളിൽ വീണു മാപ്പിന്നിരന്നുകൊണ്ട് )

"ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി-
ലുണ്ടായൊരിണ്ടൽ, ബത! മിണ്ടാവതല്ല മമ:
പണ്ടെക്കണക്കെ" വരുമെന്നാലുമിന്നതിനു
രണ്ടുണ്ടു പക്ഷമിഹ നാരായണായ നമഃ.
ഇക്കാഴ്ചയൊക്കെയഥ കണ്ടിട്ടു-മെന്റെ ഹരി!-
മുക്കാലിനും കിമപി കൂസില്ല നീയവിടെ:
ഉൾക്കാമ്പഴിഞ്ഞു തിരുവുള്ളം തുണക്ക മമ!
തൽക്കാലപക്ഷമിതു, നാരായണായ നമഃ
"ആനന്ദചിന്മയ ! ഹരേ ! ഗോപികാരമണ!"
സാനന്ദവാഴ്ചയിനി ഞാനെന്നു ചൊൽവു ചിലർ;
ഞാനെന്നുമപ്പുറ'മെനിക്കെ'ന്നുമുള്ള വഴി
കാണുന്നു ഞാനിവിടെ;-നാരായണായ നമഃ
എന്തെന്തു കാണുമിനി? യെന്തെന്തു കേൾക്കുമിനി?
യാരാരു പോകുമിനി? യാരാരു നില്ക്കുമിനി?
'ആവോ, നമുക്കു തിരിയാ' എന്നുറച്ചു തിരു-
നാമങ്ങൾ ചൊൽക!"-ഹരിനാരായണായ നമഃ

*(ഹാസ്യാഞ്ജലി, പുറം 74, സഞ്ജയൻ, പുസ്തകം 3, ലക്കം 1, 1939 മാർച്ച്, പുറം 1)*

---

* ശ്രീ. സുഭാസ് ഹേതുവായി കോൺഗ്രസ്സിൽ അക്കാലത്തുണ്ടായ ഭിന്നിപ്പിനെ പുരസ്കരിച്ച്.

# ശ്രീജിത്ത് ഘോഷ്കിനോട്

സ്വാഗതം, ശ്രീജിത് ഘോഷ്കേ! താങ്കളീ നാടൊട്ടാകെ-
പ്പാകത്തിൽബ്ഭരിയ്ക്കുവാൻ ഭാവിപ്പതായിക്കേട്ടു:
സന്തോഷം! 'കീ-ജേ'വിളിയെങ്ങുമേ മുഴങ്ങട്ടേ!
പൊന്തട്ടെ നിണക്കൊടിക്കൂറകളാകാശത്തിൽ!
(സത്യവുമഹിംസയും ചെങ്കൊടിച്ചെകുത്താന്ന്
പത്ഥ്യമല്ലെന്നു പണ്ടേ കണ്ടറിഞ്ഞവർ ഞങ്ങൾ.)

നമ്മുടെ മഹാകവി വള്ളത്തോൾ വർണ്ണിച്ചുള്ള
നായരെക്കാളും, ഘോഷ്കേ,ശുദ്ധരിൽശ്ശുദ്ധൻ ഭവാൻ!
സ്വാർത്ഥഹീനമാം ദിവ്യസത്യത്തിൻ സാക്ഷാത്ക്കൃത-
മൂർത്തിയാമാദിത്യന്റെ മദ്ധ്യാഹ്നപ്രഭയേയും
ഒരു പാഴ്ക്കരിത്തുണിക്കുടയാൽ മൂടാമെന്നു
കരുതും ഗർവിന്നൊരു 'നോബെൽ പ്രൈസ്സി'ല്ലാതെപോയ്!
അല്ലെങ്കിലങ്ങുന്നു താനായതിന്നർഹൻ, ഘോഷ്കേ,
കില്ലില്ല;—ചേമ്പർലെയ്ന്റെ കൂടെ നീയിരുന്നേനേ!

നിൻ തലയ്ക്കയ്യോ, ഘോഷ്കേ, പാഴുറ്റ നിഴലല്ലാ-
തെന്തു നീ സമ്പാദിച്ചതിയ്യൊരു വങ്കത്തത്താൽ?
മംഗളം! സ്വസ്ത്യസ്തു, തേ! ശുദ്ധഗാസ് ബലൂണാം നീ
വംഗനാടിനു* വാടാച്ചെണ്ടായി വർത്തിച്ചാലും!!

*(സഞ്ജയൻ, പുസ്തകം 3, ലക്കം 1, 1939 മാർച്ച് 1, പുറം 11)*

---

*'വങ്കനാട്' എന്നാണ് വേണ്ടത്; പക്ഷേ, കവിയെ, പെട്ടെന്ന്, ഒരു സജാതീയ ദ്വിതീയാക്ഷരപ്രാസഭ്രമം കടന്നു പിടികൂടുകയാൽ വംഗനാട് എന്നെഴുതിപ്പോയി. യഥാർത്ഥമഹാന്മാരായ എല്ലാ ബംഗാളികളോടും ക്ഷമാപണം! -പി.എസ്സ്.

# മിസ്റ്റിക്കോമന

(ഒരു വിലാപം)

വ്യസനത്തള്ളിച്ചയിൽ കവി, ആരോടെന്നില്ലാതെ, ആകാശം നോക്കിക്കൊണ്ടു ചോദിക്കുന്നു:

കൊള്ളിമീൻപോലൊന്നു മിന്നിമറഞ്ഞൊരാ-
ക്കള്ളമീൻകണ്ണിയാളെങ്ങു പോ,യെങ്ങു പോയ്?
ആഴ്ചപ്പതിപ്പിലും മാസികതന്നിലും
വാഴ്ച കൊതിച്ചവളെങ്ങു പോ,യെങ്ങു പോയ്?

ആരും ഉത്തരമൊന്നും പറയാത്തതുകൊണ്ട് ഭഗ്നാശനായ്, മറഞ്ഞുപോയ മിസ്റ്റിക്കോമനയെത്തന്നെ അഡ്രസ്സ് ചെയ്തുകൊണ്ട്, കവി പറയുന്നു:

ടിക്കറ്റു വാങ്ങാതെ ബങ്കാളിൽനിന്നു ക-
ലിക്കറ്റു തൊട്ടുള്ള നാനാസ്ഥലങ്ങളിൽ
കൂസാതിറങ്ങി നീ, കാമ്പുള്ളിൽനിന്നെത്തു-
മാസാമിപോലുമൊന്നഞ്ചുന്ന രീതിയിൽ.
ഓമനേ, ശാന്തിനികേതനത്തിങ്കലെ-
ക്കാമിനിയെന്നു നടിച്ചു നടന്നു നീ!
കഷ്ണിച്ചു ഗാഥയിലഞ്ചെട്ടു ശീലുക-
ളുഷ്ണിച്ചു തീർക്കുന്ന കുട്ടിക്കവികളെ
വിശ്വമഹാകവിസ്ഥാനം കരസ്ഥമെ-
ന്നാശ്വസിപ്പിച്ചു നീ പാട്ടിൽപ്പിടിക്കയാൽ,
എന്തെന്തു പേക്കൂത്തു കാണിച്ചതില്ലിവ-
രെന്തെന്തു ദുഃഖം സഹിച്ചീലനാട്ടുകാർ?

വികാരാവേശത്താൽ കവി വീണ്ടും ആകാശത്തെത്തന്നെ ലക്ഷ്യം വെച്ചു ചോദിക്കുന്നു:

മിസ്റ്റിക്കുമൂടുപടം ധരിച്ചെത്തിയ
തെറ്റിത്തെറിച്ചവളെങ്ങു പോ,യെങ്ങു പോയ്?
ചുട്ട കാമത്തിന്നു കാവ്യസരണിയിൽ-
ച്ചൂട്ടു പിടിച്ചവളെങ്ങു പോ,യെങ്ങു പോയ്?

*(ഹാസ്യാഞ്ജലി, പുറം 75, സഞ്ജയൻ, പുസ്തകം 3, ലക്കം 4, 1939 ഏപ്രിൽ 15, പുറം 97)*

# അവിടുത്തെ'പ്പരാജയം'

പലതുമുണ്ടെനിക്കിനിയുമോതുവാ,-
'നലമല'മെന്നു വിലക്കിടൊല്ല നീ!

മതിമുഖിയാളേ! മഹോദധിയുടെ
മഹോർമ്മി വെൺനുരച്ചിരി തൂകിത്തൂകി,
കരിംപാറക്കെട്ടോടടുത്തുമുട്ടി 'ഹാ,
പരാജിതൻ ഞാ'നെന്നരുളി മന്ദമായ്
ഒഴിഞ്ഞുപോവതു നിറഞ്ഞ കണ്ണുനീർ
വഴിഞ്ഞ കൺകളാലതിവീക്ഷിച്ചവർ
രണ്ടുപത്താണ്ടു കഴിഞ്ഞുനോക്കവേ-
ഹരി! ഹരി! കാൺമതരിയൊരത്ഭുതം:
കിണറ്റിൽ വീണുള്ള വെടിയുപ്പിൻകട്ട-
കണക്കു കർക്കശശിലയലിഞ്ഞുപോയ്,
പൊടിമണൽമാത്രമവശേഷിക്കുന്നു
കടൽപ്പുറത്തങ്ങു-മിതാരു പറ്റിച്ചു?

•　　　•　　　•

പരാജിതൻ ഞാനെന്നരുളിപ്പിന്നെയും
പുതിയ പാറമേലടിപ്പു വാരിധി!
പലതുമുണ്ടെനിക്കിനിയുമോതുവാ,-
'നലമല'മെന്നു വിലക്കിടൊല്ല നീ!

*(ഹാസ്യാഞ്ജലി, പുറം 76, സഞ്ജയൻ, പുസ്തകം 3, ലക്കം 5, 1939 മെയ് 15, പുറം 129)*

# ചങ്ങലംപരണ്ടഗാനം

മഹാകവി ഉള്ളൂരിന്റെ മനോഹരമായ 'കേരളഗാനം' സാഹിത്യ പരിഷത്ത്ത്രൈമാസികത്തിൽ..... വായിച്ചതോടുകൂടി 'ഈ സാമ്പിളിൽ ചങ്ങലം പരണ്ടയ്ക്കും ഒരു സ്തുതിഗാനം പാസ്സാക്കിയാലെന്താണ്?എന്നൊരു ചിന്ത പി.എസ്സിന്റെ മനസ്സിലുദിച്ചു. പക്ഷേ മഹാകവി ഉള്ളൂരിന്റെ പ്രസന്നഗംഭീരമായ സരസ്വതി എവിടെ ? എന്റെ-പോട്ടെ; നിങ്ങൾക്കറിയാമല്ലോ!എങ്കിലും ജന്മദേശത്തെപ്പറ്റിയെഴുതുന്ന കവിത, ഞാനെഴുതിയാൽക്കൂടി, ആദരണീയമായിത്തീരണമെന്നു ഞാൻ വിചാരിക്കുന്നു..... പക്ഷേ ഒരു ചില്ലറത്തകരാറു പറ്റിപ്പോയതും ഞാൻ ഇവിടെ ഒളിച്ചുവെയ്ക്കുന്നില്ല. ചങ്ങലംപരണ്ടയെ സ്തുതിക്കുവാനും സ്തുതിക്കുകയൊഴിച്ചു മറ്റൊന്നും ചെയ്യാതിരിക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണ് പേന കയ്യിലെടുത്തത്. അതു പി.എസ്സിനെപ്പോലെ സത്യനിഷ്ഠനായ ഒരാൾക്ക് എത്രമാത്രം ദുസ്സാധ്യമാണെന്നു ചങ്ങലം പരണ്ടയിൽ ഒരു ദിവസമെങ്കിലും കഴിച്ചുകൂട്ടിയവരെ പറഞ്ഞറിയിക്കേണമെന്നില്ലല്ലോ..... ഗംഭീരാശയനും വിശാലഹൃദയനും ഫലിതമർമ്മജ്ഞനുമായ മഹാകവിയോട് എന്റെ ഈ തോന്നിവാസത്തിന്നു വിശേഷിച്ചു ക്ഷമാപണമൊന്നും ചെയ്യാൻ ഞാൻ ആലോചിക്കുന്നില്ല; ആ മാപ്പ് അദ്ദേഹം പണ്ടേ, സഞ്ജയന്നു തന്നു കഴിഞ്ഞിരിക്കുന്നു.

I

ചങ്ങലംപരണ്ടയെന്ന മങ്ഗലമാം പേരിനാൽത്താ-
നെങ്ങുമെങ്ങും വിളികൊണ്ട ദേശമെൻദേശം.
അമ്മട്ടെന്നും ജനദ്രോഹം ചെയ്തു ജന്മം പുലർത്തുന്ന
തെമ്മാടികളെങ്ങും തിങ്ങും ദേശമെൻദേശം.
അമ്പലം വിഴുങ്ങികളും കുമ്പളങ്ങ കക്കുവോരും
വെമ്പലെന്ന്യേ, സുഖിക്കുന്ന ദേശമെൻദേശം.
'ഇങ്കിലാബു' പറഞ്ഞുവാൻ ശങ്കവിട്ടു റോഡുകളിൽ-
ച്ചെങ്കൊടി പിടിച്ചു പായും ദേശമെൻദേശം.
മിസ്റ്റ്റസ്സുമാർ കടക്കണ്ണാൽ, പുഞ്ചിരിയാൽ, കൊഞ്ചലിനാൽ
മാസ്റ്റർമാരെ വലച്ചീടും ദേശമെൻദേശം.
ബ്രഹ്മസൂത്രഭാഷ്യകാരൻ ശങ്കരൻതാൻ പിറക്കുമ്പോൾ-
ത്തൻമനസ്സിൽക്കരുതാത്ത ദേശമെൻദേശം.
മഴക്കാലത്തെങ്ങും ചളിക്കുഴമ്പായിത്തീർന്നാൽപ്പിന്നെ
വഴുവഴുപ്പൊഴിയാത്ത ദേശമെൻദേശം,
വേനൽക്കാലം തുടങ്ങിയാലടുപ്പത്തു കയറ്റിയ-
ചീനച്ചട്ടിപോലായ്ത്തീരും ദേശമെൻദേശം.
കുറ്റമറ്റ പയറ്റുകാർ തെറ്റിത്തമ്മിൽപ്പിരിഞ്ഞു വാ-
ക്കേറ്റമായിത്തല്ലുകൂടും ദേശമെൻദേശം.
ഹിന്തുക്കളും മാഹമ്മദമതക്കാരുമനുദിന
മാന്തിത്തമ്മിൽ മുരണ്ടീടും ദേശമെൻദേശം.

എന്തിനേറെ?-പടച്ചോനേ! ദുനിയാവിൻറവുത്തെങ്ങും
പന്തികേടാൽ പേർപൊന്തിയ ദേശമെൻദേശം!!

II

ചങ്ങലംപരണ്ടയെന്റെ ജന്മദേശ-മെന്തിന്നിനി-
യിഞ്ഞു ഞാനതൊളിക്കുവാൻ ശ്രമിച്ചീടുന്നു?
കാട്ടപ്പയും, കാരമുള്ളും, തുവയു മിത്തിളും മേളി-
ച്ചൊട്ടുക്കു പടർന്നു കൂടി നില്ക്കുകകൊണ്ടും;
മുള്ളൻപന്നി, പെരുച്ചാഴി, വെട്ടുകിളി, പുഴുവെന്നീ-
കള്ളക്കൂട്ടം കൃഷിയൊക്കെത്തിന്നുകകൊണ്ടും;
അടുത്തുള്ള 'മുനിസിപ്പാൽ'ഭരണത്തിൻ ദുർഗ്ഗന്ധത്തെ-
ക്കൊടുങ്കാറ്റു നാലുപാടും വീശുകകൊണ്ടും;
ഓണത്തിന്നു കോടികടം വാങ്ങായ്കയാലാണുങ്ങളെ
പ്രാണനാഥമാരൊത്തു ചേർന്നോടിക്കകൊണ്ടും;
ശങ്കവിട്ടു കളിക്കുന്ന മങ്കമാർതൻ ബ്ലൌസുകളിൽ
കൊങ്കകൾക്കു വീർപ്പുമുട്ടലേറുകകൊണ്ടും;
പടക്കങ്ങൾ ഭർത്തൃകണ്ഠേ കെട്ടിത്തൂക്കിത്തീക്കൊളുത്തി-
ച്ചടുലാക്ഷിമാർ വിഷുവെ മാനിക്കകൊണ്ടും;
പറയുവാനരുതാത്ത മറ്റനേകം ഗുൽമാൽകൊണ്ടും
പരക്കെ വൻകേൾവികേട്ട ദേശമെൻദേശം!

III

ചങ്ങലം പരണ്ടേ! മമ ചങ്ങലംപരണ്ടേ! ഹാ, ഹാ,
ചങ്ങലം പരണ്ടേ! (വരി തീർന്നുപോകയാൽ
അമ്മേ, നിന്നെ നാലുവട്ടം വിളിക്കുവാൻ സാധ്യമായി-
ല്ലിമ്മകന്നു, കനിഞ്ഞു നീ ക്ഷമിക്കു ഭദ്രേ!)
നിന്നുടയ പേരു കേൾക്കിലുഷ്ണിക്കുവോർ തവ മക്കൾ;
നിന്നെയൊന്നു നിനയ്ക്കുകിൽ ശുണ്ഠികേറുവോർ;
നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു; ഞങ്ങളെ നീ കുഴക്കുന്നു;
നന്നുനന്നിക്കച്ചവടമോർത്തുകാണുമ്പോൾ.
ഞങ്ങളുടെ ശരീരം നീ; മനസ്സു നീ; യാത്മാവു നീ,
തെണ്ടു നീതാൻ, തേങ്ങയും നീ, മാങ്ങ നീതന്നെ,
അന്തണന്നു, മന്ത്യജന്നും കുബേരന്നും, കുചേലന്നും,
ചന്തം തീരെയില്ലാത്തോർക്കു, മേറെയുള്ളോർക്കും,
(ചങ്ങലംപരണ്ടിയരാണവരെങ്കി)ലെല്ലാവർക്കും
ദങ്ഗലേ! നീ പക്ഷപാതമെന്ന്യേ നല്കുന്നു
ഏകഗുണം : തെമ്മാടിത്ത; മേകവൃത്തി; ജനദ്രോഹ-
മേകമനോഭാവം; കരകാണാത്തോന്ന്യാസം!-

*(ഹാസ്യാഞ്ജലി, പുറം 79, സഞ്ജയൻ, പുസ്തകം 3, ലക്കം 5, 1939 മെയ് 15*
*പുറം 153-154)*

# ഇടവപ്പാതി

പൊരിവെയ്‌ലോടാഹാ! പെരുമാരി, ശൈവ-
ത്തിരുവുടലോടു ശിവശക്തി,
എരികോപത്തോടു കരുണക്കണ്ണുനീർ,
പുരുതാപത്തോടു പരിതോഷം.
ഇടവപ്പാതിയോടിടവപ്പാതിയു-
മിടചേർന്നു നൃത്യം തുടരുന്നു!
ഈടയിടെ മിന്നലൊളിപെറും മേഘ-
മുന്നൂടൻ ഞെട്ടിയലറുന്നു!
അലറുന്നു ചണ്ഡാനിലനെങ്ങും; വാരിധി-
യലറുന്നു; മാരി ചൊരിയുന്നു.
പ്രകൃതിദേവിതൻ പ്രലയതാണ്ഡവ-
ത്തകൃതിയോ കാൺമൂ, ശിവശംഭോ!

കരുണാഹീനയായ് ജനനി ലോകത്തെ
മരണഗർത്തത്തിലെറികയോ?
'അരുതരുതിത്ഥം കരുതിടൊല്ലെ'ന്നാ-
യരുളുന്നുണ്ടാരോ ഹൃദയത്തിൽ:
'മരണനൃത്തമ,ല്ലിതു ജീവലാസ്യം
വരണീയമേറ്റം രമണീയം;
ഇതിനാൽത്താൻ പുല്ലുപുളകം ചാർത്തുന്നു
ധരണീദേവിതൻ തിരുമാറിൽ!

പൊരിവെയ്‌ലോടാഹാ! പെരുമാരി, ശൈവ-
ത്തിരുവുടലോടു ശിവശക്തി,
ഇടവപ്പാതിയോടിടവപ്പാതിയു-
മിടചേർന്നു നൃത്യം തുടരട്ടെ!!

*(ഹാസ്യാഞ്ജലി, പുറം 80, സഞ്ജയൻ, പുസ്തകം 3, ലക്കം 6, 1939 മെയ് 31, പുറം 161)*

# എന്തുവന്നാലും

ഞാൻ :-

മധുരമൊഴിയാളെ! മധുരലജ്ജതൻ
മറവിലിപ്പൊഴുമൊളിപ്പതെന്തു നീ?
വരൂ, വരൂ, മുഗ്ദ്ധേ! ഭവതി വേർപെട്ടി-
ങ്ങിരിപ്പതിലേറ്റം മരിപ്പതേ നല്ലൂ.

പ്രസ്തുതമുഗ്ദ്ധ :-

ഇടവപ്പാതിതൻ പടപ്പെരുമ്പറ-
യിടയ്ക്കിടയ്ക്കെങ്ങുമുയർന്നു കേൾക്കവേ,
കരിമുകിൽക്കൂന്തലഴിഞ്ഞു ചിന്നിയും
ഹിമകരാനനം വിളർത്തുമങ്ങിയും
കരയുന്നു നിശ; കരകാണാതുള്ളോ-
രിരുൾക്കടലിലേക്കിറങ്ങുന്നു ലോകം!

ഞാൻ :-

ശരി:-യെന്നാലേതു മഹാവിപത്തിലും
ചിരിക്കുവാനല്ലീ വരിച്ചു നിന്നെ ഞാൻ?
വരൂ, വരൂ, മുഗ്ദ്ധേ! ചിരിച്ചിടാതെ നാ-
മിരിപ്പതിലേറ്റം മരിപ്പതേ നല്ലൂ-!

*(ഹാസ്യാഞ്ജലി, പുറം 81, സഞ്ജയൻ, പുസ്തകം 3, ലക്കം 7, 1939 ആഗസ്റ്റ് 31, പുറം 193)*

# ചെയ്നിൽക്കുടുങ്ങിയ സത്യാഗ്രഹം

[ബീഗം ഹമീദലിയുടെ നിർദ്ദേശമനുസരിച്ചു, പുരുഷന്മാരുടെ നേരെ യുള്ള സർവതോമുഖമായ സത്യാഗ്രഹം നടത്തുവാൻ കാപ്പു കെട്ടിയിറങ്ങിയ ൦രു ശ്രീമതി,

"കാലേതാനും മടക്കി,ത്തുട തുടയുടെമേൽ-
ച്ചേർത്തതിന്നബ്ജമാല്യം
പോലെ വാരിക്കുമേൽ നീട്ടിയ രുചിരവലം-
കൈയലംകാരമാക്കി,
മേലേ വൻപോർമുലപ്പൊന്നണി ചിതറുമിടം-
കൈ കവിൾത്തട്ടിനേകി-
ച്ചോലേറും കണ്ണടച്ച്"

വെൺനഭസ്സിൽ ശശികലിക'യെന്നപോലെ, ശയ്യാതലത്തിൽ ഉറക്കമഭിനയിച്ചു കിടന്നു.

കാലേക്കൂട്ടി വിവരമറിഞ്ഞ ഭർത്താവ്, ഒച്ചപ്പാടുണ്ടാക്കാതെ പ്രവേശിയ്ക്കുന്നു.]

(രഥകാകളി)

ഭർത്താവ്-(വിചാരം)

"കണ്ണടച്ചീടുകിൽ മീനല്ലാ-മീനെങ്കിൽ,
കണ്ണടഞ്ഞീടുകയില്ല!
നാവടക്കീടുകിൽപ്പെണ്ണല്ലാപെണ്ണെങ്കിൽ
നാവടങ്ങീടുകയില്ല:"

(സത്യാഗ്രഹിണിയുടെ അടുത്തു കട്ടിലിന്മേലിരുന്ന്, പ്രകാശം)

"ഏഴര നാഴിക രാച്ചെല്ലും മുമ്പെത്താൻ
നീയുറങ്ങീടുകയായോ?
ഇന്നത്തെ രാവണൻ ഹിറ്റ്ലരൊരുക്കുന്ന
സന്നാഹം തെല്ലറിയേണ്ടേ?
ഗാന്ധിജി മിസ്റ്ററമറിയെച്ചെന്നൊന്നു
മാന്തിയ വാർത്ത നീ കേട്ടോ?

ഒട്ടേറെ വൈകിച്ചോടുക്കമീ നമ്മൾക്കു
ബ്രിട്ടൺ തരുന്നതു കണ്ടോ?
കൊച്ചിയിൽ ഷൺമുഖംചെട്ടിയാർ കാട്ടുന്ന
വിക്രമച്ചെയ്തി കേൾക്കാണ്ടേ?"

സത്യാഗ്രഹിണി കപടനിദ്ര തുടരുകയല്ലാതെ മിണ്ടുന്നില്ലെന്നു കണ്ട്, കുറച്ചു കൂടി അടുത്തേയ്ക്കു നീങ്ങിയിരുന്നിട്ട് )

"അയ്യയ്യേ, കേട്ടതിന്നുത്തരമെങ്കിലും
വയ്യെന്നോ ചൊല്ലുവാൻ തങ്കം!
എൻചെവിക്കുള്ളിലമൃതം പൊഴിക്കുവാൻ
തേഞ്ചേരും വാക്കൊന്നു പോരും!
അക്കുയിലൊച്ചയിൻ മൂളലും കൂടി ഞാൻ
കേൾക്കരുതെന്നുണ്ടോ വാശി;
ചെന്താരിൻചന്തം കവരുന്ന നിൻമുഖ-
മന്തിക്കു നീരവമാകാം,
എന്നാലു, മീയാമ്പൽക്കണ്ണുക, ശോഭനേ,
മന്ദം വിടരേണ്ടതല്ലേ?
അന്നമ്മാ! പൊന്നമ്മ! ചിന്നമ്മ, തങ്കമ്മാ!....
ഒന്നും നീ മിണ്ടുകയില്ലേ?"

[സത്യാഗ്രഹിണിയുടെ മുഖത്തു മേഘത്തിന്മേൽ സാന്ധ്യരാഗംപോലുള്ള ഒരു പ്രസാദം പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും, അവളുടെ കണ്ണു തുറക്കയാകട്ടെ, ചുണ്ടനങ്ങുകയാകട്ടെ ചെയ്യുന്നില്ല; അല്പനേരത്തെ മൗനത്തിനുശേഷം ഭർത്താവു തുടരുന്നു!]

"മറ്റൊന്നുമല്ലാ ഞാൻ ചൊല്ലുവാൻ കാരണം-
കുറ്റം പറയേണ്ട പിന്നെ-
ജാനകിക്കുട്ടിക്കു ഭർത്താവു തീർപ്പിച്ച
ചെയ്നിന്റെ മട്ടോർമ്മയില്ലേ?
ആയതിലൊട്ടേറെ പുത്തനാം ഭാഷയിൽ
ഞാനൊന്നു നോട്ടത്തിന്നായി
കൊണ്ടുവന്നിട്ടുണ്ടിങ്ങായതു നന്നെങ്കിൽ,
രണ്ടിഴയായൊന്നു തീർക്കാം....."

(സത്യാഗ്രഹിണി, പെട്ടെന്ന് ഉറക്കം ഞെട്ടിയതുപോലെ അഭിനയിച്ച് ഒരു ദീർഘനിശ്വാസത്തോടുകൂടി "ആരാണത്?..... എന്താണിത്ര വൈകിയത്!" എന്നു ചോദിച്ചുകൊണ്ടു, കണ്ണു തിരുമ്മിത്തുറന്നെഴുന്നേറ്റിരിക്കുന്നു. കർട്ടൻ.)

*(ഹാസ്യാഞ്ജലി, പുറം 83, വിശ്വരൂപം, പുസ്തകം 1, ലക്കം 1, 1940 ആഗസ്റ്റ്, പുറം 18)*

# ആട്ടെ ഹിറ്റ്ലരേ–!

['ആണ്ടിപ്പണ്ടാരം' മട്ടിനെ അനുകരിച്ചുണ്ടായ 'ആട്ടെ കിട്ടേട്ടാ' മട്ടിൽ മറ്റൊരു പാട്ട്]

1940 ആഗസ്റ്റ് 15-ാംനു താൻ ലണ്ടൻനഗരത്തിൽ പ്രവേശിക്കുമെന്നു ജർമ്മൻ സർവ്വാധിപതി ഹെർ ഹിറ്റ്ലർ പ്രതിജ്ഞ ചെയ്യുകയുണ്ടായി. പ്രസ്തുത പ്രതിജ്ഞയുടെ ഏകദേശനിർവ്വഹണമെന്നോണം ആ തിയ്യതിക്ക്, ആയിരം ജർമ്മൻ സൈന്യവിമാനങ്ങളെ അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കയച്ചു വെങ്കിലും, ആ ശ്രീമാൻ അതിലൊന്നും ഉണ്ടായിരുന്നില്ല. വിശിഷ്ടാതിഥിയെ കാത്തുകാത്ത്, കണ്ണു പൂത്ത്, ശോകശയനായ ബ്രിട്ടീഷ് പ്രധാനമന്ത്രി മി. വിൻസ്റ്റൺ ചർച്ചിൽ താഴെ ചേർക്കുംപ്രകാരം വിലപിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിയ്ക്കുന്നു.

പല്ലവി

ആട്ടെ, ഹിറ്റ്ലരേ!-നിങ്ങള്
വന്നോ, ഹിറ്റ്ലരേ?

ചരണങ്ങൾ

ആഗസ്റ്റ് പത്തുമഞ്ചും-കൂടുന്ന നാളിലങ്ങു-
ന്നാകാശമാർഗ്ഗമായിക്കുറോടിങ്ങെത്തുമെന്നായ് -ആട്ടെ,

ഉല്ലാസവായ്പൊടയ്യോ-ചൊല്ലിയ വീരവാദം
ചൊല്ലേറും താങ്കളിന്നു തെല്ലും മറന്നില്ലല്ലീ? -ആട്ടെ,

ചൊല്ലിയാൽചൊല്ലിയമ-ട്ടല്ലാതെ കാര്യമില്ലെ-
ന്നല്ലീകരുതിയതു കില്ലെന്യേ ഞങ്ങളെല്ലാം? -ആട്ടെ

തപ്പാത തോക്കുകൾ, തീ-തുപ്പും വിമാനവൃന്ദം,
ചൊല്പൊങ്ങും വൈമാനികർ, കെല്പേറും ടാങ്കുകളും-ആട്ടെ,

ഹന്ത! നിൻ വാക്കു ഞങ്ങൾ സ്വാന്തത്തിൽ വിശ്വസിച്ചു
പൊന്തുന്ന മോദമോടുമെന്തെന്തൊരുക്കിയില്ല! -ആട്ടെ,

എത്ര കൊതിച്ചു ഞങ്ങൾ-തത്ര ഭവാന്റെ മുഖ-
മത്ര നിമിഷനേരംമാത്രമെന്നാലും കാണ്മാൻ! -ആട്ടെ,

ഉള്ളത്തിലെള്ളോളവും കള്ളം കലരാതുള്ള
പുള്ളിയാണങ്ങുന്നെന്നതുള്ളതെന്നോർത്തു ഞങ്ങൾ -ആട്ടെ.

ചെന്തീയിൽ വാടിവീണ മാന്തളിർത്തൊത്തുപോലെ
വെന്തുരുകുന്നു ഞങ്ങൾ സന്താപത്തീയിലയ്യോ! -ആട്ടെ,

താങ്കൾക്കും ഗേറിങ്ങിന്നും പങ്കിട്ടെടുക്കുവാനായ്
കെങ്കേമപ്പെട്ട രണ്ടു ബോമ്പുകൾ വെച്ചു ഞങ്ങൾ -ആട്ടെ,

ആയതു പൊട്ടിയില്ലാ-നീയിങ്ങിറങ്ങിയില്ലാ;
പോയതു ലോർഡ് നോർത്തും-ലേഡിയും! കഷ്ടം, കഷ്ടം!
-ആട്ടെ,

ഇത്ര സശ്രമം കാത്ത-തോർത്തീടാതുള്ള നിന്നെ
ചീത്തപറയുമിനി മൂത്ത രോഷത്താൽ ഞങ്ങൾ. -ആട്ടെ

ചീത്തപറച്ചിലിന്റെ സാമ്പിൾ :

അർദ്ധമേൽമീശക്കാരാ! ശുദ്ധമേ മോശക്കാരാ!
ചീത്ത ദുർവ്വാശിക്കാരാ! വിർത്ത ദുരാശക്കാരാ! -ആട്ടെ,

*(ഹാസ്യാഞ്ജലി, പുറം 89, വിശ്വരൂപം, പുസ്തകം 1, ലക്കം 2, 1940, സെപ്തംബർ, പുറം 39)*

# നമ്മുടെ മെമ്പർ

ജയിക്ക ഞങ്ങൾക്കെല്ലാം സമ്മതാനുള്ളോവേ !
ജയിക്ക നീണാൾ, ഡി.ബോ. മെമ്പറാം ധന്യാത്മാവേ !
ഞങ്ങൾ തൻ പ്രാതിനിധ്യം വഹിപ്പാൻ കെല്പുള്ളോനാ-
യിങ്ങു താങ്കളെപ്പോലെ മറ്റൊരാളില്ലെന്നോർത്തും,
നാട്ടാർക്കു നന്മചെയ്‌വാനേറുന്ന മോഹം കൊണ്ടും
മാത്രമാണല്ലോ ഭവാനിബ്ബോർഡം ജേസീ, സ്വാമിൻ!
സ്വന്തമാമാരോഗ്യവും പണവും ഹോമിച്ചിട്ടും
ഹന്ത! താങ്കളക്കാര്യം സാധിച്ചു പെരുങ്കാറൻ*
വൈവെമേറും ഭവാനിനിയും ശ്രമിച്ചോരു
വൈസ്പ്രസിഡന്റിങ്കിലുമാകിലേ ഗുണമുള്ളൂ.
വോട്ടിൻനാൾ ഞങ്ങളെല്ലാമങ്ങയെച്ചൊല്ലി, പ്രഭോ,
പിട്ടും ചായയുമൊട്ടു തട്ടിയതെന്നും തേട്ടും!

ഏഴകളാകും ഞങ്ങൾക്കെന്തൊരാശ്വാസം ഭവാ-
നേകനിബ്ബോർഡിലുള്ള കാലമെന്നോതാവതോ!
വല്ലതുമീ ഫർക്കയിലല്ലലൊന്നണഞ്ഞതായ്
കല്യനങ്ങുന്നു കേട്ടാൽ പിന്നത്തെ യോഗത്തിങ്കൽ
അപ്രമേയപ്രമേയത്തോക്കിനാൽ, കൃസ്ത്യൻ ബോമ്പാൽ,
ക്ഷിപ്രമപ്രസിഡന്റിനെപ്പോലും പാളീസ്സാക്കും.
ആയതും ഫലിയ്ക്കായ്കിലവസാനത്തെക്കൈയാ-
യാരെയും കൂസാതെകണ്ടിറങ്ങിപ്പോരും ഭവാൻ.

ഞങ്ങൾക്കു റോഡു, പാലമിവയ്ക്കായ്, വേണ്ടിവന്നാ,-
ലങ്ങുന്നു തല്ലാൻകൂടിക്കച്ചകെട്ടിയോൻ, ധീമൻ!
സ്വന്തഫർക്കീയരാകുമിവരെച്ചൊല്ലിയല്ലോ
വെന്തുരുകുന്നു തവ നെഞ്ചകം, വെണ്ണോപമം!

ഞങ്ങളോ, കൃതഘ്നന്മാർ, ചണ്ടികൾ, അങ്ങേക്കൊരു
മംഗളപത്രം പോലും നല്കാത്ത മുട്ടാളന്മാർ!
ജയിയ്ക്ക, ഞങ്ങൾക്കെഴും വക്താവേ! ശുദ്ധാത്മാവേ!
ജയിയ്ക്കുകീ ഫർക്കതൻ ഭാഗ്യത്തിൻ വിധാതാവേ!

*(വിശ്വരൂപം വാല്യം 1, ലക്കം 2, 1940 സെപ്തംബർ, പുറം 59)*

---

*"പെരുങ്കാറോ മഹാരഥഃ" - ഇത്യമരശിഷ്യഃ

# ഒരു താരാട്ട്

(റിയലിസ്റ്റിക് കവികളോട് ക്ഷമാപണം)

നീയുറങ്ങെന്റെ മകനെ,-പണി
ചെയ്യുവാനിങ്ങുണ്ടു ഞാനെ!
"ആപ്പീസ്സ്"വിട്ടിപ്പോഴെത്തു-മച്ഛൻ-
മൂപ്പരുടനങ്ങകത്തു-
കേറിപ്പലയിട്ടിരിക്കും-കറി
ചോറും കൊടാഞ്ഞാൽ കുരക്കും
വാലിയക്കാരി ചിരുത-ഒരു-
വേലയും ചെയ്യാക്കഴുത!
മണ്ണട്ടപോലെ കരഞ്ഞു-മമ
കർണ്ണം നീ കീറിക്കളഞ്ഞു.
പൈമൂളിപോലെ നിന്നൊച്ച-കേട്ടു
ദാമുവുണരുമെന്നച്ഛാ!
രണ്ടായി പിന്നീടു സൊല്ലാ-മതി-
കുണ്ടാമണ്ടിക്കു ഞാനില്ല! (നീയു......)

ഇസ്കി മുഴുവനും തിന്നു-ബാലൻ-
ബിസ്കറ്റങ്ങിനെ തീർന്നു;
പൂശകൻ തട്ടിമറിച്ചു-പാലു
ലേശമില്ലാതെ കുടിച്ചു;
കല്ക്കണ്ടവുമില്ല കുട്ടീ!-യെന്റെ
നില്ക്കപ്പൊറുതിയോ മുട്ടി! (നീയു.........)

മച്ചിന്മേൽ പല്ലികൾകൂടി-യുറ-
ങ്ങിടുന്നു കണ്ണുകൾമൂടി;
അട്ടത്തു കോണിലൊതുങ്ങി-യെലി-
കൂട്ടങ്ങളൊക്കെയുറങ്ങി;
ആവൽ മരക്കൊമ്പിൽത്തൂങ്ങി-സുഖ-
മായിപ്പോഴെല്ലാമുറങ്ങി;
മൂട്ടയു,മിപ്പോൾപ്പറക്കും-കൊതു
കൂട്ടവും തേടുന്നുറക്കം (നീയു......)

അയ്യോ നീ വീണ്ടും കരഞ്ഞാൽ-മുല-
പ്പാലുകുടിച്ചുറങ്ങാഞ്ഞാൽ
ഒന്നു ഞാൻ ചൊല്ലാം, പഴുതെ-നിന്നെ
വിട്ടു ഞാൻപോകും കഴുതേ! (നീയു......)

*(വിശ്വരൂപം, പുസ്തകം 1, ലക്കം 5, 1940 ഡിസംബർ, പുറം 166)*

# -ത്തമ്മാമന്റെ പടപ്പുറപ്പാട്

-ത്തമ്മാമനുണ്ണ്യമ്മാമൻ
മുക്കത്തരിശമുള്ളുണ്ണ്യമ്മാമൻ
അമ്മാമൻ കാലത്തെഴുന്നേല്ക്കുന്നു
ദിനകൃത്യമെല്ലാം കഴിച്ചമ്മാമൻ
കാപ്പി കുടിക്കാനിരിക്കുന്നുണ്ടേ
കാപ്പി കുടിയും കഴിഞ്ഞമ്മാമൻ
മുക്കത്തരിശമുള്ളുണ്ണ്യമ്മാമൻ
ചാത്തൂനെത്തന്നെ വിളിക്കുന്നുണ്ടേ
പുത്തൂരംവീട്ടിലെച്ചാത്തുവല്ലോ.
അമ്മാന്റെ ശിഷ്യനും സിൽബന്തിയും
തുണയുമിടംകൈയും സേവകനും
ഗുണദോഷമോതുന്ന ചങ്ങാതിയും
സകലവുമീയൊരു ചാത്തുവാണേ.

ചാത്തുവോടല്ലോ പറയുന്നമ്മാൻ
മുക്കത്തരിശമുള്ളുണ്ണ്യമ്മാമൻ:
"ഒന്നുണ്ടു കേൾക്കണം പൊന്നുചാത്താ
ഞാനും പടയ്ക്കു പുറപ്പെടുന്നു.
പടയിൽപ്പലരുണ്ടു കേളിനേടി-
യുലകത്തിൽപ്പേരു പരത്തുവോരായ്
അങ്കത്തിൽപ്പെട്ടോരും ജീവിച്ചോരും
പേരും പെരുമയും നേട്യോരല്ലോ.
ഞാനിത്രകാലമായിരുന്നു ചാത്തൂ
ഇനിയുമൊരു പേരു നേടീലല്ലോ."
അന്നേരം ചാത്തു പറയുന്നല്ലോ
പുത്തൂരം വീട്ടിലെക്കുഞ്ഞിച്ചാത്തു:
"-ത്തമ്മാമാ, ഉണ്ണ്യമ്മാമാ
മുക്കത്തരിശമുള്ളുണ്ണ്യമ്മാമാ
അമ്മാന്നു പ്രായം കവിഞ്ഞോയല്ലോ
അറുപതിലെന്തു പടയമ്മാമാ?
അതുമല്ലെന്റമ്മാൻ പയറ്റ്യോനല്ലാ
കളരിയിൽ പണ്ടു ചവിട്ട്യോനല്ലാ
കെട്ട്യൂരി കൈകൊണ്ടു തൊട്ടീലല്ലാ
പന്തീരാൻ വിശൽ പഠിച്ചീലല്ലോ
ഒറ്റയും മുച്ചാണും വാങ്ങീലല്ലോ
വാളും പരിചയും കണ്ടീലല്ലോ
അഭ്യാസമില്ലാതെ പൊയ്തോരാരും
തന്നില്ലം കണ്ടു മരിച്ചോരല്ലാ

കളരിയിലഭ്യാസം ചെയ്തോർക്കെല്ലാം
പതിനെട്ടടവുണ്ടേ പൊന്നമ്മാമാ
നാലു വടിവും ചുവടുമുണ്ടേ
തഞ്ചം പതിന്നാലു വേറെയുണ്ടേ
ഇതിനൊന്നുമമ്മാമൻ കണ്ടോനല്ലാ
ഇതിലൊന്നുമമ്മാമൻ കേട്ടോനല്ലാ.
എങ്ങിനെ പോവ്വേന്റെ പൊന്നമ്മാമൻ?”
എന്നു പറഞ്ഞു കരഞ്ഞു ചാത്തു
നെഞ്ഞത്തടിച്ചു കരഞ്ഞു ചാത്തു
പുത്തൂരംവീട്ടിലെക്കുഞ്ഞിച്ചാത്തു.
പകരം പറയുന്നുണ്ടുണ്ണ്യമ്മാമൻ
മൂക്കത്തരിശമുള്ളുണ്ണ്യമ്മാമൻ:
“കരയല്ലേ വിളിക്കല്ലേ പൊന്നുചാത്തോ
പുത്തൂരംവീട്ടിലെക്കുഞ്ഞിച്ചാത്തോ
കളരിയിൽക്കാലുഞാനൂന്ന്യോനല്ലാ
അടവുംതടവുമറിഞ്ഞോനല്ലാ
വടിയും ചുവടും പഠിച്ചോനല്ലാ
തഞ്ചം പതിന്നാലും നോക്ക്യോനല്ലാ
എന്നാലുമൊന്നുണ്ടേ കുഞ്ഞിച്ചാത്തോ
ചെവിതന്നു കേൾക്കേണം കുഞ്ഞിച്ചാത്തോ
കണ്ടതും കേട്ടതുമെല്ലാംകൂടി
തെല്ലൊരറിവെനിയ്ക്കുണ്ടേ ചാത്തോ
അതുകൊണ്ടു ഞാനും പുറപ്പെടുന്നു
കേളി ഞാൻ നേടാനുറച്ചു ചാത്തോ
അതുമല്ലാ വേറൊന്നു കൂടിയുണ്ടേ
പുത്തൂരംവീട്ടിലെക്കുഞ്ഞിച്ചാത്തോ
പതിനെട്ടടവും കഴിഞ്ഞാലുണ്ടേ
പത്തൊമ്പതാമത്തെ മുന്ത്യടവ്
അതു ഞാനും നല്ലോണം നോക്കീട്ടുണ്ടേ
അവസാനക്കൈയതു പോരും ചാത്തോ
പത്തൊമ്പതാമത്തടവിലാർക്കും
തല പോയതായിട്ടു കേട്ടിട്ടില്ലാ
അതിലും വിശേഷിച്ചൊന്നുണ്ടു ചാത്തോ
ചെവിതന്നു കേൾക്കേണം പൊന്നുചാത്തോ
ഇക്കണ്ട ലോകരോടാരോടും ഞാൻ
വക്കാണത്തിന്നു മുതിരുകില്ല
മൺമറഞ്ഞുള്ള കുരിക്കന്മാരെ
വാളുമായ്ച്ചെന്നു ഞാൻ പോർവിളിയ്ക്കും
വായ്ത്താരി ചൊല്ലി ഞാൻ പാഞ്ഞുകേറും
ഇല്ലാത്തലയ്ക്കു ഞാനൊങ്ങിവെട്ടും

നീട്ടാത്ത നീട്ടു ഞാൻ തട്ടിമാറും
വെട്ടാത്ത വെട്ടു തടുത്തൊഴിയും
ജീവിച്ചിരിക്കുന്ന ശിഷ്യനേക്കാൾ
ചത്ത കുരിക്കളാണേൽക്കാൻ നല്ലൂ
കാണികൾ നോക്കി വിറയ്ക്കും ചാത്തോ
പേരൊന്നു നേടും ഞാൻ പൊന്നുചാത്തോ."

പകരം പറയുന്നു ചാത്തുവല്ലോ:
"ആരോടെന്റമ്മാമനെതിരിടുന്നു?"
അപ്പോൾ പറയുന്നുണ്ടുണ്ണ്യമ്മാമൻ
മുക്കത്തരിശമുള്ളുണ്ണ്യമ്മാമൻ:
"ഒയ്യാരംവീട്ടിലെച്ചന്തുമേനോൻ
മേനോന്റെ പേരു നീ കേട്ടിട്ടില്ലേ?
നാടെങ്ങും കേൾവി പരന്ന മേനോൻ
അങ്ങോരെഴുതീട്ടുണ്ടിന്ദുലേഖ
ദിക്കെങ്ങും കേൾവിയുള്ളിന്ദുലേഖ
അതു ചൊല്ലി മേക്കട്ടു കേറും ഞാനും
അതുകൊണ്ടപായം വരുവാനില്ല
അങ്ങോർ മരിച്ചിട്ടു കൊല്ലമിപ്പോൾ
മുപ്പതിലേറെക്കഴിഞ്ഞുപോയി
ആ വഴി പേരൊന്നു നേടാം ചാത്തോ
അതു ഞാനും തീർച്ചപ്പെടുത്തി ചാത്തോ."

അവിടുന്നെഴുന്നേല്ക്കുന്നുണ്ടമ്മാമൻ
മുക്കത്തരിശമുള്ളുണ്ണ്യമ്മാമൻ
പടിഞ്ഞാറ്റതന്നിലും പോകുന്നുണ്ടേ
പെട്ടകം പെട്ടി തുറക്കുന്നുണ്ടേ
കച്ചയെടുത്തു വരിയുന്നുണ്ടേ
പട്ടൊന്നു നെറ്റിക്കു കെട്ടുന്നുണ്ടേ
മണ്ണുപിടിച്ചു മുന പൊടിഞ്ഞ
വാളൊന്നെടുക്കുന്നുണ്ടുണ്ണ്യമ്മാമൻ
അവിടുന്നും പോരുന്നുണ്ടുണ്ണ്യമ്മാമൻ
മുക്കത്തരിശമുള്ളുണ്ണ്യമ്മാമൻ
ചാത്തുനെത്തന്നേയും വിളിക്കുന്നുണ്ടേ:
"ഒന്നുണ്ടു കേൾക്കേണം പൊന്നുചാത്തോ
പരിചയൊന്നിങ്ങു ഞാൻ കാണുന്നില്ലാ
പഴയ മുറമൊന്നു കൊണ്ടുവായോ
വെട്ടുവാനാളില്ലാപ്പോരിൽച്ചാത്തോ
പരിചയ്ക്കു പഴയ മുറവും പോരും."

അവിടുന്നും പോകുന്നുണ്ടുണ്ണ്യമ്മാമൻ
മുക്കത്തരിശമുള്ളുണ്ണ്യമ്മാമൻ

പിന്നാലെ ചാത്തുവും പോകുന്നുണ്ടേ
പുത്തൂരംവീട്ടിലെ കുഞ്ഞിച്ചാത്തു
ചുടലപ്പറമ്പിലും ചെന്നിറങ്ങി
മുനപോയ വാളൊന്നു വീശിയമ്മാൻ
പഴയ മുറമൊന്നിളക്കിയമ്മാൻ
അരിശമാർന്നിങ്ങിനെ ചൊല്ലിയമ്മാൻ:

"ഒയ്യാരം വീട്ടിലെച്ചന്തുമേനോൻ
നാടെങ്ങും കേൾവി പരന്ന മേനോൻ
അടവും തടവുമറിഞ്ഞോനല്ലാ
അങ്കക്കൈയൊന്നുമറിഞ്ഞോനല്ലാ
ഉശിരുണ്ടെന്നാകിലെഴുന്നേല്ക്കട്ടെ
ഞാൻ വെട്ടുംവെട്ട് തടുത്തീടട്ടെ".
എന്നു പറഞ്ഞൊന്നമർന്നമ്മാമൻ
താഴ്ചയിൽ നീക്കിത്തെറുക്കുന്നുണ്ടേ
ഓതിരമാഞ്ഞൊങ്ങി വെട്ടുന്നുണ്ടേ
വെട്ടാക്കടകം തടുക്കുന്നുണ്ടേ
നിലയിൽത്തിരിഞ്ഞൊന്നു നീട്ടുന്നുണ്ടേ
പൂക്കുമുനയ്ക്കു തിരിയുന്നുണ്ടേ.

പോരിൽത്തളർന്നു കിതച്ചമ്മാമൻ
നെറ്റിവിയർപ്പു തുടയ്ക്കുന്നല്ലോ
പുത്തൂരം വീട്ടിലെക്കുഞ്ഞിച്ചാത്തു
ഇളനീരു വെട്ടിക്കൊടുക്കുന്നല്ലോ.
അമ്മാന്റെ കോപ്രാട്ടി കണ്ടോരെല്ലാം
ചുറ്റും നിരന്നു ചിരിക്കുന്നല്ലോ.
പിന്നെപ്പറയുന്നുണ്ടുണ്ണ്യമ്മാമൻ:
"ഇനിയും ഞാൻ വെട്ടൊന്നു വെട്ടും ചാത്തോ
മാനത്തു ചാടിക്കുതിച്ചു പൊങ്ങി-
ത്തടവില്ലാത്തോതിരം വെട്ടും ചാത്തോ
നോക്കിത്തടുത്തോട്ടേ ചന്തുമേനോൻ".

അന്നേരം ചൊല്ലുന്നു ചാത്തുവല്ലോ
പുത്തൂരംവീട്ടിലെക്കുഞ്ഞിച്ചാത്തു:
"അതുമാത്രം ചെയ്യൊല്ലേ പൊന്നമ്മാമാ
താഴത്തു പാറയൊന്നുണ്ടമ്മാമാ
പാറപ്പുറത്തേയ്ക്കു ചാട്യോരാരും
തന്നില്ലംകണ്ടു മരിച്ചോരല്ലാ
അമ്മാന്നു മൂക്കത്തരിശമാണേ
അയ്മ്പതിനപ്പുറക്കാലമാണേ
കളരിച്ചോടില്ലാത്ത കാലുമായി

പാറപ്പുറത്തമ്മാൻ ചെന്നു വീണാൽ
ധാന്വന്തരത്തിന്റെ ധാരകൊണ്ടും
തടി നേരെയാകുവല്ലേ പൊന്നമ്മാമാ!"

എന്നാലതൊന്നുമേ കേട്ടീലമ്മാൻ
മൂക്കത്തെരിശമുള്ളുണ്ണ്യമ്മാമൻ
അമ്മാമനൊന്നു പതുങ്ങുന്നുണ്ടേ
നീക്കിത്തെറുക്കൽ തെറുക്കുന്നുണ്ടേ
അവിടുന്നും മേല്പോട്ടു ചാട്യമ്മാമൻ
മാനത്തുയരുന്നുണ്ടുണ്ണ്യമ്മാമൻ.
വാവിട്ടലറുന്നുണ്ടുണ്ണ്യമ്മാമൻ.
കീഴ്പോട്ടു വീഴുന്നുണ്ടുണ്ണ്യമ്മാമൻ
പാറപ്പുറത്തേയ്ക്കു വീഴുന്നുണ്ടേ.
മാലോകരൊക്കെയും നോക്കുന്നുണ്ടേ.
പാറപ്പുറത്തു പതിച്ചമ്മാമൻ
കാലൊടിഞ്ഞമ്മാന്റെ കയ്യൊടിഞ്ഞു
മുനപോയ വാളു നുറുങ്ങി വീണു
ദൂരെത്തെറിച്ചു മുറപ്പരിച.
നെഞ്ഞത്തടിച്ചു കരഞ്ഞു ചാത്തു
പുത്തൂരം വീട്ടിലെക്കുഞ്ഞിച്ചാത്തു:

"അയ്യയ്യോ! പോഴത്തം പറ്റിയല്ലോ
അമ്മാനോടാദിക്കു ചൊന്നില്ലേ ഞാൻ?
ഇനിയെന്തു ചെയ്യും ഞാൻ പൊന്നമ്മാമാ
ഇനിയെങ്ങു പോകും ഞാൻ പൊന്നമ്മാമാ
നിങ്ങളിപ്പറ്റിക്കൽ പറ്റിച്ചല്ലോ
കാൽകൈകൾ നാലുമൊടിഞ്ഞുവല്ലോ
ധാന്വന്തരത്തിന്റെ ധാരകൊണ്ടും
അമ്മാമൻ മേലിൽ നടക്കില്ലല്ലോ."

അതുതാനേ കേൾക്കുന്നുണ്ടുണ്ണ്യമ്മാമൻ
മൂക്കത്തെരിശമുള്ളുണ്ണ്യമ്മാമൻ
എന്നാൽ പകരം പറഞ്ഞീലമ്മാൻ
ഉരിയാടാൻ നാവമ്മാനില്ലാതായി!

(എക്കണ്ണത്തമ്മാമന്റെ പടപ്പുറപ്പാട് എന്നാണ് വിശ്വരൂപത്തിലെ ശീർഷകം. ഹാസ്യാഞ്ജലിയിൽ ചേർത്തപ്പോൾ സി.എച്ച്. കുഞ്ഞപ്പ അതിന്റെ തല മുറിച്ചു കളഞ്ഞു.)

*(ഹാസ്യാഞ്ജലി, പുറം 91, വിശ്വരൂപം, പുസ്തകം 1, ലക്കം 5, 1940 ഡിസംബർ, പുറം 170)*

# മിസ്സ് ദുനിയാവിന്റെ കൈ

(കുറത്തിപ്പാട്ട്)

തമ്പുരാട്ടി, ചെന്താരുള്ളംകൈയു നോക്കീടട്ടെ.
എമ്പുരാനെക്കൂപ്പി നേരു സർവ്വമോതിടട്ടേ:
ഏറെനാളായ് തമ്പുരാട്ടിക്കുള്ളിലുള്ള താപം
തീരുമാറായ്; സൌഖ്യമാർന്നു വാഴുമാറായ്;ത്തീരും
ആയതിന്നു മുമ്പിലെന്നാലൊട്ടപായമെല്ലാം
മായമെന്ന്യേ കാൺമതുണ്ടിക്കൈയിലിക്കുറത്തി;

നാടുനീളെക്കുട്ടിച്ചോറായ് ചെന്നിണമൊഴുകും;
വീടുകളെയൊള്ളിവെച്ചു ചാമ്പലാക്കിത്തീർക്കും;
ചെങ്കൊടി നിവർന്നു കാറ്റിലാടുമൊട്ടുദിക്കിൽ;
ചങ്കുവെട്ടാൻ ഹാലിളകിപ്പായുമൊട്ടുകൂട്ടർ!
തോക്കിൽനിന്നു ചാക്കലറിച്ചാടിവീഴുമെങ്ങും;
പേക്കിനാവിലെന്നപോലിപ്പാരിടം നടുങ്ങും;
കൂക്കിയാർത്തു തീപ്പിശാചു രാത്രിതോറും പായും;
ബാക്കിനില്ക്കാനാർക്കുമില്ലൊരാശയെന്നുമാകും;
അച്ഛനേയുമമ്മയേയും കുട്ടിയേയും തന്റെ-
യിച്ഛയൊത്ത ഭാര്യയേയുമിഷ്ടനേയുമെല്ലാം
വിസ്മരിച്ചു പ്രാണനുംകൊണ്ടോടുമെങ്ങും മർത്ത്യർ,
വിസ്മയിച്ചു നോക്കിടേണ്ടാ തമ്പുരാട്ടി, സത്യം.

എന്തിനോമൽക്കൈ വിയർപ്പൂ? ചുട്ട നെടുവീർപ്പി-
നെന്തു ബന്ധം? കണ്ണിൽ വെള്ളമെന്തിനോ നിറപ്പൂ?
ഇപ്പറഞ്ഞ ദുഃഖമെല്ലാമല്പകാലം നില്ക്കൂ;- ,
മപ്പുറമനല്പമായ സൌഖ്യമല്ലോ കാൺമൂ.
ഒട്ടു സൌഖ്യ, മൊട്ടു ദുഃഖ, മിത്തരത്തിലല്ലാ-
തെട്ടുദിക്കും പാർത്തുകണ്ടാലെങ്ങൊരേടത്തുണ്ടാം?
കർക്കടകപ്പേക്കരികാർക്കണ്ണുനീരിലല്ലേ
പാർക്കിലോണപ്പൂപ്പുഞ്ചിരി തഞ്ചിനിന്നീടുന്നു?
കൂരിരുട്ടിൽക്കണ്ണു കാണാതായതിനാലല്ലേ
സൂര്യദേവൻ തന്മഹിമ നമ്മളിങ്ങറിവൂ?
അപ്പടി ഞാൻ ചൊല്ലിടുന്നേൻ തമ്പുരാട്ടീ, സർവ്വ
മപ്പുറത്തെക്കാഴ്ച കണ്ടേ തീർച്ചചെയ്യാനാകൂ!

*(ഹാസ്യാഞ്ജലി, പുറം 100, വിശ്വരൂപം, പുസ്തകം 1, ലക്കം 8, 1941 മാർച്ച്. പുറം 250)*

# വന്ദിപ്പിൻ ജമേദാരെ!

[എം. എസ്സ്. പി. യിലെ ഒരു ജമേദാർ ഇയ്യിടെ ഒരു പത്രലേഖകനെ ഭീഷണിപ്പെടുത്തി ദേഹോപദ്രവം ചെയ്കയും, തന്നെ സ്തുതിച്ചുകൊണ്ട് ഒരു ലേഖനം പത്രത്തിലേയ്ക്കെഴുതിയയപ്പാൻ അയാളെ നിർബന്ധിയ്ക്കുകയും ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഇതു സത്യമാണെങ്കിലും അല്ലെങ്കിലും, ഇത്തരത്തിലുള്ള മറ്റൊരു ജമേദാരുടെ കൈയിൽ നമ്മുടെ മഹാകവികളിൽ ആരെങ്കിലും കെണിയുകയാണെങ്കിൽ, അദ്ദേഹത്തിന്- എന്നുവെച്ചാൽ, ആ മറ്റ ജമേദാർക്ക്-കിട്ടുവാനിടയുള്ള സ്തുതി ഏതു തരത്തിലുള്ളതായിരിക്കുമെന്നതിനെക്കുറിച്ച് നടത്തിയ ആലോചനയുടെ ഫലമാണ് താഴെ ചേർക്കുന്ന കവിത'ഗോഷ്ടി']

(കേക)

വന്ദിപ്പിൻ ജമേദാരെ, വന്ദിപ്പിൻ ജമേദാരെ,
വന്ദിപ്പിൻ ശകാരനെ, വന്ദിപ്പിൻ പ്രഹരനെ!

എത്രയും ശുണ്ഠിശക്തി പൂണ്ടൊരാദ്ദുർവാസാവു
സുത്രാമാഗോത്രത്തിനെ മാലമൂലമെന്നോണം (1)
ദിനപത്രത്തിലൊരു റിപ്പോർട്ടുമൂലമിന്നി-
ജ്ജനതാമധ്യത്തിലെ ലേഖകന്മാരെയെല്ലാം
തന്തിമൂവടിയുടെ ശാപത്താ(ലടിയാലും!)
ഹന്ത, മുച്ചൂടും മൂടിച്ചീടുവാൻ പുറപ്പെട്ടോൻ-
പൌരുഷപാരാവാരം!-നമ്മുടെ സാക്ഷാൽ ജമേ-
ദാരുടെ ചരിത്രത്തെക്കീർത്തിച്ചുപാടീടുവിൻ.

വന്ദിപ്പിൻ ജമേദാരെ, വന്ദിപ്പിൻ ജമേദാരെ,
വന്ദിപ്പിനെമ്മെസ്പീതൻ മകുടാലങ്കാരത്തെ!

മെച്ചമാം നഗരങ്ങൾ തോറുമേ ക്യാമ്പുചെയ്തും
സച്ഛന്ദമുൾനാടെങ്ങും സർക്കീട്ടുചെയ്തും, ബലാൽ
തൻപുകൾ പരത്തുന്ന താങ്കളെ മാനിച്ചീടാൻ
വെമ്പുന്നു ഗവർമ്മേണ്ടും നാട്ടാരു-മുയ്യൈന്റമ്മേ! (2)

വന്ദിപ്പിൻ ജമേദാരെ, വന്ദിപ്പിൻ ജമേദാരെ,
വന്ദിപ്പിൻ സലാമ്യരായുള്ളോർക്കും സലാമ്യനെ! (3)

---

1)"ദുർവാസാ പണ്ടൊരു മാലനിമിത്തം സുരസംഘത്തെയൊന്നുപരി ശപിച്ചു"

-പാത്ര ചരിതം

2)സലാമ്യൻ-സലാം ചെയ്യപ്പെടുവാൻ അർഹൻ; 'ഉപാസ്യൻ' എന്നപോലെ.

3)ഉയ്യൈന്റമ്മേ-കവിയുടെ നടുപ്പുറത്ത് അടിവീഴുമ്പോൾ വടക്കൻമട്ടിലുള്ള നിലവിളി; ക്കാർക്ക്, വേണമെങ്കിൽ, "ആവെന്റമ്മോ!" എന്ന് പാഠിയ്ക്കുന്നതിന് വിരോധമില്ല.

ഉച്ചണ്ഡശകാരത്തിൻ ശരവർഷാഘാതവു,-
മുച്ചിയിൽ വീഴും ലാത്തിയടിയാമിടികളും,
കണ്ണുരുട്ടലിൽ മിന്നും മിന്നലു-മയ്യോ, സ്വാമിൻ!
നിർണ്ണയം തവകോപമിടവപ്പാതിക്കോളോ?

വന്ദിപ്പിൻ ജമേദാരെ, വന്ദിപ്പിൻ ജമേദാരെ,
വന്ദിപ്പിൻ ഭൃത്യരിൽബ്ഭൃത്യനാമിബ്ഭൃത്യനെ!

പി. എസ്സ്.

*(വിശ്വരൂപം, പുസ്തകം 1, ലക്കം 10, 1941 മെയ്, പുറം 386)*

# കിടപ്പറയിലെ കശപിശ

'ജർമ്മനി റഷ്യയോടേറ്റ തമാശയെ-
ന്നമ്മിണി, കേൾക്കേണ്ട, തങ്കം? -
'ആയതു നില്ക്കട്ടെ; തെക്കേതിൽക്കണ്ടുണ്ണി-
നായരും ഭാര്യയും തമ്മിൽ'-
കൊല്ലം രണ്ടായില്ല, തങ്ങളിൽത്തെറ്റുക-
യില്ലെന്നു ചൊല്ലീട്ടക്കൂട്ടർ'-
'ചോണനും ചക്കരെപ്പാവും കണക്കല്ലേ
നാണിയും നായരും വാണു?'-
'ഒന്നോർത്തുനോക്കു നീ, യിമ്മഹാഘട്ടനം
മന്നാകെയിട്ടു കുലുക്കും'
'തെക്കേതിൽനിന്നുള്ള കോലാഹലത്താലി-
ല്ലാർക്കും ചെവിക്കിന്നു സ്വൈരം!'-
'ഈ യുദ്ധമിങ്ങോട്ടു നീങ്ങുകയാണെങ്കിൽ-
പ്പായേണ്ടതെങ്ങോ, തങ്കം?'-
'നാടു വിടുന്നില്ലാ നായരെന്നാകിലി
വീടു നാം തീർച്ച, വിടേണം!'-
'അയ്യയ്യോ, രാഷ്ട്രീയകാര്യം ഞാനോതുമ്പോൾ
നിയ്യോരോ നിസ്സാരക്കൂട്ടം'-
'മുന്നിലെക്കൊത്തക്കുണ്ടു കാണാതെ നക്ഷത്ര-
മെണ്ണി നടക്കുന്നു നിങ്ങൾ'-
'മിണ്ടാതിരി, പെണ്ണേ! നിന്നോടിക്കാര്യങ്ങൾ
മിണ്ടിയ ഞാനല്ലേ ഭ്രാന്തൻ?'-
നാവനങ്ങുന്നതു കേൾക്കുവാൻ വയ്യെങ്കിൽ-
പ്പാവയെ വാങ്ങിവെച്ചോളൂ.'

• • •

(കവിവാക്യം)

അങ്ങേതിൽ നായരും ഭാര്യയും തങ്ങളി-
ലിങ്ങേതിലുള്ളത്രയില്ലാ!

*(ഹാസ്യാഞ്ജലി, പുറം 92. വിശ്വരൂപം, പുസ്തകം 1, ലക്കം 10, 1941 മെയ്, പുറം 319)*

# പിരാന്ത്! പിരാന്ത്!

[1941 ജൂലായ് 20-ാംനുത്തെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ശ്രീ. ചങ്ങമ്പുഴ എഴുതിയ അത്യത്ഭുതകരമായ 'വികാസം!വികാസം' എന്ന കാവ്യതല്ലജം വായിച്ചുതീർന്നതോടു കൂടി]

'അയ്യോ, പിരാന്ത്, പിരാന്ത്!-കെണിഞ്ഞു ഞാൻ!
നിയ്യെന്നെ വന്നു, പിരാന്തേ പിടിക്കുമോ?

നട്ടുച്ചയായ് നേരം;മുച്ചണ്ഡചണ്ഡാംശു
ചുട്ട കൈ നീട്ടിയെന്നുച്ചി തലോടവേ,
നിഷ്പലമാമെൻ കവിപദാപ്തിക്കൊതി
ചപ്പായ്ച്ചമഞ്ഞതാ, കാറ്റിൽപ്പറന്നുപോയ്!
വാനിൽ വിനോദശകലങ്ങളെന്നപോൽ
വാർമുകിൽത്തുണ്ടുകൾ പൊട്ടിക്കരകിലും,
വിപ്ലവസ്സപ്ലൈയ്ക്കു വെമ്പുമെൻ മാനസേ
കല്പിച്ചുകൂട്ടിക്കരേറുന്നു കൂരിരുൾ.
എങ്ങും പിരാന്തേ പിരാന്ത്! പിരാന്തൊഴി-
ഞ്ഞിങ്ങു ഞാനൊന്നുമേ കാണ്മതില്ലോമനേ!
*ഇന്നലെ രാത്രി ഞാൻ "ഡിസ്ബോള"ടിച്ചതി-
ന്നിന്നിപ്പിരാന്തെന്നെ വന്നു പിടിക്കയോ :
ആയതിൻ മാധുര്യമെല്ലാം മറന്നു ഞാൻ-
മായാതെ ബാക്കിയായ് നിൽപ്പൂ ലഹരിതാൻ:
കണ്ണുകൊണ്ടിന്നു ഞാൻ കേൾക്കുന്നു നിസ്വനം,
നിർണ്ണയം നാവിനാൽക്കാണുന്നു നിൻസ്വരം.
സ്പർശിച്ചു നിൻസ്വാദു കാതിനാൽത്തന്നെ-(നീ
കയ്യാൽച്ചെകിട്ടത്തു മാം കടാക്ഷിക്കൊലാ!)
എന്തിന്നു സന്ദേഹ?-മെന്നെ നീ ബാധിച്ചു-
വെന്നതിനെന്തിനി വേണ്ടു തെളിവുകൾ?
നിന്നെയന്വേഷിച്ചു ചിത്തരോഗാസ്പത്രി-

---

* "ഇത്രയും കാലം കുടിച്ച മദ്യത്തിന്റെ
ഹൃദ്യമധുരിമപോലും മറന്നിതാ,
സ്വപ്നത്തിൽനിന്നും ഉണർന്നിരിക്കുന്നു ഞാൻ
സർഗ്ഗചൈതന്യമേ, നിന്നെപ്പുണരുവാൻ!
നിന്നെ ഞാൻ കാൺമൂ വിഹഗസ്വരങ്ങളിൽ,
നിന്നെ ഞാൻ കേൾക്കുന്നു നക്ഷത്രരാശിയിൽ,
സ്പർശിപ്പൂ നിന്നെ സുഗന്ധത്തിലൂടെ ഞാൻ;
നിർഭയമെന്നിട്ടൊളിച്ചു കളിപ്പു നീ."

-ചങ്ങമ്പുഴ

യൊന്നിൽ ഞാൻ-നിഷ്ഫലം കണ്ടില്ല നിന്നെ ഞാൻ.
അന്നു നീയെൻതലയ്ക്കുള്ളിലൊളിക്കുക-
തന്നെ ഞാൻ കാണാതിരിക്കുവാൻ കാരണം.
ഭ്രാന്താലയത്തിലെക്കൂരിരുട്ടിങ്കലും
ഞാൻ തവ ശബ്ദപ്രകാശം രുചിച്ചിടും;
കണ്ണുനീർക്കമ്പിളികൊണ്ടു പുതച്ചു മാം
പെണ്ണേ, കുളിർമതൻ തിയ്യിൽ മുക്കുന്നു നീ!
അയ്യോ, പിരാന്ത്, പിരാന്ത്!-കേണിഞ്ഞു ഞാൻ
നീയെന്നെ വന്നുപിടിച്ചു പോയോമനേ!

*(ഹാസ്യാഞ്ജലി, പുറം-94, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1941 ജൂലൈ 27)*

# അർശോരോഗലക്ഷണം

അഥവാ

# കലിയുടെ കളി

(താഴെ ചേർക്കുന്ന അർശോരോഗലക്ഷണവർണ്ണനം ഒരു പഴയ താളിയോല ഗ്രന്ഥത്തിൽനിന്നു കിട്ടിയതാണ്. രാഹുകാല വിധിയെപ്പോലെ, തമിഴന്റെ വകത്തത്തിൽ നിന്നാണോ ഇതിന്റെയും ഉത്പത്തിയെന്ന് ഞാൻ അറിയുക യില്ല. കലിയുഗത്തിൽ മനുഷ്യന് മരിക്കാൻ ഹേതുക്കൾ പലതും ഉണ്ടാകാമെന്നാണ് ഇതിന്റെ ആന്തരതത്ത്വം. ബാഹ്യലക്ഷണങ്ങളിൽനിന്ന് പെട്ടെന്ന് വല്ലതും അനുമാനിയ്ക്കുന്നത് അപായകരമാണെന്ന ഒരു പാഠവും, വേണമെങ്കിൽ, ഇതിൽനിന്നുതന്നെ പഠിയ്ക്കാം. ഏതായാലും, ഇതിന്നുമുമ്പ് വായനക്കാരിലാരും-അഷ്ടവൈദ്യന്മാരുൾപ്പെടെ-ഇത്ര അത്ഭുതാവഹമായ ഒരു ലക്ഷണ വർണ്ണനം കണ്ടിരിക്കുവാൻ ഇടയില്ലാത്തതുകൊണ്ട്, ഇത് അവർക്ക് കൌതുക പ്രദമെങ്കിലുമാകുമെന്നു കരുതിയും, പരിഷ്കൃതരാജ്യങ്ങളിലെ പോലീസ്സു ഡിപ്പാർട്ടുമെണ്ടുകൾക്ക് ഇതിൽപ്പറയപ്പെട്ട തത്വങ്ങൾ വല്ലതരത്തിലും പ്രയോജനപ്പെട്ടേക്കാമെന്നാശിച്ചുമാണ് ഈ ശാസ്ത്രാംശത്തെ ഇവിടെ ചേർക്കുന്നത്. ഈ ശ്ലോകങ്ങൾ അടങ്ങിയിട്ടുള്ള ഗ്രന്ഥം ബ്രഹ്മാവ് നാരദന് ഉപദേശിച്ചതുപോലെയാണ് എഴുതപ്പെട്ടിട്ടുള്ളതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.)

നാരദൻ പറഞ്ഞു:-

കാലികാലേ ഫലിയ്ക്കുന്ന
വൈദ്യഗൂട്ടുകളിന്നിയും
അറിവാനടിയന്നാശ
പെരുകുന്നു, പിതാമഹ!

ബ്രഹ്മാവു പറഞ്ഞു:-

ദുനിയാവിങ്കലർശസ്സെ-
ന്നറിയും രോഗരാജനെ
മടികൂടാതെ വർണ്ണിയ്ക്കാ-
മിനി ഞാൻ; കേൾക്ക, നാരദ!

ചരകൻ, സുശ്രുതൻ തൊട്ട
മുനിമാർക്കുമതേവിധം
വാഹടാചാര്യനും തെറ്റു
പറ്റീട്ടുണ്ടതിലോർക്കണം.

മറ്റു മൂന്നു യുഗത്തിൽപ്പോ-
ലീ രോഗം കലിയിങ്കലും

വരുമെന്നവരൂഹിച്ച-
തബദ്ധം, കലഹപ്രിയ!

മന്ദാഗ്നിയുമതിൽപ്പിന്നെ-
ക്കഠിനം മലബന്ധവും
വീക്കവും കരുവും രക്തം-
വാർച്ചയും നോവുമിങ്ങിനെ

പലതുണ്ടവർ ചൊല്ലുന്ന
ലക്ഷണങ്ങളതൊക്കെയും
ശരി;യെങ്കിലുമക്കൂട്ടർ
വിട്ടുപോയതുമുണ്ടെടോ!

അവയെന്തെന്നു ഞാൻ നിന്നോ-
ടരുളാം വെളിവായിനി
കൊന്നാലുമിതു പബ്ലിക്കായ്
പറയൊല്ലേ, കെണിഞ്ഞുപോം!

കലികാലത്തിലർശസ്സു
ബാധിപ്പോൻ പെൺനിമിത്തമായ്
പലേ ഹലാക്കിലും ചെന്നു-
ചാടും; ചതിപിണഞ്ഞിടും.

വളരെ പ്രബലന്മാരാം
ശത്രുക്കളവനേറിടും;
അവരോടേല്ക്കുകിൽത്തോല്ക്കു-
മവൻ, സംശയമില്ലെടോ!

ക്രമേണ രോഗം വർദ്ധിച്ചു
ചാക്കുതന്നെ ഭവിച്ചിടും
അതിലും കണ്ടിടാമേറ്റം
വിശേഷവിധി, നാരദ!

മുൻകൂട്ടിക്കാണുവാനാകാ
മൃത്യുലക്ഷണമൊന്നുമേ:
കിടന്നുറങ്ങും പതിവൊ;-
തെഴുന്നേൽക്കില്ല പിന്നവൻ!

മേലാസകലമുണ്ടാകും
കത്തിക്കുത്തേറ്റപോൽ മുറി;
കഴുത്തു തന്നെ രണ്ടായി-
ക്കണ്ടിയ്ക്കപ്പെട്ടു കണ്ടിടാം.

ഇത്ഥം കാണുകിലിക്കാര്യം
കൊലയെന്നു നിനയ്ക്കൊലാ;
മറ്റാരെയുമിതിൽത്തെല്ലും
ശങ്കിക്കരുതു നാരദ!

കലികാലത്തിലിമ്മട്ടു
പലതുണ്ടാം മഹാത്ഭുതം:
പനിയുള്ളവനെക്കാണാം
കൊന്നു തൂക്കിയ മാതിരി.

'ചുകപ്പു'രോഗംമൂർഛിച്ചാ-
ലഫീൻ തിന്നു മരിച്ചതായ്
തോന്നാം; 'ചാരിത്ര'മേറീടിൽ
വെട്ടിച്ചുട്ടതുപോലെയും.

പ്രമേഹരോഗം ബാധിയ്ക്കിൽ
മണ്ട തല്ലിയുടച്ചപോൽ
കണ്ടേക്കാം; രക്തവാതത്തിൽ
ഞെക്കിക്കൊന്നതുപോലെയും

ബുദ്ധിമാനിവ കാണുമ്പോൾ
പതറില്ലേഷണിപ്രിയ!
കണ്ടോൻ മിണ്ടുകയില്ലൊന്നും;
മിണ്ട്യോന്റെ തല കണ്ടിടാ.

*(വിശ്വരൂപം, വാല്യം 2, ലക്കം 1, 1941 നവംബർ, പുറം 16)*

# ഏമറിഗീത

ശ്രീകൃഷ്ണപരമാത്മാവിന്റെയും ശ്രീവേദവ്യാസന്റെയും പാദാരവിന്ദങ്ങളെ ക്ഷമാപണസമേതം അനുസ്മരിച്ചുകൊണ്ട്

[തീർച്ചയായും രണ്ടു സേനകളുടേയും മധ്യത്തിൽ അർജ്ജുനന്റെ രഥം സ്ഥാപിച്ചിട്ട്, ഭഗവാൻ ശ്രീകൃഷ്ണപരമാത്മാ, അദ്ദേഹത്തോട് അനുഷ്ടുപ്പു വൃത്തത്തിലും ഉപജാതിവൃത്തത്തിലുമുള്ള എഴുനൂറോളം ശ്ലോകങ്ങൾ ചൊല്ലുകയുണ്ടായിട്ടില്ല. യാതൊരു ഭക്തനും അങ്ങിനെ വിശ്വസിച്ചിരിക്കുകയുമില്ല, പോരെങ്കിൽ,

"പാർത്ഥായ പ്രതിബോധിതാം ഭഗവതാം നാരായണേന സ്വയം
വ്യാസേനഗ്രഥിതാം പുരാണമുനിനാ മധ്യേ മഹാഭാരതം"

എന്നു ഗീതാധ്യാനശ്ലോകത്തിൽ വെളിവായിപ്പറഞ്ഞിട്ടുണ്ട്. നടന്ന സംഭവം ഇതാണ്: അർജ്ജുനൻ വിഷാദിച്ചു ശങ്കിച്ചു; ഭഗവാൻ അല്പസമയത്തിന്നുള്ളിൽ കാര്യമൊക്കെയൊതുക്കിയ ഒരു ലഘൂപദേശം മുഖേന അർജ്ജുനന്റെ ആ വിഷാദത്തെയും ശങ്കയേയും പരിഹരിച്ചു. വ്യാസമുനിയാകട്ടെ, പിന്നീട്, ആ ഉപദേശത്തെ വളരെ വിപുലമാക്കി വിവരിച്ച്, അദ്ധ്യായങ്ങളാക്കി വേർതിരിച്ച്, ഉപനിഷദ്ദുഗ്ദ്ധത്തിന്റെ തനിവെണ്ണയുടെ രൂപത്തിൽ, അതിനെ ലോകത്തിന്നു സമ്മാനിയ്ക്കുകയും ചെയ്തു.

ആ സ്ഥിതിയ്ക്കു, സാക്ഷാൽ ഏമറിഭഗവാൻ, ഇയ്യിടെ ബി. ബി. സി. മുഖേന ശങ്കാലുക്കളായ അമേരിക്കയിലെ തന്റെ ചില ശിഷ്യന്മാരുടെ സന്ദേഹനിവൃത്തിക്കായിക്കൊണ്ടുപദേശിച്ച രാഷ്ട്രീയോപനിഷദ് രഹസ്യത്തെയും കുറച്ചൊന്നു വിവരിച്ചുകൊണ്ട്, പദ്യ രൂപത്തിലാക്കി, ജ്ഞാനകർമ്മഭക്തി യോഗങ്ങളാക്കി വിവരിച്ചു വായനക്കാർക്കു സമ്മാനിക്കുന്നതിൽ വലിയ അനൗചിത്യമില്ലെന്നു ഞാൻ സമാധാനിച്ചു കൊള്ളട്ടെ.

അങ്ങിനെ വായനക്കാരെ ഈ പുതിയ ആധ്യാത്മികാധിഭൌതിക ചിന്താക്കുഴപ്പമസാലയെ ആസ്വദിക്കുവാൻ വിട്ടുകൊണ്ട് ഈ ചെറിയ അവതാരികയെ ഇവിടെ ഉപസംഹരിക്കുന്നു.]

## പ്രഥമോദ്ധ്യായഃ

പത്രാധിപ ഉവാച:

അധർമ്മത്തിന്റെ വീടായ യൂറോപ്പിൽ പട മൂക്കവേ
പ്രിയശിഷ്യനോടെന്തോതിയേമറിസ്സായ്‌വു, സഞ്ജയ?

സഞ്ജയ ഉവാച:

ഇന്ത്യൻകാര്യത്തിലശ്ശിഷ്യന്നുള്ള ശങ്കകൾ നീക്കുവാൻ

ചൊന്നാനെമറി സന്ദേഹം ശ്ലോകരൂപത്തിലാക്കുവാൻ.
അതു കേട്ടപ്പോഴേ ശിഷ്യൻ തന്റെ ശങ്കകൾ പത്രപ!
വഴിക്കുവഴിയായിത്ഥം ശ്ലോകരൂപത്തിലാക്കിനാൻ.

ശിഷ്യ ഉവാച:

ഡിമോക്രസിക്കു ലോകത്തിൽ മുത്ത കോമരമാം ഭവാൻ
സ്വേച്ഛപോലല്ലയോ രാജ്യം ഭരിച്ചീടുന്നതിന്ത്യയിൽ?

ശ്രീ എമറിഭഗവാനുവാച:

അറിവറ്റവനെന്നോണം ചോദിക്കുന്നെന്തു ശിഷ്യ! നീ?
ചോദ്യം ചോദിച്ചിടും നീയും ഞാനുമൊന്നെന്നതോർക്കണം.
തടങ്ങലിൽപ്പാർക്കുവോനുമപ്പോൾ പാർപ്പിക്കുവോനുമേ
ഒന്നുതന്നെ ധരിച്ചാലു,മടിപ്പോനടിമേസിയും.*
ശിഷ്യ! ലോകത്തിലിക്കാണും ഭിന്നരാജ്യങ്ങളൊക്കവെ
അവാസ്തവത്തിൽ ദൃഷ്ടാന്തമെന്നോരുമറിവുള്ളവൻ.
ബ്രിട്ടീഷെമ്പയറെന്നൊന്നു സത്യമാ;-ണന്യമൊക്കെയും
മിഥ്യയാ:-ണിതു ലോകത്തിലാദ്യതത്വമനശ്വരം.
പണ്ടേയ്ക്കുപണ്ടേയുള്ളൊന്നിതെന്നെന്നും നിലനിന്നിടും;
ഭൂമുഖം മുഴുവൻ വ്യാപിച്ചിതു നില്ക്കുന്നു നിസ്തുലം.
മഴു വെട്ടിമുറിക്കില്ല, തീയ്യു ചുട്ടുകരിച്ചിടാ,
വെള്ളം നനയ്ക്കില്ലിതിനെ,ക്കാറ്റുണക്കുകയില്ലെടോ!
ഷെല്ലുബോമ്പാദികൾക്കൊന്നുമുടയ്ക്കാനെളുതല്ലിത്;-
(ചുരുക്കത്തിൽച്ചൊല്ലിടാം നിൻതലമണ്ടയ്ക്കു തുല്യമാം.)
ഭരിക്കപ്പെടുവോരെന്നും ഭരിപ്പോരെന്നുമിങ്ങിനെ
ഭേദമില്ലിതിലിന്നെന്നും കാണുകിൽ ജ്ഞാനിയായി നീ.
അവിച്ഛിന്നതയിൽ സ്വാമിഭൃത്യഭാവം പുലർന്നിടാ;
ഇന്ത്യതാൻ ബ്രിട്ട,നെപ്പോലെ ബ്രിട്ടനിന്ത്യയുമാണെടോ!
ഈ മഹാജ്ഞാനശൃംഗത്തിലേറിനില്ക്കുന്ന ബുദ്ധിമാൻ
ആരെത്തന്നെബ്ഭരിക്കുന്ന, താരയാളെബ്ഭരിച്ചിടും?
ഇന്ത്യക്കാർക്കു രുചിക്കുന്ന സാങ്ഖ്യസിദ്ധാന്തമിങ്ങിനെ;
ഇതുതാനിനി യോഗത്തിൽക്കേട്ടാലും ശിഷ്യസത്തമ!
ഇന്ത്യൻനേതാക്കൾ മുച്ചൂടും തലയ്ക്കു വെളിവറ്റവർ,
വല്ലതും ചൊല്ലുവോർ, മറ്റു പണിയില്ലാത്ത വിഡ്ഢികൾ,
സ്വരാജൊന്നിനെയാശിച്ചു വൃഥാ വാദം പൊഴിക്കുവോർ.
അവർക്കീ ജ്ഞാനമാർഗ്ഗത്തിൽ ബുദ്ധി നില്ക്കുകയില്ലെടോ!
സ്വാതന്ത്ര്യം കൈവരാൻ മെല്ലെ ഞങ്ങൾ നല്കുന്നതൊക്കെയും

---

*"ഒന്നുതന്നെ ധരിച്ചാലും കോമപ്പൻ, കൊമകൊള്ളിയും" എന്ന് മൗത്തരാഹ പാഠം.

വാഞ്ഛി,സ്സംതൃപ്തരായ്‌വാഴും ജനങ്ങൾക്കില്ല കല്മഷം.
സർവ്വത്ര വെള്ളമുള്ളേടത്തെന്തിന്നു കിണർ വെട്ടണം?
സംതൃപ്തിയെങ്ങുമുള്ളപ്പോൾ സ്വരാജെന്തിനുവേണ്ടിയോ?
ജയ്‌ലോ മന്ത്രിപദംതാനോ പ്രാപ്തമേതാകിലും ശരി,
ഒരുപോൽ ഞങ്ങളെബ്ഭക്തി പൂണ്ടു സേവിപ്പവൻ സുഖി.
സ്വരാജു കാമ്യമെന്നാക്കപ്പലരും പലതോതിടും;
അതൊന്നും വകവെയ്ക്കാതെതാൻ സ്ഥിതപ്രജ്ഞനതോർക്ക നീ
ഡൊമീനിയൻപദവിയിച്ചൊന്നതാ;ണിതിലെത്തുവോർ
പിന്നീടെങ്ങും മടങ്ങത്തി,ല്ലറികെൻ പൊന്നുശിഷ്യ! നീ.

ഇതി ശ്രീമദേമറിഗീതാദുരുപനിഷത്സു സാമ്രാജ്യ
രണവിദ്യായാം മറിമായശാസ്ത്രേഷു
ശ്രീയേമറിശിഷ്യസംവാദേ സാംങ്ഖ്യയോഗോ
നാമ പ്രഥമോധ്യായഃ

## ദ്വിതീയോദ്ധ്യായഃ

ശിഷ്യ ഉവാച:

ഡൊമീനിയൻപദവിതാൻ കാമ്യമെങ്കിൽ മഹാഗുരോ!
സംതൃപ്തിയാർന്നു മിണ്ടാതെ കൂടാതെനാതുന്നതെന്തിനോ?
അതിന്നുവേണ്ടി പ്രക്ഷോഭം ന്യായമായ്ത്തീരുകില്ലയോ?
അതെങ്കിലും നല്കുമെന്നതുള്ളിച്ചെയ്തുകൂടയോ ?

ശ്രീ. ഏമറിഭഗവാനുവാച:

രാഷ്ടതന്ത്രത്തിലെൻശിഷ്യ! രണ്ടേ രണ്ടാണു റോഡുകൾ:
സാമ്രാജ്യഭക്തിയാണേക, മന്യം നിയമലംഘനം.
മൂന്നാമതൊരു പന്ഥാവു ദുനിയാവിൽക്കിടച്ചിടാ:
സർ. സീ. പി., സപ്രൂ തൊട്ടുള്ള മഹാന്മാരൊന്നിൽ
നിൽപ്പു തേ.
മറ്റതിലന്ധരായ് ചുറ്റിത്തിരിവു ഗാന്ധിതൊട്ടവർ:
മുൻപറഞ്ഞ മഹാന്മാരുമിവരും വേഴ്ചയാർന്നിടാ.
രാഷ്ട്രീയമാം കർമ്മമേതു? കർമ്മമല്ലാത്തതേതുവാൻ?
തെറ്റായ കർമ്മമേതെന്നുമറിഞ്ഞീടേണമേവരും,
പടച്ചോനിന്ത്യയെപ്പണ്ടു പടച്ചിംഗ്ലണ്ടോടോതിപോൽ
'ഇതിനാൽപ്പൂലരേണം നീ മേലിൽസ്സാമ്രാജ്യറാണിയായ്.'
ഇദ്ദിവ്യശാസനം ഭക്ത്യാ നിറവേറ്റുന്നു ഞങ്ങളും;
ഇതിന്നു തുണനില്ക്കുന്ന കർമ്മംതാൻ കർമ്മമോർക്ക നീ.
സ്വാതന്ത്ര്യത്തിന്നിതേകംതാൻ ശിഷ്യ! കാരണമായ്‌വരും;
പീനൽക്കോഡാദിയാൽ മറ്റതൊക്കെയും ബന്ധനത്തിനും.

അന്നസംപുഷ്ടരിന്ത്യക്കാരന്നം പാടസമുത്ഭവം
പാടങ്ങൾക്കീശർ വെള്ളക്കാരവർ സാമ്രാജ്യമൂർത്തികൾ.
അതുകൊണ്ടിന്ത്യയിൽത്തിങ്ങും ജനകോടികളൊക്കെയും
സാമ്രാജ്യം മൂലമായ്ത്തന്നെ ജീവിക്കുന്നു ധരിത്രിയിൽ.
ഏവം തിരിഞ്ഞിടും ചക്രമറിവോൻ പൂജ്യനായിടും:
അറിയാത്തവനോ ജയ്‌ലിൽക്കിടക്കും കള്ളനെന്നപോൽ.
ഭാരതീയന്നുചിതമാം കർമ്മം സാമ്രാജ്യസേവനം
അവനന്നമൃതായ്ത്തീരും സാമ്രാജ്യോച്ഛിഷ്ടഭോജനം
പൂർണ്ണസ്വാതന്ത്ര്യമെന്നുള്ള പദം, സ്വപ്നേപി, മാനസേ
കടത്താതെ കഴിക്കുന്നോർ കർമ്മകാണ്ഡമറിഞ്ഞവർ.
'സർ'സ്ഥാനം കിട്ടിയൊരൈക്കാളിവരാണധികംപ്രിയർ
ഞങ്ങൾക്കെന്നു ധരിച്ചാലുമമേരിക്കരിലുത്തമ!
നാലയ്യായിരമോ വേണ്ടിവന്നാലതിലുമേറെയോ,
ശമ്പളം നല്കിടും ഞങ്ങളവർക്കെന്നു ധരിക്ക നീ!
എന്നും സാമ്രാജ്യഭക്തന്മാർ കർമ്മപദ്ധതി പൂകുവോർ
ചത്താൽ തനിച്ച വെള്ളക്കാരായിത്തന്നെ പിറന്നിടും.

ഇതി ശ്രീമദമേരിഗീതാസൂപനിഷത്സു....
കർമ്മയോഗോ നാമ ദ്വിതീയോധ്യായഃ

## തൃതീയോദ്ധ്യായഃ

ശിഷ്യ ഉവാച:

സാമ്രാജ്യവിദ്യയങ്ങുന്നു പറഞ്ഞതഖിലം ഗുരോ!
ബോധ്യമായ്; നാടുവിട്ടോടീതെറ്റുധാരണയൊക്കെയും.
സാമ്രാജ്യസേവാധർമ്മത്തിൽ ജ്ഞാനകർമ്മപ്രഭേദവും
വഴിപോലറിവായങ്ങേക്കൃപയാലേമരീശ്വരാ!
ബ്രിട്ടീഷെമ്പയറേകംതാൻ സത്യമെന്നുമറിഞ്ഞു ഞാൻ
മറ്റെല്ലാം മിഥ്യയെന്നുള്ളതതിലേറെത്തെളിഞ്ഞുപോയ്.
എന്നാലീ നിത്യസാമ്രാജ്യവിശ്വരൂപവുമെൻ ഗുരോ!
കാണുവാനാഗ്രഹം പാരം പെരുകുന്നു നരോത്തമ!

ശ്രീ. ഏമരിഭഗവാനുവാച:

കണ്ടാലും ശിഷ്യ, സാമ്രാജ്യവിശ്വരൂപം ഭയാനകം
വിശ്വവ്യാപ്തം സുവിസ്തീർണ്ണസമുദ്രപരിവേഷ്ടിതം,
ദ്വീപങ്ങളർദ്ധദ്വീപങ്ങൾ, ഭൂഖണ്ഡങ്ങളുമെത്രയോ,
മുനമ്പുകൾ, തടാകങ്ങ, ളേറെക്കടലിടുക്കുകൾ,
ഹിമഭൂമികളങ്ങിങ്ങായ്ക്കാണും കരയിടുക്കുകൾ,
അഗ്നിജ്വാല വമിക്കുന്ന പർവ്വതങ്ങൾ, തുരുത്തുകൾ,

നാനാധാന്യങ്ങൾ വിളയും പാടങ്ങൾ മരുഭൂമികൾ,
നാനാലോഹങ്ങളെന്നെന്നുമേകുന്ന ഖനിസഞ്ചയം,
ഗിരികൂടങ്ങൾ, നദികൾ, നരി കൂടുന്ന കാടുകൾ,
ലക്ഷക്കണക്കായ് ഗ്രാമങ്ങൾ, നഗരങ്ങളൊരായിരം,
ശീതോഷ്ണമിതശീതോഷ്ണമേഖലാത്രയവാസികൾ,
പറക്കും പക്ഷിജാലങ്ങൾ, പായും മൃഗകുലങ്ങളും,
നാനാമതക്കാർ, ജാതിക്കാർ, നാനാവർണ്ണങ്ങളുള്ളവർ
താടിക്കാർ, താടിയില്ലാത്തോർ, മീശക്കാർ, മുറിമീശരും,
സംഖ്യയില്ലാത്ത, വർണ്ണിപ്പാനാവാത്ത പലതിന്നിയും
നിറഞ്ഞുനില്ക്കുമാ രൂപം കണ്ടാലും ശിഷ്യസത്തമ!

സഞ്ജയ ഉവാച:

ഏവം പറഞ്ഞുവെച്ചന്നാളേമറിസ്സായ്പു പത്രപ!
പ്രദർശിപ്പിച്ചു സാമ്രാജ്യവിശ്വരൂപം മഹാത്ഭുതം.
ആദിത്യനസ്തമിക്കാത്ത-മറിച്ചൊന്നതു നോക്കുകിൽ
സൂര്യനെങ്ങുമുദിക്കാത്ത-തദ്രൂപം ഭേവനാതിഗം.
പഞ്ചഭൂഖണ്ഡസംവിഷ്ടം, സപ്താബ്ധിപരിവേഷ്ടിതം,
അതിർനിശ്ചയമില്ലാതെയറ്റമറ്റു കിടപ്പതായ്,
'ബ്രെൻ'തോക്കുതൊട്ടു കീഴ്പോട്ടു പോലീസ്ലാത്തി
                                                            വരെയ്ക്കുമേ
ഹിംസയ്ക്കു വേണ്ടും സന്നാഹമെല്ലാമെങ്ങും നിറഞ്ഞതായ്,
കോടാനുകോടി കണ്ഠങ്ങൾ നാനാശബ്ദമുതിർപ്പതായ്,
കോടാനുകോടി ഹസ്തങ്ങൾ നാനാജോലികൾ ചെയ്വതായ്,
നോക്കുന്നവന്നു സംഭ്രാന്തിയുളവാം മട്ടിലെങ്ങുമേ
ദിവാനിശം പ്രവർത്തിക്കും യന്ത്രങ്ങൾ തിരിയുന്നതായ്,
ഭയാവഹം വിശ്വരൂപം സ ശിഷ്യഃ പത്രനായക!
കണ്ടിട്ടു ഭക്ത്യാ കൈകൂപ്പി സ്തുതിച്ചാനവനിങ്ങിനെ.

(അപൂർണ്ണം)

*(ഹാസ്യാഞ്ജലി, പുറം 95-99. ഒന്നും രണ്ടും അധ്യായം, വിശ്വരൂപം പുസ്തകം 2, ലക്കം 1, 1941 നവംബർ, പുറം 2. അധ്യായം മൂന്ന്-വിശ്വരൂപം, പുസ്തകം 2, ലക്കം 2, 1941 ഡിസംബർ, പുറം 60)*

അനുബന്ധം ഒന്ന്

## ആദ്യോപഹാരത്തിന്റെ അവതാരിക

# "സാഹിത്യാപരാധങ്ങൾ"

ഒരു പഴയ ലക്കം കവനകൌമുദിയിൽ "നെപ്പോളിയന്റെ കണ്ണുനീർ" എന്ന കൃതി ആദ്യമായി വായിച്ചതോടുകൂടി അതിന്റെ കർത്താവിനെ അറിയുവാനും അദ്ദേഹത്തിന്റെ കൃതികൾ വായിക്കുവാനും ഞാൻ ആഗ്രഹിച്ചു. കാലമേറെക്കഴിഞ്ഞിട്ടാണ് ഈ ആഗ്രഹം സാധിച്ചത്. അപ്പോഴേക്കും "ബാല്യകാലത്തെ സാഹിത്യാപരാധങ്ങൾ" എന്നു ശ്രീ. എം. ആർ.നായർ അവയെ തന്റെ മനോമണ്ഡലത്തിൽനിന്ന് അകലത്താക്കിക്കളയുവാൻ ശ്രമിക്കുകയായിരുന്നു. 'കവനകൌമുദി'യുടെ പല ലക്കങ്ങളിലായി ചിന്നിച്ചിതറിക്കിടന്നിരുന്ന ആ കൃതികളെല്ലാം, ഭാഷാസാഹിത്യത്തിന്റെ ചിരന്തനബന്ധുവും സഹൃദയാഗ്രണിയുമായ ശ്രീ. പി. വി. കൃഷ്ണവാരിയരവർകളുടെ സ്നേഹമധുരമായ ഔദാര്യത്താൽ സംഭരിച്ചുവെക്കുവാൻ എനിക്കു കഴിഞ്ഞു. ഇവയിൽ ആദ്യത്തെ കവിത, തൽക്കർത്താവിനു കഷ്ടിച്ചു പത്തൊമ്പതു വയസ്സുമാത്രം പ്രായമുള്ളപ്പോൾ എഴുതിയതാണ്; ഒടുവിലത്തേത് ഇരുപത്തെട്ടാം വയസ്സിലും. ആ നിലക്ക് അവയെ ബാല്യത്തിന്റെ അപരാധങ്ങളായെണ്ണുവാനേ ശ്രീ. എം. ആർ. നായർ വിചാരിക്കുന്നുള്ളുവെങ്കിൽ അതിൽ അത്ഭുതമില്ല. ആ ചെറുപ്പകാലങ്ങളിൽ തന്റെ സാഹിത്യോദ്യമങ്ങളിൽ സ്വാധീനത ചെലുത്തിയ കവികളുടെ മുദ്ര അവയിൽ ചിലേടത്തു പതിഞ്ഞു കാണാം. എങ്കിലും അവയെക്കാളൊക്കെ മികച്ചുനിൽക്കുന്നതു, ആർഷസംസ്ക്കാരത്തിന്റെ അന്തശ്ചൈതന്യം തെളിഞ്ഞു വിലസുന്ന ഒരു വ്യക്തിവൈശിഷ്ട്യമാകുന്നു.

താൻ ബാല്യാപരാധങ്ങളായി എണ്ണുന്നതിന്നുപുറമെ, ഈ കൃതികളിൽ ചിലത്—'തിലോദകം' വിശേഷിച്ചും—സ്വന്തജീവിതത്തോട് ഇഴുകിച്ചേർന്നിട്ടുള്ളതാകയാൽ, അവയുടെ പുനഃപ്രകാശനം മറ്റൊരുതരത്തിൽ ശരിയല്ല എന്നും ശ്രീ. എം. ആർ. നായർക്കഭിപ്രായമുണ്ട്. എങ്കിലും, ഇത്തരം സംഭവങ്ങളുടെയും 'അപരാധ'ങ്ങളുടെയും ആകത്തുകയാണ് മനുഷ്യജീവിതം എന്നുള്ളതിനാലും, 'സഞ്ജയനി'ൽ വികാസം പ്രാപിച്ച വ്യക്തിത്വത്തിന്നു പരിസരങ്ങൾ എത്രമാത്രം പരിപോഷകങ്ങളായിരുന്നു എന്നറിയുവാൻ വായനക്കാർക്ക് അവകാശമുള്ളതിനാലും, സൌഹൃദത്തിന്റെ നിർബന്ധത്തിന് വഴങ്ങിക്കൊണ്ട്, ഈ കൃതികൾ സമാഹരിച്ചുകൊള്ളുവാൻ ശ്രീ. എം. ആർ. സമ്മതിച്ചതാണ്. ഇവയിൽ 'മുകുളാർച്ചന'യും 'തിലോദക'വും അപൂർണ്ണങ്ങളാകുന്നു. അവയുടെ ബാക്കിഭാഗങ്ങൾ എഴുതിയിരുന്നുവോ, എഴുതിയിരുന്നുവെങ്കിൽ എവിടെ എന്നൊന്നും ഇന്നാർക്കും നിശ്ചയമില്ല. അത്രയ്ക്കു യഥാർത്ഥമാണ്, പിന്നീട് പി. എസ്. പാടിയ ഈ വരികൾ:

"എന്തടിശ്ശീലയ-ല്ലെൻ മടിശ്ശീലമാ-
ണൂണ്മയിൽ വാഴ്വതെന്നോമനയായ്!"

ശ്രീ. എം. ആർ. നായരുടെ അഭിപ്രായങ്ങൾ എന്തുതന്നെയായിരുന്നാലും, കേരളീയസഹൃദയന്മാർ ഈ ഗ്രന്ഥത്തെ സാഹ്ലാദം സ്വീകരിക്കുമെന്ന കാര്യത്തിൽ എനിക്കു സംശയമില്ല.

ഇത്രയും ഞാൻ കഴിഞ്ഞ ആഗസ്ത് അവസാനം എഴുതിവെച്ചിരുന്നതാണ്. ശ്രീ. എം. ആർ. നായരുടെ ജീവകാലത്ത് പുസ്തകം പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞില്ല. അന്നു തയ്യാറാക്കിയ കൈയെഴുത്തുപകർപ്പ് അദ്ദേഹം കണ്ടിരുന്നു. സെപ്തംബർ ആദ്യം എനിക്കദ്ദേഹം രണ്ടു കത്തയച്ചു. ആദ്യത്തേതിൽ ഇങ്ങിനെ എഴുതിയിരുന്നു: "ചിന്താതരംഗിണി'വരെയുള്ള കൃതികളെക്കുറിച്ചു ഞാനിത്രയും പറഞ്ഞുകൊള്ളട്ടെ: അവ ബാലിശങ്ങളാണെന്നുമാത്രമല്ല, അക്കാലത്തെ കവിതാകാംക്ഷികളായ മറ്റു പല ചെറുപ്പക്കാരെയുംപോലെ ഞാനും 'സാഹിത്യമഞ്ജരി'യിലെ കവിതകളുടെ മധുരധുരമായ പദപ്രയോഗത്തിലും വാങ്മയസംഗീതത്തിലും മതിമയങ്ങി നടന്ന ഒരു കാലത്ത് എഴുതപ്പെട്ടവയുമാണ്. വാസ്തവത്തിൽ 'യേശുവിന്റെ അന്ത്യയാത്ര'യും 'ഒടുവിലത്തെ പ്രാർത്ഥന'യും ആ കവിമൂർദ്ധന്യന്റെ പാദങ്ങളിൽ ചെയ്യപ്പെട്ട നിർല്ലജ്ജമായ സാഷ്ടാംഗപ്രണിപാതങ്ങൾമാത്രമാകുന്നു. വീർപ്പുമുട്ടിക്കുമാറ് ഏറിനിന്ന ഈ സ്വാധീനതാ ബലത്തിൽനിന്നു ഞാൻ വിമുക്തനാകാൻ കാലം കുറച്ചു പിടിച്ചു. എന്നിട്ടും, 'തിലോദകം' എഴുതുന്ന കാലം വരെ എനിക്കു സംപൂർണ്ണവിജയംസിദ്ധിച്ചുവെന്നു തോന്നുന്നില്ല. തിലോദകത്തിന്റെ കാര്യം ഒന്നു വേറെയാണുതാനും. അതെഴുതുന്ന കാലത്ത്-എനിക്കുണ്ടായ ആ നഷ്ടത്തിന്നുശേഷം ഒരു മാസത്തിനകമാണ് അതു മുഴുവൻ എഴുതിയത്-വള്ളത്തോളിന്റേയോ ഉള്ളൂരിന്റേയോ മറ്റാരുടെയെങ്കിലുമോ സ്മരണയ്ക്ക് ഒരു പഴുതും അവിടെയെങ്ങും ലഭിക്കാത്ത തരത്തിലായിരുന്നു എന്റെ മനസ്സിന്റെ നില. ഇദംപ്രഥമമായി ഞാൻ ജീവിതത്തിന്റെ അനാവൃതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ചു നിൽക്കുകയാണ്; ഭീഷണമായ ആ മഹാദുസ്വപ്നത്തിനിടയിൽ എന്നെ സമാശ്വസിപ്പിക്കുവാനോ കൈപിടിച്ചുനടത്തുവാനോ, എന്നിൽ സ്വാധീനത ചെലുത്തുവാനോ-ഞാനന്നു ഗീതയുമായി പരിചയപ്പെട്ടു കഴിഞ്ഞിരുന്നില്ല-എന്റേതൊഴിച്ച് മറ്റൊരാളുടെയും വ്യക്തിത്വം അവിടെയെങ്ങുമില്ല. അതിന് എന്തെല്ലാം ദോഷങ്ങളുണ്ടായാലും-അനേകം ഉണ്ടായിരിക്കണമെന്ന് എനിക്കു നല്ല ഉറപ്പുണ്ട്-ഈയൊരു ഗുണം അതിന്നു ഞാൻ അവകാശപ്പെടുന്നു: അതിനെസ്സംബന്ധിച്ചേടത്തോളം ഞാൻ അറിഞ്ഞുകൊണ്ട് ആർക്കും ഒട്ടും കടപ്പെട്ടിട്ടില്ല.

"ഗൌരവമേറിയ വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു മികച്ച കവിയാകുവാനുള്ള എന്റെ ആദ്യത്തെ അഭിലാഷത്തെത്തന്നെ ഞാൻ സ്ഥിരമായി വെച്ചുപുലർത്തിക്കൊണ്ടിരുന്നുവെങ്കിൽ എന്റെ കാവ്യ ജീവിതം എങ്ങനെ തിരിയുമായിരുന്നുവെന്ന് എനിയ്ക്കറിഞ്ഞുകൂട. ഊഹിയ്ക്കുവാനും

സാധ്യമല്ല; കാരണം 'തിലോദക'ത്തിന്റെ പശ്ചാത്തലമായ്ത്തീർന്ന കടുത്ത കദനകഥയോടുകൂടി ആ ജീവിതം, ഭാഗ്യവശാൽ, പെട്ടെന്നവസാനിച്ചു. ആകെക്കൂടി നോക്കുമ്പോൾ, പക്ഷെ, മലയാളസാഹിത്യത്തിന്റെ നല്ലകാലം കൊണ്ടാവണം അങ്ങിനെ സംഭവിച്ചത്.

"എനിയ്ക്കിതിലധികം ഒന്നും പറയുവാനില്ല-എന്റെ ചെറുപ്പകാലത്തിലെ സാഹിത്യാപരാധങ്ങൾ, ഞാനെത്ര വിലക്കിയിട്ടും, അനുവാചകലോകത്തിന്റെ മുമ്പാകെ സമർപ്പിയ്ക്കാൻ നിങ്ങൾ ഉറച്ചിരിയ്ക്കുകയാണല്ലോ. വായനക്കാർ നിങ്ങൾക്കു മാപ്പ് നല്കട്ടെ! വിമർശകന്മാർ നിങ്ങളോട് പെരുമാറുന്നതു ദയയോടുകൂടിയാവട്ടെ! ഇക്കാര്യത്തിൽ എന്റെ നിരപരാധിത ഞാനിതാ, രണ്ടുകൂട്ടരുടെയും മുമ്പാകെ, പ്രഖ്യാപിച്ചുകൊള്ളുന്നു."

രണ്ടാമത്തെ കത്തിൽ എം. ആർ. എഴുതി: "പ്രിയപ്പെട്ട സിഎച്ച്., വായനക്കാരന്റെ മനസ്സിൽ ഉണ്ടായേക്കാവുന്ന ഒരു തെറ്റുധാരണ നീക്കുന്നതിന്നുവേണ്ടി, ഒരു കാര്യംകൂടി എടുത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. 28-ാം വയസ്സിന്നു മുമ്പായി ഞാൻ എഴുതിയ കവിതകളുടെ ആകെത്തുക ഈ പന്തിരണ്ടു പദ്യങ്ങൾ അല്ലതന്നെ. വാസ്തവത്തിൽ ഇവ അതിന്റെ ഒരു മാകാണിപോലുമാവുന്നില്ല. 'കവനകൌമുദി'യിൽ പ്രസിദ്ധപ്പെടുത്തിയ കൃതികൾമാത്രമാണിവ. ആദ്യമായി പ്രസിദ്ധപ്പെടുത്തിയ എന്റെ കൃതി 'ഭിത്തിക്കപ്പുറ'വുമല്ല. അത് 1916-ൽ, ഒരുപക്ഷെ 1917 ആദ്യത്തിലാവാനും മതി, 'കൈരളി'യിലാണ് പ്രകാശിതമായത്. അന്നെനിക്കു പതിന്നാലു വയസ്സായിരുന്നു. 'കൈരളി'യിൽത്തന്നെ, 'എന്തോ!' എന്ന പേരിൽ മി. കെ.കെ. രാജാ എഴുതിയ ഒരു കൃതിക്കു മറുപടിയായിരുന്നു അതെന്നും ഞാനോർക്കുന്നു. അതിലെ ആദ്യശ്ലോകം ഇതായിരുന്നു:

'രാജൻ! മഹേശാജ്ഞയെഴിജ്ഞരാകും  
മുനീന്ദ്രർ നമ്മോടരുൾചെയ്തിരിപ്പൂ:  
അതീശ്വരങ്കൽ ദൃഢഭക്തിയൊത്തു  
കർത്തവ്യകർമ്മങ്ങളിൽ നിഷ്ഠയത്രേ!'

വേറെയും ചില പദ്യങ്ങളുണ്ടായിരുന്നു. പക്ഷെ അവ എന്റെ ഓർമ്മയിൽ തങ്ങിനില്ക്കുന്നില്ല. അതിന്നുശേഷം എന്റെ സ്വന്തം പേരിലും ഏതാനും തൂലികാനാമങ്ങളിലും അനേകം കൃതികൾ, അക്കാലത്ത് ഇടിക്കുണുകൾപോലെ പ്രതിവർഷം ഡസൻ കണക്കിൽ തുടങ്ങുകയും മുടങ്ങുകയും ചെയ്തുപോന്ന മാസികകളിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുണ്ട്. ഇവയ്ക്കുപുറമെ, പകർത്തെഴുതി പ്രസിദ്ധീകരണത്തിന്നയയ്ക്കുവാൻ എന്റെ അലസത അനുവദിയ്ക്കായ്കയാൽ, പഴയ നോട്ടുപുസ്തകങ്ങളിൽ സ്വാഭാവികമൃത്യുവെ സ്വയംവരിച്ച കൃതികൾ വേറെയും അനവധി ഉണ്ടായിരുന്നു-അങ്ങിനെ നഷ്ടപ്പെട്ടവയിൽ ഒടുക്കത്തേത്, മുകുളാർച്ചനാപദ്യങ്ങളിൽ ശേഷിച്ചിരുന്ന പതിനൊന്നു പദ്യങ്ങളാണ്. ഇങ്ങിനെയൊക്കെയാണെങ്കിലും,

ഈ സമാഹാരത്തിലുൾപ്പെട്ട പന്തിരണ്ടെണ്ണമുൾപ്പെടെ അവ മുഴുവൻതന്നെ നശിച്ചുപോയെങ്കിൽ അതു മലയാളസാഹിത്യത്തിന്നു കാര്യമായൊരു നഷ്ട മായി ഞാൻ കരുതുമായിരുന്നില്ല."

ശോകസങ്കുലമായ ഈ പ്രസിദ്ധീകരണത്തെപ്പറ്റി എഴുതുവാൻ ഏറെയൊന്നുമില്ല. ഈ കുറിപ്പിന്റെ ആദ്യ ഭാഗം എഴുതിയ കാലത്തെ മന സ്വാസ്ഥ്യത്തോടെ ഇതു തുടരുക സാധ്യവുമല്ലല്ലോ. എം. ആറിന്റെ കത്തിൽ പറയുന്ന പതിമ്മൂന്നു കൃതികൾക്കുപുറമെ, വേറെയും കൃതികൾ ഇതിൽ ഉൾപ്പെടുത്തീട്ടുണ്ട്. 'മുകുളാർച്ചനാ' പദ്യങ്ങൾ കൌമുദിയിൽ പ്രസിദ്ധ പ്പെടുത്തീട്ടുണ്ടെന്നും അവ എനിക്കു പകർത്തിക്കിട്ടീട്ടുണ്ടെന്നുമുള്ള വിശ്വാ സത്താൽ-കൈയെഴുത്തുപ്രതികൾ ഉള്ളതെല്ലാം എനിക്കു തരണമെന്നു ഞാൻ നിർബന്ധിച്ചിരുന്നിട്ടും-അവയുടെ പകർപ്പുകൾ എം.ആർ. അവസാന കാലത്തു നശിപ്പിച്ചുകളഞ്ഞു. തന്നിമിത്തം 'മുകുളാർച്ചന' എന്നു പേരിടുവാൻ നിശ്ചയിച്ചിരുന്ന ഈ പുസ്തകത്തിന്, ആ പദ്യങ്ങളിൽ ഭൂരിഭാഗവും കിട്ടാതെ വരികനിമിത്തം, പേർ മാറ്റേണ്ടിവന്നു. എന്നാൽ എം.ആറിന്റെ ചരമത്തി ന്നുശേഷം ഏതാനും പഴയ കൈയെഴുത്തു കടലാസുകൾ അദ്ദേഹത്തിന്റെ സഹോദരൻ കണ്ടെത്തി തന്നു. അക്കൂട്ടത്തിൽ, 'മുകുളാർച്ചനാ' പരമ്പരയിൽ പ്പെട്ടതായി, 'കൌമുദി'യിൽ പ്രകാശിതങ്ങളായ മൂന്നെണ്ണത്തിന്നു പുറമേ, ഒമ്പതു പദ്യങ്ങൾകൂടിയുണ്ടായിരുന്നു. ഇവയ്ക്കുപുറമെ മുടുപടം, പ്രഭാത ഗീതം, ശൈശവം, നിശാകാലം, ആ രാത്രി എന്നീ കൃതികളും പുതുതായി ചേർത്തിട്ടുള്ളവയാകുന്നു. ഇവയെല്ലാം മുമ്പ് എവിടെയെങ്കിലും പ്രസിദ്ധ പ്പെടുത്തിയിരുന്നുവോ എന്നു നിശ്ചയമില്ല.

കൌമുദിയിൽനിന്നു പകർത്തിക്കിട്ടിയവ പ്രസിദ്ധപ്പെടുത്തിയ കാലവും ശിഷ്ടമുള്ള കൃതികളുടെ കൈയെഴുത്തു പകർപ്പുകൾ ചിലതിൽ ചേർത്തു കാണുന്ന കാലവും വിഷയാനുക്രമണികയിൽ ചേർത്തിട്ടുണ്ട്. മുകുളാർച്ചനാ പദ്യങ്ങൾ രണ്ടെണ്ണം നഷ്ടപ്പെട്ടതായി വിചാരിയ്ക്കണം. 'തിലോദക'ത്തിന്റെ പല ഭാഗങ്ങളും കണ്ടുകിട്ടിയിട്ടില്ല. തിലോദകത്തിന്റെ 53ാം ഖണ്ഡത്തോളമേ 'കൌമുദിയിൽ' പ്രകാശിതങ്ങളായിട്ടുള്ളു. ശേഷ മുള്ളത് അവിടവിടെ ചിതറിക്കിടന്നിരുന്ന ചില കൈയെഴുത്തുപ്രതികളിൽ നിന്നു കണ്ടുകിട്ടിയവയാകുന്നു.

വായനക്കാരുടെയും വിമർശകരുടെയും കാരുണ്യത്തിന്നു ഞാൻ പാത്രമാകേണമെന്ന്, എന്നിൽ സഹതാപത്തോടെ, എനിക്കെഴുതിയ കത്തിൽ എം. ആർ പ്രാർത്ഥിച്ചിരിക്കുന്നു. എന്നാൽ, ഈ പ്രസിദ്ധീകരണത്തിൽ എനിക്കെത്രത്തോളം പങ്കുണ്ടോ അത്രക്കു ഞാൻ അവരുടെ കരുണയല്ല, കൃതജ്ഞതയാണർഹിക്കുന്നതെന്ന് എനിക്കറിയാം.

കോഴിക്കോട്,

28-11-43

സി.എച്ച്. കുഞ്ഞപ്പ

അനുബന്ധം രണ്ട്

## 'ഹാസ്യാഞ്ജലി'യുടെ സമർപ്പണം

അവാച്യയാതനയിൽത്തന്നെ–അത്രയും ഏറ്റവും പ്രസന്നനായും ശാന്തനായും സഹിച്ചുകൊണ്ട്-തന്റെ പത്തു കൊല്ലത്തെ ഐഹിക ജീവിതം കഴിച്ചു കൂട്ടുകയും, ഈ സമാഹാരത്തിലുൾപ്പെടുത്തീട്ടുള്ള പദ്യാത്മകമായ ഒരു വിലാപം സ്വപിതാവിന്റെ ഹൃദയത്തിൽനിന്നു പിഴിഞ്ഞെടുക്കുകയും ചെയ്ത, എന്റെ പ്രിയപ്പെട്ട മകൻ ബാബുവിന്റെ സ്മരണയ്ക്ക്.

അനുബന്ധം മൂന്ന്

### ഹാസ്യാഞ്ജലിയ്ക്ക് സി.എച്ച്. കുഞ്ഞപ്പ എഴുതിയ മുഖക്കുറി

## പരമാർത്ഥം

ഈ 'ഹാസ്യാഞ്ജലി'യുടെ പുസ്തകരൂപത്തിലുള്ള പ്രകാശനത്തിന് ആരും ആരോടും ഒരു സമാധാനവും പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. പാറപ്പുറത്തു സഞ്ജയന്റെ കൃതികൾ-ഗദ്യവും പദ്യവും ഒരുപോലെ-എഴുത്തറിയാവുന്ന മലയാളികളിൽ അനേകായിരം പേർക്കു ആഹ്ലാദം നല്കീട്ടുണ്ട്. എഴുത്തറിയാത്തവരിൽത്തന്നെ പലരും ആ കൃതികളെ കേട്ടു കേൾപ്പിച്ചറിഞ്ഞും, തങ്ങളുടെ സ്വന്തം രീതിയിൽ ആദരിച്ചും വന്നിട്ടുണ്ട്. സഞ്ജയന്റെ ലേഖനങ്ങൾ പലരേയും അരിശം പിടിപ്പിച്ചിട്ടുണ്ട്; നർമ്മബോധം കുറവായ ചിലരെ വേദനപ്പെടുത്തുകപോലും ഉണ്ടായിട്ടുണ്ട്. എങ്കിലും അവയിൽ പുരുഷപരമായ കാലുഷ്യമോ കല്മഷമോ അശേഷവും ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെയാണ് അവ ഇത്രമേൽ പരക്കെ ഹൃദ്യങ്ങളും ആസ്വാദ്യങ്ങളുമായിത്തീർന്നിട്ടുള്ളതും. ഏതെങ്കിലും അനീതിയുടെയോ, വഴി പിഴപ്പിക്കുന്നതെന്നു തനിക്കുത്തമവിശ്വാസമുള്ള ആദർശാദാസങ്ങളുടെയോ നേരെ സഞ്ജയൻ നിശിതമായ പരിഹാസശരം പൊഴിച്ചിട്ടുണ്ടെങ്കിൽ ആ പരിഹാസശരം സ്വന്തം ഹൃദയക്ഷതത്തിൽനിന്നൊഴുകിയ രക്തത്തെ ഘനീഭവിപ്പിച്ചു വാർത്തെടുത്തിട്ടുള്ളതാണ്. അതത്രേ പരമാർത്ഥം.

ഇവിടെ പറഞ്ഞ പരമാർത്ഥത്തെ സുവിശദമാക്കുവാൻ സഞ്ജയന്റെ പദ്യകൃതികളുടെ ഈ സമാഹാരംപോലെ അത്രമേൽ മറ്റൊന്നും പ്രയോജകീഭവിക്കുമെന്നു തോന്നുന്നില്ല. ഏറ്റവും ഹൃദയസ്പർശിയും ഉൽകൃഷ്ടവുമായ നർമ്മോക്തികൾ തീവ്രയാതനകളുടെ അഗാധതയിൽനിന്നു ജന്മമെടുക്കുന്നവയാണ്. 'ഹാസ്യാഞ്ജലി' അതു പ്രസ്പഷ്ടമാക്കുന്നു. വിഷാദാത്മകത്വത്തിന്റെ നേരെ സഞ്ജയനെപ്പോലെ അത്ര കഠിനമായി അടർവെട്ടീട്ടു

ഉള്ളവർ വേറെ വളരെപ്പേരില്ല. എങ്കിലും 'ഹാസ്യാഞ്ജലി'യിലെ നേരിയ പുഞ്ചിരി അതിന്റെ പ്രകാശം പരത്തുന്നത്, ഹൃദയക്ഷതങ്ങളുടെ കനത്ത കാർമേഘങ്ങളെ ഭേദിച്ചുകൊണ്ടാണ് എന്നു കാണാം. സ്വന്തം ജീവിതത്തിന്റെ കോണും മുഴയും കോട്ടവും വാട്ടവുമൊക്കെ എന്തായാലും യാതനകൾ നിറഞ്ഞ ഈ ലോകത്തിൽ ഒരു നിമിഷനേരത്തേയ്ക്കങ്കിലും സന്തോഷിക്കുവാൻ അവസരമുണ്ടാക്കുകയാണ് നമ്മുടെ ധർമ്മം.

"കരളെരിഞ്ഞാലും തലപുകഞ്ഞാലും
ചിരിക്കണം- മമത വിദൂഷകധർമ്മം"

ഇതു യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടയ്ക്കലല്ല. പരമ യാഥാർത്ഥ്യത്തിന്റെ വിശദീകരണമാകുന്നു. നിഴലുകളുടേതായ ഒരു ലോകത്തെ അപ്പടി പകർത്തുന്നില്ലെന്നതു കുറ്റമായെണ്ണുമ്പോൾ നമ്മുക്കു കുറ്റവാളികളാകാം.

'ഹാസ്യാഞ്ജലി'യിലെ കൃതികൾ ശ്രീ. എം. ആർ. നായർ 'പാറപ്പുറത്തു സഞ്ജയൻ' എന്ന പേരിൽ എഴുതിട്ടുള്ളവയാകുന്നു. സഞ്ജയനെ തന്റെ വ്യക്തിത്വംകൊണ്ട് കളങ്കപ്പെടുത്താതിരിക്കുവാൻ ശ്രീ. എം.ആർ. നായർ എന്നും ശ്രദ്ധിച്ചുപോന്നിട്ടുണ്ട്. വ്യക്തിത്വം എന്നിവിടെ പറഞ്ഞതു, വ്യക്തിഗതങ്ങളായ പക്ഷപാതങ്ങൾ എന്ന അർത്ഥത്തിലാകുന്നു. ലോകത്തെ ഒരു പ്രത്യേക തത്വബോധത്തോടുകൂടിയും വീക്ഷണകോടിയിലൂടെയും കാണുന്ന ഒരു മാതൃകാസൃഷ്ടിയാവണം പി.എസ്.എന്ന് അദ്ദേഹം എല്ലാക്കാലത്തും നിഷ്ക്കർഷിച്ചിട്ടുണ്ട്. അതിൽ എത്രത്തോളം വിജയം സിദ്ധിച്ചു എന്നു വായനക്കാർ തീർച്ചയാക്കിയാൽ മതി.

ഈ കൃതികളിൽ ഫലിതമുണ്ടോ, ഹാസ്യമുണ്ടോ എന്നൊക്കെ വിശകലനം ചെയ്യുവാനോ, ഫലിതത്തിന്റെ സ്വരൂപം വിവരിക്കുവാനോ ഞാൻ ഒരുങ്ങുന്നില്ല. ഹൃദയസ്പർശകമായ വാക്യങ്ങളെക്കൊണ്ട്, ആഹ്ലാദത്തിന്റെ ഒരു നേരിയ അല നിങ്ങളുടെ ഹൃദയങ്ങളിലും അവിടെനിന്നു അധരങ്ങളിലോളവും പരത്തുവാൻ അവ സമർത്ഥങ്ങളാവുന്നപക്ഷം, അവയുടെ ജന്മം കൃതാർത്ഥമായി. ഗ്രന്ഥകർത്താവും ഇതെഴുതുന്ന ആളും തമ്മിലുള്ള ബന്ധം കൂടുതലായി വല്ലതും എഴുതുന്നതിൽനിന്ന് എന്നെ തടയുന്നു.

ഇവിടെ സമാഹരിച്ചിട്ടുള്ള കൃതികൾ ഏതാണ്ടെല്ലാം 'സഞ്ജയൻ' (1936-39) 'വിശ്വരൂപം' (1940-41) എന്നീ മാസികഗ്രന്ഥങ്ങളിൽനിന്നു സംഭരിച്ചിട്ടുള്ളവയാകുന്നു. "ഉഷസ്സിനോട്", (1938) "പിരാന്ത്! പിരാന്ത്!" (1941) എന്നീ രണ്ടു കൃതികൾ 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽനിന്നും "ഓണപ്പൂടവ" "കോ.മു. വിലാപം" "ഉപദേശം"എന്നിവ 'കേരളപത്രിക' (1935)യിൽനിന്നും എടുത്തിരിയ്ക്കുന്നു. ആദ്യം ചേർത്ത ''അണിയറയിൽ'' എന്ന കൃതിയും ഒടുവിൽചേർത്ത 'മിസ്റ്റ് ദുനിയാവിന്റെ കൈ" എന്ന കൃതിയും ഒഴിച്ചു ശേഷമെല്ലാം അവ പ്രസിദ്ധപ്പെടുത്തിയ കാലത്തിന്റെ ക്രമമനുസരിച്ചാണ് ചേർത്തിട്ടുള്ളത്. 'ഹാസ്യഞ്ജലി' എന്ന പേരിലും മറ്റോരോ ശീർഷകത്തിലും

സഞ്ജയൻ പ്രസിദ്ധപ്പെടുത്തിട്ടുള്ള പദ്യകൃതികളെ 'ഹാസ്യാഞ്ജലി' എന്ന പേരിൽ ഇതാ വീണ്ടും പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഇത്ര യും കഴിഞ്ഞ ആഗസ്റ്റ് അവസാനം എഴുതിവെച്ചതായിരുന്നു. ശ്രീ. എം. ആർ. നായർ സെപ്തംബർ 13-ാംനു അന്തരിച്ചു. മേലെഴുതിയിട്ടുള്ളതിനോട് ഇന്നുവല്ലതും കൂട്ടിച്ചേർക്കുവാൻ ഞാൻ ശക്തനല്ല. സൌഹൃദത്തിന്റെ കണ്ണീർപോലും 'ഹാസ്യഞ്ജലി'യുടെ ഏടുകളെ നനയ്ക്കുവാൻ അദ്ദേഹം അനുവദിക്കുമായിരുന്നില്ല.

മുടാടി,

10-10-'43

സി.എച്ച്. കുഞ്ഞപ്പ

അനുബന്ധം നാല്

# സഞ്ജയന്റെ കൃതികൾ

1. ഒഥെല്ലോ (തർജ്ജമ) 1941
2. ആദ്യോപഹാരം (കവിതകൾ) 1943
3. ഹാസ്യാഞ്ജലി (ഹാസ്യകവിതകൾ) 1943
4. സഞ്ജയൻ (ഗദ്യസമാഹാരം)

   ഒന്നും രണ്ടും ഭാഗങ്ങൾ 1945
   മൂന്നാം ഭാഗം 1947
   നാലാം ഭാഗം 1949
   അഞ്ചാം ഭാഗം 1965
   ആറാം ഭാഗം 1966

*(ആറു ഭാഗവും കൂടി ഇപ്പോൾ രണ്ടു വാല്യങ്ങളിൽ ലഭ്യമാണ്)*

5. സാഹിത്യനികഷം രണ്ടുഭാഗങ്ങൾ 1949

## പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്താത്തവ :

6. A Correct treatment
7. When she wags her tongue
8. ഉന്മത്ത കിങ്കരം അഥവാ നാടകശാലയിലെ മത്തവിലാസം- അഭിനവഗാന നാടകം. (വിദൂഷകൻ പുസ്തകം 7, ലക്കം 8, 1104 മീനം, പുറം 162-65)
9. രാക്ഷസമദാപഹരണം (ഒരു പ്രത്യാഖ്യാനം)

   ഭാഷാപോഷിണി പുസ്തകം 33, ലക്കം 4, 1104 വൃശ്ചികം മുതൽ ലക്കം 10, 1104 എടവം വരെ.

10. ഗീതയും നിത്യജീവിതവും (അപൂർണം)

    (മാതൃഭൂമി ആഴ്ചപ്പതിപ്പ് 1941 മാർച്ച് 30, ഏപ്രിൽ 6, 20,27, മെയ് 11.)

അനുബന്ധം അഞ്ച്

# സഞ്ജയന്റെ മാസികകൾ

1. സഞ്ജയൻ പുസ്തകം ഒന്ന്
   *1936 ഏപ്രിൽ മുതൽ 1937 മാർച്ച് കൂടി 12 ലക്കം.*

   സഞ്ജയൻ പുസ്തകം രണ്ട്
   *1112 മേടം മുതൽ 1114 കുംഭം കൂടി 24 ലക്കം.*
   (1937 ഏപ്രിൽ -1939 ഫെബ്രുവരി)

   സഞ്ജയൻ പുസ്തകം മൂന്ന്
   *1114 കുംഭം -1114 കർക്കിടകം (1939 മാർച്ച്-1939 ഓഗസ്റ്റ് ) 7 ലക്കം.*

2. വിശ്വരൂപം

   പുസ്തകം ഒന്ന് : *1940 ഓഗസ്റ്റ് - 1941 ജൂലായ്, 12 ലക്കം.*
   പുസ്തകം രണ്ട് : *1941 നവംബർ - 1941 ഡിസംബർ, 2 ലക്കം.*

ഈ ഹൃദയം ലോകത്തോടൊപ്പം സ്പന്ദിക്കുന്നതാണ്, ലോകത്തോളം വലുപ്പമുള്ളതാണ്. തികഞ്ഞ ശുഭാപ്തി വിശ്വാസം കൊണ്ട് അഴിയാക്കരുത്താണ്ടതുമാണ്.

വിപുലമായ സഞ്ജയസാഹിത്യത്തിന്റെ താരതമ്യേന ചെറിയൊരു ഭാഗം മാത്രമേ തനിപദ്യരൂപത്തിലുള്ളൂ. ഗദ്യത്തിനിടയിൽ ചമ്പൂമാതൃകയിൽ കാണുന്ന പദ്യഭാഗങ്ങൾ ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുമില്ല. അവ ആദ്യം ആറു ഭാഗങ്ങളിലായും പിന്നീട് കുറച്ചുകൂടി വലിയ രണ്ടുഭാഗങ്ങളിലായും നമുക്കു സമാഹൃതമായി കിട്ടിയിട്ടുണ്ടല്ലോ.

ആസ്വാദനത്തിന്റെ സാംസ്കാരിക തലത്തിൽ, സാഹിത്യത്തിന്റെ മുഖ്യധാരയ്ക്കെന്ന പോലെ, അത്രതന്നെ പ്രധാനമായ ഒരു ധർമ്മം ഹാസ്യസാഹിത്യത്തിന്നും നിർവഹിക്കാനുണ്ടെന്നു സഞ്ജയൻ വിശ്വസിച്ചു. വിശ്വാസവും വിചാരവും വാക്കും പ്രവൃത്തിയും ഏകോപിപ്പിച്ചു നിർത്തുന്ന ഉദാത്തമായ ആത്മഭാവത്തിന്റെ തേജസ്സുകൊണ്ട് ആ സാഹിത്യ ശാഖയെ കുഞ്ചൻനമ്പ്യാർക്ക് ശേഷം വന്നുമൂടിയ ഇരുട്ടിന്റെ യുഗത്തിൽ നിന്ന് ഒരു പുതുപ്പിറവിലേയ്ക്ക് ഉപനയിക്കുകയും നവീന ചക്രവാളവുമായി പരിചയപ്പെടുത്തുകയും ആ ചക്രവാളത്തിന്റെ വിസ്തൃതിയോളം വ്യാപിക്കാനുള്ള പ്രാപ്തിയും ആത്മബലവും ഉളവാക്കി വളർത്തുകയുമാണ് സഞ്ജയൻ ചെയ്തത്. അത്രയും ചെയ്തു തീർക്കാൻ അദ്ദേഹത്തിന്ന് അനുവദിച്ചു കിട്ടിയ സമയമാകട്ടേ, ഒരു പതിറ്റാണ്ടു നിറച്ചുണ്ടായിരുന്നുമില്ല!



പ്രൊഫ. കെ. ഗോപാലകൃഷ്ണൻ

സഞ്ജയന്റെ കവിതകളുടെ സമ്പൂർണ്ണസമാഹാരമെന്ന് ഈ കൃതിയെ വിശേഷിപ്പിക്കാം. ഇതുവരെ കണ്ടെത്തിയിട്ടുള്ള എല്ലാ കവിതകളും ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളീയനെ മനുഷ്യനാക്കിയ ഒരുകാലഘട്ടത്തിന്റെ ശക്തമായ പിന്തുടർച്ചയാണ് സഞ്ജയസാഹിത്യം. ജനാധിപത്യസമൂഹസംവിധാനത്തിന്റെ ദുർനടപ്പുകളേയും ബ്യൂറോക്രസിയുടെ ജനവിരുദ്ധതയേയും സഞ്ജയൻ ശരിക്കും ആക്ഷേപഹാസ്യത്തിലൂടെ കൈകാര്യം ചെയ്തിരുന്നുവല്ലോ. അതിന്റെ ഓരോ ഓർമ്മകളും, ചരിത്രാനുഭവങ്ങളും ഈ കവിതകളുടെ പുനർവായന സമ്മാനിക്കുമെന്നത് തീർച്ചയാണ്.

ഇരുപതാംനൂറ്റാണ്ടിലെ കേരള സാമൂഹ്യചരിത്രത്തിന്റെ ചില ഉജ്ജ്വലമായ സന്ദർഭങ്ങളെ അടയാളപ്പെടുത്തുന്ന ഈ കൃതി എല്ലാ സാംസ്കാരിക വിമർശകർക്കും പഠിതാക്കൾക്കും അവശ്യം വേണ്ടതാണ്.

# സഞ്ജയന്റെ കവിതകൾ

## സഞ്ജയൻ

സമ്പാദനം, പഠനം

പ്രൊഫ. കെ. ഗോപാലകൃഷ്ണൻ

കേരള സാഹിത്യ അക്കാദമി

ISBN - 81-7690-155-5

വില : 150 രൂപ